ധ്യാനത്തിന്റെ അനുഭവ തീരങ്ങൾ | ഡയറിക്കുറിപ്പുകളിലെ അച്യുതമേനോൻ | പെല്ലിങ് മലയിലെ കാരുണ്യദേവൻ | മറിയം ഒരു ബദൽ സംസ്കാരം | ഈണങ്ങളുടെ പരിചാരകന്മാർ

APRIL | VOL.05 | ISSUE 04

# മലയാളി.com magazine 2026



കേരള നിയമസഭാ തെരഞ്ഞെടുപ്പ്

# ഇഞ്ചോടിഞ്ച് പോരാട്ടം

വോട്ടർമാർ ക്യാച്ച് 22 അവസ്ഥയിൽ ... യു ഡി എഫിന് നേരിയ മേൽക്കൈ...
പ്രചാരണം എങ്ങോട്ട് ? ബി ജെ പി കടമ്പ കടക്കുമോ ?

തമിഴകം

## ദ്രാവിഡത്തനിമയുടെ നിറഭേദങ്ങൾ

കാഴ്ചപ്പാടുകൾ

## പ്രവചനാതീതം !

എൻ പ്രഭാകരൻ
**ഒറ്റയാൻ**

**കറിയാമാർ**
ബാബു ഇരുമല



അരങ്ങ്
**ഒരു രക്ത രക്ഷസ്സിന്റെ നീണ്ട യാത്ര**

നോവൽ തുടങ്ങുന്നു
**നിഗൂഢതകളുടെ തടവറ**


Shirley A.
Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

മലയാളി.com Magazine

DIGITAL MAGAZINE

2026
APRIL
VOL/05
ISSUE/4

Contact: mag@emalayalee.com | www.emalayalee.com

# യുദ്ധഭീതിയിൽ ലോകം

ഈ നൂറ്റാണ്ട് യുദ്ധമുക്തവും സമാധാനപൂർണ്ണവും ആകുമെന്നാണ് പൊതുവേ കരുതപ്പെട്ടിരുന്നത് . എന്നാൽ ഇപ്പോൾ രണ്ടു യുദ്ധങ്ങൾ ലോക സമാധാനത്തെ ദോഷകരമായി ബാധിച്ചിരിക്കുന്നു. ഇസ്രയേൽ ആക്രമണത്തിൽ ഗാസയൊരു ശവപ്പറമ്പായി. റഷ്യൻ ആക്രമണത്തിൽ ഉക്രൈൻ ഇപ്പോഴും ഊർദ്ധശ്വാസം വലിക്കുകയാണ് .ഇപ്പോഴിതാ ഇറാന് നേരെയുള്ള ഇസ്രയേൽ - യു എസ് യുദ്ധം പശ്ചിമ ഏഷ്യയെ മാത്രമല്ല ഇന്ത്യയേയും തെക്ക് കിഴക്കൻ രാഷ്ട്രങ്ങളെയും സാരമായി ബാധിച്ചിരിക്കുന്നു .യുദ്ധം അവസാനിച്ചാൽ പോലും കെടുതികളിൽ നിന്നുള്ള മോചനം നമുക്ക് എളുപ്പമാകില്ല .

ആയുധശക്തി കൊണ്ടും ആക്രമണശേഷി കൊണ്ടും ഇറാൻ പോലെയൊരു ചെറിയ രാജ്യത്തെ കീഴ്പ്പെടുത്താനും അവിടെ ഭരണമാറ്റം കൊണ്ടു വരാനും കഴിയുമെന്നാണ് യു എസ് കരുതിയതെന്ന് വ്യക്തം .ബറാക് ഒബാമയുടെ കാലത്ത് ഇറാനുമായി യു എസ് അടുത്ത ബന്ധം സ്ഥാപിച്ചിരുന്നു .പക്ഷെ പിന്നിട് വന്ന ട്രമ്പ് ഭരണകൂടം അത് മാറ്റി മറിച്ചു.ഇറാന്റെ ആണവശേഷിയും മിസൈൽ നിരയുമാണ് യു എസിനെയും ഇസ്രയേലിനെയും ക്ഷുഭിതരാക്കിയത് .ഇറാനിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ മറയാക്കി അവിടെ ഭരണമാറ്റം കൊണ്ടുവരാൻ കഴിയുമെന്നായിരുന്നു യു എസും ഇസ്രയേലും കരുതിയത് .അയാത്തുള്ള ഖമനെയി കൊല്ലപ്പെട്ടുവെങ്കിലും അതോടൊപ്പം നിരവധി സേനാനായകർ മരിച്ചുവെങ്കിലും ഇറാന്റെ പോരാട്ട വീര്യം തകർക്കാനോ ഭരണം മാറ്റാനോ യു എസിന് കഴിഞ്ഞില്ല .മാത്രമല്ല യുദ്ധം ഗൾഫ് മേഖലയിൽ ആകമാനം വ്യാപിക്കുന്നതാണ് പിന്നെ കണ്ടത് .ഇസ്രയേൽ ഹിസ്ബുൾ താവളങ്ങൾ തകർക്കുക എന്നാ ലക്ഷ്യത്തോടെ ലെബനോനിലും ആക്രമണം ശക്തമാക്കി .പക്ഷെ ഇറാന്റെ തിരിച്ചടി അപ്രതീക്ഷിതമായിരുന്നു.ഇറാൻ ഗൾഫ് മേഖലയിൽ ഉള്ള യു എസ് താവളങ്ങൾക്ക് നേരെ ഡ്രോൺ ആക്രമങ്ങൾ നടത്തി .ശക്തമായ മിസൈൽ ആക്രമണത്തിൽ യു എസിന്റെ ചാരവിമാനത്തിനു തന്നെ കേടു പറ്റി .കുവൈറ്റിലും സൌദിയിലും ഒമാനിലും എല്ലാം ഇറാൻ ആക്രമണം അഴിച്ചുവിട്ടു .ഫലത്തിൽ അറബ് നാടുകളെ ആശ്രയിക്കുന്ന ഇന്ത്യയുൾപ്പടെയുള്ള രാജ്യങ്ങളിൽ നിന്നുള്ളവർക്കായിരുന്നു വലിയ തിരിച്ചടി നേരിട്ടത് .ചിലർ കൊല്ലപ്പെട്ടു .പലരുടെയും വരുമാനമാർഗം അടയുമെന്ന നിലവന്നു .

ലോകത്തെ വിവിധ രാജ്യങ്ങളിലേക്ക് എണ്ണയും എണ്ണ ഉത്പന്നങ്ങളും കടത്തി കൊണ്ടു പോകുന്ന ഹോർമസ് കടലിടുക്കു ഇറാൻ അടച്ചതോടെ യുദ്ധം നമ്മുടെ അടുക്കായിലും ജീവിതത്തിലും വലിയ യാഥാർത്ഥ്യമായി .എണ്ണവില കുതിച്ചുയർന്നു .പാചകവാതക ലഭ്യത ഒരു ചോദ്യചിഹ്നമായി നമ്മെ തുറിച്ചു നോക്കുന്നു .യുദ്ധത്തിനു മുൻപ് നിർബാധം കപ്പലുകൾ കടന്നു പോന്നിരുന്ന ഹോര്മസ് കടലിടുക്ക് തുറക്കുകയാണ് ഇപ്പോൾ പ്രധാന ലക്ഷ്യം .സമാധാന ചർച്ചകൾക്ക് ശ്രമം ഉണ്ടെങ്കിലും അതൊന്നും എങ്ങും തൊടാതെ നിൽക്കുകയാണ് .ഇറാന്റെ ഊർജ്ജ സ്രോതസ്സുകളെ ആക്രമിച്ചാൽ ഗൾഫ് രാജ്യങ്ങളെ തങ്ങൾ ശിക്ഷിക്കും എന്നാണു ഇറാന്റെ നിലപ്പാട്. ഗൾഫ് നാടുകളിൽ സൈനിക താവളങ്ങൾ കെട്ടിയിരിക്കുന്ന യു എസിന് ഇത് വലിയ ബാധ്യതയാകും. ഇസ്രയേലിനും വലിയ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരും.

ഇറാനുമായും ഗൾഫ് നാടുകളുമായും വാണിജ്യ ബന്ധങ്ങൾ ഉള്ള ഇന്ത്യ വലിയ പ്രതിസന്ധിയെ ആണ് അഭിമുഖീകരിക്കുന്നത് .ഇന്ത്യയുടെ നാല് കപ്പലുകൾക്ക് ഹോര്മസ് കടക്കാനുള്ള അനുമതി ലഭിച്ചുവെങ്കിലും അത് കൊണ്ടൊന്നും നമ്മുടെ ആവശ്യങ്ങൾ തീരുന്നില്ല .യുദ്ധം നീണ്ടുപോയാൽ ഗൾഫിലെ ഇന്ത്യൻ തൊഴിലാളികളുടെ നില പരുങ്ങലിൽ ആകും. അവർ അയക്കുന്ന ഡോളറിൽ ജീവിക്കുന്ന നമുക്ക് അത് വലിയ ബാധ്യതയാകും . .ഇപ്പോൾ തന്നെ രൂപയുടെ വില ഇടിഞ്ഞു ഒരു ഡോളറിനു 95 രൂപയായി .ഓഹരിവിപണി കൂപ്പു കുത്തി .2008 കാലത്തേ തകർച്ച ഉണ്ടാകാമെന്ന് ചില വിദഗ്ദർ പ്രവചിക്കുന്നു.

ഇത്തരം ഒരു കറുത്ത നിമിഷത്തിൽ സമാധാനദൂതൻ ആകേണ്ട യു എൻ ഇന്നൊരു നോക്കുകുത്തിയാണ് .യുദ്ധം അവസാനിപ്പിക്കാൻ ഒരു പോംവഴിയും ഉരുത്തിരിഞ്ഞിട്ടില്ല എന്നതാണ് ഏറെ ആശങ്ക ഉളവാക്കുന്നത്. മധ്യേഷ്യയിലും അഫ്ഘാനിസ്ഥാനിലും കൈ പൊള്ളിയ യു എസ് ഒരു പാഠവും പഠിച്ചിട്ടില്ല എന്ന് ഇറാൻ യുദ്ധം നമുക്ക് കാണിച്ചു തരുന്നു. ലോക സമാധനത്തിനു പുതിയ മാർഗങ്ങൾ കണ്ടെത്തിയാൽ മാത്രമേ നമുക്ക് സമാധാനത്തോടെ ജീവിക്കാൻ കഴിയൂ. അതിനു യുദ്ധം ബാധിച്ച രാജ്യങ്ങൾ മുഴുവൻ ഒന്നിക്കണം. ഇല്ലെങ്കിൽ യുദ്ധത്തിന്റെ കാർമേഘങ്ങൾ വ്യാപിച്ചു കൊണ്ടേയിരിക്കും




*സ്നേഹത്തോടെ,*

ഇ-മലയാളി പത്രാധിപസമിതി

## EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS



05 കേരളം നിയമസഭാ തെരഞ്ഞെടുപ്പ്
ഇഞ്ചോടിഞ്ച് പോരാട്ടം
പി എസ് ജോസഫ്

11 കോളം / കാഴ്ചപ്പാടുകൾ
പ്രവചനാതീതം !
എം എൻ നാരായണമൂർത്തി

15 തമിഴകം
ദ്രാവിഡത്തനിമയുടെ നിറഭേദങ്ങൾ
പി കെ ശ്രീനിവാസൻ

21 ചെറുകഥ
കറിയാമാർ
ബാബു ഇരുമല

33 സാഹിത്യം / എഴുത്തും ജീവിതവും
എൻ പ്രഭാകരൻ
ഒറ്റയാൻ
മാങ്ങാട് രത്നാകരൻ

39 ചെറുകഥ
എട്ടിലൊരാൾ
ശ്രീകുമാർ ഭാസ്കരൻ

45 സംസ്കാരം
ഒരു രക്ത രക്ഷസ്സിന്റെ നീണ്ട യാത്ര
എം ടി സാജു

49 ചെറുകഥ
നിബന്ധനകളില്ലാതെ
മാലിനി

53 പ്രത്യേക അഭിമുഖം
ധ്യാനത്തിന്റെ അനുഭവതീരങ്ങൾ
ജെന്നി ആൻഡ്രൂസ് / പ്രദീപ് പനങ്ങാട്

57 അച്യുതം 7
ഡയറിക്കുറിപ്പുകളിലെ അച്യുത മേനോൻ
മാങ്ങാട് രത്നാകരൻ

61 യാത്ര / സിക്കിം
പെല്ലിങ് മലയിലെ കാരുണ്യ ദേവൻ
സുഭാഷ് വലവൂർ

65 മതം
മറിയം :ഒരു ബദൽ സംസ്ക്കാരം
റോസി തമ്പി

73 എന്റെ സംഗീത വഴികൾ – 14
ഈണങ്ങളുടെ പരിചാരകർ
എസ് രാജേന്ദ്ര ബാബു

79 ഗീത വ്യാഖ്യാനം
ധ്യാനയോഗം
സുധീർ പണിക്കവീട്ടിൽ


83 കാവ്യധാര
ചുള്ളിക്കാടിന്റെ രണ്ടു കവിതകൾ
വി ആർ സന്തോഷ്




85 നോവൽ
നിഗൂഢതകളുടെ തടവറ
പി എസ് ജോസഫ്

91 സാഹിത്യം / കൃതിയും കാലവും
തസ്രാക് : സാഹിത്യവും ജീവിതവും കൂട്ടിമുട്ടുമ്പോൾ
വിജയ് സി എച്ച്

95 സിനിമ : സ്മിതാ പാട്ടിൽ
പൂർത്തിയാകാത്ത ഒരു കവിത പോലെ
പി എൻ നാസ്സർ

98 ചിത്രലോകം
കെ കെ സുധാകരൻ



# ഇഞ്ചോടിഞ്ച് പോരാട്ടം

## വോട്ടർമാർ ക്യാച്ച് 22 അവസ്ഥയിൽ . യു ഡി എഫിന് നേരിയ മേൽക്കൈ . പ്രചാരണം എങ്ങോട്ട് ?. ബി ജെ പി കടമ്പ കടക്കുമോ ?

◉ പി എസ് ജോസഫ്

ഭാഗ്യം ഇത്ര അനുഗ്രഹിച്ച മറ്റൊരു കമ്മ്യൂണിസ്റ് നേതാവ് ഉണ്ടാകില്ല .2016 മുതൽ സംസ്ഥാനത്ത് അധികാരത്തിൽ ഇരിക്കുന്ന ഇടതു ജനാധിപത്യ മുന്നണിയുടെ(എൽ ഡി എഫ് ) നേതാവ് സി പി എം എന്ന തൊഴിലാളിവർഗ പാർട്ടിയിൽ ഉല്ലങ്ക ശ്രീമാനായി വിരാജിക്കുക മാത്രമല്ല , പിണറായിക്കു പകരം വേറെ ആരുണ്ട് എന്ന ചോദ്യം ഉന്നയിക്കുകയും ചെയ്യുന്നു .ഒരു പകരക്കാരി എന്ന് ചിലർ വാഴ്ത്തിയ മുൻ ആരോഗ്യ മന്ത്രി കെ കെ ശൈലജ സ്ഥിരം വിജയിക്കുന്ന മട്ടന്നൂർ വിട്ടു പേരാവാവൂരിൽ പൊടിയേറ്റു അങ്കം വെട്ടുകയാണ് .എങ്കിലും മുഖ്യമന്ത്രി പദത്തിൽ രണ്ട് വട്ടം പൂർത്തിയാക്കുന്ന ,പാർട്ടിയിൽ അവസാന വാക്കായ പിണറായിയെ ചുറ്റി എതിർ ശബ്ദങ്ങൾ ഉയരുന്നു എന്നത് നിസാരമായി കണ്ട് കൂടാ .പാർട്ടിയുടെ

> **മുഖ്യമന്ത്രി പദത്തിൽ രണ്ട് വട്ടം പൂർത്തിയാക്കുന്ന ,പാർട്ടിയിൽ അവസാന വാക്കായ പിണറായിയെ ചുറ്റി എതിർ ശബ്ദങ്ങൾ ഉയരുന്നു എന്നത് നിസാരമായി കണ്ട് കൂടാ .പാർട്ടിയുടെ കോട്ടയായ കണ്ണൂരും ഈറ്റില്ലമായ ആലപ്പുഴയും എതിർപ്പിന്റെ സ്വരം ഉയർന്നു കഴിഞ്ഞു .**

കോട്ടയായ കണ്ണൂരും ഈറ്റില്ലമായ ആലപ്പുഴയും എതിർപ്പിന്റെ സ്വരം ഉയർന്നു കഴിഞ്ഞു .ഒരു പക്ഷെ സി പി എമ്മിന്റെ പിന്നിൽ മതേതര വിശ്വാസികളെ മുഴുവൻ പിടിച്ച് നിർത്തിയ ബി ജെ പി കോൺഗ്രസ്സ് ഡീൽ എന്ന പഴകിയ പുതു ആരോപണത്തിൽ വിള്ളൽ ഉണ്ടാക്കിയ , ബി ജെപ്പിക്ക് ജയിക്കാൻ തൃശൂർ പൂരം കലക്കി എന്ന് ആരോപിച്ച പി വി അൻവറും പിണറായിസത്തിനും മരുമോനിസത്തിനും എതിരായി ബേപ്പൂരിൽ പിണറായിയുടെ മരുമകൻ മുഹമ്മദ് റിയാസിനെതിരെ മത്സരിക്കുന്നു .ഒരു പക്ഷെ അടുത്ത തെരഞ്ഞെടുപ്പിൽ യു ഡി എഫിന് മേൽക്കായ്മ കിട്ടും എന്ന സൂചന നൽകി വെടി പൊട്ടിച്ചത് പി വി അൻവർ ആണ് .മുഖ്യമന്ത്രി മോഹത്തിൽ അന്യോന്യം പാരകൾ പണിയുന്ന കോൺഗ്രസ്സ് നേതാക്കൾ അതൊന്നും മുതലാക്കിയില്ലെങ്കിലും സാധാരണ ജനങ്ങളെ അത് വല്ലാതെ ഞെട്ടിച്ച് കളഞ്ഞു . അതിന്റെ അനുരണനങ്ങൾ ഈ തെരഞ്ഞെടുപ്പിൽ ഉണ്ടാകും എന്നാണു കരുതേണ്ടത് .

എൽ ഡി എഫ് വരും ,എല്ലാം ശരിയാകും എന്നായിരുന്നു 2016 ഇൽ പാർട്ടി നൽകിയ ഉറപ്പ് .കോടിയേരി ബാലകൃഷ്ണൻ പാർട്ടി



സെക്രട്ടറി ആയിരിക്കുന്ന കാലം ആയിരുന്നു അത് .അന്ന് അധികാരത്തിൽ ഇരുന്ന യു ഡി എഫിന്റെ ഉമ്മൻ ചാണ്ടിയെ പുറത്താക്കാൻ കളിച്ച കപട രാഷ്ട്രീയ ലൈംഗീക ആരോപണങ്ങളുടെ അനുരണനങ്ങൾ അടുത്തയിടെയും നാം കണ്ടു .ഗതാഗത മന്ത്രി കെ ഗണേഷ് കുമാറിനു നേരെ ഭാര്യ ഉയർത്തിയ ആരോപണം മാപ്പിൽ ഒതുക്കിയെങ്കിലും കേരളവും കണ്ട ജനകീയൻ ആയ ഒരു നേതാവിനെ മുൻപ് ഹീനമായ ആരോപണത്തിൽ തളച്ചുവെന്ന യാഥാർഥ്യം ഇത് വീണ്ടും പുറത്തു  കൊണ്ട് വന്നു .അത് സംബന്ധിച്ച കേസ് ഇപ്പോഴും കോടതിയിൽ വിചാരണയിൽ ആണ് .യുദ്ധത്തിൽ ധർമ്മമില്ല എന്നും രാഷ്ട്രീയ യുദ്ധത്തിൽ അധികാരം ആണ് അവസാന വാക്ക്  എന്നും കരുതുന്നവർക്ക് ഇതൊന്നും ഒരു ധാർമിക പ്രശ്നം പോലുമല്ല .എങ്കിലും ചോദ്യങ്ങൾ ആരൊക്കെയോ ചോദിച്ചു കൊണ്ടേയിരിക്കുന്നു .ഒരു പക്ഷേ വി ഡി സതീശനും പിണറായിയും തമ്മിൽ നടക്കാനിടയുള്ള സംവാദത്തിൽ ഈ ചോദ്യങ്ങൾ എല്ലാം ചോദിക്കപ്പെടുമായിരിക്കും .

എന്തായാലും ഭാഗ്യം കഴിഞ്ഞ തവണ   സ്വയംകൃത അനർത്ഥമായ പ്രളയത്തിലൂടെയും മാരകമായി മാറിയ കോവിഡിലും  കൂടിയാണ് വന്നത് . പക്ഷേ  ശബരി മലയിൽ യുവതി പ്രവേശത്തെ അനുകൂലിച്ച സർക്കാർ വോട്ടർമാരുടെ മനസ്സ് വായിച്ച് മലക്കം മറിഞ്ഞു .പ്രായോഗിക രാഷ്ട്രീയത്തിന്റെ ദാസന്മാരായി സി പി എം മാറുന്നത് അവിടെ നിന്നാണ് .ശബരിമല മാത്രം പ്രചാരണ വിഷയമാക്കിയ രമേശ് ചെന്നിത്തല സംഘത്തിന് പച്ച തൊടാൻ കഴിഞ്ഞില്ല.കോവിഡിൽ പി ആർ സാധ്യത പരമാവധി മുതലെടുത്ത പിണറായി വിജയൻ ഫലത്തിൽ ക്യാപ്റ്റനായി .കെ കെ ശൈലജയുടെ ഗതികേടിന്റെ തുടക്കവും ആ നല്ല ചീത്ത കാലമായിരുന്നു .ഇന്നു അത് മട്ടന്നൂരിൽ നിന്നും പേരാവൂരിൽ എത്തി നിൽക്കുന്നു . 2021 ഇൽ

**അടുത്ത തെരഞ്ഞെടുപ്പിൽ യു ഡി എഫിന് മേൽക്കായ്മ കിട്ടും എന്ന സൂചന നൽകി വെടി പൊട്ടിച്ചത് പി വി അൻവർ ആണ് . മുഖ്യമന്ത്രി മോഹത്തിൽ അന്യോന്യം പാരകൾ പണിയുന്ന കോൺഗ്രസ്സ് നേതാക്കൾ അതൊന്നും മുതലാക്കിയില്ലെങ്കിലും സാധാരണ ജനങ്ങളെ അത് വല്ലാതെ ഞെട്ടിച്ച് കളഞ്ഞു . അതിന്റെ അനുരണനങ്ങൾ ഈ തെരഞ്ഞെടുപ്പിൽ ഉണ്ടാകും എന്നാണു കരുതേണ്ടത് .**

എൽ ഡി എഫ് എല്ലാവർക്കും ഒപ്പം എന്ന മുദ്രാവാക്യം ആണുയർത്തിയത് .കിറ്റുകളും സൗജന്യങ്ങളും ജനത്തെ എത്ര സ്വാധീനിക്കുമെന്ന് മനസ്സിലാക്കിയ കാലം ആയിരുന്നു അത് .പിണറായി വിജയൻ വീണ്ടും അധികാരത്തിൽ എത്തി .

ഇന്ന് എൽ ഡി എഫ് അല്ലാതെ മറ്റാരുണ്ട് എന്നാണ് ചോദ്യം. പിണറായി അല്ലാതെ ആരുണ്ട് എന്നാണ് യഥാർത്ഥ ചോദ്യം .സാങ്കേതികമായി അത് ശരിയുമാണ് .എൽ ഡി എഫിന്റെ മുന്നണി പോരാളികൾ ആയ സി പി എമ്മിൽ ഇപ്പോൾ പിണറായി മാത്രമാണ് മുന്നിൽ .അദ്ദേഹമാണ് എല്ലാത്തിലും അവസാന വാക്ക് .കരുത്തരായ നേതാക്കന്മാർ ഉണ്ടായിരുന്ന പാർട്ടി ഇന്ന് ഒരാളുടെ അധീശത്തിലായിരിക്കുന്നു. പ്രായപരിധിയുടെയോ ടെമിന്റെയോ പേരിൽ പ്രഗത്ഭർ ഒഴിവാക്കപ്പെട്ടു .പുതുതായി അത്ര ശക്തരായ ആരും മുന്നോട്ടു വന്നതുമില്ല .ഈ സാഹചര്യത്തിലാണ് ജി സുധാകരനെ പോലെ ഒരു കറ കളഞ്ഞ നേതാവു താൻ നിന്ദ്യമായി ഒതുക്കപ്പെടുത്തത് സഹിക്കില്ലെന്നു വ്യക്തമാക്കി ഒറ്റയ്ക്ക് പാർട്ടി വിടുന്നത്. പാർലമെന്ററി വ്യാമോഹമാണ് പിന്നിലെന്ന് കുറ്റപ്പെടുത്തിയെങ്കിലും അതിനു വലിയ പിന്തുണക്കാർ ഉണ്ടായില്ല .പാർട്ടിയുടെ ശക്തി കേന്ദ്രമായ ആലപ്പുഴയിൽ ഉണ്ടായ ഈ മാറ്റം യു ഡി എഫിനെ തെല്ലൊന്നുമല്ല സഹായിക്കുക .

കണ്ണൂരിൽ പാർട്ടിയുടെ ഉരുക്കു കോട്ടയിൽ ഉണ്ടായ പൊട്ടിത്തെറികളാണ് ശ്രദ്ധേയം .രക്തസാക്ഷി ഫണ്ട് വിനിയോഗത്തിലെ തിരിമറി ആരോപിച്ച് പുറത്തു പോയ കുഞ്ഞികൃഷ്ണൻ  തൃക്കരിപ്പൂരിൽ സ്ഥാനാർത്ഥിയാണ് .ആന്തൂരിൽ വ്യവസായി സാജൻ ആല്മഹത്യ ചെയ്തതിനു കാരണമായ പഞ്ചായത്തു നടപടികളുടെ പേരിൽ കുപ്രസിദ്ധി നേടിയ പ്രസിഡന്റ് പി കെ ശ്യാമളയെ തളിപ്പറമ്പ് എം എൽ എ സ്ഥാനത്തേക്ക് മത്സരിക്കാൻ

നിയോഗിച്ചതിൽ പ്രതിഷേധിച്ച് സി കെ ഗോവിന്ദൻ പാർട്ടി വിടുന്നു . സുകന്യക്കു വെച്ച സീറ്റ് പാർട്ടി സെക്രട്ടറിയുടെ ഭാര്യക്ക് കൊടുത്തുവെന്നാണ് ആരോപണം .താൻ അറിഞ്ഞാണ് ആ തീരുമാനം എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ മറുപടി പറഞ്ഞു .

അതെ ഇപ്പോൾ എല്ലാ മറുപടിയും പിണറായി വിജയനാണ് നൽകുന്നത് , തീരുമാനങ്ങൾ പോലെ തന്നെ. അത് കൊണ്ട് തന്നെ പ്രചാരണത്തിന്റെ എല്ലാ നേട്ടവും കോട്ടവും അദ്ദേഹത്തിനു തന്നെ. അത് കൊണ്ടാണ് അദ്ദേഹത്തിന്റെ ഓരോ വാക്കും കീറി മുറിച്ചു അപഗ്രഗ്ന്ഥിക്കപ്പെടുന്നത് .277 കോടിയുടെ പരസ്യവും സർക്കാർ അനുകൂല അഭിമുഖങ്ങളും കൊണ്ട് മുഖം തേച്ച് മിനുക്കിയ പിണറായിയ്ക്കു ഒരു സദസ്സിൽ നിന്നുള്ള ചോദ്യത്തിന് വീട്ടിൽ പോയി ചോദിക്കു എന്ന് മറുപടി പറയേണ്ടി വന്നു എന്നത് സത്യം അങ്ങനെ ഒളിപ്പിക്കാനാവില്ല എന്ന സൂചന നൽകി .പാലക്കാട്ടു ആകട്ടെ പലരുമായും വ്യഭിചരിച്ച എം എൽ എ എന്നായിരുന്നു പരാമർശം. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അതിനു ശക്തമായ മറുപടി നൽകി മുഖ്യമന്ത്രി അവൾക്കൊപ്പമല്ല അവനൊപ്പമാണ് എന്നായിരുന്നു സതീശന്റെ മറുപടി . പിണറായിയുടെ നാവുപിഴയുടെ ചരിത്രം സമൂഹ മാധ്യമങ്ങളിൽ പ്രചുര പ്രചാരം ആർജ്ജിച്ചിരിക്കുന്നു. ജി സുധാകരനെ ആക്രമിക്കാൻ ഉപയോഗിച്ച ചെറ്റത്തരം എന്ന വാക്ക് തിരിച്ചടിച്ചതിലൂടെ അതിനു രാഷ്ട്രീയ ചെറ്റത്തരം എന്ന് മേമ്പൊടി ചേർത്തിരിക്കുന്നു .പാർട്ടി വിട്ട പി കെ ശശി ആകട്ടെ ഇപ്പോൾ വഞ്ചകൻ ആണ്. കുലം കുത്തികളിൽ നിന്നും പരനാറികളിൽ നിന്നും ഒരു ചെറിയ ഗ്രേഡ് താഴെയാണ് ഈ പ്രയോഗങ്ങൾ .

ഏതായാലും കിഫ്ബി എന്ന ''വിചിത്ര ജീവി'' എല്ലാവരുടെയും ഉറക്കം കെടുത്തിയിരിക്കുന്നു .

**ഇപ്പോൾ എല്ലാ മറുപടിയും പിണറായി വിജയനാണ് നൽകുന്നത് , തീരുമാനങ്ങൾ പോലെ തന്നെ. അത് കൊണ്ട് തന്നെ പ്രചാരണത്തിന്റെ എല്ലാ നേട്ടവും കോട്ടവും അദ്ദേഹത്തിനു തന്നെ . അത് കൊണ്ടാണ് അദ്ദേഹത്തിന്റെ ഓരോ വാക്കും കീറി മുറിച്ചു അപഗ്രഗ്ന്ഥിക്കപ്പെടുന്നത് . 277 കോടിയുടെ പരസ്യവും സർക്കാർ അനുകൂല അഭിമുഖങ്ങളും കൊണ്ട് മുഖം തേച്ച് മിനുക്കിയ പിണറായിയ്ക്കു ഒരു സദസ്സിൽ നിന്നുള്ള ചോദ്യത്തിന് വീട്ടിൽ പോയി ചോദിക്കു എന്ന് മറുപടി പറയേണ്ടി വന്നു**

പക്ഷെ കിഫ്ബിക്കെതിരെ പോരാടാൻ ഒരു മാത്യു കുഴൽനാടനെ ഉണ്ടായിരുന്നുള്ളൂ .അതെ പോലെ എക്സോ ലോജിക് വിഷയത്തിൽ മുഖ്യമന്ത്രിയുടെ മകൾക്കെതിരെ ആരോപണം ഉന്നയിക്കാനും .എല്ലാവരെയും തലോടുന്ന ചങ്ങാത്ത മുതലാളിത്തത്തിൽ ഇതൊന്നും തെരഞ്ഞെടുപ്പ് പ്രശ്നമേ ആകുന്നില്ല എന്നതിൽ അതിശയമില്ല .ലാവലിൻ കേസും തഥൈവ .കേസിൽ പൊള്ളയായ വാദങ്ങൾ ആണെങ്കിൽ തന്നെ എന്ത് കൊണ്ട് അത് സുപ്രീംകോടതിയിൽ നാല്പതാം വട്ടവും തള്ളി വെയ്ക്കപ്പെടുന്നു എന്നത് വലിയൊരു ചോദ്യം ആണ്. പകരം അഞ്ചു വർഷം മുൻപെന്ന പോലെ ശബരിമലയിൽ ഊന്നാനാണ് യു ഡി എഫിന്റെ ശ്രമം . ശബരിമല കൊള്ളയും അയ്യപ്പ സംഗമത്തിലെ കള്ളക്കണക്കുകളും കോടതി പുറത്തു കൊണ്ടു വന്നതാണ് .സർക്കാർ ഒരു ഷോമാൻ ആയി മാറിയതിന്റെ ഉദാഹരണമായിരുന്നു അയ്യപ്പ സംഗമവും ഫിലിം കോൺക്ലേവും .ഹേമ കമ്മീഷൻ ഹേമ കമ്മിറ്റി ആകുകയും അതിൽ മൊഴി നൽകിയവരെക്രൂശിക്കുകയും ചെയ്ത ഒരു കെട്ട കാലത്തിനും നാം സാക്ഷ്യം വഹിച്ചു .വാളയാർ പെൺകുട്ടികളുടെ കൊലപാതകമോ സിദ്ധാർഥിൻറെ കൊലയോ നവീൻ ബാബുവിന്റെ മരണമോ ഇപ്പോൾ പ്രതിപക്ഷം ഉയർത്തുന്നില്ല .

എങ്കിലും ചോദ്യങ്ങൾ അവസാനിക്കുന്നില്ല .കേരളത്തിന്റെ കടം അഞ്ചരലക്ഷം കോടി ആയി ഉയർന്നിരിക്കുന്നു .ഇതിനു അനുസരിച്ച് പദ്ധതി ചെലവുകൾ ഉണ്ടായോ



അതോ പെൻഷനും ശമ്പളവും പലിശയും കൊണ്ട് നമ്മുടെ ഖജനാവ് ശോഷിക്കുകയായിരുന്നോ . ഏറെ കേട്ടിഘോഷിച്ചു ഉത്ഘാടനം ചെയ്ത വയനാട് പുനരധിവാസവും അടുത്തു തന്നെ നടക്കുന്ന ലക്ഷണമില്ല .എൻ എച് വികസനം ആണെങ്കിൽ അതിന്റെ ക്രെഡിറ്റ് കേന്ദ്രത്തിനു കൂടി അവകാശപ്പെട്ട താണ്

140 സീറ്റുകളിലേക്ക് ഏപ്രിൽ ഒൻപതിന് നടക്കുന്ന തെരഞ്ഞെടുപ്പിൽ യു ഡി എഫിനും എൽ ഡി എഫിനും സ്ഥിര വിജയങ്ങൾ സമ്മാനിക്കുന്ന 90 സീറ്റുകൾ ഉണ്ട് . കഴിഞ്ഞ ഡിസംബറിൽ നടന്ന തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പു ഒരു മാനദണ്ഡമായി എടുത്താൽ യു ഡി എഫിന് 80 സീറ്റുകളിൽ വിജയിക്കാൻ കഴിയും .ബി ജെ പിക്ക് മൂന്നും .പക്ഷെ തികച്ചും പ്രാദേശികമായ പ്രശ്നങ്ങളുടെ പേരിൽ പ്രാദേശിക നേതാക്കന്മാരെ മുന്നിൽ നിർത്തി നടത്തിയ തെരഞ്ഞെടുപ്പു ഫലം അതെ പോലെ നിയമ സഭ തീഞ്ഞെടുപ്പിൽ പ്രതിഫലിക്കണമെന്നില്ല .മാത്രമല്ല അതിനു ശേഷം പാലത്തിലൂടെ ധാരാളം വെള്ളം ഒഴുകി പോയി തിരുവനതപുരം കോര്പ്പറെഷനിൽ ബി ജെപി മുന്നിൽ വന്നെങ്കിലും ബി ജെ പി യുടെ വോട്ടു കൂടിയിട്ടില്ല എന്നത് ശ്രദ്ധേയം .പക്ഷെ പാർലമെന്റിലേക്ക് മത്സരിച്ച ബി ജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖരൻ അവിടെ മൂന്നു നിയമസഭാമണ്ടലങ്ങളിൽ മുന്നിൽ വന്നുവെന്നത് മറന്നു കൂടാ .നേമം ,വട്ടിയൂർ കാവ് . കഴക്കൂട്ടം എന്നീ മണ്ടലങ്ങളിൽ. അതിൽ അദ്ദേഹമാണ് നേമത്ത് സ്ഥാനാർഥി എന്നത് കൊണ്ടു അവിടെ സാധ്യത വലുതാണ് .മാത്രമല്ല അവിടെ ഒരിക്കൽ ബി ജെ പി യുടെ ഒ രാജഗോപാൽ ജയിച്ച തുമാണ് .പക്ഷെ തലസ്ഥാനത്ത് ഭൂരിപക്ഷം ഹിന്ദു വോട്ടർമാരാണ് എന്നത് സവിശേഷതയാണ് .മതേതര വോട്ടുകളാണ് കേരളത്തിന്റെ മതേതരത്വം ഒരു പരിധി വരെ സംരക്ഷിച്ചത്. എസ് ഐ ആർ മൂലം മറ്റിടങ്ങളിൽ നിന്നുള്ള വോട്ടർമാർ കുറഞ്ഞതും ഇവിടെ വലിയ പ്രശ്നായി വരാം .ആ നിലക്ക് എൽ ഡി എഫിന്റെ വോട്ട് ഷെയറിൽ കുറവ് വരാൻ സാധ്യതയുണ്ട് .എങ്കിലും മലപ്പുറവും വയനാടും ഒഴിച്ചു വടക്കൻ ജില്ലകളിൽ ഇന്നും എൽ ഡി എഫ് ശക്തമാണ് .എങ്കിലും കോഴിക്കോട്ടും കാസർകോടും വയനാട്ടിലും പാലക്കാട്ടും യു ഡിഎഫിന് കുടുതൽ സീറ്റുകൾ ലഭിക്കാനിടയുണ്ട്.

ചെറിയ ഒരു വ്യതിയാനം പോലും ഇടതു മുന്നേറ്റം അസ്സാധ്യമാക്കും .

**കിഫ്ബി എന്ന "വിചിത്ര ജീവി" എല്ലാവരുടെയും ഉറക്കം കെടുത്തിയിരിക്കുന്നു .പക്ഷെ കിഫ്ബിക്കെതിരെ പോരാടാൻ ഒരു മാത്യു കുഴൽനാടനെ ഉണ്ടായിരുന്നുള്ളു. അതെ പോലെ എക്സോലോജിക് വിഷയത്തിൽ മുഖ്യമന്ത്രിയുടെ മകൾക്കെതിരെ ആരോപണം ഉന്നയിക്കാനും .എല്ലാവരെയും തലോടുന്ന ചങ്ങാത്ത മുതലാളിത്തത്തിൽ ഇതൊന്നും തെരഞ്ഞെടുപ്പ് പ്രശ്നമേ ആകുന്നില്ല എന്നതിൽ അതിശയമില്ല**

ആലപുഴയും കോട്ടയവും ചിലപ്പോൾ പത്തനംതിട്ടയും യു ഡി എഫ് അനുകൂലമായി മാറാം എന്നതാണ് ഈ തെരഞ്ഞെടുപ്പിൽ യു ഡി എഫിന് മുന്നോക്കം നൽകുന്നത് .ഓരോ ജില്ലകളിൽ ഒന്നോ രണ്ടോ സീറ്റ് കൈ വന്നാൽ എൽ ഫി എഫിന്റെ കുതിപ്പു ഇല്ലാതാകും. അതിനു സ്വഭാവികമായി സാധ്യതയുണ്ട് താനും .

പ്രത്യേകിച്ചും ഭരണ വിരുദ്ധ വികാരം ഇല്ലെന്നു എൽ ഡി എഫ് ആവർത്തിക്കുമ്പോഴും എല്ലാ തലത്തിലും നിന്ന് അത്എൽ ഡി എഫിനെ ബാധിക്കുന്നു എന്ന് വേണം കരുതാൻ .തെരഞ്ഞെടുപ്പിന് തൊട്ടു മുൻപ് നടത്തിയ 277കോടി യുടെ പരസ്യ പ്രചാരണം ആദ്യ നോട്ടത്തിൽ ഒരു പ്ലസ് ആയിരുന്നു വെങ്കിലും തെരഞ്ഞെടുപ് വന്ന തോടെ അത് പ്രചാരണമായിരുന്നു എന്നത് വോട്ടർമാർ തിരിച്ചറിഞ്ഞിരിക്കുന്നു .എൻ എച്ചും തുരന്നു തുടങ്ങിയ തുരങ്കപ്പാതയും വയനാട് ക്ഷേമപദ്ധതികളും മതിയോ ഒരു സർക്കാരിൻറെ നേട്ടം ?എൻ എച് കേന്ദ്ര പദ്ധതിയാണ് .വയനാട് പിരിച്ചെടുത്ത തുകയിലും എത്രയോ കുറഞ്ഞ തുകയാണ് ചെലവഴിക്കുന്നത് .തുരങ്കപ്പാത്ത ഗുണകരമോ എന്നത് അടുത്ത സർക്കാർ പരിശോധിക്കണം .

ഏതായാലും വലിയ സ്വപ്ങ്ങൾ കണ്ട സർക്കാർ ആണിത് .64000 കോടിയുടെ സിൽവർ ലൈനിന്റെ മഞ്ഞ കുറ്റികൾ ഇപ്പോഴും അതിന്റെ സ്മാരകങ്ങൾ ആണ് .ഇന്നും അത് നടക്കാൻ കഴിയാതെ പോയതിൻറെ ദുഃഖം പിണറായിക്ക് ഉണ്ട് .അതിനു പകരം കൊണ്ടു വന്ന റാപിഡ് റെയിൽ ഇതുവരെ എങ്ങും എത്തിയില്ല .ശബരിമല റയിൽ പണ്ടെ നടപ്പാക്കാമായിരുന്നു പക്ഷെ അതിനു പച്ചകൊടി കാട്ടുന്നത് ഇപ്പോഴാണ് .

ശബരിമല വിമാനത്താവളവും സ്വപ്നങ്ങളിൽ കുടുങ്ങിയിരിക്കുന്നു .മാത്രമല്ല ഇൻഷുറൻസ് ഭ്രമത്തിൽ നമുടെ സർക്കാർ ആശുപത്രികൾ തട്ടിത്തകരുന്നതാണ് നാം കാണുന്നത് .സ്വകാര്യ ആശുപത്രികൾ പലതും ഇന്ന് യു എസ് കമ്പനികളുടെ കീഴിൽ ആണ് .നമ്മുടെ സമ്പാദ്യം മുഴുവൻ കൊണ്ടു പോകാൻ കഴിയുന്ന ആഗോള ഒക്ടോപുസ് ആയി അത് വളർന്നിരിക്കുന്നു . അതിനു അറിയാതെ, നമ്മുടെ ആരോഗ്യരംഗത്തിന്റെ പിന്തുണയുണ്ട് .

ആരോഗ്യ രംഗത്തെ വീഴ്ചകൾ ഒരു പരമ്പരയായി നമ്മുടെ മുന്നിൽ ഉണ്ട് . പക്ഷെ ക്യാമറകളുടെ മുന്നിൽ നടന്ന ഒരു കൃത്യത്തിൽ

പ്രതിയോഗികളെ പ്രതികളാക്കിയ കണ്ണൂർ സംഭവം ഒരു വല്ലാത്ത രാഷ്ട്രീയ ദുരന്തമായി നിലകൊള്ളും. തെറ്റ് സംഭവിക്കാമെങ്കിലും അത് മനസ്സിലാക്കി പ്രവർത്തിക്കാത്തത് ആപൽകരമായ സ്ഥിതി വിശേഷമാണ് .എൽ ഡി എഫിന്റെ ഭാഗ്യത്തിന് ഇതൊന്നും ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല. ചില മാധ്യമങ്ങളുടെ ശുഷ്‌കാന്തി പോലും പ്രതിപക്ഷം ഇതിലൊന്നും കാണിക്കുന്നില്ല .തദ്ദേശ തെരഞ്ഞെടുപിന്റെ ബലത്തിൽ ജയിച്ചു കേറുമെന്നാണ് ഇപ്പോഴേ അവർ കരുതുന്നത് .മുഖ്യമന്ത്രി കുപ്പായം തുന്നിക്കുന്ന തിരക്കിൽ യഥാർത്ഥ പ്രശ്നം കെ സുധാകരനും പി ജെ കുര്യനും മറക്കുന്നു .

ആകെ ഒരു ആശ്വാസം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ വൈകിയാണെങ്കിലും എൽ ഡി എഫിനെ ശക്തമായി ആക്രമിക്കുന്നു എന്നതാണ് .സതീശൻ ഗോൾവൾക്കറുടെ രൂപത്തിന് മുന്നിൽ വിളക്ക് കൊളുത്തി എന്ന പിണറായിയുടെ പോസ്റ്റ് എൽ ഡി എഫിലെ പഴയപ്രേതങ്ങളെ ഓർമ്മിപ്പിക്കാൻ സതീശന് അവസരമായി. എസ് ഡി പി യുമായി എൽ ഡി എഫ് ബാന്ധവംഉണ്ടാക്കിയെന്ന സൂചന അത് ഒന്ന് കൂടി ശക്തമാക്കി .''കഴിഞ്ഞ തെരഞ്ഞെടുപ്പിലെ സി പി എം ണി ജെ പി ബന്ധത്തെ പറ്റി പറഞ്ഞത് ആർ എസ് എസ് മുഖപത്രമായ ഓർഗനൈസറുടെ എഡിറ്റർ ബാലശങ്കർ ആണ് .പി എം ശ്രീയിൽ ഒപ്പിട്ടു കൊടുത്തത് പിണറായിയാണ് .മുഖ്യമന്ത്രിക്കും കുടുംബത്തിനും നേരെയുള്ള കേന്ദ്ര അന്വേഷണം ഒഴിവാക്കാൻ കൊടകര കേസ് അട്ടിമറിച്ചതും പിണറായിയാണ് .തൃശൂർ പൂരം കലക്കിയതും ,''സതീശന്റെ ആരോപണം തുടരുന്നു .

ശക്തമായ പ്രചാരണത്തിന്റെ അഭാവം ഇപ്പോഴും യു ഡി എഫിനുണ്ട് .മുഖ്യമന്ത്രി സ്ഥാനത്തിനു കലഹിച്ചും സീറ്റ് കിട്ടാത്തതിൽ നിരാശ



പ്രകടിപ്പിച്ചും മുന്നേറുന്ന യു ഡി എഫിന് ആശ്വാസം മുസ്ലിം ലീഗ് സീറ്റുകൾ ആണ് .ജനങ്ങൾ മടുത്തിരിക്കുന്നു, അത് കൊണ്ടു യു ഡി എഫിനെ അവർ തോളിൽ എറ്റിയേക്കും. പക്ഷെ അവർ പ്രചാരണത്തി

**വലിയ സ്വപ്‌ങ്ങൾ കണ്ട സർക്കാർ ആണിത് . 64000 കോടിയുടെ സിൽവർ ലൈനിന്റെ മഞ്ഞ കുറ്റികൾ ഇപ്പോഴും അതിന്റെ സ്മാരകങ്ങൾ ആണ് . ഇന്നും അത് നടക്കാൻ കഴിയാതെ പോയതിൻറെ ദുഃഖം പിണറായിക്ക് ഉണ്ട് . അതിനു പകരം കൊണ്ടുവന്ന റാപിഡ് റെയിൽ ഇതുവരെ എങ്ങും എത്തിയില്ല . ശബരിമല റയിൽ പണ്ടെ നടപ്പാക്കാമായിരുന്നു പക്ഷെ അതിനു പച്ചകൊടി കാട്ടുന്നത് ഇപ്പോഴാണ് .**

ലും പ്രവർത്തനത്തിലും എത്രയോ കുടുതൽ ആവശ്യപ്പെടുന്നു . പിണറായിയുടെ കരുത്താണ് എൽ ഡി എഫിന്റെ ബലഹീനതയെങ്കിൽ അങ്ങനെയൊരു നേതൃത്വത്തിന്റെ അഭാവമാണ് യു ഡിഎഫിന്റെ ബലഹീനത .ഒരു പക്ഷെ പ്രചാരണത്തിന് ദേശീയ നേതാക്കൾ എത്തുമ്പോൾ മാറ്റം ഉണ്ടാകുമായിരിക്കാം. രാഹുലിനെ പിണറായി കുറ്റപ്പെടുത്തുന്നത് ആ ലക്ഷ്യം വെച്ചാകാം . ഏതായാലും മോദിയും പ്രചാരണ രംഗത്തുണ്ട് . ബി ജെ പി കേരളത്തിലെ ഏ ടീം ആണെന്നു മോദി അവകാശപ്പെടുന്നു .ബി ജെ പി വൻതോതിൽ പണം ഇറക്കി കൊണ്ടു കൂടിയാകും പ്രചാരണം നടത്തുക .

യുദ്ധത്തിൻറെ കാർമേഘങ്ങൾ കേരളത്തെ എല്ലാ അർത്ഥത്തിലും ബാധിച്ചു തുടങ്ങിയിരിക്കുന്നു. അടുക്കളയിൽ മാത്രമല്ല ഗൾഫിലെ നമ്മുടെ പൌരന്മാരും അവർ അയക്കുന്ന പണവും ഇന്ന് വലിയ പ്രതിസന്ധിയിൽ ആണ് .ഏപ്രിൽ ഒമ്പതിന് തെരഞ്ഞെടുപ്പു നടക്കുന്നതിനാൽ അതിന്റെ ദീർഘകാല ഫലങ്ങൾ ഈ തെരഞ്ഞെടുപ്പിനെ സ്വാധീനിക്കില്ല .പക്ഷെ ആശങ്ക ഒഴിയാത്ത നേരമാണ് ഇന്നുള്ളത് .കൊവിദ് പോലെ, പ്രളയം പോലെ എൽ ഡി എഫിന് യുദ്ധം ഭാഗ്യം കൊണ്ടു വരുമോ ?ഒരു പക്ഷെ ദേശീയരാഷ്ട്രീയം ആകും അതിനു വലിയ ഉത്തരം നൽക്കാൻ ഉള്ളത് .നിയമസഭ തെരഞ്ഞെടുപ്പിൽ ദേശീയ രാഷ്ട്രീയവും പരോക്ഷമായി സ്വാധീനം ചെലുത്തും .അത് പക്ഷെ ഗുണം ചെയ്യുക എൽ ഡി എഫിനെ ആയിരിക്കില്ല .

എന്തായാലും മുന്നണി രാഷ്ട്രീയത്തിൽ വലിയ മാറ്റം കൊണ്ടു വരുന്ന തെരഞ്ഞെടുപ്പാണ് ഇത് .യു ഡി എഫ് തകർന്നാൽ ലീഗ് മറ്റു പാളയങ്ങൾ നോക്കും. സി പി എം പരാജയപ്പെട്ടാൽ ബി ജെപി ക്ക് മുന്നേറ്റമുണ്ടാകും .വല്ലാത്തൊരു ക്യാച്ച് 22 സാഹചര്യത്തിലാണ് ഇന്ന് നമ്മുടെ വോട്ടർമാർ .നേതൃത്വത്തിൽ യു ഡി എഫ് ശക്തമായ തീരുമാനം എടുക്കുകയും സി പി എം പിണറായി അനന്തര പാർട്ടിയെപറ്റി സാരമായി ചിന്തിക്കുകയും ചെയ്തില്ലെങ്കിൽ കേരളം മതേതരത്വത്തിന്റെ മരുപ്പച്ച അല്ലാതാകും .എന്തൊക്കെയാണോ നമ്മെ വ്യത്യസ്തമാക്കിയത് അത് നമുക്ക് ഇല്ലാതാകും.അതോടെ പച്ചയായ വർഗ്ഗീയത നമ്മുടെ രാഷ്ട്രീയ ഭൂമികയുടെ ഭാഗമാകും .

NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

## अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।




- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.



എം.കെ നാരായണമൂർത്തി
ദേശീയ -കേരള രാഷ്ട്രീയ വിശകലന വിദഗ്ദനാണ് ലേഖകൻ



# കേരള നിയമസഭാതെരഞ്ഞെടുപ്പ് പ്രവചനാതീതം!

**കണ്ണൂർ രാഷ്ട്രീയത്തിൽ നിന്നും ആശയപരമായ നിലപാടുകൾ ഒലിച്ചു പോയിരിക്കുന്നു എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം അസ്വസ്ഥജനകമാണ്. കേരളത്തിൽ ഭരണം നഷ്ടപ്പെട്ടാൽ ഇന്ത്യൻ രാഷ്ട്രീയ ഭൂപടത്തിൽ നിന്നും സി.പി.എം എന്ന സംഘടന മാഞ്ഞു പോകുമോ എന്ന ഭയം പല സാധാരണ പ്രവർത്തകരിലും കാണാനുണ്ട്.**

കേരളത്തിലെ തെരഞ്ഞെടുപ്പ് കളം തെളിഞ്ഞു കഴിഞ്ഞു. പതിവ് പോലെ എൽ.ഡി.എഫും യു.ഡി.എഫുമായി തന്നെയാണ് ഏറ്റുമുട്ടൽ. ബി.ജെ.പി വാർത്തകളിൽ ഇടംപിടിക്കുന്നുണ്ടെങ്കിലും ഗ്രൗണ്ടിൽ കാര്യമായിയില്ല. തിരുവനന്തപുരം-കാസർഗോഡ് ജില്ലകളിലെ ചില നിയോജകമണ്ഡലങ്ങളിൽ മാത്രമായി ബി.ജെ.പി കുറച്ച് വോട്ടുകൾ നേടുമെങ്കിലും എൻ.ഡി.എ എന്ന നിലയിൽ കേരളത്തിൽ അവർക്ക് കാര്യമായ സ്വാധീനം സൃഷ്ടിക്കാൻ ഈ തെരഞ്ഞെടുപ്പിലും അവർക്ക് സാധിക്കില്ല.

തെരഞ്ഞെടുപ്പ് ചിത്രം തെളിയുന്തോറും ഇപ്പോൾ എൽ.ഡി.എഫിനാണ് മുൻതൂക്കമുള്ളത്. അവരുടെ തട്ടകമായ കണ്ണൂരിലും ആലപ്പുഴയിലും ഉണ്ടായിരിക്കുന്ന വിഭാഗീയതയും ജി.സുധാകരനേയും ടി.കെ ഗോവിന്ദനേയും പോലുള്ളവരുടെ പാർട്ടിയ്ക്ക് പുറത്തേക്കുള്ള പോക്കും ആ രണ്ടു ജില്ലകളിലും എൽ.ഡി.എഫിന്റെ വോട്ടു ബാങ്കുകളിൽ ചോർച്ചയുണ്ടാക്കുമെന്നതിൽ തർക്കമില്ല. പക്ഷേ കണ്ണൂരിലെ കോൺഗ്രസ്സിൽ ഉണ്ടാകുന്ന കെ.സുധാകരൻ എഫക്ട് എൽ.ഡി.എഫിന് ഗുണം ചെയ്യും.

തളിപ്പറമ്പ് നിയോജകമണ്ഡലത്തിൽ സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ മാഷുടെ

> **മൂന്നാം പിണറായി സർക്കാരെന്ന എൽ.ഡി.എഫിന്റെ സ്വപ്നങ്ങൾക്ക് ചിറകുവിരിക്കണമെങ്കിൽ അവർ കൂടുതൽ വിയർക്കേണ്ടി വരും. ഒരു പക്ഷേ പിണറായി വിരുദ്ധ വോട്ടുകൾ എൽ.ഡി.എഫിന് തലവേദനയായി മാറും. പിണറായി വിരുദ്ധതയെന്നതിന് എൽ.ഡി.എഫ് വിരുദ്ധതയെന്ന് അർത്ഥമില്ല. പൊതു സമൂഹത്തിന്റെ ചിന്ത മനസ്സിലാക്കുന്നതിൽ കാർക്കശ്യക്കാരനായ പിണറായി കുറച്ച് പിന്നോട്ട് പോയി എന്നതാണ് രാഷ്ട്രീയ യാഥാർത്ഥ്യം.**




ഭാര്യ പി.കെ ശ്യാമളയുടെ സ്ഥാനാർത്ഥിത്വം സി.പി.എം അണികളിൽ പോലും മുറുമുറുപ്പ് സൃഷ്ടിച്ചിട്ടുണ്ട്. മട്ടന്നൂർ പോലൊരു സുരക്ഷിത മണ്ഡലത്തിൽ നിന്നും കെ.കെ ശൈലജയെ പേരാവൂരെന്ന മലയോര മണ്ഡലത്തിലേക്ക് മാറ്റിയത് കെ.പി.സി.സി പ്രസിഡണ്ടും നിലവിലെ എം.എൽ.എയുമായ സണ്ണി ജോസഫിൽ നിന്നും സീറ്റ് തിരിച്ച് പിടിക്കാനാണെന്ന സി.പി.എം സംസ്ഥാന കമ്മിറ്റിയുടെ വിശദീകരണമൊന്നും സാധാരണ സഖാക്കൾക്ക് ബോധ്യമായിട്ടില്ലെന്നാണ് ആ മണ്ഡലത്തിലുടനീളം യാത്ര ചെയ്ത ഈ ലേഖകന് ബോധ്യമായ കാര്യം. മൂന്നാമതും എൽ.ഡി.എഫ് മന്ത്രിസഭ വന്നാൽ പി.കെ ശ്യാമളയുടെ മന്ത്രിസ്ഥാനത്തിന് കെ.കെ ശൈലജ തടസ്സമാകുമെന്ന് കണ്ട് പേരാവൂരിൽ തോൽക്കാനാണ് അവരെ നിറുത്തിയതെന്ന് പറയുന്ന ഒരു വലിയ വിഭാഗം ആൾക്കാരും അവിടെയുണ്ട്. കണ്ണൂർ രാഷ്ട്രീയത്തിൽ നിന്നും ആശയപരമായ നിലപാടുകൾ ഒലിച്ചു പോയിരിക്കുന്നു എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം അസ്വസ്ഥജനകമാണ്.കേരളത്തിൽ ഭരണം നഷ്ടപ്പെട്ടാൽ ഇന്ത്യൻ രാഷ്ട്രീയ ഭൂപടത്തിൽ നിന്നും സി.പി.എം എന്ന സംഘടന മാഞ്ഞു പോകുമോ എന്ന ഭയം പല സാധാരണ പ്രവർത്തകരിലും കാണാനുണ്ട്. ശൈലജയെ തോൽപ്പിക്കാൻ

**എസ്.ഡി.പി.ഐ പ്രത്യക്ഷമായി തന്നെ എൽ.ഡി.എഫിന് പിന്തുണ പ്രഖ്യാപിച്ചു കഴിഞ്ഞു. ഭൂരിപക്ഷ വർഗ്ഗീയതയെ സഹായിക്കാനെ ഈ നീക്കം കൊണ്ട് സാധിക്കു. നേമത്തും മഞ്ചേശ്വരത്തും ഈ പിന്തുണ എൽ.ഡി.എഫിനെ നാമമാത്രമായി സഹായിക്കുമെങ്കിലും കേരളം പുലർത്തി പോരുന്ന മതനിരപേക്ഷ രാഷ്ട്രീയത്തിന് ഈ നീക്കം തിരിച്ചടികൾ ഉണ്ടാക്കും.**

പാർട്ടി തന്നെ ശ്രമിക്കുന്നു എന്ന തോന്നൽ അവർക്ക് അനുകൂലമായ ഒരു ഘടകമായി പേരവൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ണൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പത്രപ്രവർത്തകർ പറയുന്നുണ്ട്.

കൊട്ടാരക്കര മണ്ഡലത്തിൽ മുൻ എൽ.ഡി.എഫ് എം.എൽ.എയായിരുന്ന ഐഷാപോറ്റി ഇക്കുറി കൈപ്പത്തി ചിഹ്നത്തിലാണ് ജനവിധി തേടുന്നത്. സി.പി.എം നേതൃത്വത്തിൽ നിന്നും നേരിട്ട കടുത്ത അവഗണനയിൽ മനം നൊന്താണ് താൻ ജനസേവനത്തിനായി യു.ഡി. എഫിലെത്തിയതെന്നാണ് ഐഷാ പോറ്റിയുടെ വിശദീകരണം. ഇപ്പോഴത്തെ ധനകാര്യ വകുപ്പ് മന്ത്രി ബാലഗോപാലാണ് എൽ.ഡി.എഫ് സ്ഥാനാർത്ഥി. ഈ മണ്ഡലത്തിലെ എൻ.എസ്.എസ് വോട്ടുകൾ കഴിഞ്ഞ തവണത്തെ പോലെ ഇക്കുറിയും ബാലഗോപാലിന് ഉറപ്പായി ലഭിക്കുമെന്ന് പറയാനാവില്ല. ഇദ്ദേഹത്തിന്റെ സഹോദരനും വ്യവസായിയും ആയ കലഞ്ഞൂർ മധു നായർ സർവ്വീസ് സൊസൈറ്റിയുടെ ബോർഡ് അംഗമായിരുന്നു. എന്നാൽ 2023ൽ മധു എൻ.എസ്.എസുമായി തെറ്റിപ്പിരിഞ്ഞത് ബാലഗോപാലിനെ കുറച്ചൊന്നു ക്ഷീണിപ്പിച്ചിട്ടുണ്ട്. പക്ഷേ ഈ വോട്ടുകൾ ഐഷാ പോറ്റിയ്ക്ക് മാത്രമായി ലഭിക്കണമെന്നില്ല. പി.കെ ശശിയുടെ കൂറുമാറ്റം സി.പി.എമ്മിന് മറികടക്കാൻ എളുപ്പമാണെങ്കിൽ ഐഷാപോറ്റി ഉയർത്തുന്ന ഭീഷണി ഇക്കുറി ബാലഗോപാലിനെ വിയർപ്പിക്കുമെന്നത് തീർച്ചയാണ്. വി.എസ് അച്യുതാനന്ദന് വേണ്ടി പാർട്ടിയ്ക്ക് പുറത്തായ എ.സുരേഷ് ആദ്യമായി ജനവിധി കൈപ്പത്തി ചിഹ്നത്തിൽ മൽസരിക്കുന്നത് മലമ്പുഴയിൽ നിന്നാണ്. വി.എസ് ഓർമ്മകൾ ഉയർത്തി ഇടതുപക്ഷ വോട്ടുകൾ കൂടി സമാഹരിക്കാനാണ് സുരേഷ് വി.എസ് പ്രതിനിധീകരിച്ചിരുന്ന മലമ്പുഴ തന്നെ തെരഞ്ഞെടുത്തത്. വി.എസിന്റെ കാലത്ത് സുരേഷ് ഉണ്ടാക്കിയെടുത്ത ബന്ധങ്ങൾ ഇടതുപക്ഷത്തിന് തലവേദനയാകും. ചിഹ്നം നോക്കി വോട്ടു ചെയ്യുന്ന കാലം കേരളത്തിൽ കഴിഞ്ഞുവെന്നാണ് സുരേഷ് ക്യാമ്പ് പറയുന്നത്.

തലസ്ഥാന ജില്ലയായ തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റ് ഉൾപ്പെടുന്ന തിരുവനന്തപുരം

മണ്ഡലത്തിൽ ഇക്കുറി എൽ.ഡി.എഫ് സ്വതന്ത്രനായാണ് സിനിമാ താരം സുധീർ കരമനയെ മൽസരിപ്പിക്കുന്നത്. ഇത് സി.പി.എമ്മിന്റേയും സി.പി.ഐയുടേയും അണികളിൽ വലിയ തോതിൽ നിരാശ പടർത്തിയിട്ടുണ്ട്. ചിന്താ ജെറോമിനെ പോലുള്ള വനിതകളെ ആരെയെങ്കിലും ഈ സീറ്റിൽ എൽ.ഡി.എഫിന് മൽസരിപ്പിക്കാമായിരുന്നു എന്ന വിമർശനം പാർട്ടി അണികൾ ഉയർത്തി കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിലെ മറ്റ് സീറ്റുകളിലെല്ലാം എൽ.ഡി.എഫ് കടുത്ത മൽസരത്തിന് കഴിയുന്ന സ്ഥാനാർത്ഥികളെ അണിനിരത്തിയിട്ടുണ്ട്. മന്ത്രിമാരായ വി.ശിവൻകുട്ടിയും ജി.ആർ അനിലും ജനവിധി തേടുന്നത് തിരുവനന്തപുരം ജില്ലയിൽ നിന്നാണ്. മുൻ മന്ത്രിയായ കടകംപള്ളി സുരേന്ദ്രൻ, സി.പി.എം ജില്ലാ സെക്രട്ടറിയായിരുന്ന വി.ജോയ് തുടങ്ങിയവരും ഇതേ ജില്ലയിൽ നിന്നാണ് മൽസരിക്കുന്നത്.

മൽസരം കൊട്ടിക്കയറുമ്പോൾ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും നേർക്കുനേർ വെല്ലുവിളി ഉയർത്തുന്നത് മാധ്യമങ്ങളെ ഹരം പിടിപ്പിക്കുന്നുണ്ടെങ്കിലും ജനമത് ഏറ്റെടുക്കുന്നില്ല.വയനാടിലെ ദുരിതബാധിതർക്കായി കോൺഗ്രസ്സ് നിർമ്മിച്ചു നൽകാമെന്ന ഉറപ്പ് പതിവു പോലെ വീൺവാക്കായത് രാഷ്ട്രീയ ചർച്ചയാക്കി മാറ്റാൻ എൽ.ഡി.എഫിന് സാധിച്ചിട്ടുണ്ട്.ഈ രംഗത്ത് യാതൊന്നും ചെയ്യാത്ത ബി.ജെ.പിയേയും എൽ.ഡി.എഫ് പ്രതിരോധത്തിലാക്കിയിട്ടുണ്ട്. ബി.ജെ.പിയും എൽ.ഡി.എഫുമായി ഡീൽ ഉണ്ടാക്കിയിട്ടുണ്ടെന്ന് വി.ഡി സതീശനും രമേശ് ചെന്നിത്തലയും ആവർത്തിക്കുന്നുണ്ടെങ്കിലും തെളിവോടെ ജനമധ്യത്തിലെത്തിക്കാൻ അവർക്കായിട്ടില്ല. ഡീൽ രാഷ്ട്രീയത്തിന്റെ വക്താക്കളാകാൻ അടിത്തട്ടിലെ അണികൾ തയ്യാറാകുന്നില്ലെന്ന

> **തിരുവനന്തപുരം – കാസർഗോഡ് ജില്ലകളിലെ ചില നിയോജകമണ്ഡലങ്ങളിൽ മാത്രമായി ബി.ജെ.പി കുറച്ച് വോട്ടുകൾ നേടുമെങ്കിലും എൻ.ഡി.എ എന്ന നിലയിൽ കേരളത്തിൽ അവർക്ക് കാര്യമായ സ്വാധീനം സൃഷ്ടിക്കാൻ ഈ തെരഞ്ഞെടുപ്പിലും അവർക്ക് സാധിക്കില്ല. തെരഞ്ഞെടുപ്പ് ചിത്രം തെളിയുന്തോറും ഇപ്പോൾ എൽ.ഡി.എഫിനാണ് മുൻതൂക്കമുള്ളത്.**




പ്രശ്നവും ഉണ്ട്. എസ്.ഡി.പി.ഐ പ്രത്യക്ഷമായി തന്നെ എൽ.ഡി.എഫിന് പിന്തുണ പ്രഖ്യാപിച്ചു കഴിഞ്ഞു.ഭൂരിപക്ഷ വർഗ്ഗീയതയെ സഹായിക്കാനെ ഈ നീക്കം കൊണ്ട് സാധിക്കു.നേമത്തും മഞ്ചേശ്വരത്തും ഈ പിന്തുണ എൽ.ഡി.എഫിനെ നാമമാത്രമായി സഹായിക്കുമെങ്കിലും കേരളം പുലർത്തി പോരുന്ന മതനിരപേക്ഷ രാഷ്ട്രീയത്തിന് ഈ നീക്കം തിരിച്ചടികൾ ഉണ്ടാക്കും.

ജോസ് കെ മാണിയുടെ കേരള കോൺഗ്രസ്സിന് മധ്യതിരുവിതാംകൂറിൽ നിർണ്ണായകമായ ശക്തിയായി മാറാൻ കഴിയുമെന്നാണ് അവിടെ നിന്നുള്ള വാർത്തകൾ സൂചിപ്പിക്കുന്നത്. കേരള കോൺഗ്രസ്സ് മാണി വിഭാഗത്തിന് നിലനിൽപ്പിന്റെ പ്രശ്നം കൂടിയാണ് ഈ തെരഞ്ഞെടുപ്പ്. ഇവിടത്തെ കത്തോലിക്ക സഭയിൽ വിള്ളലുണ്ടാക്കാൻ ഇക്കുറി മാണി വിഭാഗത്തിന് സാധിച്ചിട്ടുണ്ട്. വിദേശ സംഭാവനകൾ നിയന്ത്രിക്കാനുള്ള കേന്ദ്ര നീക്കം എൻ.ഡി.എയിലേക്ക് ചായാനിരുന്ന പല ബിഷപ്പുമാരുടേയും നിലപാട് മാറ്റത്തിന് കാരണമായിട്ടുണ്ട്. പാരിഷുകളുടെ തീരുമാനം അതേപടി അംഗീകരിക്കാൻ അൽമായന്മാർ തയ്യാറാകാതിരിക്കുന്നത് മാണി കോൺഗ്രസ്സിനും എൽ.ഡി.എഫിനും സഹായകരമാകും.മുൻകാലങ്ങളിൽ ക്ഷേമ രാഷ്ട്രീയത്തിന് പ്രസക്തിയില്ലാതിരുന്ന മധ്യതിരുവിതാംകൂറിൽ ഇപ്പോൾ ചെറിയ തോതിൽ മാറ്റം വന്നിട്ടുണ്ട്.

ഏതായാലും മൂന്നാം പിണറായി സർക്കാരെന്ന എൽ.ഡി.എഫിന്റെ സ്വപ്നങ്ങൾക്ക് ചിറകുവിരിക്കണമെങ്കിൽ അവർ കൂടുതൽ വിയർക്കേണ്ടി വരും. ഒരു പക്ഷേ പിണറായി വിരുദ്ധ വോട്ടുകൾ എൽ.ഡി.എഫിന് തലവേദനയായി മാറും. പിണറായി വിരുദ്ധതയെന്നതിന് എൽ.ഡി.എഫ് വിരുദ്ധതയെന്ന് അർത്ഥമില്ല.പൊതു സമൂഹത്തിന്റെ ചിന്ത മനസ്സിലാക്കുന്നതിൽ കാർക്കശ്യക്കാരനായ പിണറായി കുറച്ച് പിന്നോട്ട് പോയി എന്നതാണ് രാഷ്ട്രീയ യാഥാർത്ഥ്യം. സി.പി.എമ്മിന്റെ ഇന്നത്തെ ഘടന വച്ച് കണ്ണൂരിൽ വന്ന് തണ്ണിമത്തൻ കഴിച്ചു പോകാനേ എം.എ ബേബിയെന്ന ദേശീയ സെക്രട്ടറിയ്ക്കും സാധിക്കൂ.

# BIG ANNOUNCEMENT!

## THE WORLD JUST GOT BIGGER

# 6 BRAND NEW CHANNELS

**NOW STREAMING ON**

MediaAppUSA

THE TABERNACLE CHOIR AT TEMPLE SQUARE

NTD

Harmony Gospel Music TV

Diya TV

THE WALK

NJOY TV 21.2

**Experience a whole new level of global entertainment, news, and culture – now expanded like never before.**

### Why MediaAppUSA?

- Unlimited Global Live Channels
- Premium Video-On-Demand Content
- Integrated News & Media Platforms
- Multi-Device Streaming – Anytime, Anywhere
- Built for the Worldwide Audience

## More Content. More Diversity. More Power.

MediaAppUSA continues to redefine digital broadcasting, bringing the world closer to you.

**WATCH ANYTIME. ANYWHERE. ON ANY DEVICE.**

iPhone | android | ROKU TV | Samsung TV | Apple TV | Amazon fireTV | GoogleTV

Panasonic TV | Vizio TV | Sony TV | LGTV

**Available on AppStore | Playstore**

Google play | Download on the App Store

**NO LIMITS. NO BOUNDARIES. JUST GLOBAL STREAMING.**

Call North America | UK | Europe: 1-917-900-2123

Gulf Region | India 91 999 561 1116 eMail: info@medialogistics.us



ഡി എം കെ മുന്നണിയുടെ മാനിഫെസ്റ്റോ പുറത്തിറക്കുന്നു

# ദ്രാവിഡത്തനിമയുടെ നിറഭേദങ്ങൾ



**പരമാവധി സഖ്യകക്ഷികളെ ഒന്നിച്ചുചേർത്തുകൊണ്ടുള്ള ഡിഎംകെയുടെ മുന്നേറ്റത്തെ പരാജയപ്പെടുത്താൻ എതിർചേരിയിൽ നിൽക്കുന്ന മുന്നണികൾക്ക് കഴിയുമോ എന്നത് സംശയമാണ്.**

**പി കെ ശ്രീനിവാസൻ**

എതിരാളിയെ മപ്പടിച്ച് നിലംപരിശാക്കുന്ന ഒരു ഗുസ്തിവീരൻെറ വീറോടെയാണ് തമിഴ്നാട് മുഖ്യമന്ത്രി മുത്തുവേൽ കരുണാനിധി സ്റ്റാലിൻ തെരഞ്ഞെടുപ്പ് ഗോദയിൽ എത്തിയിരിക്കുന്നത്. ഏപ്രിൽ 23ന് നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൻെറ ഗതി ഏതുതരത്തിലായിരിക്കണമെന്ന തുറുപ്പുചീട്ടുകൾ നിരത്തിയാണ് സ്റ്റാലിൻ കളമൊരുക്കുന്നത്.

ഡിഎംകെയുടെ (ദ്രാവിഡ മുന്നേറ്റ കഴകം) ചുവടുവയ്പുകൾ പ്രബലരായ രണ്ട് എതിർകക്ഷികളെയും അങ്കലാപ്പിലാക്കിയിരിക്കുകയാണ്. പ്രധാനമായും ത്രികോണമത്സരമാണ് ഇപ്പോൾ തമിഴകത്ത് നടക്കുന്നത്. പരമാവധി സഖ്യകക്ഷികളെ ഒന്നിച്ചുചേർത്തുകൊണ്ടുള്ള ഡിഎംകെയുടെ മുന്നേറ്റത്തെ പരാജയപ്പെടുത്താൻ എതിർചേരിയിൽ നിൽക്കുന്ന മുന്നണികൾക്ക് കഴിയുമോ എന്നത് സംശയമാണ്.

**പത്തോളം കക്ഷികളെ സ്വന്തം ചിറകുകൾക്കുള്ളിൽ ഒതുക്കി നിർത്തിക്കൊണ്ടാണ് സ്റ്റാലിൻ യുദ്ധതന്ത്രങ്ങൾ സ്വരൂപിക്കുന്നത്. കോൺഗ്രസ്, സിപിഎം, സിപിഐ, വിസികെ (വടുതലൈ ചിറുതൈഗൾ കക്ഷി), ഡിഎംഡികെ (ദേശീയ മുർപോക് ദ്രാവിഡ കഴകം), മുസ്ലിം ലീഗ്, കമലഹാസൻെറ എംഎൻഎം (മക്കൾ നീതി മൺട്രം) തുടങ്ങിയ കക്ഷികളാണ് ഡിഎംകെ മുന്നണിയുടെ ശക്തിയാകുന്നത്.**

234 സീറ്റുകളുള്ള നിയമസഭയിൽ ഭൂരുപക്ഷംനേടി മുൻനിരയിലെത്താൻ തങ്ങൾക്ക് കഴിയുമെന്ന ആത്മവിശ്വാസം മൂന്നു മുന്നണികളും വച്ചുപുലർത്തുന്നതിൽ അത്ഭുതമില്ല. പത്തോളം കക്ഷികളെ സ്വന്തം ചിറകുകൾക്കുള്ളിൽ ഒതു



**എ ഐ ഡി എം കെ മാനിഫെസ്റ്റോ പുറത്തിറക്കിയപ്പോൾ**

ക്കിനിർത്തിക്കൊണ്ടാണ് സ്റ്റാലിൻ യുദ്ധതന്ത്രങ്ങൾ സ്വരൂപിക്കുന്നത്. കോൺഗ്രസ്, സിപിഎം, സിപിഐ, വിസികെ (വടുതലൈ ചിറുതൈഗൾ കക്ഷി), ഡിഎംഡികെ (ദേശീയ മുർപോക് ദ്രാവിഡ കഴകം), മുസ്ലിം ലീഗ്, കമലഹാസന്റെ എംഎൻഎം (മക്കൾ നീതി മൺട്രം) തുടങ്ങിയ കക്ഷികളാണ് ഡിഎംകെ മുന്നണിയുടെ ശക്തിയാകുന്നത്.

നിലവിലുള്ള  സ്റ്റാലിൻ ഭരണകൂട്ടത്തിനെതിരെ അഴിമതി, സ്വജനപക്ഷപാതം  ഉൾപ്പെടെ നിരവധി ആരോപണങ്ങൾ ഉണ്ടെങ്കിലും ജനങ്ങളെ തങ്ങളോടൊപ്പം നിർത്താൻ ഡിഎംകെ സഖ്യത്തിന് കഴിഞ്ഞിരിക്കുന്നു.

രണ്ടാമത്തെ വലിയ കക്ഷിയായ എഐഎഡിഎംകെ (ഓൾ ഇന്ത്യാ അണ്ണാ ദ്രാവിഡ മുന്നേറ്റകഴകം) ബിജെപി (ഭാരതീയ ജനതാ പാർട്ടി) സഖ്യത്തിനു കാര്യമായ ശക്തിസ്വരൂപിക്കാൻ കഴിഞ്ഞിട്ടില്ല. രാമദാസിന്റെ മകൻ അനപുമണി രാമദാസിന്റെ പിഎംകെ വിഭാഗം (പട്ടാളി മക്കൾ കക്ഷി) ടിടിവി ദിനകരന്റെ എഎംഎംകെ (അമ്മ മക്കൾ മുന്നേറ്റ കഴകം) തമിഴ് മാനിലെ കോൺഗ്രസ് (ടിഎംസി) തുടങ്ങിയ കക്ഷികളാണ് ഈ സഖ്യത്തിലുള്ള  മറ്റ് കക്ഷികൾ.

ഇടപ്പാടി പളനിസ്വാമി നയിക്കുന്ന സഖ്യത്തിന് തമിഴകത്ത് കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. അതിന് പ്രധാന കാരണം ഡിഎംകെയുടെ ബിജെപി വിരുദ്ധനിലപാടാണ്. ബിജെപിക്ക് തമിഴകത്ത് പൊതുവിൽ പച്ചപിടിക്കാൻ കഴിയാത്തതിന്റെ കാരണം ദ്രാവിഡ മേൽക്കോയ്മ തന്നെയാണ്.

ഡോക്ടർ രാമദാസിന്റെ പിഎംകെ ആകട്ടെ അച്ഛനും മകനും തമ്മിൽ തെറ്റിപ്പിരിഞ്ഞ അവസ്ഥയിൽ രണ്ട് കഷണങ്ങളായി മാറിയിരിക്കുന്നു. അധികാരമോഹം തന്നെയാണ് ആ പാർട്ടിയിലും

**ഇടപ്പാടി പളനിസ്വാമി നയിക്കുന്ന സഖ്യത്തിന് തമിഴകത്ത് കാര്യമായ ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. അതിന് പ്രധാന കാരണം ഡിഎംകെയുടെ ബിജെപി വിരുദ്ധനിലപാടാണ്. ബിജെപിക്ക് തമിഴകത്ത് പൊതുവിൽ പച്ചപിടിക്കാൻ കഴിയാത്തതിന്റെ കാരണം ദ്രാവിഡ മേൽക്കോയ്മ തന്നെയാണ്. ഡോക്ടർ രാമദാസിന്റെ പിഎംകെ ആകട്ടെ അച്ഛനും മകനും തമ്മിൽ തെറ്റിപ്പിരിഞ്ഞ അവസ്ഥയിൽ രണ്ട് കഷണങ്ങളായി മാറിയിരിക്കുന്നു.**

നിഴലിക്കുന്നത്. എന്തായാലും എടുത്തുപറയാവുന്ന കക്ഷികളൊന്നുംതന്നെ അവരുടെ ഭാഗധേയങ്ങൾ നിർണയിക്കാൻ ഒപ്പമില്ലാത്ത അവസ്ഥയാണ്.

മൂന്നാമത്തെ വലിയകക്ഷി നടൻ വിജയ്ന്റെ ടിവികെയാണ്. (തമിഴക വെട്രി കഴകം). ആരുമായും സഖ്യംചേരാതെ ഒറ്റയ്ക്ക് മത്സരിക്കുന്ന വിജയ്ന് നല്ലൊരു ശതമാനം വോട്ടുപിടിക്കാൻ കഴിയും എന്നതാണ് ഡിഎംകെ ഉൾപ്പെടെയുള്ള മുന്നണികളെ വ്യാകുലപ്പെടുത്തുന്നത്.

ന്യൂജനറേഷൻ വോട്ടും പുതിയ സമ്മതിദായകരുടെ പിൻബലവുമാണ് വിജയ് ലക്ഷ്യമിടുന്നത്. തുടക്കത്തിൽ കണ്ട ആവേശമൊന്നും വിജയ്ന്റെ പാർട്ടിയിൽ കാണുന്നില്ല എന്നതാണ് മറ്റൊരു കൌതുകം.

കരൂർ ദുരന്തത്തിൽ 40 ൽ അധികംപേർ ജനത്തിരക്കിൽ കൊല്ലപ്പെട്ടതിന് കാരണമായ സംഭവം ഇന്നും വിജയ്നെ വിട്ടുമാറാതെ വേട്ടയാടുന്നു. കേന്ദ്രത്തിന്റെ സിബിഐ ഉൾപ്പെടയുള്ള അന്വേഷണസംഘങ്ങൾ വിട്ടുമാറാതെ സഞ്ചരിക്കുകയാണ്. മാത്രമല്ല വിജയ് തന്റെ രാഷ്ട്രീയപ്രവേശനത്തിനു ഉതകുമെന്ന് വിശ്വസിച്ചു പൂർത്തിയാക്കിയ ജനനായകൻ എന്ന ചിത്രം സെൻസർ പ്രശ്നകത്തിന്റെ പേരിൽ പെട്ടിയിൽ കിടക്കുകയാണ്. തങ്ങളുടെ സഖ്യത്തിൽ ചേരാനുള്ള ക്ഷണം വിജയ് നിരസിച്ചു എന്നതുതന്നെയാണ് ബിജെപിയെ ചൊടിപ്പിച്ചിരിക്കുന്നത്.

സിനിമാ നടൻ സീമാന്റെ നാം തമിഴർ കക്ഷിയും (എൻടികെ,) ജയലളിതയുടെ ഉറ്റതോഴിയുമായിരുന്ന ശശികലയുടെ പുതിയ പാർട്ടിയും എഐപിടി എംഎംകെ

(ഓൾ ഇന്ത്യാ പുരട്ചത്തലൈവി മക്കൾ മുന്നേട്ര കഴകം) ഡോക്ടർ രാമദാസിൻെറ പിഎംകെയുടെ ഒരു കഷണവും ചേർന്ന് സഖ്യവും തെരഞ്ഞെടുപ്പ് രംഗത്തുണ്ട്.

തുടക്കത്തിൽ സീറ്റ് വിഭജനത്തെ കുറിച്ച് ഡിഎംകെ സഖ്യത്തിൽ അസ്വാരസ്യങ്ങൾ ഉണ്ടായെങ്കിലും കാര്യങ്ങൾ വേഗം പരിഹരിച്ചു. വിജയ്കാന്ത് സ്ഥാപിച്ച ഡിഎംഡികെമായുള്ള സഖ്യത്തെക്കുറിച്ചും അവർക്ക് നൽകിയ സീറ്റുകളെക്കുറിച്ചും മറ്റ് ഘടകകക്ഷികൾക്കുള്ളിൽ അഭിപ്രായവ്യത്യാസം ഉയർന്നിരുന്നു. വിജയകാന്തിൻെറ മരണശേഷം പാർട്ടിയുടെ പ്രധാന ചുമതലുകൾ വഹിക്കുന്നത് ഭാര്യ പ്രേമലതയും അവരുടെ സഹോദരൻ എൽകെ സുധീഷുമായിരുന്നു. മുഖ്യമന്ത്രിമോഹ

**ആരുമായും സഖ്യംചേരാതെ ഒറ്റയ്ക്ക് മത്സരിക്കുന്ന വിജയ്ന് നല്ലൊരു ശതമാനം വോട്ടുപിടിക്കാൻ കഴിയും എന്നതാണ് ഡിഎംകെ ഉൾപ്പെടെയുള്ള മുന്നണികളെ വ്യാകുലപ്പെടുത്തുന്നത്. ന്യൂജനറേഷൻ വോട്ടും പുതിയ സമ്മതിദായകരുടെ പിൻബലവുമാണ് വിജയ് ലക്ഷ്യമിടുന്നത്. തുടക്കത്തിൽ കണ്ട ആവേശമൊന്നും വിജയ്ൻെറ പാർട്ടിയിൽ കാണുന്നില്ല എന്നതാണ് മറ്റൊരു കൌതുകം.**



സ്റ്റാലിനും ഒ പി എസും

വുമായി നടന്ന വിജയകാന്തിനെ ജയലളിത സ്വന്തം സഖ്യത്തിലെത്തിച്ച് നിയമസഭയിൽ പ്രതിപക്ഷ നേതാവാക്കിയിരുന്നു. വിജയകാന്തിൻെറ മരണശേഷം മഹത്വമെല്ലാം തകർന്നടിഞ്ഞ ഒരു കക്ഷിക്ക് എന്തിനാണ് കൂടുതൽ സീറ്റുകൾ നൽകിയതെന്നാണ് പാർട്ടിയിൽനിന്ന് ഉയർന്നുവന്ന ചോദ്യം. 2021 നിയമസഭാ തെരഞ്ഞെടുപ്പിൽ എഐഎഡിഎംകെയുമായി സഖ്യം സ്ഥാപിച്ച ഡിഎംഡികെക്ക് ലഭിച്ചത് 0.43 ശതമാനം വോട്ട് മാത്രമായിരുന്നു.

60 സീറ്റുകളിൽ മത്സരിച്ച പാർട്ടിക്ക് ഒരു സീറ്റുപോലും നേടാനായില്ല. 2024 ൽ നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഡിഎംഡികെ, എഐഎഡിഎംകെയുമായി ചേർന്ന് മത്സരിച്ച് അഞ്ചു സീറ്റുകളിലും മൂന്നാം സ്ഥാനങ്ങളിൽ എത്തുകയാണുണ്ടായത്. വിജയ് കാന്തിൻെറ മകൻ വിജയ് പ്രഭാകർ വിരുതനഗറിൽ 4379 വോട്ടിന് അന്ന് പരാജയപ്പെടുകയും ചെയ്തു.

ഡിഎംഡികെയെ സ്വന്തം പാളയത്തിൽ എത്തിക്കാൻ സ്റ്റാലിൻ ശ്രമിച്ചതിൻെറ ചിന്തിച്ചതിൻെറ പിന്നിൽ പല കാരണങ്ങളും ഉണ്ടാകാം. ഡിഎംകെയോടൊപ്പം വിശ്വസ്തനായി നിന്ന് വിസികെക്ക് എട്ട് സീറ്റാണ് ഇക്കുറി സ്റ്റാലിൻ നൽകിയത്.

25 സീറ്റ് ആവശ്യപ്പെട്ട് ഡിഎംഡികെക്ക് 10 സീറ്റും ഒരു രാജ്യസഭാ സീറ്റും നൽകി സ്വന്തം പാളയത്തിൽ ചേർത്തപ്പോൾ ഉത്തരം മുട്ടിനിന്നത് മറ്റ് പ്രതിപക്ഷ സഖ്യകക്ഷികൾ ആയിരുന്നു. ഒരുവിധം ആൾക്കൂട്ടത്തെ ആകർഷിക്കാൻ കഴിയുന്ന പാർട്ടികളെ തങ്ങളോടൊപ്പം ചേർക്കുക എന്നത് സ്റ്റാലിൻെറ യുദ്ധതന്ത്രമാണ്.

സ്വന്തം ബലഹീനത മനസ്സിലാക്കാത്ത കക്ഷിയാണ് ജയലളിതക്കു ശേഷമുള്ള എഐഎഡിഎംകെ. ജാതിരാഷ്ട്രീയത്തിൻെറ



കൊടിതോരണങ്ങളിൽ മുങ്ങിപ്പോയ ഈ കക്ഷിയെ നിയന്ത്രിക്കുന്നത് എടപ്പാടി കെ പളനി സ്വാമിയാണ്. മൂന്നുതവണ മുഖ്യമന്ത്രിയായ ഒ പനീർശെൽവത്തെ പാർട്ടിയിൽനിന്ന് നിഷ്ക്കരുണം പുറത്തുചാടിച്ചതോടെ എടപ്പാടിയുടെ കുതന്ത്രങ്ങൾ ജനമറിഞ്ഞു. സ്റ്റാലിനെപ്പോലെ പരമാവധി സഖ്യകക്ഷികളെ തങ്ങളുടെ കൂടാരത്തിൽ എത്തിച്ചു പാർട്ടി വിപുലവും ശക്തവുമാക്കുന്നതിനുപകരം വിട്ടുനിൽക്കുന്നവരെ കുറ്റപ്പെടുത്തിയും അവഹേളിച്ചും പുറത്താക്കുക എന്ന നയമാണ് എടപ്പാടി സ്വീകരിച്ചത്. അതാകട്ടെ പാർട്ടിയെ വിനാശത്തിലെത്തിക്കുകയും ചെയ്തു. താനാണ് പാർട്ടിയും സർവ്വവും എന്ന ചിന്താഗതിയാണ് ഒരു വിഡ്ഢിവേഷം കൊട്ടാൻ എടപ്പാടിയെ പ്രേരിപ്പിച്ചത്. ഇവിടെയാണ് സ്റ്റാലിൻ എന്ന ഡിഎംകെ നേതാവിന്റെ ഔചിത്യം തമിഴ് ജനത മനസ്സിലാക്കുന്നത് ..

തമിഴകം ഒന്നടങ്കം എതിർക്കുന്ന  കക്ഷിയാണ് ബിജെപി. എന്നാൽ തമിഴകത്ത് പ്രതിച്ഛായ സൃഷ്ടിക്കാൻ ബിജെപി നടത്തുന്ന ശ്രമവും വ്യഗ്രതയും വളരെ പ്രകടമാണ്. തമിഴകത്തിന്റെ വികസനത്തിന് തങ്ങൾ മാത്രമാണ് കാരണക്കാർ  എന്ന വിധത്തിലുള്ള മാധ്യമപ്രചാരണം കഴിഞ്ഞ രണ്ടുമൂന്നു മാസങ്ങളായി  ബിജെപി നടത്തുന്നുണ്ട്. ബിജെപിയെ മാറ്റിനിർത്താൻ ആഗ്രഹിക്കുന്ന തമിഴ് ജനതയുടെ മനശാസ്ത്രം അവർക്കറിയില്ല. മാത്രമല്ല ബിജെപി ഒരു ദേശീയ ശത്രുവാണെന്നും ന്യൂനപക്ഷങ്ങളെ ദ്രോഹിക്കുന്ന കക്ഷിയാണെന്നും അവരോടൊപ്പം നിൽക്കുന്നത് വിനാശത്തിന്റെ പടുകുഴിയിൽ വീഴാൻ കാരണമാകുമെന്നും ഡിഎംകെ മനസ്സിലാക്കിയിരിക്കുന്നു.

ബിജെപിയെ കൂടാതെ ആ സഖ്യത്തിൽ ഡോക്ടർ രാമദാസിന്റെ മകൻ അൻപുമണി രാമദാസ് നയിക്കുന്ന പിഎംകെ ആണുള്ളത്. പട്ടാളി മക്കൾ കക്ഷിയുടെ രക്ഷകരായെത്തിയ പിഎംകെ ഇപ്പോൾ അടിച്ചുപിരിഞ്ഞ് രണ്ടായി തീർന്നിരിക്കുന്നു. പിഎംകെയുടെ സ്ഥാപക നേതാവായ ഡോക്ടർ രാമദാസിന്റെ പാർട്ടിയാകട്ടെ ഇപ്പോൾ ശുഷ്കമായ ശശികലയുടെ പുതിയ പാർട്ടിയിൽ അഭയം പ്രാപിച്ചിരിക്കുകയാണ്. ശശികലയുടെ ബന്ധുവായ ദിനകരന്റെ ടിവികെയും വാസന്റെ ടിഎംസിയും എഐഎഡിഎംകെ സഖ്യത്തിലാണ്.  53 വർഷത്തിനുള്ളിൽ ഏറ്റവും വലിയ പരീക്ഷണമാണ് എഐഎഡിഎംകെ നേരിടാൻ പോകുന്നത്

ദ്രവീഡിയൻ ചിന്താഗതിയും ഹിന്ദുത്വഅജണ്ടയും തമ്മിലുള്ള ഏറ്റുമുട്ടലിൽ ബിജെപിക്ക് പിടിച്ചുനിൽക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. തങ്ങളെ നിലംപരിശാക്കാൻ ഹിന്ദുത്വഅജന്ഡകൾക്ക് കഴിയില്ലെന്ന് ഡിഎംകെക്ക് അറിയാം. അതുന്നെയാണ് ഈ തെരഞ്ഞെടുപ്പിൽ പാർട്ടിയുടെ തുറുപ്പുചീട്ടും. ഡിഎംകെ മന്ത്രിമാർക്കെതിരെയുള്ള അഴിമതി ആരോപണങ്ങളെ പരമാവധി മുതലെടുക്കുകയാണ് ബിജെപിയുടെ ഉന്നം.  അതിനായി സിബിഐ, ഇഡി തുടങ്ങിയ കേന്ദ്രസ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു എന്നാൽ ഇതൊന്നും സ്റ്റാലിനെ ഒരുതരത്തിലും വ്യാകുലപ്പെടുത്തുന്നില്ല. സാംസ്കാരികസ്വത്വത്തിന്റെ കാര്യത്തിൽ തമിഴകം മുന്നിലാണ്. അതുതന്നെയാണ് ഡിഎംകെയുടെ വിജയസാധ്യതയും.

എഐഎഡിഎംകെ സഖ്യം

**സ്വന്തം ബലഹീനത മനസ്സിലാക്കാത്ത കക്ഷിയാണ് ജയലളിതക്കു ശേഷമുള്ള എഐഎഡിഎംകെ. ജാതിരാഷ്ട്രീയത്തിന്റെ കൊടിതോരണങ്ങളിൽ മുങ്ങിപ്പോയ ഈ കക്ഷിയെ നിയന്ത്രിക്കുന്നത് എടപ്പാടി കെ പളനി സ്വാമിയാണ്. മൂന്നുതവണ മുഖ്യമന്ത്രിയായ ഒ പനീർശെൽവത്തെ പാർട്ടിയിൽനിന്ന് നിഷ്ക്കരുണം പുറത്തുചാടിച്ചതോടെ എടപ്പാടിയുടെ കുതന്ത്രങ്ങൾ ജനമറിഞ്ഞു.**

വോട്ടർമാർക്ക് വാരിക്കോരിയാണ് വാഗ്ദാനങ്ങൾ നൽകുന്നത്. ഒരു കിലോ പരിപ്പ്, ഒരു ലിറ്റർ പാചകഎണ്ണ, ഇപ്പോൾ കൊടുക്കുന്ന 20 കിലോ അരിയോടൊപ്പം സൗജന്യമായി ഫ്രിഡ്ജും നൽകും. ഒരു കുടുംബത്തിന് മൂന്ന് എൽപിജി സിലിണ്ടറുകൾ സൗജന്യമായി നൽകുമെന്നും പ്രകടനപത്രിയിൽ പറയുന്നു. വൈദ്യുതിയുടെ ഇന്നത്തെ ചാർജ് പുതുക്കും. ഏതാണ്ട് 297 തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളാണ് അധികാരത്തിൽ വന്നാൽ നടപ്പിലാക്കുക.

എന്തായാലും ചില സർവ്വേഫലങ്ങൾ മാധ്യമങ്ങൾ എടുത്തുപറയുന്നുണ്ട്. 234 സീറ്റിൽ 41.9 ശതമാനം വോട്ടുകൾ നേടി 180 സീറ്റുകൾ ഡി എംകെ മുന്നണി നേടും എന്നാണ് അഗ്നി ന്യൂസ് സർവീസ് പ്രവചിച്ചിരിക്കുന്നത് 38.5 ശതമാനം വോട്ട് നേടി 54 സീറ്റുകൾ എഐഎഡിഎംകെ സഖ്യം രണ്ടാം സ്ഥാനത്തെത്തും. വിജയ്ൻറെ ടിവി കെ 9.7 ശതമാനം വോട്ടു നേട്ടുമ്പോൾ സീമാൻെ നാം തമിഴർ കക്ഷി 4.8 ശതമാനം വോട്ടുകൾ കരസ്ഥമാക്കുമെന്നും സർവേ പറയുന്നു.

തെരഞ്ഞെടുപ്പ് പ്രമാണിച്ച് വോട്ടർമാരെ സ്വാധീനിക്കാൻ സംസ്ഥാനത്തിലുടനീളം വൻതോതിലുള്ള പണവും മറ്റുമാണ് ഒഴുകിയെത്തുന്നത്. മാർച്ച് 24ന് 179 കോടി രൂപയുടെ പണവും സാധനങ്ങളുമാണ് ഫ്ലൈയിങ് സ്ക്വാഡ് പിടിച്ചെടുത്തത്. അതിൽ 34.65 കോടി രൂപയും 6.76 കോടിയുടെ മയക്കുമരുന്നുകളും 112 . 37 കോടിയുടെ സ്വർണാഭരണങ്ങളും ഉൾപ്പെടുന്നു. 24 22 കോടിയുടെ സൗജന്യങ്ങൾ വോട്ടർമാരെ തേടി മണ്ഡലങ്ങളിൽ എത്തിക്കഴിഞ്ഞു. ദിവസവും കോടികളാണ് തമിഴകത്തിൻെറ പലയിടങ്ങളിൽ നിന്ന് സ്ക്വാഡ് പിടികൂടുന്നത്.

തമിഴക രാഷ്ട്രീയവുമായി ചേർന്ന് നിൽക്കുന്ന പുതുച്ചേരിയിൽ

**കോടിക്കണക്കിനു തുക ഡി എം കെ ക്കും ബി ജെപിക്കും ബോണ്ട് വഴി നൽകിയ സാന്റിയാഗോമാർട്ടിൻ ആണ് താരം .ലോട്ടറി രാജാവായ ഈ കോടീശ്വരന്റെ കുടുംബത്തിൽ നിന്ന് മൂന്നു പേരാണ് മൂന്നു പാർട്ടികളിൽ നിന്ന് മത്സരിക്കുന്നത് . മാർട്ടിന്റെ ഭാര്യ ലീമ റോസ് തമിഴകത്തിൽ ലാൽ ഗുഡിയിൽ എ ഐ ഡി എം കെ സ്ഥാനാർഥിയാണ് . മാർട്ടിന്റെയും ലീമയുടെയും മൂത്ത മകൻ ജോസ് ചാൾസ് പുതുച്ചേരിയിൽ സ്വന്തം കക്ഷിയായ ലക്ഷ്യ ജനനായക കക്ഷിയുടെ സ്ഥാനാർഥിയാണ് . എൻ ഡി എ നൽകിയ കാമരാജ് നഗർ, നെല്ലിത്തോപ്പു മണ്ഡലങ്ങളിൽ അദ്ദേഹം തന്നെയാണ് സ്ഥാനാർഥി**

മുപ്പതു സീറ്റുകളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിലും പണം വലിയ താരമാണ് .കേരളത്തിലും ആന്ധ്രയിലുംവ്യാപിച്ചു കിടക്കുന്ന ഈ കേന്ദ്ര ഭരണ പ്രദേശത്തിൽ മൂന്നു സീറ്റ് കേന്ദ്രത്തിനു നോമിനേറ്റു ചെയ്യാം;കഴിഞ്ഞ തവണ എൻ ആർ കോൺഗ്രസ്സിന്റെ രംഗസ്വാമിയുമായി ചേർന്ന് ബി ജെപി ക്ക് അധ്കാരത്തിൽ എത്താൻ ഇത് സഹായകമായി .ഇത്തവണ കോടിക്കണക്കിനു തുക ഡി എം കെ ക്കും ബി ജെപിക്കും ബോണ്ട് വഴി നൽകിയ സാന്റിയാഗോമാർട്ടീൻ ആണ് താരം .ലോട്ടറി രാജാവായ ഈ കോടീശ്വരന്റെ കുടുംബത്തിൽ നിന്ന് മൂന്നു പേരാണ് മൂന്നു പാർട്ടികളിൽ നിന്ന് മത്സരിക്കുന്നത് . മാർട്ടിന്റെ ഭാര്യ ലീമ റോസ് തമിഴകത്തിൽ ലാൽ ഗുഡിയിൽ എ ഐ ഡി എം കെ സ്ഥാനാർഥിയാണ് .മാർട്ടിന്റെയും ലീമയുടെയും മൂത്ത മകൻ ജോസ് ചാൾസ് പുതുച്ചേരിയിൽ സ്വന്തം കക്ഷിയായ ലക്ഷ്യ ജനനായക കക്ഷിയുടെ സ്ഥാനാർഥിയാണ് .എൻ ഡി എ നൽകിയ കാമരാജ് നഗർ, നെല്ലിത്തോപ്പു മണ്ഡലങ്ങളിൽ അദ്ദേഹം തന്നെയാണ് സ്ഥാനാർഥി .ജോസ് ചാൾസിൻറെ ആസ്തി 597 കോടിയാണ് .

സാന്തിയാഗോ മാർട്ടിന്റെ മരുമകൻ ആധവ് അർജുൻ ടി വി കെയിലാണ് .വില്ലിവാക്കത്ത് നിന്ന് അദ്ദേഹം മത്സരിക്കുന്നു .പിന്നിൽ നിന്ന് നയിക്കുന്നവർ ഇത്തവണ മുന്നിൽ നിന്ന് നയിക്കാനാണ് ശ്രമിക്കുന്നത് .

ഏപ്രിൽ 9ന് നടക്കുന്ന പുതുച്ചേരി നിയമസഭാ തിരഞ്ഞെടുപ്പിൽ സംജാതമായ ആശയ കുഴപ്പം സഖ്യകക്ഷികളെ അലട്ടുകയാണ്. കോൺഗ്രസിൻറെ നേതൃത്വത്തിലുള്ള സംഖ്യ കക്ഷിയിൽ ഡിഎംകെയും വിസികെയുമാണ് ഉള്ളത്


എന്നാൽ ഡിഎംകെക്ക് നൽകിയ ആറ് സീറ്റുകളിൽനിന്ന് കോൺഗ്രസ് നേതാക്കൾ മത്സരിക്കുന്ന 6 സീറ്റുകളിൽ നിന്ന് നാമനിർദേശ പത്രിക പിൻവലിക്കാൻ വിസമ്മതിച്ചതോടെ സഖ്യം വിഷമസന്ധിയിലുമായി. സീറ്റ് ഷെയറിംഗ് എഗ്രിമെൻറ് അനുസരിച്ച് കോൺഗ്രസ് 16 സീറ്റിലും ഡിഎംകെ 14 സീറ്റിലും മത്സരിക്കും എന്നായിരുന്നു. ഡിഎംകെ ഒരു സീറ്റ് വിസികെക്ക് നൽകിയിരുന്നു. മതേതര മുന്നേറ്റ സഖ്യം ഇപ്പോൾ ആകെ പ്രതിസന്ധിയിലുമായി.

എന്നാൽ മുഖ്യമന്ത്രി എൻ രംഗസ്വാമിയുടെ ആൾ ഇന്ത്യ എൻ ആർ കോൺഗ്രസും ബിജെപിയും അടങ്ങുന്ന സഖ്യം അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും പര്യായമായി മാറിയിരിക്കുന്നു. സർക്കാർ വിരുദ്ധ നിലപാടുകൾ ആ കക്ഷിയെ ജനങ്ങളിൽ നിന്ന് അകറ്റിയിരിക്കുന്നു. ഇന്ത്യ ബ്ലോക്ക് ആകട്ടെ പാർട്ടികളുടെ തർക്കം കാരണം എങ്ങുമെത്താത്ത അവസ്ഥയിലുമാണ്.


'Making Memorials all over the USA, Canada and India'
MUKKUT
MONUMENTS INC.
Tel: 1-972-342-0041
www.mukkutmonuments.com
eMail: mukkutmonuments@gmail.com

● ചെറുകഥ





ബാബു ഇരുമല

വര:
പി ആർ രാജൻ

# കറിയ മാർ

സഭ പണിയപ്പെട്ടത് സ്നേഹത്താലാണ്. സഭയിൽ സമാധാനം ഇല്ലാതായിട്ട് അഞ്ച് പതിറ്റാണ്ട് പിന്നിട്ടിരിക്കുന്നു

വളരുന്തോറും പിളരുകയും, പിളരുന്തോറും വളരുകയും ചെയ്യുകയാണ് സഭയെന്ന് ഉറച്ചു വിശ്വസിക്കുന്ന വിഭാഗങ്ങൾ. വിശ്വാസത്തെ മുറുകെപ്പിടിച്ച്, ജീവൻ വെടിഞ്ഞും സാരമായ പരിക്കേറ്റും പോരടിക്കുന്ന മനസോടെ ജീവിച്ച, ജീവിക്കുന്ന തലമുറകളുടെ കഥയാണിത്. ആറടി ഉയരവും, ഒത്തശരീരവുമുള്ള 70കാരനായ കറിയ കഴിഞ്ഞ അഞ്ച് പതിറ്റാണ്ട് ജീവിച്ചത് വിശ്വാസം മുറുകെ പിടിച്ചും നേതൃത്വം പറയുന്നത് അച്ചട്ടം അനുസരിച്ചും ആയിരുന്നു. ഈ കഥ ഒരു കറിയയുടെ മാത്രം സമാധാനത്തിനായുള്ള ആത്മപരിശോധനയിൽ ഒതുങ്ങുന്നതല്ല.

## ഒന്ന് – ചോരക്കളം


കഴിഞ്ഞ നാലു വർഷത്തിനു മേലെയായി എന്റെ ഇടവക ആയ ചോരക്കളം പള്ളിയിൽ ഞാൻ പോകാറില്ലായിരുന്നു. സഭയിലെ എതിർവിഭാഗത്തിന് കോടതി വിധി പ്രകാരം വിട്ടുകൊടുക്കേണ്ടി വന്ന 90ഓളം പള്ളികളിൽ ഒന്നായിരുന്നു ചോരക്കളം.

'എന്നാ, ഇന്നത്തേക്ക് നമക്ക് അവസാനിപ്പിച്ചാലോ കറിയച്ചേട്ടാ? സന്ധ്യാപ്രാർത്ഥനക്ക് ഒരുങ്ങാനുണ്ട്.' മർക്കോസ് അച്ചൻ എഴുന്നേറ്റു. 'അച്ചാ, നാളെയെങ്ങാനും സമയം കിട്ടുമോ, എനിക്കിതൊന്നു പറഞ്ഞു തീർക്കണ്ടെ?'

**കഴിഞ്ഞ ഒന്നര മണിക്കൂറായി ചോരക്കളം പള്ളിയുടെ മേടയിലിരുന്ന് അച്ചനുമായി നടത്തിയ സംസാരം മനസിന് സന്തോഷം തരുന്നതായിരുന്നു. ഒരു മാസം മുൻപാണ് അപ്രതീക്ഷിതമായി അമ്മയുടെ മരണം കടന്നു വന്നത്. ചടങ്ങുകൾ കഴിഞ്ഞ് വീട്ടിലെത്തി സന്ധ്യാനമസ്ക്കാരവും കഴിഞ്ഞ് അടുത്ത ബന്ധുക്കളും, അയൽക്കാരും പിരിഞ്ഞതോടെയാണ് 'ഒറ്റക്കായി' എന്ന ചിന്ത ആദ്യമായി എന്നെ ഗ്രസിച്ചത്.**

ഞാൻ മറുപടി പ്രതീക്ഷിച്ചിരിക്കെ അച്ചൻ പറഞ്ഞു. 'ചേട്ടാ, തിങ്കളാഴ്ച്ച രാവിലെ കുർബ്ബാന കഴിഞ്ഞേ ഞാൻ പോകു. അപ്പ, നാളെ നാലു മണിക്ക് നമുക്കിരിക്കാം. തിരക്കുണ്ടാവില്ലാന്ന് കരുതണു. ഞാനും കമ്മറ്റിക്കാരും തിങ്കളാഴ്ച്ച തിരുമേനിയെ കാണാൻ അരമനേല് പോകുന്നുണ്ട്. കറിയച്ചേട്ടന്റെ വിഷയോം അവതരിപ്പിച്ച് വാക്കാലൊരു അനുവാദം വാങ്ങാം.'

അച്ചൻ ടോയ്‌ലറ്റിലേക്ക് നീങ്ങവെ, ഞാൻ വികാരിയുടെ മുറി വിട്ട്



വരാന്തയിലേക്ക് ഇറങ്ങി. ഓഫീസ് മുറി ഓടാമ്പലിട്ട് അടച്ചിരിക്കുന്നു. ട്രസ്റ്റി ജോസഫ് ചേട്ടനും, ശിപായി മത്തായിച്ചേട്ടനും ഇവിടെ എവിടെയോ ഉണ്ടാകണം.

അച്ചൻ ഉള്ളതുകൊണ്ടും, സന്ധ്യാപ്രാർത്ഥനയുടെ സമയമാകാറായി എന്നതുകൊണ്ടും അവർ

പള്ളിവിട്ട് പോയിട്ടില്ലെന്ന് ഉറപ്പാണ്. കാണാത്ത സ്ഥിതിക്ക് അച്ചനുമായി സംസാരിച്ച കാര്യങ്ങൾ ജോസഫ് ചേട്ടനെ രാത്രി വിളിച്ചു പറയാമെന്ന് കരുതി ഞാൻ ഓട്ടോ എടുത്ത് പള്ളിയുടെ ഗേറ്റും കടന്ന് ഓടിച്ചു പോന്നു.

കഴിഞ്ഞ ഒന്നര മണിക്കൂറായി ചോരക്കളം പള്ളിയുടെ മേടയിലിരുന്ന് അച്ചനുമായി നടത്തിയ സംസാരം മനസിന് സന്തോഷം തരുന്നതായിരുന്നു. ഒരു മാസം മുൻപാണ് അപ്രതീക്ഷിതമായി അമ്മയുടെ മരണം കടന്നു വന്നത്. ചടങ്ങുകൾ കഴിഞ്ഞ് വീട്ടിലെത്തി സന്ധ്യാന മസ്ക്കാരവും കഴിഞ്ഞ് അടുത്ത ബന്ധുക്കളും, അയൽക്കാരും പിരിഞ്ഞതോടെയാണ് 'ഒറ്റക്കായി' എന്ന ചിന്ത ആദ്യമായി എന്നെ ഗ്രസിച്ചത്.

ഭാര്യയേയും മക്കളേയും അളിയൻ വന്ന് കൂട്ടിക്കൊണ്ടു പോയിട്ട് വർഷം അഞ്ച് കഴിഞ്ഞിരിക്കുന്നു. അവരെ കാണുവാനോ, മിണ്ടുവാനോ ഒരിക്കലും ആഗ്രഹം തോന്നിയിട്ടില്ല. എപ്പോൾ വന്നാലും, എപ്പോൾ പോയാലും വീട്ടിൽ അമ്മയുണ്ടല്ലോ, അമ്മ ഒരുക്കി വക്കുന്ന ഭക്ഷണമുണ്ടല്ലോ എന്ന ഉറപ്പ് ആയിരുന്നു എന്റെ കരുത്ത്.

അമ്മക്ക് പനി വന്നപ്പോൾ മരുന്നു വാങ്ങിച്ചു. ' അമ്മ മരുന്നു കഴിക്കുന്നില്ലേ' എന്നു പോലും അന്വേഷിച്ചില്ല. രാത്രി വന്നപ്പോൾ വാതിലിന്റെ പൂട്ട് തുറന്ന്, മുറിയിലെത്തും മുൻപ് വിളിച്ചിട്ടും വിളി കേൾക്കാത്തതിനാൽ കട്ടിലിലേക്ക് എത്തിനോക്കിയതാണ്. എല്ലാം കഴിഞ്ഞിരുന്നു. അമ്മയുടെ പെട്ടെന്നുള്ള മരണത്തോടെ കൈമോശം പോയത് ആത്മവിശ്വാസമാണ്.

പള്ളിയിൽ മിനിയും മക്കളും വന്നിട്ടുണ്ടായിരുന്നു. ചെന്ന് മിണ്ടിയില്ല, അവരൊട്ടു സംസാരിക്കുവാൻ വന്നതുമില്ല. പകലുകളിൽ കൂട്ടായി എന്റെ ഓട്ടോ 'സിയോൻ സഞ്ചാരി' ഒപ്പമുണ്ടായിരുന്നു. ഒന്നു പറഞ്ഞ് രണ്ടു പറഞ്ഞ് അമ്മയുമായി കലഹിച്ചിരുന്ന രാത്രികളായിരുന്നു കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ഏറെയും. ആ കലഹങ്ങൾക്ക് ഒരു സുഖമുണ്ടായിരുന്നു. കഴിഞ്ഞ ഒരു മാസമായി മിണ്ടിപ്പറയുവാൻ ആരുമില്ലെന്നായി, അതോടെ എത്ര സമയം കണ്ണു തുറന്നു കിടന്നിട്ടും നേരം പുലരാത്ത അവസ്ഥയായി.

**അച്ചൻ എന്നെക്കുറിച്ച് എത്ര മാത്രം കേട്ടിട്ടുണ്ട് എന്നെനിക്ക് അറിയില്ല. അച്ചന്റെ എതിർ വിഭാഗത്തിന്റെ മുന്നണി പോരാളിയായി ഞാൻ പരിണമിച്ചതിന്റെ ചരിത്രം എനിക്ക് അച്ചനോട് പറയണം. കേവലം പറച്ചിൽ മാത്രമായി അത് ഒതുങ്ങുന്നല്ലെന്നും, ഒരു കുമ്പസാരം പോലെ ഈ സംസാരത്തെ എടുക്കണമെന്നുമാണ് ഞാൻ അച്ചനോട് ആദ്യമേ പറഞ്ഞത്. അങ്ങനെ ഒരു നോവലിനോളം ദീർഘമായ എന്റെ പോരാളി വേഷത്തെക്കുറിച്ച്, അച്ചന് അറിയാവുന്ന ഒട്ടേറെ സംഭവങ്ങളും, വിഷയങ്ങളും കൂട്ടി ചേർത്താണ് ഞാൻ അച്ചനോട് പറഞ്ഞു തുടങ്ങിയത്.**

അമ്മയുടെ കല്ലറയിൽ അനിത ചൊല്ലിക്കുവാൻ നേരം അച്ചൻ വരണമെങ്കിൽ ഔദ്യോഗിക പക്ഷത്തെ പള്ളിയിൽ ഇടവകക്കാരനാകണം. ഇല്ലെങ്കിൽ വിമതരുടെ പള്ളിയിൽ കുർബാന ചൊല്ലി സെമിത്തേരിയിൽ അച്ചനില്ലാതെ ചെന്ന് നമുക്കു തന്നെ പ്രാർത്ഥന ചൊല്ലി തിരിച്ചു പോരാം. കലഹിച്ച് എല്ലാം ബന്ധങ്ങളും ഉപേക്ഷിച്ച് പോന്നവരുടെ സമീപത്തേക്ക് വീണ്ടും ചെല്ലുക എന്നത് ഒരു വിധത്തിൽ പറഞ്ഞാൽ നാണക്കേടാണ്. അതുകൊണ്ട് കുറെ ദിവസങ്ങളായി കടുത്ത ആലോചനയിൽ ആയിരുന്നു.

കക്ഷിമാറ്റം ആരോടും ആരായാതെ സ്വയം എടുത്ത കടുത്ത തീരുമാനം ആയിരുന്നു. വിമത വിഭാഗത്തിലെ അറിയപ്പെടുന്ന പോരാട്ടക്കാരൻ ആയിരുന്നതിനാൽ അതിനെ പ്രതി എന്തൊക്കെ സംഭവവികാസങ്ങൾ ഉണ്ടായാലും നേരിടാനുള്ള പ്രാപ്തി കൈവരിക്കുവാൻ ദിവസങ്ങൾ എടുത്തു. അഞ്ചു പതിറ്റാണ്ടായി കൂടെ നിന്നവർ എന്തു സമീപനമാകും എന്നോട് സ്വീകരിക്കുക എന്നതിനെകുറിച്ച് ആലോചിച്ച് തല പെരുപ്പിക്കേണ്ടെന്നും തീരുമാനിച്ചു.

കക്ഷി മാറാനുള്ള തീരുമാനം 10 ദിവസത്തിനുള്ളിൽ എടുക്കണം. അതു കൊണ്ടാണ് അമ്മയുടെ 30 നടത്തിയ ഇന്നേ ദിവസം വൈകിട്ട് നാലു മണിക്ക് പള്ളിമേടയിൽ വച്ച് വികാരിയുമായി കൂടിക്കാഴ്ച്ച നടത്തുവാൻ അച്ചനോട് സമയം ചോദിച്ചത്. അവസരം ഒരുക്കി തന്നത് ട്രസ്റ്റി ജോസഫ് ചേട്ടനായിരുന്നു.

ദൂരെ പെരിയങ്ങാടിയിൽ നിന്നും വരുന്നതിനാൽ ഞായറാഴ്ച്ച രാവിലത്തെ കുർബ്ബാനക്കു വേണ്ടി ശനിയാഴ്ച്ച വൈകിട്ട് നാലു മണിയോടെ അച്ചൻ പള്ളിയിൽ വരുമെന്നും, സന്ധ്യാപ്രാർത്ഥനക്കു മുൻപ് എല്ലാം സംസാരിക്കുവാൻ അവസരം ഒരുക്കിയിട്ടുണ്ടെന്നും ജോസഫ് ചേട്ടൻ ഉച്ചക്ക് തന്നെ എന്നെ വിളിച്ചറിയിച്ചിരുന്നു.

നാലു മണിക്ക് വികാരിയുടെ മുറിയിലേക്ക് ചെന്നതേ അച്ചന് ആളെ മനസിലായി. 'കറിയ ചേട്ടൻ ഇരിക്ക്. സമയത്ത് തന്നെ എത്തിയല്ലോ.' മർക്കോസ് അച്ചനെ ആദ്യമായി കാണുകയായിരുന്നു. 50 വയസു തോന്നിച്ച ചെറുപ്പക്കാരനായ അച്ചൻ. അച്ചൻ ബെല്ലടിച്ചപ്പോൾ മത്തായി ചേട്ടൻ വന്നു. എനിക്കു പറഞ്ഞ ചായ മിനിറ്റുകൾക്കകം മേൾപ്പുറത്ത് എത്തി. ചായ കുടിച്ചു കഴിഞ്ഞപ്പോൾ അച്ചൻ പറഞ്ഞു, ' ചേട്ടാ, സംസാരിച്ചോളു'. അങ്ങനെ ഞാൻ പറഞ്ഞു തുടങ്ങി.

അച്ചൻ എന്നെക്കുറിച്ച് എത്രമാത്രം കേട്ടിട്ടുണ്ട് എന്നെനിക്ക് അറി

യില്ല. അച്ചന്റെ എതിർ വിഭാഗത്തിന്റെ മുന്നണി പോരാളിയായി ഞാൻ പരിണമിച്ചതിന്റെ ചരിത്രം എനിക്ക് അച്ചനോട് പറയണം. കേവലം പറച്ചിൽ മാത്രമായി അത് ഒതുങ്ങുന്നല്ലെന്നും, ഒരു കുമ്പസാരം പോലെ ഈ സംസാരത്തെ എടുക്കണമെന്നുമാണ് ഞാൻ അച്ചനോട് ആദ്യമേ പറഞ്ഞത്.

അങ്ങനെ ഒരു നോവലിനോളം ദീർഘമായ എന്റെ പോരാളി വേഷത്തെക്കുറിച്ച്, അച്ചന് അറിയാവുന്ന ഒട്ടേറെ സംഭവങ്ങളും, വിഷയങ്ങളും കൂട്ടി ചേർത്താണ് ഞാൻ അച്ചനോട് പറഞ്ഞു തുടങ്ങിയത്.

സഭയിൽ സമാധാനം പുലർന്നത് ഏകദേശം ഒന്നര പതിറ്റാണ്ടു മാത്രമായിരുന്നല്ലോ. തുപ്പുംപടിയിൽ 1973ൽ നടത്തിയ മഹാസമ്മേളനത്തോടെ സഭ വീണ്ടും രണ്ടു ചേരികളായി തിരിഞ്ഞു.

കോളേജ് പ്രൊഫസറായിരുന്ന എന്റെ അയൽപക്കക്കാരൻ ഐസക്ക് സാറാണ് എന്നെ സഭയുടെ പിളർപ്പിലേക്ക് തുടക്കമിട്ട തുപ്പുംപടി സമ്മേളനത്തിന് സാറിന്റെ ലാമ്പ്രട്ട സ്കൂട്ടറിൽ കൊണ്ടുപോയത്. സമീപത്തെ പള്ളികളിൽ നിന്നുൾപ്പെടെ ലൈൻബസുകൾ വിളിച്ചാണ് ആളുകൾ പോയതെന്നോർക്കുന്നു.

'വിദേശത്തേക്കു പോയ ഒരു പുരോഹിതൻ മേൽപ്പട്ട സ്ഥാനം സ്വീകരിച്ച് തിരികെ നാട്ടിൽ എത്തിയതിന്റെ സ്വീകരണമായിരുന്നു. നൂറു കണക്കിന് പേർ പങ്കെടുത്ത പ്രകടനത്തിനു ശേഷം നടന്ന യോഗത്തിന് സമ്മേളന നഗരി വിശ്വാസികളാൽ നിറഞ്ഞു കവിഞ്ഞു. 22 വയസുള്ള ഞാൻ ബാഡ്ജു ധരിച്ച് വോളണ്ടിയറായി പ്രവർത്തിച്ചത് ഓർക്കുന്നു. അലുമിനിയം കെറ്റിലും, സ്റ്റീൽ ഗ്ലാസുമായി വിശ്വാസികൾക്ക് ഇടയിലൂടെ നടന്ന് ആവശ്യക്കാർക്ക് കുടിവെള്ളവും, പൊതിക്കടലയും സൗജന്യമായി എത്തിച്ചു കൊടുക്കുന്നവരിൽ ഒരാളായിരുന്നു ഞാൻ.

നാളുകൾ കഴിയുന്തോറും സഭയിലെ സംഘർഷം ഭദ്രാസനത്തിലെ കൂടുതൽ പള്ളികളിലേക്കു വ്യാപിച്ചു കൊണ്ടിരുന്നു. വിമത വിഭാഗത്തിന്റെ ശക്തികേന്ദ്രം ഈ ഭദ്രാസനം ആയിരുന്നല്ലോ. ഔദ്യോഗിക വിഭാഗത്തിലെ മേൽപ്പട്ടക്കാരെയും, പട്ടക്കാരെയും, ആത്മായരെയും 'മുടക്കപ്പെട്ടവരായി' കണ്ട് ഭൂരിപക്ഷം പള്ളികളും കൈയ്യടക്കിയിരുന്ന വിമതവിഭാഗം അകറ്റി നിറുത്തി.

**പാലത്തിൽ പോലീസിനോട് ബലപ്രയോഗം നടത്തിയ ഞാനുൾപ്പെട്ട നാലഞ്ചു പേരെ അവർ ലാത്തി കൊണ്ട് അടിച്ചോടിച്ചു. പെരിയാർ കുറുകെ കടന്ന് ഓവർ ബ്രിഡ്ജിനു താഴെക്കൂടി കൂകി വരുന്ന കൽക്കരിയിൽ ഓടുന്ന ഗുഡ്സ് ട്രെയിൻ ലക്ഷ്യം വച്ച്, വരുന്നതു വരട്ടെയെന്ന പ്രാർത്ഥനയോടെ ലാത്തി വീണ്ടും ദേഹത്ത് തൊടും മുന്നേ ഞാൻ കണ്ണടച്ച് ഒരു കുതിരപ്പുറത്തു നിന്ന് ചാടിയിറങ്ങുകയാണെന്ന് സങ്കൽപ്പിച്ച് താഴെ റെയിൽ ട്രാക്കിലേക്ക് എടുത്തു ചാടി.**

പത്രങ്ങൾ സംഘർഷ വാർത്തകൾ കൊണ്ടും ചിത്രങ്ങൾ കൊണ്ടും പലപ്പോഴും നിറഞ്ഞു. വാർത്ത വരാത്ത പത്രം കത്തിച്ചു, ബഹിഷ്ക്കരിച്ചു. എറണാകുളത്തും, കോട്ടയത്തും നടത്തിയ ദിനാഘോഷങ്ങൾക്ക് ഐസക്ക് സാറ് എന്നെയും കൊണ്ടുപോയി.

അങ്ങനെയിരിക്കെ, ഔദ്യോഗിക പക്ഷത്തിന്റേതല്ല, തങ്ങളുടെ പൂർവിക തിരുമേനിമാർ സ്ഥാപിച്ചതാണെന്ന് വാദിച്ച്, സെമിനാരി പിടിച്ചെടുക്കുവാൻ പോകുന്നുവെന്നറിയിച്ച് ഒട്ടേറെ വിശ്വാസികളെ അണിനിരത്തി 1978ൽ ഞങ്ങളതിനായി നഗരഹൃദയത്തിൽ സംഗമിച്ചു.

പ്രകടനം മിനിസിവിൽ സ്റ്റേഷനും, തീയേറ്ററും കടന്ന് ഓവർ ബ്രിഡ്ജിലെത്തിയപ്പോൾ പാലത്തിനപ്പുറം പോലീസ് തടഞ്ഞു. പിരിഞ്ഞു പോകുവാൻ പറഞ്ഞുള്ള അനൗൺസ്മെന്റ് പല തവണ ആവർത്തിച്ചു. അറിയിപ്പ് കേട്ടെങ്കിലും അതാരും ഗൗനിച്ചില്ല.

പ്രകടനക്കാരുടെ ഭാഗത്തുനിന്ന് കല്ലേറുണ്ടായത് അപ്പോഴാണ്. തുടർന്ന് നടന്നത് ഭീകരമായ പോലീസ് ലാത്തിച്ചാർജായിരുന്നു.

ഉടുതുണി പോലുമില്ലാത്ത ഓട്ടത്തിനിടയിൽ റോഡിൽ വീണും പോലീസിന്റെ മർദ്ദനത്തിൽ കൈകാലുകൾക്ക് പരുക്കേറ്റും പലരും നിലത്തു വീണു. വീണു കിടന്നവരെ വളഞ്ഞിട്ട് പോലീസ് വീണ്ടും തല്ലി. പാലത്തിൽ നിന്നും താഴെ ട്രാക്കിലേക്ക് ചാടിയാൽ രക്ഷപെടുമെന്ന് ധരിച്ച രണ്ടു പേരുടെ കാലൊടിഞ്ഞുവത്രെ.

ഓവർ ബ്രിഡ്ജിന്റെ വശത്തുകൂടിയുള്ള നടവഴിയിലൂടെ റെയിൽവേ സ്റ്റേഷനിലേക്ക് ഓടി പ്ലാറ്റ്ഫോമിൽ നിന്നവരുടെ പിന്നാലെ ചെന്നു പോലും പോലീസ് ലാത്തി വീശി. ജനപ്രതിനിധികൾക്കും, തിരുമേനിക്കും, പുരോഹിതന്മാർക്കും, പത്രപ്രവർത്തകർക്കും, സംഘർഷം കണ്ടു നിന്നവർക്കും ഉൾപ്പെടെ പരിക്കേറ്റു.

പാലത്തിൽ പോലീസിനോട് ബലപ്രയോഗം നടത്തിയ ഞാനുൾപ്പെട്ട നാലഞ്ചു പേരെ അവർ ലാത്തി കൊണ്ട് അടിച്ചോടിച്ചു. പെരിയാർ കുറുകെ കടന്ന് ഓവർ ബ്രിഡ്ജിനു താഴെക്കൂടി കൂകി വരുന്ന കൽക്കരിയിൽ ഓടുന്ന ഗുഡ്സ് ട്രെയിൻ ലക്ഷ്യം വച്ച്, വരുന്നതു വരട്ടെയെന്ന പ്രാർത്ഥനയോടെ ലാത്തി വീണ്ടും ദേഹത്ത് തൊടും മുന്നേ ഞാൻ കണ്ണടച്ച് ഒരു കുതിരപ്പുറത്തു നിന്ന് ചാടിയിറങ്ങുകയാണെന്ന് സങ്കൽപ്പിച്ച് താഴെ റെയിൽ ട്രാക്കിലേക്ക് എടുത്തു ചാടി.

ഒരു വർഷം മുൻപു കണ്ട സൂപ്പർ


ഹിറ്റ് ചിത്രം ഷോലെയിൽ അമി
താബച്ചനും, ദർമേദ്രയും തകർത്താ
ടിയ ട്രെയിൻ ആക്ഷൻ സീനുകൾ
എനിക്ക് പ്രചോദനമായി. ലക്ഷ്യം
തെറ്റിയില്ല, ഞാൻ ചെന്നു വീണത്
മേൽഭാഗം തുറന്നു കിടന്ന കൽക്ക
രി നിറച്ച ഒരു വാഗണിലായിരുന്നു.

കൽക്കരി കൂമ്പാരത്തിനു മുക
ളിൽ ഞാൻ എഴുന്നേറ്റിരുന്നു. ചുട്ടു
പഴുത്ത വെയിൽ തന്നത് ചൂടുള്ള
കാറ്റായിരുന്നു. ഒരൽപ്പം വെള്ളത്തി
നായി ആഗ്രഹിച്ചെങ്കിലും അതി
നുള്ള സാദ്ധ്യതയേ ഇല്ലായിരുന്നു.
അവസാനം ഗുഡ്സിന്റെ ഓട്ടം നില
ച്ചത് കോട്ടയത്തായിരുന്നു. എങ്ങ
നെയോ ഞാൻ ആ വാഗണിൽ
നിന്നും ഇറങ്ങിപ്പറ്റി. ആരൊക്കെ
യോ താങ്ങിപ്പിടിച്ച് എന്നെ ആശുപ
ത്രിയിലാക്കി. അപ്പോഴേക്കും ഞാൻ
തീർത്തും ക്ഷീണിതനായിരുന്നു.

പ്രസ് ഫോട്ടോഗ്രാഫർ പാ
ലത്തിൽ നിന്നും പകർത്തിയ വാ
ഗണിലേക്ക് പതിക്കുന്ന എന്റെ
മൂന്ന് ആക്ഷൻ ചിത്രങ്ങൾ പിറ്റേന്ന്
പത്രത്തിൽ വന്നത് വൈറലായി.
ഐസക്ക് സാറിന് എന്നെ കണ്ടെ
ത്തുവാനും അത് സഹായകമായി.
അങ്ങനെ, അതിസാഹസികമായി
പോലീസ് നരവേട്ടയിൽ നിന്ന്
രക്ഷപെട്ട ഞാൻ 29 വയസിൽ ഹീ
റോ ആയി.

തേക്കുകാട് പള്ളിയുമായി
ബന്ധപ്പെട്ട സംഘർഷത്തിന്റെ മുൻ
നിരയിലും ഞാനുണ്ടായിരുന്നു. ടൗ
ണിൽ പ്രകടനവും സമ്മേളനവും
കഴിഞ്ഞ് പള്ളി പിടിച്ചെടുക്കുവാൻ
മുന്നോട്ടു നീങ്ങിയ ഞങ്ങളെ
പോലീസ് തടഞ്ഞു. പിരിഞ്ഞു
പോകുവാൻ പറഞ്ഞത് ഞങ്ങൾ കൂ
ട്ടാക്കിയില്ല.

ലാത്തിച്ചാർജിനു ശേഷവും
ഞങ്ങൾ ഒത്തുകൂടി. പോലീസിന്റെ
നിർദ്ദേശങ്ങൾ അവഗണിച്ച് പള്ളി
യെ ലക്ഷ്യമാക്കി ഞങ്ങൾ നീങ്ങി
യത് സംഘർഷത്തിന് ഇടയാക്കു
മെന്ന് കണ്ടായിരുന്നു വെടിവയ്പ്പ്.
ആകാശത്തേക്ക് വെടിവച്ചതോടെ



ഞങ്ങൾ ചിതറിയോടി. കുറെ പേ
ർക്ക് തല്ലു കിട്ടി. അതങ്ങനെ അവി
ടം കൊണ്ട് അവസാനിച്ചു.

ഭദ്രാസനത്തിലെ നിരവധി
പള്ളികളുമായി ബന്ധപ്പെട്ട പരാതി
കൾ പോലീസ് സ്റ്റേഷനുകളിലും,
കോടതികളിലും എത്തിത്തുടങ്ങിയ
കാലമായിരുന്നു. സമീപ ഭാവിയിൽ
എല്ലാപള്ളികളിലേക്കും പ്രശ്ന
ങ്ങൾ വ്യാപിക്കുമെന്ന അവസ്ഥ.
ഒരു ശനിയാഴ്ച്ച ഐസക്ക് സാറ്
എന്നെയും കൂട്ടി തവളക്കുഴിയി
ലേക്ക് പോയി. ഞങ്ങളുടെ യാത്ര
ഭദ്രാസനത്തിന്റെ ആസ്ഥാനമായ
സെമിനാരിയിലേക്കായിരുന്നു.

ഗസ്റ്റ് റൂമിനോട് ചേർന്നുള്ള മുറി
തുറന്ന് അവിടെ വിശ്രമിച്ചു കൊള്ളു
വാൻ പറഞ്ഞിട്ടാണ് സാറ് ബിഷ
പ്പിനെ കണ്ടിട്ടു വരാമെന്ന് പറഞ്ഞു
പോയത്. ആ മുറിയിൽ എന്നെപ്പോ
ലെ ചെറുപ്പക്കാരായ മറ്റു മൂന്നു പേ
ർ കൂടിയുണ്ടായിരുന്നു. കറിയ,
സ്കറിയ, സഖറിയ എന്നിങ്ങനെ
ആയിരുന്നു അവരുടെ പേരുകൾ.
നാലുപേരും ഒരേ പേരുകാരാണെ
ന്ന് അറിഞ്ഞതോടെ മിനിറ്റുകൾക്കു
ള്ളിൽ ഞങ്ങൾ ആത്മാർത്ഥ സുഹൃ
ത്തുക്കളായി മാറി. ഒറ്റ മനസോടെ

സഭക്കു വേണ്ടി പിൽക്കാലത്ത് പ്രവർത്തിച്ചവരുടെ ആദ്യ കണ്ടുമുട്ടലായിരുന്നു അത്.

തിരിച്ചു വന്നപ്പോൾ സാറിനൊപ്പം ഒരാൾ കൂടി ഉണ്ടായിരുന്നു. ചില്ലഞ്ചേരി കോളേജിലെ ജയിംസ് സാറിനെ, ഐസക്ക് സാറ് എനിക്ക് പരിചയപ്പെടുത്തി തന്നു. ജയിംസ് സാറ് പറഞ്ഞു. ' ഐസക്ക് സാറ് സുപ്രധാനമായൊരു കാര്യം നിങ്ങളോടു പറയും. സഭക്കു വേണ്ടി നിങ്ങളത് കൃത്യതയോടെ, സമയബന്ധിതമായി നടപ്പാക്കണം'. തുടർന്ന് സംസാരിച്ച ഐസക്ക് സാറ് പറഞ്ഞത് ഇങ്ങനെയായിരുന്നു.

'നിങ്ങൾ എല്ലാവരും ഒരേ പേരുകാരാണ്. സഭ നിരവധിയായ പ്രശ്നങ്ങളിലൂടെ കടന്നു പോകുന്ന ഈ അവസരത്തിൽ നമ്മുടെ കൈവശത്തിലും ഭരണത്തിലും ഇരിക്കുന്ന പള്ളികളിലെ ചരിത്രപരമായ പല രേഖകളും നമുക്കു തന്നെ തിരിച്ചടിയായേക്കാം. ആധാരങ്ങൾ, കൽപ്പനകൾ, താളിയോലകൾ തുടങ്ങി എല്ലാം അഗ്നിക്ക് ഇരയാക്കേണ്ടതുണ്ട്.'

'എന്ന് ഏത് പള്ളിയിലെ രേഖകൾ സൂക്ഷിക്കുന്ന മുറിക്ക് തീ ഇടണമെന്ന നിർദ്ദേശവും സൗകര്യങ്ങളും നിങ്ങൾക്ക് ചെയ്തു തരും. സഭക്കു വേണ്ടി ആ കൃത്യം നിർവഹിക്കേണ്ടവർ നിങ്ങളാണ്. പ്രത്യക്ഷത്തിൽ ഉണ്ടാകില്ലെങ്കിലും പള്ളിക്കാർ രഹസ്യമായി നിങ്ങൾക്ക് ധാരണയും സഹായവും തരും'.

ഇടവേളകളും, മാസങ്ങളും എടുത്ത് ഒരോപള്ളിയിലെയും ട്രസ്റ്റിമാരുടെ രഹസ്യ പിന്തുണയോടെ ഞങ്ങളത് ഇരുളിന്റെ മറവിൽ നടപ്പാക്കി. കൃത്യനിർവഹണ സമയത്തിനു വളരെ മുൻപേ ഞങ്ങൾ നാലു പേരും സഭവക ആശുപത്രിയിൽ അഡ്മിറ്റ് ആകുമായിരുന്നു. ജോലി തീർത്ത ശേഷം രണ്ടു ദിവസം കൂടി ഞങ്ങൾ 'രോഗികളായി' ആശുപത്രിയിൽ കഴിഞ്ഞു പോന്നു.

അച്ചാ, സഭയോടും സമൂഹത്തോടും ക്ഷമ ചോദിക്കുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള എത്രയോ സാംസ്കാരിക രേഖകൾ  അക്കാലത്ത് ഞങ്ങൾ അഗ്നിക്ക് ഇരയാക്കി. പോലീസിൽ പള്ളി ഭാരവാഹികളുടെ ഒരു പരാതി. പത്രവാർത്ത, ചിലപ്പോഴൊരു ഫോട്ടോ. എങ്ങും എത്താത്ത അന്വേഷണം. കേസ ങ്ങനെ അവസാനിക്കും.

**ഗസ്റ്റ് റൂമിനോട് ചേർന്നുള്ള മുറി തുറന്ന് അവിടെ വിശ്രമിച്ചു കൊള്ളുവാൻ പറഞ്ഞിട്ടാണ് സാറ് ബിഷപ്പിനെ കണ്ടിട്ടു വരാമെന്ന് പറഞ്ഞു പോയത്. ആ മുറിയിൽ എന്നെപ്പോലെ ചെറുപ്പക്കാരായ മറ്റു മൂന്നു പേർ കൂടിയുണ്ടായിരുന്നു.  കറിയ, സ്കറിയ, സഖറിയ എന്നിങ്ങനെ ആയിരുന്നു അവരുടെ പേരുകൾ.  നാലുപേരും ഒരേ പേരുകാരാണെന്ന് അറിഞ്ഞതോടെ മിനിറ്റുകൾക്കുള്ളിൽ ഞങ്ങൾ ആത്മാർത്ഥ സുഹൃത്തുക്കളായി മാറി. ഒറ്റ മനസോടെ സഭക്കു വേണ്ടി പിൽക്കാലത്ത് പ്രവർത്തിച്ചവരുടെ ആദ്യ കണ്ടുമുട്ടലായിരുന്നു അത്.**

ഐസക്ക് സാറും, തോമസ് സാറും ഞങ്ങളെ നാലു പേരെയും സെമിനാരിയിലേക്ക് വിളിപ്പിച്ചു. ബിഷപ്പിനെ ഞങ്ങൾ കണ്ടു. നിങ്ങൾ സഭയെ സ്നേഹിക്കുന്ന യഥാർത്ഥ വിശ്വാസികളാണെന്നും, ശരിയായ സമയത്ത് സഭ നിങ്ങളെ ആദരിക്കുമെന്നും തിരുമേനി ഞങ്ങളോട് പറഞ്ഞു.  നെറ്റിയിൽ സ്ലീബ വച്ച് അനുഗ്യഹിക്കുകയും, മേശപ്പുറത്തെ ടിന്നു തുറന്ന് ഒരോ മിഠായി വീതം ഞങ്ങൾക്ക് തരികയും ഞങ്ങൾ സന്തോഷത്താൽ കുരിശു വരയ്ക്കുകയും ചെയ്തു.

## രണ്ട് - തവളക്കുഴി

'തവളക്കുഴിയിൽ കറിയമാരെ തടഞ്ഞിട്ട് നടക്കാൻ പാടില്ല,' എന്ന പറച്ചിൽ പണ്ടു മുതൽക്കേ ഉള്ളതാണ്. സഭയിലെ ആൺകുട്ടികളെ ധാരാളമായി മാമോദിസ മുക്കി വന്നത് തവളക്കുഴി പള്ളിയിൽ ആയതിനാൽ കറിയമാരുടെ പേരുകൾ സർവ്വസാധാരണമായി. മിക്കവരുടെയും പേരുകൾ കറിയ എന്നായതോടെ 'ഏതു കറിയ' എന്നു വിശദീകരിക്കേണ്ട അവസ്ഥയിലുമായി.

തവളക്കുഴിയിൽ കറിയ നാമധാരികളുടെ ആദ്യ സംഗമം 1982ലാണ് നടന്നത്. ഇതിനു പിന്നിലെയും ബുദ്ധികേന്ദ്രം ഐസക്ക് സാറും, ജയിംസ് സാറും  ആയിരുന്നുവെന്നും, അവരുടെ അഭിപ്രായങ്ങളും, ഉപദേശങ്ങളും ആണ് സഭാനേതൃത്വം പ്രവർത്തിപഥത്തിൽ ആക്കുന്നതെന്നും പരസ്യമായ രഹസ്യമായി മാറി.

അങ്ങനെ ആ ദിവസം സമാഗതമായി. കറിയ, കറിയാച്ചൻ, സ്കറിയ, സഖറിയ നാമധാരികൾ തവളക്കുഴി പള്ളിയിലെ രണ്ടാം ശനിയാഴ്ച്ചത്തെ  കുർബ്ബാനയിൽ സംബന്ധിച്ച ശേഷം സമ്മേളന നഗരിയിലേക്ക് പ്രവേശിച്ചു. പള്ളി വക സ്കൂളിന്റെ ഹാളിലായിരുന്നു 600ൽ അധികം പേർ പങ്കെടുത്ത 'കറിയ സംഗമ സമ്മേളനം'.

ഉദ്ഘാടന സെഷനു ശേഷം 'കറിയമാരുടെ പ്രാധാന്യം' എന്ന വിഷയത്തിലായിരുന്നു ആദ്യ ക്ലാസ്. സന്യസ്ഥനായ സ്കറിയ തോട്ടഞ്ചേരി അച്ചന്റേതായിരുന്നു ക്ലാസ്. സ്കറിയ എന്ന് പേരുള്ളവർ ഒരു ലക്ഷത്തിന് മുകളിലുണ്ടെന്നും, ഇന്നു വന്നവർ അര ശതമാനം പോലുമില്ലെന്നും, സഭയുടെ പടക്കുതിരകളാണ് കറിയമാരെന്നും, എല്ലാ കറിയമാരും ചേരുന്നതാണ് സഭയുടെ സൈന്യം എന്നുമൊക്കെ അച്ചൻ പറഞ്ഞു വച്ചു. കറിയ നാമധാരികളായ ഞങ്ങൾ ഒരോരുത്തരുടേയും നിലയും വിലയും മനസിലാക്കുന്നതിന് ഉതകിയ ക്ലാസ് തീർന്നത് ഉച്ചക്ക് ഒന്നേകാലിനാണ്.



നിലയിൽ ഞങ്ങൾ ഒരോരുത്തരും വ്യക്തി വിവരങ്ങളും, ഫോട്ടോയും, സത്യ പ്രസ്താവനയും ഉൾക്കൊള്ളുന്ന ഒരു ഫോറം ഒപ്പിട്ടു നൽകി.

'വിശ്വാസ സംരക്ഷണം' എന്നതായിരുന്നു ഫാ.സ്കറിയ പോളെടുത്ത ക്ലാസ്. വലതു ചെവിക്ക് അടി വീഴും മുൻപേ ഇടതു ചെവി നോക്കി അങ്ങ് പൊട്ടിച്ചേക്കണം. നമ്മുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്ന പ്രവർത്തികളുമായി വരുന്ന വിമതരെ യാതൊരു ദാക്ഷിണ്യവുമില്ലാതെ, മുളകുപൊടി എറിഞ്ഞും ഒന്നാന്തരം കാപ്പി വടികൊണ്ടുമൊക്കെ നേരിടണമെന്ന് പറഞ്ഞ് അച്ചൻ ക്ലാസ് തുടർന്നതോടെ വലിയ കൈയ്യടികളാൽ ഹാളാകെ ശബ്ദമുഖരിതമായി.

അച്ചന്റെ ക്ലാസു കഴിഞ്ഞ് ഞങ്ങളെ സ്കൂൾ ഗ്രൗണ്ടിലേക്കാണ് കൊണ്ടുപോയത്. രാത്രിയിലും പകൽ പോലെ തെളിഞ്ഞു നിന്ന ഗ്രൗണ്ടിൽ കുറെ പരിശീലന മുറകൾ ഞങ്ങൾക്ക് പരിചയപ്പെടുത്തി. വടിയും കല്ലും മണലും മുളകുപൊടിയും ബെൽട്ടും കൊണ്ടുള്ള പ്രയോഗങ്ങളും അടി, ഇടി, തൊഴി, തട തുടങ്ങിയവയുടെ പരിശീലനങ്ങളിലും ഞങ്ങൾ പങ്കാളികളായി.

'മദ്യം കഴിച്ചിട്ടില്ല, വേണ്ട', എന്നു പറഞ്ഞിട്ടും നിർബന്ധത്തിനു വഴങ്ങി ഞങ്ങൾ കഴിച്ചു. സമയം നീങ്ങിയപ്പോൾ എല്ലുംകപ്പേം കഴിച്ചും, അച്ചാറു തൊട്ടു നക്കിയും കുടി തുടർന്നു. പള്ളി പിടിക്കുവാൻ രാത്രി വരുന്നവരെ കാത്ത്, ഉറങ്ങാതെ ഇരിക്കുവാനുള്ള പരിശീലന പരിപാടിയുടെ ഭാഗമായിരുന്നുവത്രെ മദ്യപാനം.

'അച്ചാ, നിങ്ങളുടെ വിഭാഗം രാത്രി പള്ളി കൈയ്യേറുവാൻ വരില്ലെന്ന് സംഘാടകർക്ക് അറിവില്ലാത്തതു കൊണ്ടല്ല. വിശ്വാസികളെ കൂടെ നിറുത്തുവാൻ ഇതൊക്കെ വേണമെന്ന കാഞ്ഞബുദ്ധിയായിരുന്നു എല്ലാറ്റിനും പിന്നിലെന്ന് ഒത്തിരി കാലം കഴിഞ്ഞാണ് എനിക്ക് മനസി

ഊണിന്റെ സമയമായിരുന്നു. ഞാനുൾപ്പെടെ ക്യാമ്പിനു വന്നവർ വിളമ്പുകാരായി. തിരക്ക് അവസാനിച്ചപ്പോൾ ഞങ്ങളും ഇരുന്നു. വിഭവസമൃദ്ധമല്ലെങ്കിലും കാളനും ക്യാബേജ് തോരനും, മാങ്ങ അച്ചാറും കൂട്ടിയുള്ള ഊണായിരുന്നു. ഇതൊന്നുമല്ലായിരുന്നു ഹൈലൈറ്റ്.

ചോറിന്റെ വലതു വശത്തേക്ക് വലിയൊരു കയിൽ നിറച്ചുമിട്ടു തന്ന ബീഫും കായയും പെരളനായി വച്ച കറി. അത് ഒരു സംഭവം ആയിരുന്നു. കള്ളപ്പം, പിടി, കോഴിക്കറി ഇവയൊക്കെയാണ് ഞങ്ങളുടെ സഭയുടെ ഔദ്യോഗിക വിഭവങ്ങളായി എനിക്ക് തോന്നിയിരുന്നത്. എന്നാൽ, ബീഫും കായേം ഒരിക്കൽ കഴിച്ചവരാരും പിന്നെ സഭ ഏൽപ്പിക്കുന്ന ദൗത്യം വിട്ടൊരു കളിക്ക് നിന്നിട്ടില്ല എന്നതാണ് വാസ്തവം.

ഉച്ചകഴിഞ്ഞ് 'കറിയമാർ സഭയിൽ വഹിക്കേണ്ടതായ പങ്ക്', 'കറിയമാരുടെ ഉത്തരവാദിത്വം' തുടങ്ങിയ വിഷയങ്ങളിലെ രണ്ടു ക്ലാസുകളായിരുന്നു. എം.എസ്. കറിയ, എൻ.സി. സഖറിയ എന്നിങ്ങനെ സഭയിലും, സമൂഹത്തിലും ശ്രദ്ധേയരായ രണ്ട് ആത്മായരായിരുന്നു ആ ക്ലാസുകൾ എടുത്തത്.

ചായയും കടിയും കഴിച്ച ശേഷം പരസ്പരം പരിചയപ്പെടുവാനുള്ള അവസരമായിരുന്നു. പള്ളിയിലെ സന്ധ്യാപ്രാർത്ഥനക്കു ശേഷം നടന്ന ക്ലാസിനു മുൻപായി സഭയുടെ മുന്നണിപ്പോരാളികൾ എന്ന

ലായത്. അങ്ങനെ വിശ്വാസത്തിന്റെ പേരു പറഞ്ഞ് കുറെപ്പേർ മദ്യപാനികളായും മാറി.'

'കറിയ സംഗമം' ചില വർഷങ്ങളിലൊക്കെ നടത്തി. ആദ്യ സംഗമം പോലെ മറ്റു സംഗമങ്ങൾ വിജയിച്ചില്ല, അല്ലെങ്കിൽ വിജയിപ്പിക്കുന്നതിൽ സഭ താൽപ്പര്യം കാണിച്ചില്ല. നേതൃത്വം ഉദ്ദേശിച്ചത് എന്താണോ അതിന് ആവശ്യമായ കറിയമാരെ ലഭിച്ചു എന്നത് തന്നെയാകണം കാരണം. ഞങ്ങൾ കുറെപ്പേർ സഭ ആവശ്യപ്പെടുന്ന സമയത്ത് ആവശ്യമായ സഹായങ്ങൾ യാതൊരു വിധ സാമ്പത്തിക പ്രതിഫലവും പറ്റാതെ നിർവഹിച്ചു പോന്നു.

അഞ്ചു വർഷം മുൻപ് കൂടുതൽ പള്ളികൾ കൈവിട്ടു പോകുമെന്ന അവസ്ഥ വന്നതോടെ 'കറിയ മഹാസംഗമം' തവളക്കുഴിയിൽ നടത്തി. ആയിരങ്ങൾ പങ്കെടുത്ത റോഡ് ഷോ ഗാന്ധി സ്‌ക്വയറിൽ നിന്നു തുടങ്ങി പള്ളിമുറ്റത്ത് അവസാനിച്ചു. അന്നത്തെ സമ്മേളനത്തിൽ ഞാനുൾപ്പെടെ 10 കറിയമാരെ ആദരിക്കുകയും ചെയ്തു. എടുത്താൽ പൊങ്ങാത്ത അത്ര വലിപ്പമുള്ള മെമന്റോ ആയിരുന്നു ഒരോരുത്തർക്കും ലഭിച്ചത്. 'ചെറുതു മതിയായിരുന്നു. കുറച്ചു പൈസയായിരുന്നു തരേണ്ടിയിരുന്നത് ', എന്നൊക്കെ ഞങ്ങളിൽ ആരൊക്കെയോ ഒച്ച കുറച്ചു പറയുന്നതു കേട്ടു.

ഏതായാലും, ഏഴുദിവസത്തെ സഭയുടെ പ്രധാന കൺവെൻഷനിൽ തൊട്ടടുത്ത വർഷം മുതൽ ഒരു ദിവസം രാവിലത്തെ സെഷനായി 'കറിയ സംഗമം' മുടക്കമില്ലാതെ നടന്നു വരുന്നു എന്നത് സന്തോഷം തരുന്ന കാര്യമാണ്. പ്രായമായതോടെ, പറ്റില്ലെന്ന് പറഞ്ഞ് കഴിഞ്ഞ നാലു വർഷമായി ഞാൻ സഭയിലെ കറിയമാരുടെ പോരാട്ടങ്ങളിൽ നിന്നും മാറി നിൽക്കുകയാണ്.

എന്റേത് ഒട്ടും സൗകര്യങ്ങളില്ലാത്ത പഴയ വീടാണ്. സഭാവിശ്വാസിയായ ഞങ്ങളുടെ ജനപ്രതിനിധിയുടെ രണ്ടു വർഷം മുൻപു നടന്ന 84ആം ജന്മദിനാഘോഷ വേളയിൽ 84 വീടുകൾ സമൂഹത്തിലെ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് നിർമ്മിച്ച നൽകുമെന്ന കൈയ്യടി നേടിയ പ്രഖ്യാപനമുണ്ടായി. അതിൽ അഞ്ച് വീടുകൾ ഞങ്ങൾ കറിയമാർക്ക് ലഭിക്കുന്നതിന് തിരുമേനി വഴി ശുപാർശ ചെയ്യാമെന്ന് ഐസക്ക് സാറും, ജയിംസ് സാറും ഏൽക്കുകയും അതിൻ പ്രകാരം വീട് തരുമെന്ന് ജനപ്രതിനിധിയുടെ ഉറപ്പു വാങ്ങുകയും ചെയ്തെങ്കിലും പിന്നീട് പദ്ധതി തന്നെ ഉപേക്ഷിച്ചു എന്നാണ് അറിയുവാൻ കഴിഞ്ഞതു്. അതറിഞ്ഞതോടെ സഭയ്ക്കു ചെയ്ത സേവനങ്ങൾ പരിഗണിച്ച് തിരുമേനിയെക്കൊണ്ട് വീടുവയ്പ്പിച്ച് തരുമെന്നായി ഐസക്ക് സാറ്. അതും നടന്നില്ല. അങ്ങനെ ഒരു പുതിയ വീടിനായുള്ള എന്റെ ശ്രമങ്ങൾ ഞാൻ പൂർണമായും ഉപേക്ഷിച്ചു.



80 കഴിഞ്ഞ ഐസക്ക് സാറിന് സഭയുടെ ആസ്ഥാനത്ത് പഴയപോലെ പിടിപാടില്ലെന്നും കേൾക്കുന്നുണ്ട്. തിരുമേനിയുടെ അഭിപ്രായം മറികടന്ന് സഭാവിശ്വാസികളുടേതായ രാഷ്ട്രീയ പാർട്ടി, സാറ് പ്രസിഡന്റായി 10 വർഷം മുൻപ് രൂപീകരിച്ചത് ഇഷ്ടപ്പെട്ടില്ലത്രെ. നിലവിലുണ്ടായിരുന്ന ചില രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാർ പാര വച്ചതാണെന്നും പറയുന്നു. ഏതായാലും ഇന്ന് അങ്ങനെയൊരു പാർട്ടി ഇല്ല.

അങ്ങനെ സഭാ ആസ്ഥാനത്തെ ഉപദേശകരിലും ഒരു തലമുറ മാറ്റം നടന്നുവെന്നാണ് രഹസ്യമായി ലഭിച്ച അറിവ്. പുതിയ ബിഷപ്പിന്റെ ഏറ്റവും അടുപ്പക്കാരൻ ആയി ഇപ്പോൾ അറിയപ്പെടുന്നത് എം. എസ്. കറിയയും, ഒരു ശെമ്മാശനും ആണത്രെ. അവർ അഭിപ്രായപ്പെടുന്നതാണ് സഭയുടെ തീരുമാനങ്ങൾ ആകുന്നതെന്നും കേൾക്കുന്നു.

പള്ളിയിൽ നിന്നും വീട്ടിൽ ചെന്ന് ഇറങ്ങിയ പാടെ ഓട്ടോറിക്ഷ കഴുകിയിട്ടു. ഭക്ഷണം ഒന്നും ഇറിക്കുന്നില്ല. കഴിച്ചില്ലെങ്കിലും കുളിച്ചിട്ട് കിടക്കാമെന്ന് കരുതി. പിന്നാമ്പുറത്തെ മുറ്റത്തിനു പുറത്ത് കിണറിനോട് ചേർന്നുള്ള പഴയ കുളിമുറിയിലാണ് കയറിയത്. വെള്ളം ശരീരത്തിലാകെ പടർന്ന് താഴേക്ക് ഒഴുകിയപ്പോൾ മിനിയുടെ ഓർമ്മകൾ മനസിലേക്ക് ഇരമ്പി വന്നു. അന്നും ഇതുപോലെ സന്ധ്യ കഴിഞ്ഞ് കൂരിരുട്ട് പരന്നിരുന്നു.

രാത്രിയായാൽ വീട്ടിനുള്ളിലെ കുളിമുറി മാത്രമേ ഉപയോഗിക്കാവൂ എന്ന് മിനിയോടും മക്കളോടും അമ്മയോടും ഒക്കെ പറഞ്ഞിട്ടുള്ളതാണ്. മിനി പുറത്തെ ബാത്ത് റൂമിൽ കുളിക്കുന്നതിനിടയിൽ റബ്ബർഷീറ്റ് അഴയിൽ നിന്നും എടുക്കുവാൻ ഞാൻ മുറ്റത്തേക്ക് നീങ്ങിയതാണ്. ബാത്ത് റൂമിന്റെ പിൻവശത്ത് ഒരു നിഴലനക്കം. ഞാൻ ആ ഭാഗത്തേക്ക് ചെന്നതോടെ തലയും മുഖവും മുഴുവൻ മൂടിക്കെട്ടി പതുങ്ങി നിന്ന ആള് ഒരൊറ്റ ഓട്ടം. ഞാൻ ഒച്ചയെടുത്ത് പിറകെ ഓടിയതോടെ എന്റെ കൂടെ ആരൊക്കെയോ കൂടി.

പിറ്റേന്ന് അവളുടെ ആങ്ങളയെ ഞാൻ വിളിച്ചതിൻ പ്രകാരം എതിർ സഭക്കാരനും അകന്ന ബന്ധുവുമായ ഒരു ശെമ്മാശനെയും കൂട്ടിയാണ് അവൻ വന്നതെന്ന് ഓർക്കുന്നു. ഞങ്ങളുടെ വീട്ടിലെ കാരണവരായ എന്റെ കൊച്ചപ്പനാണ് മിനിയെയും മക്കളെയും പറഞ്ഞു വിടണമെന്ന ഒറ്റ നിലപാടിൽ ആദ്യാവസാനം ഉറച്ചു നിന്നത്. 'മുടക്കപ്പെട്ടവരാ, ഇവളുടെ വീടുമായി ബന്ധം പിടിക്കേണ്ടെന്ന് അന്നേ ഞാൻ പറഞ്ഞതാ'.

അവസാനം കൊച്ചപ്പൻ വിജയിച്ചു, അച്ചനും, പള്ളിയും, തിരുമേനിയും, സഭയും വിജയിച്ചു. എതിർ ചേരിക്കാരിയും മക്കളും അത്യാവശ്യം വസ്ത്രങ്ങളുമെടുത്ത് ഇറങ്ങുമ്പോൾ അമ്മ 500 രൂപയുടെ ഒരോനോട്ടുകൾ കൊച്ചുമക്കളുടെ കൈകളിൽ വച്ചു കൊടുത്ത് '' അവരെ ചേർത്തു പിടിച്ച് ഉമ്മ വച്ച് കരയുന്നത് നിസംഗതയോടെ നോക്കി നിൽക്കുവാനേ എനിക്കായൊള്ളു.

**'നിങ്ങൾ എല്ലാവരും ഒരേ പേരുകാരാണ്. സഭ നിരവധിയായ പ്രശ്നങ്ങളിലൂടെ കടന്നു പോകുന്ന ഈ അവസരത്തിൽ നമ്മുടെ കൈവശത്തിലും ഭരണത്തിലും ഇരിക്കുന്ന പള്ളികളിലെ ചരിത്രപരമായ പല രേഖകളും നമുക്കു തന്നെ തിരിച്ചടിയായേക്കാം. ആധാരങ്ങൾ, കൽപ്പനകൾ, താളിയോലകൾ തുടങ്ങി എല്ലാം അഗ്നിക്ക് ഇരയാക്കേണ്ടതുണ്ട്.' 'എന്ന് ഏത് പള്ളിയിലെ രേഖകൾ സൂക്ഷിക്കുന്ന മുറിക്ക് തീ ഇടണമെന്ന നിർദ്ദേശവും സൗകര്യങ്ങളും നിങ്ങൾക്ക് ചെയ്തു തരും. സഭക്കു വേണ്ടി ആ കൃത്യം നിർവഹിക്കേണ്ടവർ നിങ്ങളാണ്. പ്രത്യക്ഷത്തിൽ ഉണ്ടാകില്ലെങ്കിലും പള്ളിക്കാർ രഹസ്യമായി നിങ്ങൾക്ക് ധാരണയും സഹായവും തരും'.**

കുറച്ചു കാലം കഴിഞ്ഞ് അമ്മയുടെ നാവിൽ നിന്നാണ് ഞാൻ അതു കേട്ടത്. കുളിമുറിയുടെ പിന്നിലെ ഒളിഞ്ഞുനോട്ടവും, അജ്ഞാതന്റെ പിടിവിട്ടുള്ള ഓട്ടവും എല്ലാം എതിർസഭക്കാരെ വിവാഹം കഴിച്ചിട്ടുള്ളവർ ഭാര്യയേയും മക്കളേയും ഉപേക്ഷിക്കണമെന്ന സഭയുടെ സന്ധിയില്ലാത്ത അജണ്ട, അത്തരമൊരു കാടത്തം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള നാടകമായിരുന്നുവത്രെ.

ഇതു പറഞ്ഞിട്ട് എന്റെ അമ്മ ഒത്തിരി കരഞ്ഞു. 'എന്തിനാ ഇവരുടെ പിന്നാലെ നടന്ന് നിന്റെ ജീവിതം തുലച്ചത്, ' എന്നു പറഞ്ഞ അമ്മ പിന്നീടൊരിക്കലും ഒരു പള്ളിയിലും പോകണമെന്ന് എന്നോട് പറഞ്ഞിട്ടേയില്ല.

ഇന്നത്തെ എന്റെ സംസാരത്തെക്കുറിച്ച് കുളി കഴിഞ്ഞു വന്ന്, കട്ടിലിൽ കിടന്ന് വിശ്രമിക്കവെ ഞാൻ വീണ്ടുമോർത്തു. പറയുന്നതു മുഴുവൻ കാതോർത്തു കേൾക്കുന്ന സമീപനമായിരുന്നു അച്ചൻ പുലർത്തിയത്. എതിർകക്ഷിയുടെ രഹസ്യങ്ങൾ കേട്ടറിയുന്നതിലെ ത്രില്ല് കൂടിയാകണം അച്ചൻ ശ്രദ്ധയോടെ കേട്ടിരുന്നതിന് കാരണമെന്നും ഞാൻ കരുതിയിരുന്നു. എന്നാൽ സത്യം വേറെ ചിലതു കൂടിയായിരുന്നു.

'കറിയ ചേട്ടാ, അന്ന് ചേട്ടന്റെ വീട്ടിൽ വന്ന ശെമ്മാശൻ ഞാനായിരുന്നു. മിനിച്ചേച്ചി എന്റെ അമ്മയുടെ അമ്മാവന്റെ മകളുടെ മകളാണ്.' അച്ചൻ തുടർന്ന് എനിക്കു തന്നത് ഒരു വാക്കായിരുന്നു. 'സഭ മാറുവാനുള്ള ചേട്ടന്റെ ഇപ്പോഴത്തെ തീരുമാനം പൂർത്തിയായാലുടൻ, പിണക്കം മാറ്റി മിനിച്ചേച്ചിയേയും മക്കളേയും ഞാൻ ചേട്ടന്റെ വീട്ടിലെത്തിക്കും'. ഞാൻ കരഞ്ഞുകൊണ്ട് അച്ചന്റെ കൈകളിൽ മുറുകെ പിടിച്ചു. കുറെ നേരം കഴിഞ്ഞാണ് എന്റെ കൈകൾ അഴഞ്ഞത്.

ഒറ്റക്ക് ജീവിക്കേണ്ടി വരുന്ന ഏതൊരാളുടെയും അവസ്ഥ അങ്ങനെ ജീവിച്ചവർക്കു മാത്രമേ അറിയൂ. ഭക്ഷണം തൊട്ട് ഉറക്കം വരെ എല്ലാം താളം തെറ്റുന്ന അവസ്ഥ. അതിന്റെ തിക്ത ഫലങ്ങൾ കഴിഞ്ഞ 30 ദിവസമായി ഞാൻ അനുഭവിച്ചു വരികയാണല്ലൊ. അതിരുകളില്ലാത്ത സന്തോഷത്തോടെ അങ്ങനെയാണ് ഒന്നാം

ദിവസത്തെ തുറന്നു പറച്ചിൽ ഞാൻ അവസാനിപ്പിച്ചത്.

**മൂന്ന് – സഭാതാരകം**

പിറ്റേന്ന് വൈകിട്ട് നാല് മണിയാകുവാൻ ഞാൻ കാത്തിരിക്കുകയായിരുന്നു. പള്ളിമേടയിൽ ചെല്ലുമ്പോൾ അച്ചൻ ഉറക്കം കഴിഞ്ഞ് ചായ കുടിക്കുകയായിരുന്നു. എനിക്കും ഒരു ഗ്ലാസ് ചായയുമായി മത്തായി ചേട്ടൻ വന്നു.

'ഇന്നലത്തെ നമ്മുടെ സംഭാഷണം എനിക്ക് സന്തോഷം തരുന്നതായിരുന്നു.' ഞാൻ പറഞ്ഞു തുടങ്ങി. 'ഇനിയെന്തൊക്കെയാ കറിയ ചേട്ടന് പറയുവാനുള്ളത്.' അച്ചൻ എന്നോട് ചോദിച്ചു, അച്ചാ, ഇന്ന് ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുമ്പോൾ അച്ചൻ പിണങ്ങില്ലല്ലോ'. ഇല്ലെന്ന് അച്ചൻ തലയാട്ടി.

ഒന്നാമത്തെ കാര്യം, തവളക്കുഴി ഉൾപ്പെടെ സഭയിലെ ഒരു പ്രശ്നങ്ങളുമായി പോലും ബന്ധപ്പെട്ട് കഴിഞ്ഞ നാലുവർഷമായി ഞാൻ എങ്ങും പോയിട്ടില്ല എന്ന് ഇന്നലെ പറഞ്ഞല്ലോ. എന്നാൽ, അതിലൊരു തിരുത്തുണ്ട്. ഇടവക പള്ളിയിലെ വിമത പ്രവർത്തനങ്ങളിൽ എനിക്ക് ഭാഗഭാക്കാകേണ്ടി വന്നിട്ടുണ്ട്. മനസുകൊണ്ട് താൽപ്പര്യപെട്ടിട്ടല്ല, നിർബന്ധിതനായതാണ്.

ഒരോ തവണ ഇപ്പോഴത്തെ വിഭാഗവും, പോലീസും എത്തുന്നതിനും വളരെ മുന്നേ തന്നെ പള്ളിയിൽ കാര്യങ്ങൾ വിശദമായി അറിഞ്ഞു വന്നു. അതു കൊണ്ട് മണിക്കൂറുകൾക്കു മുന്നേ പള്ളിയിൽ നിന്നും എനിക്ക് വിളി വരും. പിന്നെ, എന്റെ തന്ത്രങ്ങൾ അംഗീകരിച്ച് ഞങ്ങൾ പ്രതിരോധ സമരം തീർക്കും. സ്ത്രീകളെയും, കുട്ടികളേയും മുൻനിരയിൽ നിറുത്തി പ്രതിസന്ധി തീർക്കും. പള്ളിമേടയുടെ മട്ടുപ്പാവിൽ കയറിനിന്ന് താഴേക്ക് എടുത്തു ചാടുമെന്ന് സ്ത്രീകളെക്കൊണ്ട് ആത്മഹത്യാ ഭീഷണി ഉയർത്തിക്കും.

ഇത്തരം വാർത്ത അച്ചടി, ദൃശ്യ മാധ്യമങ്ങളിൽ പരക്കുന്നതോടെ പ്രതിരോധ സമരത്തിന് പിന്തുണയേറും. അങ്ങനെ മറുഭാഗം സുല്ലു പറഞ്ഞ് പിൻമാറും. അന്നു രാത്രി പള്ളി സെമിത്തേരിയിൽ നിറഞ്ഞ കുപ്പിയും, ഏഷ്യാഡും, ബീഫും, പൊറോട്ടയും തീർന്നു കൊണ്ടിരിക്കും.

> **അഞ്ചു വർഷം മുൻപ് കൂടുതൽ പള്ളികൾ കൈവിട്ടു പോകുമെന്ന അവസ്ഥ വന്നതോടെ 'കറിയ മഹാസംഗമം' തവളക്കുഴിയിൽ നടത്തി. ആയിരങ്ങൾ പങ്കെടുത്ത റോഡ് ഷോ ഗാന്ധി സ്ക്വയറിൽ നിന്നു തുടങ്ങി പള്ളിമുറ്റത്ത് അവസാനിച്ചു. അന്നത്തെ സമ്മേളനത്തിൽ ഞാനുൾപ്പെടെ 10 കറിയമാരെ ആദരിക്കുകയും ചെയ്തു. എടുത്താൽ പൊങ്ങാത്ത അത്ര വലിപ്പമുള്ള മെമന്റോ ആയിരുന്നു ഒരോരുത്തർക്കും ലഭിച്ചത്. 'ചെറുതു മതിയായിരുന്നു. കുറച്ചു പൈസയായിരുന്നു തരേണ്ടിയിരുന്നത്", എന്നൊക്കെ ഞങ്ങളിൽ ആരൊക്കെയോ ഒച്ച കുറച്ചു പറയുന്നതു കേട്ടു.**

എന്നാൽ, ഒരു ദിവസം രാവിലെ മൂന്നു മണിക്ക് ഞങ്ങൾക്ക് കിട്ടിയ സന്ദേശം ഭയപ്പെടുത്തുന്നതായിരുന്നു. ഇന്ന് ഏന്തായാലും അത് സംഭവിക്കും. ഇന്ന് പള്ളി പിടിച്ചെടുത്ത് കൈമാറിയിരിക്കും. കേവലം രണ്ടു മൂന്നു മണിക്കൂറുകൾ മാത്രമായിരുന്നു മുന്നിലുണ്ടായിരുന്നത്. വന്നവർ വളരെ വൈകാരികമായി പെരുമാറിപ്പോയി.

പള്ളിയിൽ നിന്നും എടുത്തു കൊണ്ടുപോകാവുന്നത് എല്ലാം കസേര, ഫർണിച്ചർ, കുരിശ്, വിളക്ക്, മേശ, നേർച്ചപ്പെട്ടി, എന്തിന് അൾത്താരയിലെ തിരശീല, കൈമുത്തിവന്ന ബൈബിൾ, മെഴുകുതിരി ഉൾപ്പെടെ കാര്യമറിഞ്ഞ് വന്ന വിശ്വാസികളുടെ കാറുകളിലും, ജീപ്പുകളിലും എന്തിന് ലോറി വിളിച്ചു വരെ രണ്ടു മണിക്കൂർ കൊണ്ട് ക്രമമായി കയറ്റി വിട്ടു കൊണ്ടിരുന്നു.

അങ്ങനെ എന്റെ ഓട്ടോറിക്ഷയിൽ ആരോ കയറ്റിയ രണ്ട് നൂറ്റാണ്ട് പഴക്കമുള്ള മാമ്മോദീസ കല്ല്, അത് എന്റെ വീട്ടിൽ ഇരുട്ടിൽ ഇറക്കിയവർക്ക് ഒരു കൈയബദ്ധം പറ്റിപ്പോയി. അഞ്ചാറടി താഴ്ച്ചയിൽ ഒരു കരിങ്കൽ കെട്ടിലേക്ക് വീണ് അത് നെടുകെ പിളർന്നു. ഒത്തിരി വിഷമം ഒണ്ടച്ചോ. ചെയ്തത് വലിയ തെറ്റായിപ്പോയി.

ഷീറ്റുകൾ കൊണ്ട് താൽക്കാലിക പള്ളി തീർക്കുവാൻ രണ്ടാഴ്ച്ചയേ എടുത്തൊള്ളു. പള്ളി ഔദ്യോഗിക പക്ഷത്തിന് ലഭിച്ചിട്ടും ഇവിടത്തെ ഇപ്പോഴത്തെ ഭരണക്കാർ ആരും സാധനങ്ങൾ കടത്തി കൊണ്ടു പോയതു സംബന്ധിച്ച് യാതൊരു പരാതിയും കോടതിയിലോ, പോലീസിലോ നൽകാതിരുന്നത് ഞങ്ങളെ അത്ഭുതപ്പെടുത്തി. 'അവരത് ആഗ്രഹിച്ചതല്ലെ. എടുത്തോട്ടെ', എന്നാണ് ട്രസ്റ്റി ജോസഫ് ചേട്ടൻ പറഞ്ഞതെന്ന് കേട്ടപ്പോൾ എനിക്ക് എന്തോ വല്ലായ്മ തോന്നി.

ഷീറ്റുകൾ കൊണ്ട് പള്ളി നിർമ്മിക്കുവാൻ രണ്ടാഴ്ച്ചയേ ഞങ്ങൾ എടുത്തൊള്ളു. ഇവിടെ നിന്ന് കൊണ്ടുപോയ സാധനങ്ങൾ കൂടി പല വീടുകളിൽ നിന്നായി എത്തിച്ചാണ് താഴത്തെ പള്ളി ഇന്നത്തെ വിധത്തിൽ തീർത്തത്.

ഇവിടെയും സാമ്പത്തികമായി നന്നായി ബുദ്ധിമുട്ടി എന്നറിയാം. അതാകണം ദൈവം നാല് സിനിമകളുടെ ഷൂട്ടിങ്ങ് നടത്തുന്നതിന് ഇടയാക്കിയതെന്ന് തോന്നുന്നു. ഒന്നാമത്തേത് വിജയിച്ചതോടെ ഇതൊരു ഭാഗ്യലൊക്കേഷൻ ആയി മാറുകയും പിന്നെയും സിനിമാക്കാർ എത്തുകയും ആയിരുന്നുവല്ലോ. മുറ്റം കട്ട വിരിച്ചു, പള്ളിയും



മേടയും പെയിന്റടിച്ചു, പാർക്കിങ്ങ് വിപുലീകരിച്ചു, പള്ളിക്കകത്ത് ഇരിപ്പിടങ്ങൾ ഒരുക്കി. ഇതൊക്കെ ഞങ്ങളും അറിയുന്നുണ്ടായിരുന്നു.

ഇടവകക്കാർ കുറഞ്ഞെങ്കിലും പെരുന്നാളുകൾക്ക് എല്ലാ മതവിഭാഗക്കാരെയും പങ്കെടുപ്പിച്ച് നേർച്ചസദ്യ വിളമ്പി. പള്ളിയിൽ വരുന്നവർ ഏതു വിഭാഗക്കാർ, ഏതു മതക്കാർ എന്നു നോക്കാതെ എല്ലാവരോടും നന്നായി പെരുമാറി. ഇതെല്ലാം മറു വിഭാഗം ഭരിച്ചപ്പോഴത്തെ അവസ്ഥയിൽ നിന്ന് തീർത്തും വ്യത്യസ്തമായിരുന്നു. ഒത്തിരി നന്നായി.

എന്നാൽ, ഞാനുൾപ്പെടുന്ന വിഭാഗത്തിലെ ആത്മായർക്കല്ലാതെ പുരോഹിതവർഗത്തിന് മരണാനന്തര കർമ്മങ്ങൾ ചെയ്യുന്നതിന് പള്ളിയിലേക്ക്, എന്തിന് ശവക്കോട്ടയിലേക്കും പ്രവേശനമില്ല എന്നത് വിമത വിഭാഗക്കാർക്ക് മാത്രമല്ല, മറ്റു സമുദായക്കാരുടെയും മനസിൽ ദുഃഖകരമായ നോവായി മാറിയിരിക്കുന്നു. ഞാൻ നിന്നിരുന്ന വിമതഭാഗത്ത് പണ്ട് ഇക്കാര്യത്തിൽ വലിയ തെറ്റുകൾ സംഭവിച്ചിട്ടുണ്ട്. അന്ന് പലരും അനുഭവിച്ച വേദന ഇന്നാണ് തിരിച്ചറിയുന്നത്. ഞങ്ങളൊക്കെ അപ്രകാരം ചെയ്തതിന് ഇന്ന് തിരിച്ചു കിട്ടിക്കൊണ്ടിരിക്കുന്നു.

ഒരു പഴയ കാര്യം ഞാനോർക്കുന്നു. തുപ്പുംപടി പള്ളിയിലെ ഔദ്യോഗിക വിഭാഗത്തിൽപെട്ട പ്രമുഖൻ മരിച്ചപ്പോൾ ശവസംസ്കാരത്തിന് വിലക്കപ്പെട്ട പുരോഹിതർ വരുമെന്നും പള്ളിയിൽ രാവിലെ 11ന് എത്തണമെന്നും അടിയന്തിര അറിയിപ്പ് ലഭിച്ച പ്രകാരം ഞങ്ങൾ കറിയമാർ അവിടെയെത്തി. പുറത്തു നിന്നുള്ള പുരോഹിതർ ഉൾപ്പെടെയുള്ളവർ ശവമഞ്ചവും ചുവന്ന് ശവക്കോട്ടയിലെത്തി പ്രാർത്ഥന തുടങ്ങിയപ്പോൾ ഞങ്ങൾ തടഞ്ഞു.

'മുടക്കപ്പെട്ട കറുത്ത കുപ്പായക്കാർ പുറത്തു പോകണം', എന്ന് ആവശ്യപ്പെട്ട പ്രകാരം, വന്ന മൂന്ന് അച്ചന്മാരും ചടങ്ങിൽ സംസ്ക്കാര സമയത്തെ പ്രാർത്ഥന ചൊല്ലാതെ ശവക്കോട്ട വിട്ടു പോയി. എന്നാൽ, ചെറുപ്പക്കാരനായ ഒരു ശെമ്മാശൻ ഞങ്ങളെ ചോദ്യം ചെയ്യുകയും പുറത്തു പോകാതെ അവിടെ തന്നെ തുടരുകയും ചെയ്തു.

കുഴിമൂടി ചടങ്ങ് കഴിഞ്ഞതോടെ ഒരു നിമിഷം വൈകിക്കാതെ ഞാൻ ശെമ്മാശനെ പിടികൂടി. ശെമ്മാശന് ആദ്യം തമാശയായാണ് തോന്നിയത്. തോളിൽ പൊക്കിയെടുത്ത് വട്ടം കറക്കി ശവക്കോട്ടയുടെ ഉയരം കുറഞ്ഞ മതിലിനു പുറത്തുള്ള ചെളിപ്പാടത്തേക്ക് ശെമ്മാശനെ ഹാമർത്രോ പോലെ വലിച്ചെറിഞ്ഞതോടെ വിഷയം സങ്കീർണമായി. പിന്നീടവിടെ സംഘർഷം ഉണ്ടായതും, എനിക്കും തല്ലി കിട്ടിയതും സത്യം തന്നെ.

അതോടെ ഔദ്യോഗിക പക്ഷം

**ഉദ്ഘാടന സെഷനു ശേഷം 'കറിയമാരുടെ പ്രാധാന്യം' എന്ന വിഷയത്തിലായിരുന്നു ആദ്യ ക്ലാസ്. സന്യസ്ഥനായ സ്കറിയ തോട്ടഞ്ചേരി അച്ചന്റേതായിരുന്നു ക്ലാസ്. സ്കറിയ എന്ന് പേരുള്ളവർ ഒരു ലക്ഷത്തിന് മുകളിലുണ്ടെന്നും, ഇന്നു വന്നവർ അര ശതമാനം പോലുമില്ലെന്നും, സഭയുടെ പടക്കുതിരകളാണ് കറിയമാരെന്നും, എല്ലാ കറിയമാരും ചേരുന്നതാണ് സഭയുടെ സൈന്യം എന്നുമൊക്കെ അച്ചൻ പറഞ്ഞു വച്ചു. കറിയ നാമധാരികളായ ഞങ്ങൾ ഒരോരുത്തരുടേയും നിലയും വിലയും മനസിലാക്കുന്നതിന് ഉതകിയ ക്ലാസ് തീർന്നത് ഉച്ചക്ക് ഒന്നേകാലിനാണ്**

ഭയപ്പെടുകയും, പുരോഹിതരില്ലാതെ അവർ വിമത വിഭാഗത്തിന്റെ ഭരണമുള്ള പള്ളികളിൽ ശവസംസ്കാരം നടത്തുവാൻ തുടങ്ങുകയും ചെയ്തു. പിന്നീടാണ് പ്രത്യേകം കോടതി ഉത്തരവ് വാങ്ങി അച്ചന്മാർ ഉൾപ്പെടെ പള്ളികളിൽ ശവസംസ്കാരത്തിന് എത്തുന്ന രീതിക്ക് തുടങ്ങുന്നത്.

'നിങ്ങള് വലിച്ചെറിഞ്ഞ ശെമ്മാശനെ എനിക്കറിയാട്ടൊ. ഇടനാട് ഭദ്രാസനത്തിലെ പോൾ അച്ചനാണ്', മർക്കോസ് അച്ചൻ പറഞ്ഞു. 'ആ അച്ചനോട് അന്നങ്ങനെ ചെയ്യേണ്ടി വന്നതിൽ ഒത്തിരി വിഷമമുണ്ട്. അതു കൊണ്ടൊക്കെ കിട്ടിയ പ്രാക്കാകണം ഞാൻ ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത് ', എന്റെ കണ്ണു നിറഞ്ഞൊഴുകി. 'അച്ചാ, എനിക്കെന്റെ അമ്മയുടെ 40ന്, കുഴിമാടത്തിനു മുന്നിൽ അച്ചൻ തന്നെ വന്ന് അനിത ചൊല്ലണം'.

അച്ചൻ പറഞ്ഞു. 'അതിനല്ലെ നമ്മള് പരിഹാരം കാണാമ്പോണെ. 40നു മുൻപ് തന്നെ കറിയ ചേട്ടനെ ഇടവക ചേർക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാനാകും എന്നാണ് എന്റെ പ്രതീക്ഷ. അതുപോലെ മിനിച്ചേച്ചിയേയും മക്കളേയും ഞാൻ ഈ ആഴ്ച്ച തന്നെ കാണുന്നുണ്ട്'. ഏറെ പ്രതീക്ഷകൾ നൽകുന്നതായി അച്ചന്റെ വാക്കുകൾ.

'അച്ചാ, എനിക്കൊന്ന് കുമ്പസാരിക്കണം. കഴിയൂങ്കി ഇപ്പത്തന്നെ' എന്റെ ആവശ്യത്തിന്മേൽ അച്ചൻ പറഞ്ഞു. 'ഇടവക അംഗമല്ല. നിലവിൽ സഭ അംഗവുമല്ല. കറിയ ചേട്ടനെ പള്ളിയിൽ പോയി കുമ്പസാരിപ്പിക്കുന്നതിൽ പരിമിതികളുണ്ട്. എന്താണെങ്കിലും ചേട്ടന് എന്നോട് പറയാം. ഇതൊരു കുമ്പസാര രഹസ്യം പോലെ ഞാൻ കാത്തു സൂക്ഷിക്കും. കറിയ ചേട്ടൻ മടിക്കാതെ പറഞ്ഞോളു'.

അച്ചന്റെ ഉറപ്പിൽ ഞാൻ എന്റെ ചെറുപ്പത്തിലെ ആ സംഭവം പറഞ്ഞു തുടങ്ങി. ഔദ്യോഗിക വിഭാഗത്തിന്റെ പ്രകമ്പനം കൊള്ളിച്ച മഹാസമ്മേളനം എറണാകുളത്ത് നടന്ന ദിവസം തവളക്കുഴി ആശുപത്രിയിൽ അഡ്മിറ്റായിരുന്ന ഞങ്ങൾ നാല് കറിയമാർക്ക് അറിയിപ്പു കിട്ടി. അങ്ങനെ എം.സി. റോഡിൽ മനക്കക്കുടി എത്തും മുൻപുള്ള എസ് വളവിൽ ഇരുട്ടിൽ ഒരു റബ്ബർ തോട്ടത്തിനു മുന്നിൽ ഞങ്ങളെ കാറിൽ ഇറക്കിവിട്ടു. ദൗത്യം കഴിഞ്ഞ് തിരിച്ച് കാത്തിരിക്കേണ്ട സ്ഥലവും പറഞ്ഞു തന്നിരുന്നു.

**അച്ചൻ എന്നോട് ക്ഷമിക്കണം. കല്ലേറിൽ മരിച്ച ഉലഹന്നാന്റെ മകൻ മർക്കോസിന് അന്ന് നാല് വയസേ ഒള്ളുവെന്ന് എനിക്കറിയാം. അച്ചന്റെ ഭാവത്തിലെ തികഞ്ഞ നിസംഗത ഞാൻ തിരിച്ചറിഞ്ഞു. ആ കണ്ണുകളിൽ നിന്ന് ഒരു തുള്ളി കണ്ണുനീരു പോലും ഒഴുകിയില്ല. അച്ചൻ എന്റെ മുഖത്തേക്ക് തന്നെ മിഴിനട്ടിരുന്നു. ഒരു മിനിറ്റു കഴിഞ്ഞ് അച്ചൻ എഴുന്നേറ്റതോടെ ഞാനും എഴുന്നേറ്റു.**

1970കളുടെ അവസാനമാണ്. അക്കാലത്ത് റോഡിൽ വാഹനങ്ങൾ നന്നേ കുറവാണ്. ഇന്നത്തെപ്പോലെ തെളിച്ചമുള്ള തെരുവുവിളക്കുകൾ പോലും ഇല്ല. അര മണിക്കൂർ കഴിഞ്ഞു കാണണം. പ്രകടനത്തിനു പോയി മടങ്ങുന്ന ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഇറക്കമിറങ്ങി വരുന്നുണ്ടെന്ന് കോളാമ്പി മൈക്കിലൂടെയുള്ള പല വിധ സംസാരങ്ങളും, അതുപോലെ വിശ്വാസികൾ ആലപിക്കുന്ന പാട്ടുകളിൽ നിന്നും ഞങ്ങൾക്ക് മനസിലായി.

ഇന്നത്തെപ്പോലെ ടൂറിസ്റ്റു ബസുകളില്ലാത്ത കാലം. സ്വകാര്യ ലൈൻ ബസുകൾ, ചെറിയ വാനുകൾ എന്നിവയേക്കാൾ ലോഡു കയറ്റുന്ന ലോറികളുടെ സൈഡ് ബോഡിയിൽ മുളകൾ കെട്ടി സുരക്ഷ ഒരുക്കി, നിന്നും ഇരുന്നും പ്രകടനത്തിന് ആളുകളെ കൊണ്ടുപോയിരുന്ന ഒരു കാലമായിരുന്നു അത്. ഞങ്ങൾ വലിപ്പമുള്ള പാറക്കല്ലുകൾ കരുതിയിരുന്നു. മൂന്നു വാഹനങ്ങളിൽ ഒന്നാമത്തെ ലോറിയും, രണ്ടാമത്തെ സ്വകാര്യ ബസും ഞങ്ങൾ വിട്ടുകളഞ്ഞു.

മൂന്നാമത്തെ ലോറി വളവിലെത്തിയതും ഞങ്ങൾ താരതമ്യേന ചെറിയ കല്ലുകൾ എടുത്ത് എറിയുവാൻ തുടങ്ങി. പെട്ടെന്ന് ലോറി നിന്നു. അതോടെ എടുത്താൽ പൊങ്ങുന്ന ഒരു കരിങ്കല്ല് ലോറിയിലെ ഒരാളെ ലക്ഷ്യം വച്ച് ഞാനെറിഞ്ഞു.

കൂട്ടക്കരച്ചിൽ ഉയർന്നതോടെ ഞങ്ങൾ മൂവരും റബ്ബർ തോട്ടത്തിലെ പയർക്കാടുകളെയും, ഇരുട്ടിനെയും വകവയ്ക്കാതെ കിഴക്കുഭാഗത്തേക്ക് ഓടി മറഞ്ഞു.

രണ്ടു വാഹനങ്ങളിലെ മൈക്കിന്റെ ശബ്ദം അപ്പോൾ ഒത്തിരി അകലെയായിരുന്നു. മൂന്നാമത്തെ വാഹനത്തിലെ കോളമ്പി ആ സമയം ശബ്ദിക്കുന്നില്ല. കൃത്യം നിർവ്വഹിക്കപ്പെട്ടുവെന്ന് എനിക്ക് ഉറപ്പായി. ഇൻപേഷ്യന്റ്സായ ഞങ്ങൾ നേരം പുലരും മുമ്പേ തവളക്കുഴി ആശുപത്രിയിലെ മുറികളിലെത്തി.

അച്ചൻ എന്നോട് ക്ഷമിക്കണം. കല്ലേറിൽ മരിച്ച ഉലഹന്നാന്റെ മകൻ മർക്കോസിന് അന്ന് നാല് വയസേ ഒള്ളുവെന്ന് എനിക്കറിയാം. അച്ചന്റെ ഭാവത്തിലെ തികഞ്ഞ നിസംഗത ഞാൻ തിരിച്ചറിഞ്ഞു.

ആ കണ്ണുകളിൽ നിന്ന് ഒരു തുള്ളി കണ്ണുനീരു പോലും ഒഴുകിയില്ല. അച്ചൻ എന്റെ മുഖത്തേക്ക് തന്നെ മിഴിനട്ടിരുന്നു. ഒരു മിനിറ്റു കഴിഞ്ഞ് അച്ചൻ എഴുന്നേറ്റതോടെ ഞാനും എഴുന്നേറ്റു.

എന്നെ കെട്ടി പുണർന്നു കൊണ്ട് മർക്കോസ് അച്ചൻ പറഞ്ഞു. 'കറിയ ചേട്ടന്റെ പ്രശ്നങ്ങൾ എല്ലാം ഭംഗിയായി തീരട്ടെ. തീരണം'. ഞാനവിടെ ഒരു നിമിഷം പോലും പിന്നെ നിന്നില്ല. തിരിച്ചു പോരുമ്പോൾ ഓട്ടോയ്ക്ക് ഒരിക്കലും ഇല്ലാത്ത ഒരു തരം വല്ലാത്ത സ്പീഡായിരുന്നു.



നമ്മുടെ സ്വന്തം 'സത്യാനന്തര' നിരൂപകരെയും 'പടിഞ്ഞാറുനോക്കി'കളായ ദാർശനികരെയും മറികടക്കുന്ന ഉൾക്കാഴ്ച മായാമനുഷ്യരിലെ കഥാപാത്രങ്ങളും സമാനപ്രമേയങ്ങളുള്ള പ്രഭാകരന്റെ മറ്റു കഥകളും തരുന്നു. മായാമനുഷ്യർക്കു കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ് നേടിയ എൻ പ്രഭാകരന്റെ എഴുത്തും ജീവിതവും





# ഒറ്റയാൻ

◉ മാങ്ങാട് രത്നാകരൻ

എൻ.പ്രഭാകരൻ–പ്രഭാകരൻ മാഷ്–ഗവ.ബ്രണ്ണൻ കോളേജിൽ എന്റെ അധ്യാപകനായിരുന്നു. മലയാളം എം.എ.യ്ക്കുള്ള പ്രവേശന വേളയിൽ (1984) അഭിമുഖം നടത്തിയവരുടെ കൂട്ടത്തിൽ പ്രഭാകരൻമാഷും ഉണ്ടായിരുന്നുവെന്നാണ് ഓർമ്മ.

ബ്രണ്ണൻകോളേജുമായി ഏറ്റവും ഒട്ടിനിൽക്കുന്ന പേര് അന്ന്–ഇന്നും– എം.എൻ.വിജയന്റേതാണ്. കാസർകോട് ഗവ.കോളേജിൽ ബി.എയ്ക്ക് പഠിക്കുമ്പോൾത്തന്നെ വിജയൻമാഷെ പരിചയപ്പെടാനും പ്രസംഗം കേൾക്കാനും അവസരമുണ്ടായതിനാൽ, ആ 'വലയ'ത്തിൽ പെട്ടുപോയിരുന്നു. അതാണ് ബി.എ.ഇംഗ്ലീഷ് പാ



സ്സായപ്പോൾ, ബ്രണ്ണനിൽ എം.എ.മലയാളത്തിലേക്കു മാറാൻ കാരണം.

ബ്രണ്ണനിൽത്തന്നെ പഠിച്ച്, അവിടെത്തന്നെ അധ്യാപകനായി ത്തീർന്നയാളാണ് പ്രഭാകരൻമാഷ്. 'ഒറ്റയാന്റെ പാപ്പാൻ' എന്ന ചെറുകഥയിലൂടെ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ വിഷുപ്പതിപ്പ് സാഹിത്യമത്സരത്തിൽ ഒന്നാംസമ്മാനം നേടിയതിന്റെ 'താരപരിവേഷം' പ്രഭാകരൻമാഷെ ചൂഴ്ന്നുനിന്നിരുന്നു. ആധുനികസാഹിത്യമാണ് മാഷ് പഠിപ്പിച്ചിരുന്നത്. ഉജ്ജ്വലമായ ക്ലാസ്സുകളായിരുന്നു. പതിഞ്ഞ ശബ്ദത്തിൽ, മിക്കപ്പോഴും കണ്ണടച്ചുപിടിച്ച്, മുന്നിലിരിക്കുന്ന വിദ്യാർത്ഥികളെ ഒട്ടുമേ ശ്രദ്ധിക്കാതെ, പ്രത്യേകമായ താളത്തിൽ, നവംനവങ്ങളായ നിരീക്ഷണങ്ങളിലൂടെ മുന്നേറുന്ന ക്ലാസ്സുകളായിരുന്നു. 'ആധുനികത'യുടെ 'ഹാങ്ഓവർ' അവയിൽ ഉണ്ടായിരുന്നില്ല. സർഗ്ഗാത്മകമായ ആ മനസ്സ് 'ഫാഷണബ്ൾ' ആയ സാഹിത്യത്തെ തരിമ്പും വകവച്ചിരുന്നില്ല. തന്റെ നിരീക്ഷണങ്ങളും

**ബ്രണ്ണനിൽത്തന്നെ പഠിച്ച്, അവിടെത്തന്നെ അധ്യാപകനായിത്തീർന്നയാളാണ് പ്രഭാകരൻമാഷ്. 'ഒറ്റയാന്റെ പാപ്പാൻ' എന്ന ചെറുകഥയിലൂടെ മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ വിഷുപ്പതിപ്പ് സാഹിത്യമത്സരത്തിൽ ഒന്നാംസമ്മാനം നേടിയതിന്റെ 'താരപരിവേഷം' പ്രഭാകരൻമാഷെ ചൂഴ്ന്നുനിന്നിരുന്നു. ആധുനികസാഹിത്യമാണ് മാഷ് പഠിപ്പിച്ചിരുന്നത്. ഉജ്ജ്വലമായ ക്ലാസ്സുകളായിരുന്നു. പതിഞ്ഞ ശബ്ദത്തിൽ, മിക്കപ്പോഴും കണ്ണടച്ചുപിടിച്ച്, മുന്നിലിരിക്കുന്ന വിദ്യാർത്ഥികളെ ഒട്ടുമേ ശ്രദ്ധിക്കാതെ, പ്രത്യേകമായ താളത്തിൽ, നവംനവങ്ങളായ നിരീക്ഷണങ്ങളിലൂടെ മുന്നേറുന്ന ക്ലാസ്സുകളായിരുന്നു. 'ആധുനികത'യുടെ 'ഹാങ്ഓവർ' അവയിൽ ഉണ്ടായിരുന്നില്ല.**

അഭിപ്രായങ്ങളും വിദ്യാർത്ഥികൾക്കു സ്വീകാര്യമാവുന്നുണ്ടോ എന്നതൊന്നും മാഷുടെ വിഷയമായിരുന്നില്ല.

മിക്കപ്പോഴും സായാഹ്നങ്ങളിൽ വിജയൻമാഷുടെ 'കരുണ'യിലേക്കു പോകാറുണ്ടായിരുന്നു. ചിലപ്പോഴെല്ലാം ബ്രണ്ണൻകോളേജിനോടു ചേർന്നുള്ള പ്രഭാകരൻമാഷുടെ ക്വാർട്ടേർസിലേക്കും പോകും. കൂടെ സഹപാഠികളായ കെ.ബാലകൃഷ്ണൻ, മൊയ്തു വാണിമേൽ, ടി.കെ.ഉമ്മർ തുടങ്ങിയവരും ഉണ്ടായെന്നിരിക്കും. ആ സമയത്താണ് പ്രഭാകരൻമാഷുടെ പ്രഥമ കഥാസമാഹാരം, ഒറ്റയാന്റെ പാപ്പാൻ പ്രസിദ്ധീകരിക്കാനുള്ള ഒരുക്കങ്ങൾ നടക്കുന്നത്. ഞാനും ആ ശ്രമത്തിൽ പങ്കാളിയായി. അതിനകംതന്നെ പ്രഭാകരൻമാഷുടെ സ്നേഹവും അംഗീകാരവും എനിക്കു കിട്ടിയിരുന്നു.

കാസർകോട് ഗവ.കോളേജിൽ പഠിക്കുന്ന കാലത്ത് എനിക്കു പരിചയപ്പെടാൻ കഴിഞ്ഞ വലിയൊരു വായനക്കാരനും നാടകകൃത്തും നിരൂപകനുമായ സുഹൃത്താണ് എൻ.ശശിധരൻ എന്ന ശശിമാഷ്. ശശിമാഷ്ക്ക് പ്രഭാകരൻമാഷുടെ ചെറുകഥകൾ വളരെ ഇഷ്ടമായിരുന്നു. ശശിമാഷുടെ പക്കൽനിന്നാണ് അന്നു ലോകസാഹിത്യത്തിൽ പ്രകമ്പനമുണ്ടാക്കിയ, ഗബ്രിയേൽ ഗാർസിയ മാർകേസിന്റെ വൺ ഹണ്ട്രഡ് ഈയേർസ് ഓഫ് സോളിറ്റിയൂഡ് വായിക്കുന്നത്. ശശിമാഷിനു ആ നോവലിന്റെ ആദ്യഖണ്ഡികകൾ ഹൃദിസ്ഥമായിരുന്നു. ദസ്തയേവ്സ്കിയിലും കാഫ്കയിലും കസൻദ്സക്കീസിലും മുങ്ങിക്കുളിച്ച ശശിമാഷെക്കുറിച്ച് ഞാൻ പലപ്പോഴും പ്രഭാകരൻമാഷോടു പറയുമായിരുന്നു; പ്രഭാകരൻമാഷുടെ കഥകളെക്കുറിച്ച് മതിപ്പോടെ സംസാരിച്ചതിനെക്കുറിച്ചും. അവർ തമ്മിൽ അന്നു നേരിട്ടറിയുമായിരുന്നില്ല.

''കഥാപുസ്തകം സ്വീകരിക്കുന്നത് ശശിമാഷായാൽ സന്തോഷം,'' പ്രഭാകരൻമാഷ് പറഞ്ഞു. ശശിമാഷെ എഴുതിയറിയിച്ചപ്പോൾ സന്തോഷത്തോടെ തലശ്ശേരിക്കു വരാമെന്നേറ്റു.

അങ്ങനെ തലശ്ശേരി ട്രെയിനിംഗ് കോളേജ് ഹാളിൽ നടന്ന ലളിതമായ ചടങ്ങിൽ, എം.എൻ.വിജയൻ, എൻ.ശശിധരനു നൽകി ഒറ്റയാന്റെ പാപ്പാൻ പ്രകാശനം ചെയ്തു.

ബ്രണ്ണനിലെ സാഹിത്യാന്തരീക്ഷം ചടുലവും തീവ്രതയേറിയതുമായിരുന്നു. വിജയൻമാഷുടെയും പ്രഭാകരൻമാഷുടെയും സാന്നിധ്യം, നരേന്ദ്രൻമാഷ്, എ.ടി.മോഹൻരാജ് എന്നീ അധ്യാപകരുടെ സജീവമായ ഇടപെടൽ, ഞങ്ങൾ വിദ്യാർത്ഥികളുടെയും നഗരത്തിലെ കലാകാരന്മാരുടെയും എഴുത്തുകാരുടെയും കൂടിച്ചേരൽ–എല്ലാം അതിനെ പൊലിപ്പിച്ചു. എന്റെ പത്രാധിപത്യത്തിൽ അകം എന്ന പേരിൽ ഒരു ലിറ്റിൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. 'ഇംപോസിബിൾ റൈറ്റർ' ആയ എം.എൻ.വിജയൻമാഷുടെ സാന്നിധ്യമില്ലാതെ, എന്തു മാസിക? അങ്ങനെ, മോഹൻരാജ്മാഷുടെ മുൻ




**പിഗ്മാൻ വത്സരാജ് വരച്ച ചിത്രം**

കൈയിൽ കൂത്തുപറമ്പിൽ സൗന്ദര്യശാസ്ത്രത്തെക്കുറിച്ച് വിജയൻമാഷുടെ ഒരു പ്രഭാഷണം ഒരുക്കി, അത് റെക്കോഡു ചെയ്തു, പകർത്തിയെഴുതി. പ്രഭാകരൻമാഷ് വിളിച്ചുപറഞ്ഞതനുസരിച്ച് സാറാ ജോസഫ് ഒരു ചെറുകഥ തന്നു. ഞാൻ മാർകേസിന്റെ സോളിറ്റിയൂഡിനെക്കുറിച്ചെഴുതി, ചിത്രകാരനായ റഷീദ് മുഖചിത്ര രൂപകല്പന ചെയ്തു. 'അകം സമിതി' പ്രസിദ്ധീകരിച്ചു.

ലിറ്റിൽ മാഗസിനു അകം എന്ന പേര് പ്രഭാകരൻമാഷ് നിർദ്ദേശിച്ചതാണെന്നാണ് ഓർമ്മ. തമിഴ്സാഹിത്യത്തിൽ സാമാന്യമായ പരിചയമുണ്ടായിരുന്ന മാഷ് 'അകം', 'പുറം' കവിതകളുടെ പൊലിമയിൽ നിന്നാണ് ആ പേര് ആവാഹിച്ചെടുത്തതെന്നു തോന്നുന്നു.

എം.എ. പഠനം കഴിഞ്ഞ്, കാസർകോട്ട് ഒരു സഹകരണകോളേജിൽ അധ്യാപനവുമായി കഴിഞ്ഞുവരുമ്പോഴാണ് ദൽഹിയിലേക്ക് ഉപരിപഠനത്തിനായി പോകുന്നത്. അക്കാലത്ത് 'ഭാഷാമാന്ത്രികൻ' ഒ.വി.വിജയന്റെ ചാണക്യപുരിയിലെ ഫ്ളാറ്റിൽ ആഴ്ചയിലൊരിക്കൽ പോകുമായിരുന്നു. സമകാലീന ചെറുകഥകളെക്കുറിച്ചു സംസാരിച്ചപ്പോൾ എൻ.പ്രഭാകരന്റെ 'മറുപിറവി' എന്ന കഥയെക്കുറിച്ച് വലിയ മതിപ്പോടെ സംസാരിച്ചു. അക്കാര്യം പ്രഭാകരൻ മാഷെ എഴുതി അറിയിക്കുകയും ചെയ്തു.

അങ്ങനെയിരിക്കെ, പ്രഭാകരൻ മാഷ് മറുപിറവി എന്ന പേരിൽ ഒരു കഥാസമാഹാരം പ്രസിദ്ധീകരിക്കാൻ ആലോചിക്കുന്നതിനെക്കുറിച്ചും സക്കറിയയോട് ഒരു അവതാരിക എഴുതാൻ പറയാമോ എന്നു സൂചിപ്പിച്ചുകൊണ്ടും എനിക്കെഴുതി. സക്കറിയമാഷ്ക്കും എൻ.പ്രഭാകരന്റെ ചെറുകഥകൾ വളരെ ഇഷ്ടമായിരുന്നു. യാതൊരു പിശുക്കുമില്ലാതെ പ്രശംസിച്ച് സക്കറിയ അവതാരികയെഴുതിത്തന്നു. ''പ്രഭാകരന്റെ കഥകളെ അപഗ്രഥിക്കാൻ ഞാനൊരു



**പിഗ്‌മാൻ വത്സരാജ് വരച്ച മറ്റൊരു ചിത്രം**

സാഹിത്യവിദഗ്ധനല്ലാത്തതിനാൽ, അറിഞ്ഞുകൂടാ. പക്ഷേ അവയിലെ സത്യമുള്ള ദൈവശാസ്ത്രവും മനുഷ്യശാസ്ത്രവും ഞാൻ കാണുന്നു. അവയുടെ ഒളിയലും പതുങ്ങലും ചാട്ടവും ഇരപിടിക്കലും ഞാൻ കാണുന്നു. അവയിലൂടെ ദൈവം വേഷംമാറി നടക്കുന്നത് ഞാൻ ശ്രദ്ധിക്കുന്നു. ഇരുപത്തിയേഴു കൊല്ലം കലാകാരനായി

**ബ്രണ്ണനിലെ സാഹിത്യാന്തരീക്ഷം ചടുലവും തീവ്രതയേറിയതുമായിരുന്നു. വിജയൻമാഷുടെയും പ്രഭാകരൻമാഷുടെയും സാന്നിധ്യം, നരേന്ദ്രൻമാഷ്, എ.ടി.മോഹൻരാജ് എന്നീ അധ്യാപകരുടെ സജീവമായ ഇടപെടൽ, ഞങ്ങൾ വിദ്യാർത്ഥികളുടെയും നഗരത്തിലെ കലാകാരന്മാരുടെയും എഴുത്തുകാരുടെയും കൂടിച്ചേരൽ – എല്ലാം അതിനെ പൊലിപ്പിച്ചു.**

ഇരുന്നിട്ട് എനിക്കു ചെയ്യാൻ കഴിയാതെ പോയവ പ്രഭാകരൻ അനായാസമായി ചെയ്യുന്നത് ഞാൻ കാണുന്നു,'' അവതാരികയിൽ സക്കറിയ എഴുതി. ഞാൻ സാമാന്യം ദീർഘമായ ഒരു പഠനവും എഴുതി. കറന്റ് ബുക്സ്, തൃശ്ശൂർ പുസ്തകം പ്രസിദ്ധീകരിച്ചു (1991).

ദൽഹിവിട്ട് മദ്രാസിൽ (ചെന്നൈ) ഇന്ത്യാ ടുഡേയിലായിരിക്കുമ്പോഴും പ്രഭാകരൻമാഷുമായി ഇടയ്ക്കിടെ ബന്ധപ്പെടാൻ സംഗതിയായി. പ്രഭാകരൻമാഷുടെ കഥകൾ, കഥാവിഭാഗം പ്രത്യേകമായി നോക്കിയിരുന്ന എസ്. സുന്ദർദാസിന് ഏറെ പ്രിയമായിരുന്നു. 'കുതിര', 'രാത്രിമൊഴി', 'ചന്ദ്രൻ പാറയാണ്' തുടങ്ങിയ കഥകൾ അതിൽ പ്രത്യക്ഷപ്പെട്ടു. ('ചന്ദ്രൻ പാറയാണ്' എന്ന കഥ പത്രാധിപർക്ക് നേരിട്ടയക്കാതെ എനിക്കാണ് അയച്ചത്. എന്റെ പ്രിയ സുഹൃത്തായ ചന്ദ്രൻ മാഷെക്കുറിച്ചായിരുന്നു ആ കഥ. എനിക്കിഷ്ടപ്പെട്ടാൽ മാത്രം പ്രസിദ്ധീകരണത്തിനു സമർപ്പിച്ചാൽ മതി എന്ന് ഒപ്പമുള്ള കത്തിൽ എഴുതിയിരുന്നു.) ഈ കഥകൾ കൂടാതെ ഗംഭീരമായ ഒരു കഥ, 'പിഗ്മാൻ' വാർഷിക വിശേഷാൽപ്പതിപ്പിൽ വന്നു. (199495) മലയാളത്തിലെ എക്കാലത്തെയും മികച്ച ചെറുകഥകളിൽ ഒന്നാണതെന്ന കാര്യത്തിൽ ഇന്നും എനിക്കു സംശയമില്ല. അതിനു ചിത്രീകരണം നടത്തിയത്, അന്ന് എന്റെ കൂടെ താമസിച്ചിരുന്ന പ്രതിഭാശാലിയായ ചിത്രകാരൻ വത്സരാജ് കെ.പിയായിരുന്നു. കഥയ്ക്കൊപ്പം നിൽക്കുന്ന, കഥാന്തരീക്ഷത്തെ സൂക്ഷ്മമായി ആവാഹിക്കുന്ന ചിത്രങ്ങളായിരുന്നു അവ.

ബ്രണ്ണനിൽ പഠിക്കുന്ന കാലത്ത് എന്നെക്കാണാൻ വന്ന വത്സരാജിനെ ഞാൻ പ്രഭാകരൻമാഷ്ക്ക് പരിചയപ്പെടുത്തിയിരുന്നു.

''അവനെ കണ്ടാൽത്തന്നെ അറിയാം, വലിയ കലാകാരനാണെന്ന്,'' പ്രഭാകരൻമാഷ് എന്നോട് പിന്നീടൊരിക്കൽ പറഞ്ഞിരുന്നു.

ഇന്ത്യാ ടുഡേയിൽ നിന്ന് ഏഷ്യാനെറ്റ് ന്യൂസിലേക്കു മാറിയതിനുശേഷം യാത്ര എന്ന പേരിൽ ഒരു ദൃശ്യയാത്രാവിവരണം ഗോകർണ്ണത്തുനിന്ന് 'മന്ദം മന്ദം' സഞ്ചരിച്ച് തലശ്ശേരിയിലെത്തിയപ്പോൾ പ്രഭാകരൻമാഷെക്കുറിച്ച് ഒരു എപ്പിസോഡ്

ചെയ്യണമെന്ന് ആഗ്രഹിച്ചു. മാഷ് അമ്പിലും വില്ലിനും അടുക്കുന്നില്ല. കാരണം ലളിതം: ദൃശ്യമാധ്യമത്തിൽ പ്രത്യക്ഷപ്പെടാൻ വയ്യ. ചിത്രീകരിക്കാതെ സംസാരിച്ചിരിക്കാനാണെങ്കിൽ ഒരാഴ്ച തുടർച്ചയായി സംസാരിക്കാനും വിരോധമില്ല. പൊതുവേ ഉൾവലിഞ്ഞ പ്രകൃതമുള്ള മാഷ് ഒന്നുകൂടി ഉൾവലിഞ്ഞു, ഞാൻ നിർബന്ധിച്ചതുമില്ല.

2007 ഒക്ടോബർ 3

എം.എൻ.വിജയൻമാഷ് വിടവാങ്ങി. ഞങ്ങൾ ശിഷ്യന്മാർക്കു മാത്രമല്ല, നാടിനുതന്നെയും അതൊരു വേദനയും തീരാനഷ്ടവുമായിരുന്നു. ആ നഷ്ടത്തെ വിജയൻമാഷുടെ ആശയങ്ങളിലൂടെ നികത്താനായി പ്രഭാകരൻമാഷുടെ നേതൃത്വത്തിൽ ഞങ്ങളെല്ലാവരും ഒത്തൊരുമിച്ചു. പത്തു വോള്യങ്ങളായി എം.എൻ.വിജയൻ സമ്പൂർണകൃതികൾ ഒരുക്കി. ഒന്നാം ചരമവാർഷികദിനത്തിൽ, വിജയൻമാഷുടെ സതീർത്ഥ്യയായ ഡോ.എം.ലീലാവതി പുസ്തകം പ്രകാശിപ്പിച്ചു. കേരളത്തിൽ അതിനുമുമ്പ് അങ്ങനെയൊരു കൂട്ടായ്മയോ അത്തരമൊരു ഫലശ്രുതിയോ ഉണ്ടായിട്ടില്ല.

പ്രഭാകരൻമാഷെക്കുറിച്ച്, അഥവാ മാഷുമായി ബന്ധപ്പെട്ട എന്റെ ജീവിതത്തെക്കുറിച്ച് ഇത്രയും എഴുതിയത് മായാമനുഷ്യൻ എന്ന നോവലിനു കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചതിന്റെ പശ്ചാത്തലത്തിലാണ്. മാഷുടെ മറുപിറവി എന്ന കഥാസമാഹാരത്തിന് ആസ്വാദനമെഴുതുമ്പോൾ ആത്മസംഘർഷങ്ങളിലൂടെ കടന്നുപോയിരുന്നു. വെട്ടിയും തിരുത്തിയും അതിനൊരു രൂപശില്പമുണ്ടാക്കാൻ നന്നേ പാടുപെട്ടു. ഈ കുറിപ്പ്, പക്ഷേ അനായാസമായി എഴുതാൻ കഴിഞ്ഞു.

* * *

*മനുഷ്യവംശത്തിന്റെ യഥാർത്ഥപ്രശ്നം ഇതാണ്: നമുക്ക് പ്രാചീനശിലായുഗത്തിലെ വികാരങ്ങളും മധ്യകാല സ്ഥാപനങ്ങളും ദൈവസദൃശമായ സാങ്കേതികതയുമാണുള്ളത്. ഭയാനകമാം വിധം ആപത്കരമാണിത്. അതിപ്പോൾ എല്ലാ തലത്തിലും പ്രതിസന്ധിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്.*

**എഡ്വേർഡ് ഒ.വിത്സൺ**

അമേരിക്കൻ ജീവശാസ്ത്രജ്ഞനായ ഇ.ഒ.വിത്സണിന്റെ ഈ നിരീക്ഷണം ഇന്ന് ഇതെഴുതുമ്പോൾ 'നീങ്ങിക്കൊണ്ടിരിക്കുന്നു' എന്നതു 'നീങ്ങിക്കഴിഞ്ഞു' എന്നു തിരുത്താവുന്നതാണ്. (വിത്സണിന്റെ ജ്ഞാനശകലം എന്നിലേക്കെത്തിച്ചത് പരമ്പരാഗത ജ്ഞാനസങ്കേതമായ പുസ്തകമല്ല, വാട്സാപ്പാണ്!) 'ദൈവസദൃശമായ സാങ്കേതികത' എന്നത് ദൈവം തന്നെയായി മാറിയ സാങ്കേതികവികാസമായിത്തീർന്നിരിക്കുന്നു. ഒന്നോ രണ്ടോ ദശകം മുമ്പുവരെ ഇത് അതിവികസിത രാഷ്ട്രങ്ങൾക്കു മാത്രം ബാധകമായിരുന്നുവെങ്കിൽ, ഇന്നങ്ങനെയല്ല. ദൈവസങ്കല്പത്തിലെന്നപോലെ, സർവവ്യാപിയാണ്. മനുഷ്യനെ അതു മായാമനുഷ്യനാക്കിത്തീർന്നിരിക്കുന്നു.

ജീവിതത്തിന്റെ അവ്യവസ്ഥയെക്കുറിച്ചുള്ള അന്വേഷണം എൻ.പ്രഭാകരന്റെ എഴുത്തിന്റെ പ്രധാനപ്പെട്ട ഒരു ധാരയാണ്. ഈ അവസ്ഥയുടെ രാഷ്ട്രീയ പശ്ചാത്തലം സൈദ്ധാന്തികമായി ഇഴകീറി പരിശോധിക്കപ്പെടുന്നുണ്ട്, വിശേഷിച്ചും പടിഞ്ഞാറൻ നാടുകളിൽ. അതിന്റെ ചുവടുപിടിച്ച് നമ്മുടെ നാട്ടിലെ അവസ്ഥയെ നിർധാരണം ചെയ്യാനുള്ള ശ്രമങ്ങൾ ഉണ്ടാവുന്നുമുണ്ട്. എൻ.പ്രഭാകരൻ, പച്ചപ്പില്ലാത്ത സിദ്ധാന്തങ്ങളെ പച്ചപ്പുള്ള ജീവിതവുമായി ചേർത്തുനിർത്തി വൈരുധ്യങ്ങളുടെ കരളിൽത്തന്നെ തൊട്ട്, ചിരി എന്നു തോന്നാത്തവിധത്തിലുള്ള ചിരിയുണർത്തി അനായാസമായി കഥപറയുന്നു. 'കഥ പറയുന്നു' എന്നുതന്നെയാണു പറയേണ്ടത്. കഥയെഴുത്തിന്റെയല്ല, കഥപറച്ചിലിന്റെ, കഥയുടെ ജനനകാലം തൊട്ടുള്ള സങ്കേതമാണ് പ്രഭാകരന്റെ കഥകളിലുള്ളത്. മായമനുഷ്യന്റെ മുഖവുരയിൽ 'മനഃപൂർവമുള്ള സൈദ്ധാന്തികഭാഷ'യിൽത്തന്നെ അതിന്റെ രാഷ്ട്രീയ-സാംസ്കാരിക പശ്ചാത്തലം നോവലിസ്റ്റ് അവതരിപ്പിക്കുന്നുണ്ട്. 'മായാമയൻ' എന്ന ചെറുകഥ (1994) എഴുതിയതിനുശേഷമുള്ള ദശകങ്ങളിൽ കേരളീയ ജീവിതത്തിലുണ്ടായിട്ടുള്ള, പഴയ ശൈലിയിൽ പറഞ്ഞാൽ, അഭൂതപൂർവമായ മാറ്റമാണ് മായാമനുഷ്യന്റെ പ്രമേയം. നോവലിസ്റ്റിന്റെ ഭാഷയിൽ, ''ഒന്നു രണ്ടു ദശകം കഴിയുമ്പോഴേക്കും. അന്ന് അമ്പരപ്പുണ്ടാക്കിയ പലതും ജനജീവിതത്തിൽ സാധാരണതകളായിത്തീർന്നു. മാത്രവുമല്ല, മായാപരത ഒരു വ്യക്തിയുടെ മനസ്സിനും അനുഭവലോകങ്ങൾക്കും മാത്രമായി പരിമിതപ്പെടാതെ, രാഷ്ട്രീയം, സാഹിത്യം, വിദ്യാഭ്യാസം, ആത്മീയാന്വേഷണം എന്നീ മേഖലകളിലെക്കെല്ലാം വ്യാപിക്കുകയും ചെയ്തു.''

പത്തൊമ്പതാം നൂറ്റാണ്ടിലെ മഹാനായ ഫ്രഞ്ച് നോവലിസ്റ്റ് ബാൽ

**കുതിര', 'രാത്രിമൊഴി', 'ചന്ദ്രൻ പാറയാണ്' തുടങ്ങിയ കഥകൾ ഇന്ത്യാ ടുഡേയിൽ പ്രത്യക്ഷപ്പെട്ടു. ('ചന്ദ്രൻ പാറയാണ്' എന്ന കഥ പത്രാധിപർക്ക് നേരിട്ടയക്കാതെ എനിക്കാണ് അയച്ചത്. എന്റെ പ്രിയ സുഹൃത്തായ ചന്ദ്രൻമാഷെക്കുറിച്ചായിരുന്നു ആ കഥ. എനിക്കിഷ്ടപ്പെട്ടാൽ മാത്രം പ്രസിദ്ധീകരണത്തിനു സമർപ്പിച്ചാൽ മതി എന്ന് ഒപ്പമുള്ള കത്തിൽ എഴുതിയിരുന്നു.) ഈ കഥകൾ കൂടാതെ ഗംഭീരമായ ഒരു കഥ, 'പിശാൻ' വാർഷിക വിശേഷാൽപ്പതിപ്പിൽ വന്നു. (199495) മലയാളത്തിലെ എക്കാലത്തെയും മികച്ച ചെറുകഥകളിൽ ഒന്നാണതെന്ന കാര്യത്തിൽ ഇന്നും എനിക്കു സംശയമില്ല. അതിനു ചിത്രീകരണം നടത്തിയത്, അന്ന് എന്റെ കൂടെ താമസിച്ചിരുന്ന പ്രതിഭാശാലിയായ ചിത്രകാരൻ വത്സരാജ് കെ.പിയായിരുന്നു.**

സാക്കിലേക്കു സഞ്ചരിക്കുന്നത് കാലം തെറ്റിയുള്ള യാത്രയാണെന്നു തോന്നാം. 'രാഷ്ട്രങ്ങളുടെ സ്വകാര്യ ചരിത്രമാണ് നോവൽ' ബാൽസാക്ക് പറഞ്ഞു. രാഷ്ട്രം എന്നത് ഇവിടെ ദേശം എന്നോ പ്രദേശം എന്നോ വായിക്കാം, 'ലോകദേശം' എന്നും വായിക്കാം. മുഖവുരയിൽ അതിനെക്കുറിച്ചുള്ള കൃത്യമായ ബോധ്യമുണ്ട്. ''ഇനിയും പല ദശകങ്ങൾക്കുശേഷം ഈ നോവൽ വായിക്കപ്പെടുന്നത് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെ മലയാളികളുടെ മാനസികജീവിതത്തിന്റെ ചരിത്രരേഖ എന്ന നിലയ്ക്കായേക്കാം. അതിലെനിക്കു വിഷമമില്ല.''

ബാൽസാക്കിന്റെ കാലഘട്ടത്തിലെ ചരിത്രകാരന്മാരിൽനിന്നും സമ്പദ്ശാസ്ത്രകാരന്മാരിൽ നിന്നും പഠിച്ചതിനെക്കാൾ കൂടുതൽ ബാൽസാക്കിന്റെ നോവലുകളിൽ നിന്നു പഠിച്ചിട്ടുണ്ടെന്ന് എംഗൽസ് പറഞ്ഞപ്പോൾ ഉദ്ദേശിച്ചത്, നോവൽ ചരിത്രത്തിനു പകരമാണെന്നല്ല, ചരിത്രത്തിന്റെ വൈരുധ്യങ്ങളുടെ ആഴക്കാഴ്ച പകർന്നത് നോവലാണെന്നാണ്. അതേ അർത്ഥത്തിൽ, നമ്മുടെ സ്വന്തം 'സത്യാനന്തര' നിരൂപകരെയും 'പടിഞ്ഞാറുനോക്കി'കളായ ദാർശനികരെയും മറികടക്കുന്ന ഉൾക്കാഴ്ച മായാമനുഷ്യരിലെ കഥാപാത്രങ്ങളും സമാനപ്രമേയങ്ങളുള്ള പ്രഭാകരന്റെ മറ്റു കഥകളും തരുന്നുണ്ടെന്നു ഞാൻ കരുതുന്നു.

ബൃഹദാഖ്യാനങ്ങൾ അസ്തമിച്ചു എന്ന് പോസ്റ്റ് മോഡേണിസം തലനീട്ടിയപ്പോൾ കേട്ടുതുടങ്ങിയ സൈദ്ധാന്തിക നിരീക്ഷണത്തിന്റെ പിൽക്കാലം, നിത്യജീവിതയാഥാർത്ഥ്യങ്ങളുടെ നിസ്സാരതകളിൽ വ്യാപരിക്കുന്നതിന്റെയും വ്യാപിക്കുന്നതിന്റെ ചിത്രങ്ങൾ നോവലിൽ ഉടനീളം കാണാം. ചിത്രങ്ങൾ എന്നു പറഞ്ഞുകൂടാ, ഒരു തരം ശസ്ത്രക്രിയയാണത്. അതിനായി സിദ്ധാന്തവിശകലനങ്ങളുടേതായി പരിചയിച്ച ഭാഷ തന്നെ 'ശസ്ത്ര'മായി ഉപയോഗിക്കുന്നു.

''പൈങ്കിളിപ്രേമം തീവ്രവിപ്ലവബുദ്ധിജീവികൾക്കു വരെയുണ്ട്. അവർ സാഹിത്യത്തെക്കുറിച്ച് അഭിപ്രായം പറയുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ? വലിയ നാട്യത്തിലാണു സംസാരിക്കുക. ഗ്രാംചി, അഡോർണോ, നെഗ്രി, ഫ്രെഡറിക് ജെയിംസൺ എന്നൊക്കെ പറയും. പക്ഷേ, എഴുത്തുകാരന്റെ സാമൂഹിക പ്രതിബദ്ധത, സാഹിത്യത്തിന്റെ ജീവിതബന്ധം എന്നൊക്കെ കേൾക്കുമ്പോൾ ഏറ്റവും കൂടുതൽ അറപ്പുകാണിക്കുന്നത് അവരായിരിക്കും. ഉള്ളിന്റെ ഉള്ളിൽ അവരെല്ലാം അരാഷ്ട്രീയകലയുടെ ആരാധകരാണ്.'' (മായാമനുഷ്യൻ)

''ബോഡി പൊളിറ്റിക്സ്, പോസ്റ്റ് ട്രൂത്ത് ഇറ, പോസ്റ്റ് മാർക്സിസം എന്നീ ആശയധാരകളെ മുൻനിർത്തിയാണ് പിന്നീട് വന്നവർ സംസാരിച്ചത്. തങ്ങളുടെ നിലപാടുകൾ ഒറ്റൈാരധികാരഭാവത്തിൽ അവതരിപ്പിക്കുന്നതിലല്ലാതെ ആശയവിനിമയത്തിൽ അവരാരും ശ്രദ്ധിക്കുന്നതായി തോന്നിയില്ല. സംസാരം തുടങ്ങി രണ്ടോ മൂന്നോ മിനുട്ടു കഴിയുമ്പോൾ

**ജീവിതത്തിന്റെ അവ്യവസ്ഥയെക്കുറിച്ചുള്ള അന്വേഷണം എൻ. പ്രഭാകരന്റെ എഴുത്തിന്റെ പ്രധാനപ്പെട്ട ഒരു ധാരയാണ്. ഈ അവസ്ഥയുടെ രാഷ്ട്രീയ പശ്ചാത്തലം സൈദ്ധാന്തികമായി ഇഴകീറി പരിശോധിക്കപ്പെടുന്നുണ്ട്, വിശേഷിച്ചും പടിഞ്ഞാറൻ നാടുകളിൽ. അതിന്റെ ചുവടുപിടിച്ച് നമ്മുടെ നാട്ടിലെ അവസ്ഥയെ നിർധാരണം ചെയ്യാനുള്ള ശ്രമങ്ങൾ ഉണ്ടാവുന്നുമുണ്ട്. എൻ. പ്രഭാകരൻ, പച്ചപ്പില്ലാത്ത സിദ്ധാന്തങ്ങളെ പച്ചപ്പുള്ള ജീവിതവുമായി ചേർത്തുനിർത്തി വൈരുധ്യങ്ങളുടെ കരളിൽത്തന്നെ തൊട്ട്, ചിരി എന്നു തോന്നാത്തവിധത്തിലുള്ള ചിരിയുണർത്തി അനായാസമായി കഥപറയുന്നു.**

ഇംഗ്ലീഷിലേക്കു മാറ്റുന്നതിൽ പലരും ഉത്സാഹം കാണിക്കുകയും ചെയ്തു.'' (മായാമനുഷ്യൻ)

'പോസ്റ്റ്, ട്രൂത്ത് ഇറ'യിലെ 'പോസ്റ്റ് മാർക്സിസത്തിനുണ്ടായ പരിണാമത്തെക്കുറിച്ച് തിരഞ്ഞെടുപ്പ് പ്രചാരണം കൊടുമ്പിരിക്കൊള്ളുന്ന ഈ ദിവസങ്ങളിൽ ഞാൻ ആലോചിക്കുകയുണ്ടായി. കമ്യൂണിസ്റ്റ് പാർട്ടി ഏഴു ദശാബ്ദം മുമ്പ് കേരളത്തിൽ അധികാരത്തിലേറുമ്പോൾ ഉയർന്നുകേട്ട മുദ്രാവാക്യങ്ങൾ ചോരയിൽ നിന്നും വിയർപ്പിൽ നിന്നും ഉയിർക്കൊണ്ടവയായിരുന്നു. ഇന്നത് ശീതീകരിച്ച മുറിയിലിരുന്ന് പബ്ലിക് റിലേഷൻ വിദഗ്ധരും 'ഇൻഫ്ളുവൻസർ'മാരും 'തലപുകഞ്ഞാലോചിച്ച്' പടച്ചുവിടുന്നവയാണ്.

മായാമനുഷ്യനിൽ സാഹിത്യഭാഷ തത്ത്വവിശകലനങ്ങളുടെ ഭാഷ സ്വീകരിക്കുന്നതായി കാണാം. പ്രമേയം അതിനിണങ്ങുന്ന ഭാഷയെ കണ്ടെത്തുകയാണ്. തിരിച്ച്, തത്ത്വശാസ്ത്രം തന്നെയും സാഹിത്യത്തിന്റെ 'സ്വകാര്യഭാഷ'യെ വരിച്ചിരിക്കുന്നുവെന്നും കാണാനാവും. 'വിഭ്രാമകചിന്തകനായ'സ്ലാവോയ് ഷീഷെക്കിനെ വായിക്കുമ്പോൾ പഴയ തത്ത്വശാസ്ത്രഗ്രന്ഥങ്ങളുടെ 'യുക്തിഭദ്രത'യിൽ നിന്നുതെന്നി, 'കല്പനാഭാഷ' സ്വീകരിക്കുന്നതായാണ് അനുഭവപ്പെടുന്നത്. സാഹിത്യവും തത്ത്വശാസ്ത്രവും ചെന്നുചേരുന്ന അതിരിലൂടെയാണ് അതിന്റെ പ്രയാണം.

മായാമനുഷ്യന്റെ 'കഥ' പറയുക എന്ന സാഹസത്തിനു മുതിരുന്നില്ല. അതു കഥയാണ്, കഥയല്ലതാനും. 'വർത്തമാനകാലത്തിലൂടെയുള്ള ബോധധാര'യാണത്. 'സർഗ്ഗാത്മക' സാഹിത്യത്തിനും 'സിദ്ധാന്ത' പരിചരണത്തിനുമിടയിൽ നിന്ന് 'ജീവിതശൂന്യത'യെ 'നിറവോ'ടെ ആവിഷ്കരിക്കുന്ന നോവലാണിത്. ഈ നോവലിനെക്കുറിച്ചുള്ള എതിർചിന്തകൾ പോലും ഉൾക്കാഴ്ചകളിലേക്കു നയിക്കുന്ന രൂപ-ഭാവശില്പം മായാമനുഷ്യനുണ്ട്.




# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

**StateFarm®**

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm

State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company

1601489 Bloomington, IL

● ചെറുകഥ

# എട്ടിലൊരാൾ



വര:
പി ആർ രാജൻ

ശ്രീകുമാർ ഭാസ്കരൻ



"അവർ എട്ടു പേരായിരുന്നു. പ്ലസ് ടു വിദ്യാർഥികൾ. അന്ന് അവർ പതിനാലു കിലോമീറ്റർ അകലെയുള്ള പറേലിക്കാവ് ക്ഷേത്രത്തിൽ മിമിക്രി അവതരിപ്പിക്കാൻ പോയതായിരുന്നു. ഒരു ടൈം ഫില്ലർ. അത് കഴിഞ്ഞു ആ ക്ഷേത്രത്തിൽ പത്തുമണി മുതൽ ഒരു നാടകം ഉണ്ടായിരുന്നു. അതുവരെ ആളുകളെ പിടിച്ചിരിത്താനുള്ള ഒരു പരിപാടി.  പരിപാടികഴിഞ്ഞ് അവർ തിരിച്ചു വരവേ വഴിയരുകിലെ ഒരു തട്ടുകടയിൽ നിന്ന് ഭക്ഷണം കഴിച്ചു. പിന്നെ എല്ലാവരും വീട്ടിലേക്കു പോയി. അതിലൊരുത്തൻ പിറ്റേന്ന് രാവിലെ മരിച്ചു കിടക്കുന്നതായാണ് വീട്ടുകാർ കണ്ടത്. അതാണ് കേസ്."

മാദ്ധ്യമ പ്രവർത്തകനായ ഞാൻ സ്വന്തമായി ചെയ്യുന്ന പംക്തിയായിരുന്നു 'അപൂർവ്വാനുഭവം'. ആ പംക്തിക്ക് കുറഞ്ഞ കാലത്തിനകം നല്ല വാ

യനക്കാരുണ്ടായി. വാരികയുടെ നല്ല വിഭവങ്ങളിൽ ഒന്നായി മാറി 'അ പൂർവ്വാനുഭവം'. അതിൽ ഞാൻ പലരുടേയും അനുഭവം വായനക്കാരുമായി പങ്കുവെച്ചിട്ടുണ്ട്. അത്തരത്തിൽ ഒരു അനുഭവ കഥനത്തിനായിട്ടാണ് അന്ന് ഞാൻ രഘുരാമനെ കണ്ടത്.

രഘുരാമൻ ട്രിപ്പിൾ ഫൈവ് സാവകാശം വലിച്ച് പുക മൂക്കിൽക്കൂടി പുറത്തേക്ക് വിട്ടുകൊണ്ടിരുന്നു. പിന്നെ സ്മിർനോഫിന്റെ ഒരു സിപ്പ്. ഒരു സിപ്പ് ഒരു പഫ്. അതാണ് രഘുവിന്റെ രീതി.

''വൈശാഖ്, എന്താ നിന്റെ പ്ലാൻ?. നീ എന്നെ വിറ്റ് കാശുണ്ടാക്കാനാണോ?.'' പകുതി കളിയായും പകുതി കാര്യമായും അവൻ എന്നോടു ചോദിച്ചു.

''അല്ല നിന്നെ പ്രശസ്തനാക്കാൻ'' അതേ നാണയത്തിൽ ഞാൻ തിരിച്ചടിച്ചു.

''പ്രശസ്തി''. അവൻ ചിറി കോട്ടി ഒന്നു ചിരിച്ചു. പിന്നെ പതുക്കെ തുടർന്നു.

''പട്ടര് പൊലീസായാൽ എങ്ങനെ? എന്നൊരു ചോദ്യം ഉണ്ടായിരുന്നു സഹപ്രവർ ത്തകരുടെ ഇടയിൽ. ആദ്യം. അത് വളരെ പെട്ടെന്ന് ഞാൻ മാറ്റിയെടുത്തു. മൂന്നാംമുറ പ്രയോഗത്തിലൂടെ. ഒരു പട്ടർക്ക് സ്

**'പണ്ട് അഞ്ചാം ക്ലാസ്സിൽ വെച്ച് സുഗമഹിന്ദി പരീക്ഷയ്ക്ക് എന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്ന രഘുരാമൻ എന്നേ മരിച്ചു പോയി. ഞാൻ തന്നെ കൊന്നു. ഇല്ലെങ്കിൽ പോലീസ് ഫോർസിൽ ഞാൻ വെറുമൊരു കോമാളിയായി തഴയപ്പെട്ടേനേം. പാമ്പ് പടം കൊഴിച്ചു കളഞ്ഞു പോകുന്നത് പോലെ എന്നിലെ എന്നെ ഞാൻ എന്നേ കൊഴിച്ചു കളഞ്ഞു. ഇപ്പോൾ പാമ്പില്ല. പടം മാത്രമേയുള്ളു. കേവലം പടം മാത്രം."**



ത്രൈണമന:സ്ഥിതിയല്ല എന്ന് എനിക്കു തെളിയിക്കേണ്ടതായിട്ടുണ്ടായിരുന്നു. അങ്ങനെ പുല്ലുതിന്നുന്ന പുലി എന്ന വിളിപ്പേര് എല്ലു തിന്നുന്ന പുലി എന്നായി. ഞാനാകെ മാറി.

അല്പനേരത്തെ മൌനം. പിന്നെ അവൻ തുടർന്നു.

''പണ്ട് അഞ്ചാം ക്ലാസ്സിൽ വെച്ച് സുഗമഹിന്ദി പരീക്ഷയ്ക്ക് എന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്ന രഘുരാമൻ എന്നേ മരിച്ചു പോയി. ഞാൻ തന്നെ കൊന്നു. ഇല്ലെങ്കിൽ പോലീസ് ഫോർസിൽ ഞാൻ വെറുമൊരു കോമാളിയായി തഴയപ്പെട്ടേനേം. പാമ്പ് പടം കൊഴിച്ചു കളഞ്ഞു പോകുന്നത് പോലെ എന്നിലെ എന്നെ ഞാൻ എന്നേ കൊഴിച്ചു കളഞ്ഞു. ഇപ്പോൾ പാമ്പില്ല. പടം മാത്രമേയുള്ളു. കേവലം പടം മാത്രം.''

രഘു വീണ്ടും ഒരു പഫ് എടുത്തു. പിന്നെ വിദൂരതയിലേക്ക് നോക്കിയിരുന്നു. സംസാരിക്കുമ്പോൾ അവൻ എന്റെ മുഖത്തേക്ക് നോക്കിയതേയില്ല. ഒരിക്കൽപ്പോലും. എനിക്കു മുഖം തരാതിരിക്കാൻ അവൻ മന:പൂർവ്വം ശ്രമിക്കുന്നതായി തോന്നി.

അവന്റെ വടുക്കലയുള്ള മുഖത്ത് ഞാൻ ആ പഴയ രഘുരാമനെ തിരയുകയായിരുന്നു. അവന്റെ മുഖത്തെ സഹജമായ സൌമ്യത എന്നോ അവന് കൈമോശം വന്നിരുന്നു. പ്രതിയോഗികളുടെ സമ്മാനമാവണം അവന്റെ മുഖത്തെ വടുക്കല.

ഞങ്ങൾ ആ സായാഹ്നത്തിൽ ഒത്തുകൂടിയതായിരുന്നു വൈഖരിയിൽ. അതിന്റെ ശീതളഛായയിൽ ഇരുന്ന് അവൻ ആ സംഭവം പറഞ്ഞു. വിശദമായി.

''മരിച്ച പയ്യൻ ഒരു ഹരിജനായിരുന്നു. ആ ഒറ്റക്കാരണം തന്നെ ധാരാളം. വലിയ തലവേദന ഉണ്ടാക്കിയ കേസാണത്. ഹരിജനായതുകൊണ്ട് മീഡിയ ശക്തമായി രംഗത്ത് വന്നു. അവർക്ക് ആഘോഷിക്കാൻ ഒരു ഇരയായി. പിന്നെ രാഷ്ട്രീയം, ആക്ഷൻ കമ്മിറ്റി, സാമുദായിക സംഘടന അങ്ങനെ ചപ്പുചവറെല്ലാം ഒന്നിച്ചു കൂടി.''

ഒരു നിമിഷത്തെ ഇടവേളയ്ക്ക് ശേഷം അവൻ തുടർന്നു.

''ബാക്കി എഴുപേരും സവർണ്ണവിഭാഗം എന്നു പറയാവുന്ന തലത്തിലുള്ളവർ. പോരേ പൂരം.

ആ രാത്രി അവരെല്ലാവരും ആഹാരം ഷെയർ ചെയ്തു കഴിച്ചിരുന്നു. അതിൽ ഒരാൾ മാത്രം മരിച്ചു. അപ്പോൾ ഫുഡ് പോയ്സണല്ല മരണ കാരണം. പിന്നെയുള്ള ഒരു സാധ്യത, ആഹാരത്തിന് ശേഷം അവരിൽ ഒരുത്തൻ എല്ലാവർക്കുമായി കൊടുത്ത കപ്പലണ്ടി മിഠായിയാണ്.

'കപ്പലണ്ടി മിഠായി സംശയാസ്പദവും ദുരൂഹവുമാണ്. അതാണ് മരണ കാരണം. ഇതൊരു പ്ലാൻഡ് മർഡർ ആണ്'. അത് ആദ്യം തന്നെ മീഡിയ കുറ്റാന്വേഷകർ സ്ഥിരീകരിച്ചു കഴിഞ്ഞിരുന്നു.

എല്ലാവരുടേയും താല്പര്യം ഇത് ഒരു കൊലപാതകമായി കാണാനായിരുന്നു. പിന്നെ പ്രതികളെന്നാരോപിച്ച് ആ ഏഴു പേരേയും പൊക്കുക. ഇടിച്ചു പഴുപ്പിച്ചു കുറ്റം സമ്മതിപ്പിക്കുക. പിന്നെ കോടതിയിലെ അങ്കം. റിമാൻഡ്, തുടരന്വേഷണം. ഭാഗ്യമുണ്ടെങ്കിൽ അവർ രക്ഷപ്പെടും. ഇല്ലെങ്കിൽ ഇപ്പോൾ പലരും കിടക്കുന്നതുപോലെ അവരും ജയിലിൽ ദീർഘകാലം. പിന്നെ അവരുടെ കുടുംബത്തിന്റെ മാനക്കേട്. സാമൂഹിക ഒറ്റപ്പെടുത്തൽ. അങ്ങനെ പോകും കാര്യങ്ങൾ. എനിക്കോ ഇൻക്രിമെന്റ്, പ്രൊമോഷൻ. കൂടാതെ എന്റെ കിരീടത്തിൽ ഒരു പൊന്തൂവൽ കൂടി. സമർത്ഥനായ പോലീസ് ഓഫീസർ എന്ന ഖ്യാതി.

ഞാനതൊക്കെ നന്നായി ആസ്വദിച്ചിട്ടുള്ളതുമാണ്. പണ്ട്. അതുകൊണ്ടാണ് ഈ ചെറുപ്രായത്തിൽ ഞാൻ ഒരു ഡി. വൈ. എസ്. പി. യായത്. പക്ഷേ ഇപ്പോൾ...

**കൈക്കൂലിയായി കിട്ടിയ ബൈക്കിൽ സർക്കസ്സുകാണിച്ചു വീണ് നട്ടെല്ല് തകർന്ന് എന്നന്നേക്കുമായി കിടപ്പിലായിപ്പോയ ഒരു പ്ലസ് ടു കാരന്റെ തന്ത കൂടിയാണല്ലോ ഞാൻ. അതുകൊണ്ട് ഞാൻ കർമ്മത്തേയും കർമ്മഫലത്തേയും പറ്റിയൊക്കെ ചിന്തിച്ചു തുടങ്ങിയിരുന്നു. എത്ര പേരുടെ മന:പ്രാക്കാണ് ഞാൻ വാങ്ങിക്കൂട്ടിയിട്ടുള്ളത്. നിസ്സഹായരായ പവങ്ങൾക്ക് അതല്ലേ ചെയ്യാൻ പറ്റൂ."**

കൈക്കൂലിയായി കിട്ടിയ ബൈക്കിൽ സർക്കസ്സുകാണിച്ചു വീണ് നട്ടെല്ല് തകർന്ന് എന്നന്നേക്കുമായി കിടപ്പിലായിപ്പോയ ഒരു പ്ലസ് ടു കാരന്റെ തന്ത കൂടിയാണല്ലോ ഞാൻ. അതുകൊണ്ട് ഞാൻ കർമ്മത്തേയും കർമ്മഫലത്തേയും പറ്റിയൊക്കെ ചിന്തിച്ചു തുടങ്ങിയിരുന്നു. എത്ര പേരുടെ മന:പ്രാക്കാണ് ഞാൻ വാങ്ങിക്കൂട്ടിയിട്ടുള്ളത്. നിസ്സഹായരായ പവങ്ങൾക്ക് അതല്ലേ ചെയ്യാൻ പറ്റൂ.''

രഘുരാമൻ ഒരു നിമിഷം മൌനിയായി. ഒരു സിപ്പെടുത്തു. പിന്നെ തുടർന്നു.

''മീഡിയയുടെ ആവേശം ഞാൻ പരിഗണിച്ചില്ല. ആ കാലഘട്ടത്തിൽ ഒരു മാസത്തോളം ഞാൻ പത്രം വായിച്ചില്ല. ആർക്കും സ്കൂപ്പ് കൊടുത്തില്ല. അഭിമുഖത്തിന് ഇരുന്നുകൊടുത്തില്ല.

അന്നാണ് ജീവിതത്തിൽ ആദ്യമായി വളരെ സിൻസിയറായി ഞാൻ ഒരു കേസ് അന്വേഷിക്കുന്നത്.

മരിച്ച പയ്യന്റെ ബോഡി പോസ്റ്റുമോർട്ടം ചെയ്ത പോലീസ് സർജൻ ഡോക്ടർ വേലായുധ കൈമൾ പറഞ്ഞത് പയ്യൻ നന്നായി ഭക്ഷണം കഴിച്ചിരുന്നു. പക്ഷേ ആഹാരത്തിൽ വിഷാംശം കണ്ടില്ല എന്നാണ്.

പിന്നെ എന്ത്?

ആ ചോദ്യം ബാക്കിയായി.

പയ്യന് സ്ഥായിയായ ഒരു അസുഖവും ഉണ്ടായിരുന്നില്ല.

പിന്നെ എന്ത്?

അതൊരു കുഴങ്ങുന്ന ചോദ്യമായിരുന്നു.

അവന്റെ കൂട്ടുകാരെ പല പ്രാവശ്യം ഞാൻ ചോദ്യം ചെയ്തു. ഇണങ്ങിയും പിണങ്ങിയും. ഒരു തുമ്പും കിട്ടിയില്ല.

കുന്തം പോയാൽ കുടത്തിലും തപ്പണമല്ലോ.

ഞാൻ എന്റെ ഗുരുവിന്റെ വാക്കുകൾ ഓർത്തു.

'സത്യത്തിന്റെ ഒരംശം ഏത് ഇരുട്ടിലും മിന്നും. ഇടയ്ക്കിടയ്ക്ക്. കാർമേഘം മൂടിയ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ. അത് കണ്ടുപിടിക്കാൻ കഴിയണം. അതാണ് സിദ്ധി. അന്വേഷകന്റെ സിദ്ധി. അതിനു ബുദ്ധിമാത്രം. പോരാ. പിന്നെ....

'ശ്രദ്ധാവാൻ ലഭതേ ജ്ഞാനം.'

പോലീസ് ട്രെയിനിങ് കോളേജിൽ ക്ലാസ്സ് എടുക്കുമ്പോൾ എന്റെ ഗുരു തോമസ് എബ്രഹാം ഇടയ്ക്കിടയ്ക്ക് ഞങ്ങളോട് പറയുമായിരുന്നു.

തന്റെ ശിഷ്യഗണങ്ങൾ മൂന്നാംമുറയുടെ ആരാധകരാകരുതെന്ന് അദ്ദേഹത്തിന് എന്നും നിർബന്ധമായിരുന്നു. എന്നിട്ടും ഞങ്ങളിൽ പലരും...

എന്റെ മകൻ തകർന്നു വീണ അന്ന്, മാനസികമായി ഞാൻ മരിച്ച അന്ന്, ഞാൻ ആ മനുഷ്യന്റെ കാൽക്കലിരുന്നു കരഞ്ഞു. പച്ചമുള വലിച്ചു കീറുന്നതുപോലെ. ഒരുപാട് നേരം. ചെയ്തുപോയ എല്ലാ തെറ്റി

നും ഞാൻ ക്ഷമ ചോദിച്ചു. ഒരായിരം വട്ടം. ആ സമയം അത്രയും അദ്ദേഹം എന്റെ തലയിൽ തലോടിക്കൊണ്ട് മൌനിയായിരുന്നു. എന്റെ ദു:ഖം ആവാഹിച്ചെടുത്ത് ആ മനുഷ്യൻ ശിലയായിപ്പോയി.

എത്രയോ പ്രാവശ്യം കാള വലിക്കുന്ന വണ്ടിയുടെ ചക്രംപോലെ നിങ്ങളുടെ കർമ്മഫലം നിങ്ങളുടെ പിന്നാലെയുണ്ടാകുമെന്ന് അദ്ദേഹം ഞങ്ങളോട് പറഞ്ഞിരിക്കുന്നു.

ശരിയായ കർമ്മമല്ലെങ്കിൽ ഒരിക്കൽ ആ കർമ്മഫലം നിങ്ങളുടെ ശരീരത്തിൽക്കൂടി ഉരുണ്ടിറങ്ങിപ്പോകും, നിങ്ങളെ നിലംപരിശാക്കിക്കൊണ്ടെന്ന് എത്ര പ്രാവശ്യം അദ്ദേഹം ഞങ്ങളെ ഓർമ്മിപ്പിച്ചിരിക്കുന്നു.

പക്ഷേ അന്നൊക്കെ കാലംകഴിഞ്ഞ ഒരു കിളവന്റെ ജല്പനം എന്നതിനപ്പുറം ഞങ്ങളിൽ പലരും ആ മനുഷ്യന്റെ വാക്കുകളെ മുഖവിലയ്ക്കെടുത്തില്ല. ഒടുവിൽ അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം മനസ്സിലാക്കാൻ എനിക്ക് എന്റെ മകന്റെ ജീവിതം ഹോമിക്കേണ്ടി വന്നു.''

ഒരു നിമിഷം രഘുരാമൻ മൌനത്തിന്റെ വാത്മീകത്തിലേക്ക് ആണ്ടുപോയി.

പിന്നെ എന്നോടു പറഞ്ഞു ' ഈഫ് യു ഡോണ്ട് മൈൻഡ് ഞാൻ ഒരു ഡ്രിങ്ക് കൂടി ഫിക്സ് ചെയ്യട്ടെ.''

അപ്പോൾ തന്നെ അവൻ മൂന്നെണ്ണം കഴിഞ്ഞിരുന്നു.

എന്റെ മറുപടിക്ക് കാത്തു നിൽക്കാതെ അവൻ കൌണ്ടറിലേക്ക് പോയി. ഒരു പെഗ്ഗുമായി തിരിച്ചു വന്നു. പിന്നെ രണ്ടു സിപ്പ് സാവകാശം എടുത്തതിന് ശേഷം അവൻ തുടർന്നു.

''ഒരു കാര്യവുമില്ല. എന്നിട്ടും മരിച്ച ആ പയ്യന്റെ അച്ഛനെ കാണാൻ ഞാൻ വീണ്ടും പോയി. രണ്ടു മാസത്തിന് ശേഷം. അതിനു മുൻപും ഞാൻ ആ മനുഷ്യനെ നേരിൽകണ്ട് സംസാരിച്ചുണ്ട്. പലതവണ. അപ്പോഴെല്ലാം ആ മനുഷ്യൻ ഒരുകാര്യം അവർത്തിച്ചു കൊണ്ടിരുന്നു.

'അവന്റെ കൂട്ടുകാരെ സംശയിക്കരുത്. അവർ നിരപരാധികളാണ്. അവരും എനിക്ക് അവനെപ്പോലെയാണ്'.

അന്നും ആ മനുഷ്യനിൽ നിന്നും കൂടുതൽ ഒന്നും എനിക്ക് കിട്ടാനുണ്ടാവില്ല എന്ന് എനിക്കറിയാമായിരുന്നു. എന്നിട്ടും ഞാൻ വീണ്ടും ആ മനുഷ്യനെ കാണാൻ അയാളുടെ വീട്ടിൽ ചെന്നു.

അയാൾ തികച്ചും ക്ഷീണിതനായിരുന്നു. ആസ്ത്മ രോഗി. പണിക്കൊന്നും പോകാൻ വയ്യ. അയാളുടെ ഭാര്യ നേരത്തെ മരിച്ചിരുന്നു. ആ വീട്ടിൽ അവർ രണ്ടുപേർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ ഒരാൾ. ദാരിദ്ര്യം കൊടികുത്തി വാഴുന്ന ഒരു ചെറ്റക്കുടിൽ.

> **എന്റെ മകൻ തകർന്നു വീണ അന്ന്, മാനസികമായി ഞാൻ മരിച്ച അന്ന്, ഞാൻ ആ മനുഷ്യന്റെ കാൽക്കലിരുന്നു കരഞ്ഞു. പച്ചമുള വലിച്ചുകീറുന്നതുപോലെ. ഒരുപാട് നേരം. ചെയ്തുപോയ എല്ലാ തെറ്റിനും ഞാൻ ക്ഷമ ചോദിച്ചു. ഒരായിരം വട്ടം. ആ സമയം അത്രയും അദ്ദേഹം എന്റെ തലയിൽ തലോടിക്കൊണ്ട് മൌനിയായിരുന്നു. എന്റെ ദു:ഖം ആവാഹിച്ചെടുത്ത് ആ മനുഷ്യൻ ശിലയായിപ്പോയി.**

മിക്കവാറും സമയം അയാൾ കരയുക തന്നെയായിരുന്നു. അപ്പോഴും അയാൾ ഒരു കാര്യം ഉറപ്പിച്ചു പറഞ്ഞു. 'അവന്റെ കൂട്ടുകാരെ ഉപദ്രവിക്കരുത്. അവർ ഒന്നും ചെയ്തില്ല. അവർക്ക് അവനെ വലിയ ഇഷ്ടമായിരുന്നു'.

പതിവു പല്ലവി. അത് അയാൾ തുടരെ അവർത്തിച്ചു കൊണ്ടിരുന്നു.

പിന്നെ അയാൾ പറഞ്ഞു. ''ഏറെ നാളുകൾക്ക് ശേഷമാണ് എന്റെ കുഞ്ഞ് വയറു നിറച്ച് ആഹാരം കഴിച്ചത്. അന്ന്. അതുമതി. മരിക്കുന്ന സമയത്തെങ്കിലും അവൻ പട്ടിണിയായിരുന്നില്ലല്ലോ.'' എന്നിട്ടയാൾ വിങ്ങിക്കരഞ്ഞു. എനിക്കാ കരച്ചിൽ പരിചിതമാണ്.

കൂടുതൽ അയാളെ ബുദ്ധിമുട്ടിക്കാൻ എനിക്കു തോന്നിയില്ല. ഞാൻ പെട്ടെന്നു തന്നെ തിരിച്ചു പോന്നു. പിന്നെ നേരെ പോയത് ആ പയ്യന്റെ മൃതദേഹം പോസ്റ്റുമോർട്ടം ചെയ്ത ഡോക്ടർ വേലായുധ കൈമളെ കാണാനാണ്.

എന്റെ മുന്നിൽ ആകെ ഇരുട്ടായിരുന്നു. കാർമേഘം മൂടിയ ആകാശത്തിലേക്ക് ഞാൻ ഉറ്റുനോക്കിക്കൊണ്ടേയിരുന്നു. ഒരു ചെറുതരി വെളിച്ചത്തിനായി. ഇടയ്ക്കിടയ്ക്ക് മിന്നിമറയുന്ന ആ ഒരു തരി പ്രകാശത്തിനായി.

ഡോക്ടറോട് ആഹാരത്തിലെ വിഷാംശത്തിന്റെ സാദ്ധ്യതയേപ്പറ്റി ഒരു തരുമ്പെങ്കിലും സംശയമുണ്ടോ എന്ന് ഞാൻ അവർത്തിച്ചു ചോദിച്ചു. പക്ഷേ അപ്പോഴും കൈമൾ സർ എന്റെ സംശയം പൂർണമായി തള്ളിക്കളഞ്ഞു.

പിന്നെ എന്ത്?.

എനിക്ക് ഒരു ഊഹവും ഉണ്ടായിരുന്നില്ല. ഞാൻ തിരിച്ചു പോന്നു.

മടങ്ങി വരവേ, പുറംകാഴ്ചകൾ കണ്ട് വണ്ടി സാവധാനം ഓടിക്കുമ്പോൾ പെട്ടെന്ന് എന്റെ മനസ്സിൽ ഒരു മിന്നാലാട്ടം. ഒരു ഷോക്കോടെ ഞാൻ വണ്ടി നിർത്തി. പുറത്തിറങ്ങി ഒന്നു പുകച്ചു.

പിന്നെ വണ്ടി തിരിച്ചു വിട്ടു. ഡോക്ടർ വേലായുധ കൈമളിന്റെ അടുത്തേക്ക്.

എന്നെ കണ്ട ഡോക്ടർ എന്നോടു പറഞ്ഞു. ''നിങ്ങൾ തിരിച്ചു വരുമെന്ന് എനിക്കറിയാമായിരുന്നു. നിങ്ങളുടെ ഗുരു തോമസ് എബ്രഹാം എന്നെ ഇപ്പോൾ വിളിച്ചു വിവരം അന്വേഷിച്ചിട്ടു ഫോൺ വെച്ചതേയുള്ളൂ.''

ഞാൻ എന്റെ മനസ്സിൽ ഉദിച്ച മിന്നലാട്ടത്തെപ്പറ്റി ഡോക്ടറോട് പറഞ്ഞു.

''യെസ്. റീഫീഡിങ് സിൻഡ്രോം. നിങ്ങളുടെ സംശയം ശരിയാണ്. എനിക്കാ സംശയം നേരത്തേ ഉണ്ടായിരുന്നു. അവന്റെ ശരീരഘടനയിൽ നിന്ന് ഞാനത് ഊഹിച്ചതുമാണ്. എങ്കിലും ഉറപ്പിച്ചു പറയണമെങ്കിൽ അവന്റെ ദരിദ്രപശ്ചാത്തലം കൂടി അറിയണമാ

യിരുന്നു''. കൈമൾ സർ വിശദീകരിച്ചു.

''ഏറെ നാൾ സ്ഥിരമായി പട്ടിണി കിടക്കുന്നവരിൽ പോഷകക്കുറവ് ഉണ്ടാകും. അതിനനുസരിച്ച് ഹൃദയം അതിന്റെ പ്രവർത്തനം ക്രമീകരിക്കും. ബ്രാഡികാർഡിയ. പിന്നെ പെട്ടെന്ന് പോഷക സമൃദ്ധമായ ആഹാരം വയറ്റിൽ ചെല്ലുമ്പോൾ രക്തത്തിലെ ഗ്ലൂക്കോ സിന്റെയും എലെക്ട്രോലൈ ട്സിന്റെയും നിലയിൽ പെട്ടെന്ന് വൻ വർദ്ധന ഉണ്ടാകും. അതിനനുസരിച്ച് പെട്ടെന്ന് ഹൃദയത്തിന്റെ പ്രവർത്തനം വർധിപ്പിക്കാൻ ക്ഷീണിതമായ ഹൃദയത്തിന് കഴിയാതെ വരും. അപ്പോൾ ഹൃദയം അതിന്റെ പണി നിർത്തും. അതാണ് ചുരുക്കിപ്പറഞ്ഞാൽ റീഫീഡിങ് സിൻഡ്രോം''.

''ഈ കേസിലും അതുതന്നെ കാരണം. ഇതൊരു സ്വാഭാവിക ഹൃദയ സ്തംഭനമാണ്. ദാരിദ്ര്യം വരുത്തി വെച്ച വിന. പുവർ മാൻ.'' കൈമൾ സർ പറഞ്ഞവസാനിപ്പിച്ചു.

''ഇരുട്ടിലെ ആ മിന്നൽ ഫലവത്തായി.''

''ഏഴു യുവാക്കളുടെ രക്തത്തിനായി മുറവിളി കൂട്ടിക്കൊണ്ടിരുന്ന നിന്റെ കൂട്ടരെ എനിക്ക് നിരാശപ്പെടുത്തേണ്ടി വന്നു.''

മാധ്യമ പ്രവർത്തനത്തിന്റെ അധാർമികതയിൽ അവൻ ആത്മരോക്ഷം പൂണ്ടു. എനിക്കൊരു കുത്തു തന്നുകൊണ്ട്.

''ഞാൻ ആ കേസ് ആ ഫൈൻഡിങ്ങിൽ ക്ലോസ് ചെയ്തു. ഒരു പക്ഷേ എന്റെ കിരീടത്തിൽ എനിക്ക് ചില പൊന്തൂവലുകൾ കൂട്ടിച്ചേർക്കാൻ കഴിയുമായിരുന്നു. ദരിദ്രരായ ആ ഏഴു പയ്യന്മാരെ പ്രതികളാക്കിയിരുന്നു എങ്കിൽ''.

ഒരു നിമിഷം കഴിഞ്ഞു രഘു രാമൻ പറഞ്ഞു. ''അതു വേണ്ടാന്നു വെച്ചു. അല്ലെങ്കിൽതന്നെ ഇനി അർക്കു വേണ്ടി. ഇനിയെങ്കിലും ഞാൻ തോമസ് സർ പറഞ്ഞതിന്റെ പൊരുൾ ഉൾക്കൊണ്ടില്ലെങ്കിൽ പിന്നെ എന്ത് ജീവിതം''. അവൻ തനിയെ ഇരുന്ന് പിറുപിറുത്തു.



**പിന്നെ അയാൾ പറഞ്ഞു. "ഏറെ നാളുകൾക്ക് ശേഷമാണ് എന്റെ കുഞ്ഞ് വയറു നിറച്ച് ആഹാരം കഴിച്ചത്. അന്ന്. അതുമതി. മരിക്കുന്ന സമയത്തെങ്കിലും അവൻ പട്ടിണിയായിരുന്നില്ലല്ലോ." എന്നിട്ടയാൾ വിങ്ങിക്കരഞ്ഞു. എനിക്കാ കരച്ചിൽ പരിചിതമാണ്.**

''പിന്നെ ഞാൻ തോമസ് സാറിനെ കാണാൻ പോയി.

അപ്പോഴും മാധ്യമങ്ങൾ എന്നെ വേട്ടയാടിക്കൊണ്ടിരുന്നു. അവർ എന്നെ വെറുതെ വിട്ടില്ല. കൈക്കൂലി വാങ്ങി ഞാൻ കേസ് ഒതുക്കി എന്ന് പുരപ്പുറത്തുകയറി നിന്ന് അവർ വിളിച്ചു കൂവി. ഞാൻ അത് കാര്യമാക്കിയില്ല. ആദ്യമായി ധീരത എന്താണെന്ന് എനിക്കു മനസ്സിലായി.''

'ധീ' യുടെ ആവിഷ്കാരമാണ് ധീരത. 'ധീ' എന്താണെന്ന് അറിയാമോ?''. തോമസ് സർ ഒരിക്കൽ എന്നോടു ചോദിച്ചു.

''ബുദ്ധി. ബുദ്ധിയുള്ളവന് മാത്രമേ ധീരനാകാൻ പറ്റൂ.'' തോമസ് സർ തുടർന്നു.

''ധീരനു മാത്രമേ ധാർമ്മികനാ

കാൻ പറ്റൂ. എന്തുകൊണ്ടാണ് 'യതോ ധർമ്മസ്തതോ ജയഃ' എന്ന് പറയുന്ന തെന്നറിയാമോ?''

ഞാൻ അദ്ദേഹത്തെ സാകൂതം നോക്കി.

''ധർമ്മികൾക്കെ സിദ്ധിയുണ്ടാവു. അവർക്കേ ശ്രദ്ധയുണ്ടാവു''.

അവസാനമായി അദ്ദേഹം കൂട്ടി ച്ചേർത്തു.

''ശ്രദ്ധാവാൻ ലഭതേ ജ്ഞാനം'. ശ്രദ്ധയുള്ളവനെ ജ്ഞാനമുണ്ടാവൂ. ജ്ഞാനമുള്ളവനെ വിജയമുള്ളൂ.''

''അതെ. ശ്രദ്ധ വേണം. ശ്രദ്ധ. അതെനിക്ക് ഇടയ്ക്ക് വെച്ചു കൈമോശം വന്നുപോയി. കിരീടത്തിൽ പൊന്തൂവൽ കൂട്ടിച്ചേർക്കുന്ന തിരക്കിൽ നഷ്ടപ്പെട്ട പല നന്മകളുടെ കൂടെ ശ്രദ്ധയും ഇറങ്ങിപ്പോയി''.

വിദൂരതയിലേക്ക് നോക്കിക്കൊണ്ട് രഘുരാമൻ പറഞ്ഞു.

''അങ്ങനെ എട്ടിലൊരുവനു വേണ്ടി ബലിയാടുകൾ ആകുമായിരുന്ന ആ ഏഴുപേർ രക്ഷപ്പെട്ടു''.

ഒരു നിമിഷം രഘുരാമൻ മൌനിയായി. പിന്നെ ഒരു പുകകൂടി എടുത്തിട്ട് അടുത്ത പെഗ്ഗിനായി കൌണ്ടറിലേക്ക് നടന്നു.

തിരിച്ചുവന്ന അവൻ ആത്മഗതം എന്നോണം പതുക്കെപ്പറഞ്ഞു.

''പിന്നീട് മൂന്നാഴ്ച കൂടി കഴിഞ്ഞപ്പോൾ അവർ എന്നെ കാണാൻ വന്നു. ആ ഏഴ് പയ്യന്മാർ. ഒരു പൊതിയുമായി. മുൻപും കേസുകൾ ക്ലോസ് ചെയ്യുമ്പോൾ പലരും എന്നെ കാണാൻ വന്നിട്ടുണ്ട്. അവരുടെ പാരിതോഷികങ്ങൾ ഞാൻ വാങ്ങിയിട്ടുമുണ്ട്. അത് എനിക്ക് പുതുമയല്ല''.

''ചില പരിപാടികൾ കിട്ടിയിരുന്നു. അതിന്റെ തിരക്കിലായതു കൊണ്ടാണ് വരാൻ വൈകിയതെന്ന് അവർ ക്ഷമാപണത്തോടെ എന്നോടു പറഞ്ഞു.''

''അവർ നല്കിയ പൊതി ഞാൻ തുറന്നു നോക്കി. പതിനേഴായിരത്തി മുന്നൂറ്. ഇരുപത് തികച്ചില്ല.''

''ഞാൻ അവരെ ഒന്നു നോക്കി. അവർ നിന്ന് പരുങ്ങുകയാണ്. മൂന്നാഴ്ച എന്നെ കാണാൻ വരാൻ അവർ താമസിച്ചത് എന്തുകൊണ്ടാണെന്ന് എനിക്ക് അപ്പോൾ മനസിലായി. പരിപാടികൾ അവർക്ക് കിട്ടിയതല്ല. അവർ ചോദിച്ചു വാങ്ങിയതാണ്. കിട്ടാൻ സാദ്ധ്യതയുള്ള ആയിരത്തിയഞ്ഞൂറിനും രണ്ടായിരത്തിനുമൊക്കെയായിട്ട്''.

''ആ തുക പ്രതിഫലമെന്നാണവർ പറഞ്ഞത്. കൈക്കൂലിയാണെന്ന് ഞാൻ തെറ്റിദ്ധരിച്ചെങ്കിലോ.'' രഘുരാമൻ ചിറികോട്ടി ഒന്നു ചിരിച്ചു. അത്മപുച്ഛം കലർന്ന ചിരി.

**ഞാൻ ആ പൊതി ബലമായി അവരെ തിരിച്ചേല്പിച്ചിട്ട് അവരെ വിളിച്ചുകൊണ്ട് എന്റെ മകൻ കിടക്കുന്ന മുറിയിലെത്തി. ഏതാനം വർഷങ്ങളായി എന്റെ മകൻ എന്നെ മാത്രമേ അവന്റെ മുറിയിൽ കണ്ടിരുന്നുള്ളൂ. എന്നേ അവന്റെ പണക്കാരായ കൂട്ടുകാർ അവനെ കൈയ്യൊഴിഞ്ഞിരുന്നു. വർഷങ്ങൾക്ക് ശേഷം ആദ്യമായി ഒരുകൂട്ടം ആളുകളെ കണ്ടതിന്റെ സന്തോഷം കൊണ്ടാവാം അവന്റെ മുഖത്ത് ഒരു നിറകൺ പുഞ്ചിരി വിടർന്നു''.**

''അവരുടെ ജീവിതം എച്ചിലാക്കാൻ കഴിയുമായിരിന്നിട്ടും അത് ചെയ്യാതിരുന്നതിനുള്ള പ്രതിഫലം. എന്റെ മഹാമനസ്കതയ്ക്കുള്ള പ്രതിഫലം''.

''അന്ന് ആദ്യമായിട്ട് എനിക്ക് എന്നോടു പുച്ഛം തോന്നി. എന്റെ അപ്പോഴത്തെ നിലവാരം ഞാൻ തിരിച്ചറിഞ്ഞു.

ഞാൻ ആ പൊതി ബലമായി അവരെ തിരിച്ചേല്പിച്ചിട്ട് അവരെ വിളിച്ചുകൊണ്ട് എന്റെ മകൻ കിടക്കുന്ന മുറിയിലെത്തി.

ഏതാനം വർഷങ്ങളായി എന്റെ മകൻ എന്നെ മാത്രമേ അവന്റെ മുറിയിൽ കണ്ടിരുന്നുള്ളൂ. എന്നേ അവന്റെ പണക്കാരായ കൂട്ടുകാർ അവനെ കൈയ്യൊഴിഞ്ഞിരുന്നു.

വർഷങ്ങൾക്ക് ശേഷം ആദ്യമായി ഒരുകൂട്ടം ആളുകളെ കണ്ടതിന്റെ സന്തോഷം കൊണ്ടാവാം അവന്റെ മുഖത്ത് ഒരു നിറകൺ പുഞ്ചിരി വിടർന്നു''.

കവിളിലൂടെ ഉരുണ്ടിറങ്ങുന്ന കണ്ണുനീർ വകവെക്കാതെ രഘുരാമൻ ചിലമ്പിച്ച ശബ്ദത്തിൽ തുടർന്നു.


''പിന്നീട് ഞാൻ അവരോടു പറഞ്ഞു. സത്യം മറച്ചു വെച്ചതിന് എനിക്ക് ഒരുപാട് പ്രതിഫലം കിട്ടിയിട്ടുണ്ട്. അതിലെല്ലാം രക്തത്തിന്റെ കറയുണ്ടായിരുന്നു. അന്ന് കിട്ടിയ ഒരു വലിയ പ്രതിഫലം കൈപ്പറ്റിയതിന്റെ അനന്തര ഫലമാണ് നിങ്ങൾ ഇപ്പോൾ കണ്ട എന്റെ മകന്റെ ഈ അവസ്ഥ.''

''എന്റെ മകൻ വീണ അന്ന് അവനെ എല്ലാവരും കൈയ്യൊഴിഞ്ഞു. നിങ്ങൾ എനിക്കു നല്കിയ വലിയ പ്രതിഫലം എന്താണെന്നറിയാമോ. നിങ്ങൾ ഇവിടെ വന്നത്. എന്റെ മകനെ കണ്ടത്. അവന് നിങ്ങളെ കാണാൻ പറ്റിയത്. കുറേ വർഷങ്ങളായി അവൻ എന്റെ മുഖം മാത്രമേ കണ്ടിട്ടുള്ളൂ. ഒരുപാട് കാലം കഴിഞ്ഞ് ഒരുകൂട്ടം ആളുകളെ അവന്റെ മുറിയിൽ അവൻ കാണുന്നത് ഇന്നാണ്.''

ഒരു നിമിഷം രഘുരാമൻ ആ പശ്ചാത്തലത്തിലേക്ക് തിരിച്ചു പോയി. പിന്നെ അവൻ ടേബിളിലേക്ക് തല താഴ്ത്തിവെച്ച് വിങ്ങിക്കരഞ്ഞു. ഒരു പുരുഷന്റെ കരച്ചിലാണ് ലോകത്തിലെ ഏറ്റവും വലിയ വൃത്തികെട്ട കാഴ്ചകളിൽ ഒന്ന് എന്ന തിരിച്ചറിവ് അപ്പോൾ അവൻ മറന്നു പോയി.

ഞാൻ പതുക്കെ എണീറ്റു. ഇനി അവൻ മുഖമുയർത്തി നോക്കുമ്പോൾ എന്നെ കാണണ്ട എന്ന് ഞാൻ തീരുമാനിച്ചു. വിങ്ങിക്കരയുന്ന അവനെ ഒറ്റയ്ക്ക് വിട്ടിട്ട്, ഒരു യാത്ര പോലും പറയാതെ ഞാൻ പുറത്തേക്ക് നടന്നു.

പിന്നെ എന്റെ മകൻ കളിക്കുന്ന സ്ഥലത്തേക്ക് ഞാൻ വണ്ടി ഓടിച്ചു.






# ഒരു രക്തരക്ഷസിന്റെ നീണ്ട യാത്ര

**1973 – ൽ കൃഷ്ണൻ നായർ സംവിധാനം ചെയ്ത രക്തരക്ഷസ് എന്ന ഹൊറർ നാടകം തലമുറകളോളം പ്രേക്ഷകരെ ഭയപ്പെടുത്തുന്നത് എന്തുകൊണ്ടു? ചോദ്യത്തിന് ഉത്തരം നൽകാൻ, ഒരാൾ അത് അനുഭവിക്കണം.**

എം. ടി. സാജു

ആദ്യമായി കലാനിലയത്തിന്റെ ഹൊറർഫാന്റസി നാടകമായ രക്തരക്ഷസ് കാണുന്നത് 1980-കളിലാണ്. തിരുവനന്തപുരത്തിനും കൊല്ലത്തിനും ഇടയിലുള്ള ആറ്റിങ്ങൽ എന്ന ടൗണിൽ ഗടഞാഉ ബസ് സ്റ്റാൻഡിനു പിറകിലായിരുന്നു വേദി. വെറും 12 വയസ്സുമാത്രം പ്രായമുണ്ടായിരുന്ന എന്നെ ഒരു ബന്ധു ടിക്കറ്റ് എടുത്തു വേദിയിലേക്ക് തള്ളിവിട്ടിട്ട് മുങ്ങി. അയാളോട് എന്റെ കൂടെയിരിക്കാനായിരുന്നു വീട്ടിൽനിന്നുള്ള നിർദേശം. പക്ഷെ അയാൾ ഈ നാടകം ഒരിക്കൽ കണ്ടതാണെന്നും, വീണ്ടും കാണാൻ ധൈര്യമില്ലെന്നും, നാടകം കഴിയുമ്പോൾ കൂട്ടികൊണ്ടു പോകാൻ വരാമെന്നും പറഞ്ഞു ഒഴിവായി. മൂന്നു മണിക്കൂർ ഭയന്ന് വിറച്ചു ഞാൻ തള്ളിനീക്കി. വീട്ടിലെത്തി കിടക്കുമ്പോൾ അതാ യക്ഷി ജനാലക്കു പുറത്ത്. ജനാല അടച്ചു. വീണ്ടും



യക്ഷി. ഒന്നുരണ്ടു ദിവസം അങ്ങനെ എന്റെ ഉറക്കം നശിച്ചു.

തലമുറകളായി പ്രേക്ഷകരെ വിസ്മയിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ നാടകം അടുത്തിടെ കോട്ടയത്തെ നാഗമ്പടം ഗ്രൗണ്ടിൽ അരങ്ങേറിയപ്പോൾ വീണ്ടും കാണുകയുണ്ടായി. 1952-ൽ കൃഷ്ണൻ നായർ സ്ഥാപിച്ച കലാനിലയം എന്ന നാടക സംഘം, ദൃശ്യകലയുടെയും സാങ്കേതിക നവീകരണത്തിന്റെയും സവിശേഷമായ സംയോജനത്തിലൂടെ ഇന്ത്യയിലെ വാണിജ്യ നാടകങ്ങളെ മാറ്റി മറിക്കയുണ്ടായി. നിമിഷങ്ങൾക്കുള്ളിൽ ദൃശ്യങ്ങളെ മാറ്റാൻ കഴിയുന്ന കൂറ്റൻ സെറ്റുകൾ, കാതടപ്പിക്കുന്ന ഇടി, മിന്നൽ, എന്നിവയെ തുടർന്ന് കനത്ത മഴ, വേദിയിൽ വിമാനത്തിന്റെ ലാൻഡിംഗ്, കാറുകളുടെ ചീറിപ്പായൽ എന്നിവ കലാനിലയത്തിന്റെ സവിശേഷതകളായിരുന്നു. ഗുരുവായൂരപ്പൻ, കായംകുളം കൊച്ചുണ്ണി, നാരദൻ കേരളത്തിൽ, കടമറ്റത്ത് കത്തനാർ തുടങ്ങിയ ജനപ്രിയ നാടകങ്ങൾ നിർമ്മിച്ചതിന് പേരുകേട്ട ഈ സംഘം, ആ കാലഘട്ടത്തിലെ സിനിമയുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ അഡ്വാൻസ്ഡ് ആയിരുന്നു. 1963-ൽ കൃഷ്ണൻ നായർ, അതുവരെയുള്ള നാടക സങ്കൽപ്പത്തിൽ വിപ്ലവം സൃഷ്ടിച്ചുകൊണ്ട്, തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് ഒരു സ്ഥിരം വേദി എന്ന നൂതനമായ ആശയം അവതരിപ്പിച്ചു.



മാസങ്ങളോളം ഒരേ വേദിയിൽ തുടർച്ചയായി നാടകങ്ങൾ കാണുന്നതിന്റെ അത്ഭുതകരമായ അനുഭവം പ്രദാനം ചെയ്ത പുതിയ പരീക്ഷണത്തെ നാടകപ്രേമികൾ ഇരുകൈകളും നീട്ടി സ്വീകരിച്ചു.

1973-ൽ കൃഷ്ണൻ നായർ സംവിധാനം ചെയ്ത രക്തരക്ഷസ് എന്ന ഹൊറർ നാടകം തലമുറകളോളം പ്രേക്ഷകരെ ഭയപ്പെടുത്തുന്നത് എന്തുകൊണ്ട്? ചോദ്യത്തിന് ഉത്തരം നൽകാൻ, ഒരാൾ അത് അനുഭവിക്കണം. കേരളത്തിലെ കോഴിക്കോട് ജില്ലയിൽ മാർച്ച് അവസാനവാരം അവതരിപ്പിക്കാൻ പോകുന്ന രണ്ടര മണിക്കൂർ ദൈർഘ്യമുള്ള 'രക്തരക്ഷസ്: ചാപ്റ്റർ 1', കൃഷ്ണൻ നായരുടെ മകൻ അനന്തപദ്മനാഭൻ പുനരുജ്ജീവിപ്പിച്ച 7.1 ഡോൾബി ശബ്ദമുള്ള ഒരു നൂതന പതിപ്പാണ്.

പരമ്പരാഗത വൈദ്യനായ തന്റെ പിതാവിനൊപ്പം കാട്ടിൽ താമസിക്കുന്ന ലക്ഷ്മി എന്ന പെൺകുട്ടിയുടെ കഥയാണ് രക്തരക്ഷസ് വിവരിക്കുന്നത്. ലക്ഷ്മി തന്റെ രൂപഭാവത്തിൽ അതൃപ്തയായിരുന്നു, പിതാവിന്റെ കൈവശമുള്ള ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന കാട്ടുചെടികൾ ഉപയോഗിക്കുന്നത് തന്റെ

**1952ൽ കൃഷ്ണൻ നായർ സ്ഥാപിച്ച കലാനിലയം എന്ന നാടക സംഘം, ദൃശ്യകലയുടെയും സാങ്കേതിക നവീകരണത്തിന്റെയും സവിശേഷമായ സംയോജനത്തിലൂടെ ഇന്ത്യയിലെ വാണിജ്യ നാടകങ്ങളെ മാറ്റി മറിക്കയുണ്ടായി. നിമിഷങ്ങൾക്കുള്ളിൽ ദൃശ്യങ്ങളെ മാറ്റാൻ കഴിയുന്ന കൂറ്റൻ സെറ്റുകൾ, കാതടപ്പിക്കുന്ന ഇടി, മിന്നൽ, എന്നിവയെ തുടർന്ന് കനത്ത മഴ, വേദിയിൽ വിമാനത്തിന്റെ ലാൻഡിംഗ്, കാറുകളുടെ ചീറിപ്പായൽ എന്നിവ കലാനിലയത്തിന്റെ സവിശേഷതകളായിരുന്നു.**

സൗന്ദര്യം വർദ്ധിപ്പിക്കുമെന്ന് അവൾ വിശ്വസിച്ചു. നിർഭാഗ്യവശാൽ, സൗന്ദര്യത്തിനായുള്ള അവളുടെ ശ്രമം തിരിച്ചടിയായി, അതിന്റെ ഫലമായി അവൾ ഒരു രക്തരക്ഷസ് ആയി രൂപാന്തരപ്പെടുന്നു.

രക്തം ചാലിക്കുന്ന രംഗങ്ങൾ മാത്രം കാണുന്നത് വെല്ലുവിളി നിറഞ്ഞതാണ്, അതാണ് അതിന്റെ ജനപ്രീതിയുടെ മുഖമുദ്ര - കുട്ടികളായിരിക്കുമ്പോൾ നാടകം കണ്ടവർ ഇപ്പോഴും അത് കാണാൻ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കേരളത്തിലേക്ക് ഒഴുകിയെത്തുന്നതിന്റെ കാരണം. ഏരീസ് ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ പിന്തുണയോടെ പുനരുജ്ജീവിപ്പിച്ച പതിപ്പ് കൊടുങ്ങല്ലൂർ, എറണാകുളം, കൊല്ലം, കോട്ടയം എന്നിവിടങ്ങളിൽ ഇതിനകം അരങ്ങേറി മികച്ച പ്രതികരണമാണ് നേടിയത്.

പാലക്കാട് സ്വദേശിയായ ചാർട്ടേഡ് അക്കൗണ്ടന്റായ ജാൻകി വിനോദ് യക്ഷിയുടെ കഥാപാത്രത്തെ അവതരിപ്പിക്കുമ്പോൾ, ചിപ്പി തിലക് രക്തരക്ഷസിനു ജീവൻ നൽകുന്നു. 1970-കളിലെ ഒരു ഹൊറർ നാടകത്തെ പുനരുജ്ജീവിപ്പിക്കുന്നതിലും ഇന്നത്തെ ചെറുപ്പക്കാരെയും മുതിർന്നവരെയും ഒരുപോലെ ആകർഷിക്കുന്ന തരത്തിൽ അതിന്റെ സത്ത നിലനിർത്തുന്നതിലും താൻ നേരിട്ട വെല്ലുവിളികളെക്കുറിച്ച് അനന്തപദ്മനാഭന് ഒരുപാടു പറയാനുണ്ട്.

കൃഷ്ണൻ നായരുടെ (19171980) മരണ ശേഷം, കലാനിലയം നാടക സംഘം പുനരാരംഭിക്കാൻ അനന്തപദ്മനാഭന് കുറച്ചു വർഷങ്ങൾ വേണ്ടി വന്നു. 2003-ൽ മലയാള സിനിമാനടൻ

ജഗതി ശ്രീകുമാറിനൊപ്പം (അദ്ദേഹത്തിന്റെ പിതാവ് ജഗതി എൻ കെ ആചാരിയാണ് കലാനിലയത്തിലെ മിക്കവാറും എല്ലാ നാടകങ്ങളുടെയും തിരക്കഥ രചിച്ചതു്) കലാനിലയം നാടക ദർശനം ആരംഭിച്ചുകൊണ്ട് അദ്ദേഹം നാടകങ്ങളെ പുനരുജ്ജീവിപ്പിച്ചു. തുടക്കത്തിൽ രക്തരക്ഷസ് തുടർന്ന് കടമറ്റത്ത് കത്തനാർ, കായംകുളം കൊച്ചുണ്ണി, നാരദൻ കേരളത്തിൽ എന്നിവ അദ്ദേഹം അവതരിപ്പിച്ചു. പുതിയ തലമുറയുടെ ആവശ്യങ്ങൾക്കനുസൃതമായി സാങ്കേതികവിദ്യയുടെ വശങ്ങളിൽ നാടകങ്ങൾ വളരെ മികച്ചതാണെന്ന് തെളിഞ്ഞു. അതിശയിപ്പിക്കുന്ന രംഗങ്ങൾ, സംഗീത നൈപുണ്യം, നാടക മികവ് എന്നിവയാൽ നിറഞ്ഞ നാടകങ്ങളെ ആളുകൾ സ്വാഗതം ചെയ്തു. രക്തരക്ഷസ് തമിഴിൽ 'രാരാ രക്ഷസാരാത്രി' എന്ന പേരിൽ പുനർനിർമ്മിക്കുകയും 2009-ൽ കോയമ്പത്തൂരിലും ചെന്നൈയിലും അവതരിപ്പിക്കുകയും ചെയ്തു. ഇന്ത്യയുടെ മറ്റു നഗരങ്ങളിലേക്ക് സ്റ്റേജ് വ്യാപിപ്പിക്കണമെന്നുണ്ടായിരുന്നു പക്ഷെ അത്ര എളുപ്പമായിരുന്നില്ല. ഒന്നാമതായി ഭാഷ, പിന്നെ വലിയ സ്റ്റേജ് നിർമിക്കുന്നതിനുള്ള വസ്തുക്കളുടെ ദൗർലഭ്യം.

സിനിമയിൽ തിരക്കുണ്ടായിരുന്നിട്ടും ജഗതി ശ്രീകുമാർ 2012-ഇൽ അദ്ദേഹത്തിന് ഒരു വാഹന അപകടം സംഭവിക്കുന്നതുവരെ കലാനിലയ




**പാലക്കാട് സ്വദേശിയായ ചാർട്ടേഡ് അക്കൗണ്ടന്റായ ജാൻകി വിനോദ് യക്ഷിയുടെ കഥാപാത്രത്തെ അവതരിപ്പിക്കുമ്പോൾ, ചിപ്പി തിലക് രക്തരക്ഷസിനു ജീവൻ നൽകുന്നു.**

വുമായി സഹകരിച്ചിരുന്നു. പിന്നെ അനന്തപദ്മനാഭൻ ഒറ്റക്കാവുകയായിരുന്നു. ഇതിനിടയിലായിരുന്നു അദ്ദേഹത്തിന്റെ അമ്മയും നാടക നടിയുമായ കൊടുങ്ങല്ലൂർ അമ്മിണി അമ്മയുടെ (19272017) മരണം. തന്റെ അച്ഛൻ കൃഷ്ണൻ നായരുടെ കാലം മുതലേ അമ്മിണിയമ്മ ഒരു നല്ല പിന്തുണ നൽകിയിരുന്നു കലാനിലയത്തിന്റെ വളർച്ചയിൽ. അതുകൊണ്ട് അമ്മയുടെ മരണം അനന്തപദ്മനാഭന് സഹിക്കുന്നതിലും ഏറെ ആയിരുന്നു. ബുദ്ധിമുട്ടിയെങ്കിലും അദ്ദേഹം മുന്നോട്ടുപോയി. പല എക്സ്പിരിമെന്റൽ നാടകങ്ങൾ ചെയ്തു, ഡ്രാമ കോഴ്സുകൾ സംഘടിപ്പിച്ചു. അങ്ങനെ പലതും. 2020-ഇൽ ദേശീയ ലോക്ക്ഡൗൺ വരുമ്പോൾ, എല്ലാ കലാ പ്രവർത്തനങ്ങളും നിയന്ത്രിക്കപ്പെട്ടു. പഴയ രീതിയിൽനിന്ന് ഒരു മാറ്റം മൊത്തത്തിൽ കലാനിലയത്തിനു ആവശ്യമായിരുന്നു. വളരെ വേഗം പുരോഗമിക്കുന്ന ടെക്നോളജി അതിന്റെ ഉപയോഗം കലാ രംഗത്ത് വലിയ മാറ്റങ്ങളാണ് വരുത്തിയത്. ഒരു നല്ല സ്പോൺസർഷിപ് ഇല്ലാതെ മുന്നോട്ടുപോകാൻ കഴിയാതെവന്നു. ഒടുവിൽ 2023-ഇൽ കലാനിലയം നാടക വേദിയെ മൾട്ടി നാഷണൽ കമ്പനി ആയ ഏരീസ് ഗ്രൂപ്പ് ഏറ്റെടുത്തു.

ഏരീസ് കലാനിലയം ആർട്സ് ആൻഡ് തിയേറ്റർ പ്രൈവറ്റ് ലിമിറ്റഡ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ട കലാനിലയം 2024 ഒക്ടോബറിൽ കൊടുങ്ങല്ലൂരിൽ 'രക്തരക്ഷസ് ചാപ്റ്റർ 1' അരങ്ങേറി. പിന്നെ തിരിഞ്ഞുനോക്കേണ്ടി വന്നില്ല.

കൊല്ലം, എറണാകുളം, കോട്ടയം, തൃശൂർ എന്നീവിടങ്ങളിൽ വലിയ ആൾത്തിരക്കായിരുന്നു നാടകം കാണാൻ. പലപ്പോഴും 'ഹൗസ് ഫുൾ' ആവുകയുണ്ടായി. പല ഭാഗത്തു നിന്നും നാടകം കാണാൻ വന്നവർക്ക്








ടിക്കറ്റ് കിട്ടാതെ മടങ്ങേണ്ടി വന്നു.

രക്തരക്ഷസ് എന്ന നാടകം പുനരാവിഷ്കരിക്കുമ്പോൾ, അനന്തപദ്മനാഭൻ ഒരു കാര്യം തീരുമാനിച്ചിരുന്നു. നാടകത്തിന്റെ സത്ത നഷ്ടപ്പെടരുത്. പല കോമഡി രംഗങ്ങൾ ഇന്നത്തെ കാലഘട്ടത്തിനു യോഗിക്കുന്നതല്ല അതുകൊണ്ടു അവ ഒഴിവാക്കി അതേസമയം നാടകത്തിന്റെ തനിമയെ ബാധിക്കുന്ന ഒന്നിലും അദ്ദേഹം കൈ വച്ചില്ല. 'സൽകലാദേവിതൻ ചിത്രഗോപുരങ്ങളേ' എന്ന ഗാനം അതിനു തെളിവാണ്. പാപ്പനംകോട് ലക്ഷ്മണൻ രചിച്ചു വി ദക്ഷിണാമൂർത്തി സംഗീതം നിവഹിച്ച ഈ ഗാനം കലാനിലയം നാടകങ്ങളുടെ ഒരു തുടക്ക ഗാനമായിരുന്നു.

പ്രധാനമായും രണ്ടു കാര്യങ്ങളിലാണ് അനന്തപദ്മനാഭൻ ശ്രെദ്ധിച്ചത്: ചെറുപ്പക്കാർക്കും മുതിർന്നവർക്കും ഒരു പോലെ നാടകം ഇഷ്ടപ്പെടണം. ഒരുപാടു 3-ഡി കട്ട്ഔട്ട്കൾ ഉപയോഗിച്ച്, പിന്നെ സൗണ്ട് ഇന്നത്തെ ഏറ്റവും അഡ്വാൻസ്ഡ് ആയ 7.1 ഡോൾബി സിസ്റ്റം ആണ് ഉപയോഗിച്ചത്. ഇതിനൊക്കെ പുറമെ 10000 ചതുരശ്രയടിയുള്ള സ്റ്റേജ്, അതിൽ 700 പേർക്കിരിക്കാവുന്ന എയർ കണ്ടിഷൻഡ് സീറ്റിങ് ഫെസിലിറ്റി. പഴയ കാലത്തേ ഒരു സാങ്കല്പിക കഥ ഇന്ന് അവതരിപ്പിക്കുമ്പോൾ ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ പലതും അങ്ങനെ പരിഹരിക്കാൻ കഴിഞ്ഞു. അതുകൊണ്ടാവാം , ഈ നാടകം കാണാൻ പല ഭാഗത്തു

**രക്തരക്ഷസ് പോലുള്ള ഒരു നാടകത്തിന്റെ അവതരണം ഒരു സംവിധായകനെ സംബന്ധിച്ച് വെല്ലുവിളികൾ നിറഞ്ഞതാണ്. ഏതാണ്ട് 120 പേർ അരങ്ങിലും അണിയറയിലും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഏകദേശം 70 പേർ അഭിനേതാക്കൾ ആണ്. യക്ഷിയായ് വേഷമിട്ട ജാൻകി ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. രാവിലെ ഓൺലൈനായി തന്റെ ആസ്സൈന്മെന്റ്സ് ചെയ്തു തീർക്കുന്ന തിരക്കിലാണ് ജാൻകി. ഉച്ചയോടെ വേദിയിലെത്തും പിന്നെ അവർ മറ്റൊരു ലോകത്താണ്.**

നിന്നും ഇപ്പോഴും ആളുകൾ തടിച്ചു കൂടുന്നത്.

രക്തരക്ഷസ് പോലുള്ള ഒരു നാടകത്തിന്റെ അവതരണം ഒരു സംവിധായകനെ സംബന്ധിച്ച് വെല്ലുവിളികൾ നിറഞ്ഞതാണ്. ഏതാണ്ട് 120 പേർ അരങ്ങിലും അണിയറയിലും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഏകദേശം 70 പേർ അഭിനേതാക്കൾ ആണ്. യക്ഷിയായ് വേഷമിട്ട ജാൻകി ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. രാവിലെ ഓൺലൈനായി തന്റെ ആസ്സൈന്മെന്റ്സ് ചെയ്തു തീർക്കുന്ന തിരക്കിലാണ് ജാൻകി. ഉച്ചയോടെ വേദിയിലെത്തും പിന്നെ അവർ മറ്റൊരു ലോകത്താണ്. സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത വിശ്വാസമാണ് ജാൻകിയെ അഭിനയത്തിലേക്ക് കൊണ്ടുവന്നത്. സിനിമാ ജീവിതത്തിന്റെ ഗ്ലാമർ ഇല്ലാത്ത നാടകജീവിതം എന്തുകൊണ്ട് സ്വീകരിച്ചു എന്ന ചോദ്യത്തിന് മറുപടി ഉറച്ചതായിരുന്നു. രക്തരക്ഷസ് പോലുള്ള നാടകത്തിന്റെ സാധ്യത അനന്തമാണെന്നും, കാഴ്ചക്കാരുമായി നേരിട്ടുള്ള ഒരു ഇടപെടലിന് അത് വഴിതെളിക്കുന്നു എന്നുള്ളതുമാണ്. താൻ സിനിമയേക്കാൾ നാടകം ഇഷ്ടപ്പെടുന്നു. പ്രൊഫഷണൽ ജീവിതവും നാടക ജീവിതവും ഒന്നിച്ചു കൊണ്ടുപോകാനുള്ള ശ്രമത്തിലാണ് ഈ പാലക്കാട്ടുകാരി.

നാടകം കഴിഞ്ഞു പുറത്തിറങ്ങി അനന്തപദ്മനാഭനോടും ജാൻകിയോടും സംസാരിച്ചിരിക്കവേ പലരും ഇവരെ കാത്തു പുറത്തു നിൽക്കുന്നുണ്ട്. അതിൽ വിദേശത്തു നിന്ന് ലീവിന് വന്നവരുണ്ട്, രാജ്യത്തിന്റെ പല സംസ്ഥാനങ്ങളിൽ നിന്ന് വന്നവരുണ്ട്, കൂടാതെ കേരളത്തിന്റെ പല ഭാഗത്തു നിന്നുള്ളവരും. ഇവർക്കൊക്കെ രക്തരക്ഷസുമായി ബന്ധപ്പെട്ടു അവരുടേതായ അനുഭവങ്ങൾ പങ്കുവെക്കാനുണ്ട്. പലരും കുട്ടിക്കാലത്തു ഈ നാടകം കണ്ടവരാണ്. ചിലർ ഒന്നിലധികം തവണ പല വേദികളിൽ. ഏതാണ്ട് 53 വര്ഷം കഴിഞ്ഞിരിക്കുന്നു, എങ്കിലും എന്തുകൊണ്ട് ഈ നാടകം ഇന്നും നമ്മെ ഭയപ്പെടുത്തികൊണ്ടിരിക്കുന്നു. ഈ ഭയത്തിന്റെ രഹസ്യമെന്താണ്? ജാൻകി ചിരിക്കുന്നു, അന്തപദ്മനാഭനും. അടുത്ത ഷോ തുടങ്ങാറായി.

ചെറുകഥ



മാലിനി




*വര:*
**മറിയം ജാസ്മിൻ**

# "നിബന്ധനകളില്ലാതെ, മാപിനികളില്ലാതെ, സീമകളില്ലാതെ"


'ഈ എഴുപത്തഞ്ചാം വയസ്സിൽ, ഇനിയിപ്പം എന്തായാലെന്താ'; എന്നൊരു നിസ്സംഗതയായിരുന്നു എനിക്കെല്ലാത്തിനോടും. നിറക്കൂട്ടുള്ള, ആടയാഭരണങ്ങളണിഞ്ഞ, ആഘോഷബഹളങ്ങൾ എനിക്കുമടുത്തു. സൗന്ദര്യസംരക്ഷണത്തിലും വിമുഖയായി. ബന്ധങ്ങളിലും സമ്പാദ്യത്തിലുമുള്ള ആനന്ദത്തിലും ഒരു നിർമമത. മനുഷ്യന്റെ ഭ്രമിപ്പിക്കുന്ന പുന്നാരങ്ങളിലെ വിശ്വാസം നഷ്ടപ്പെട്ട്, പ്രണയദിനത്തിൽ റോസാപ്പൂക്കളിലും ചോക്ളേറ്റിലും ഒളിപ്പിച്ച് ഹൃദയം കൈമാറുന്നവരെ കണ്ടപ്പോൾ 'എന്തൊരു കോപ്രായം'' എന്നുപുച്ഛിച്ചു.

അതിനൊക്കെയവസാനം ആദ്ധ്യാത്മികതയുടെയും, ദാർശനികതയുടെയും വിത്തുകളെ ബോധത്തിലും ചിന്തയിലും നട്ടുനനച്ചു വളർത്തി. ഉന്നതചിന്തകളിലൂടെ ഞാൻ വളരുകയാണ് എന്നുറച്ചു വിശ്വസിച്ചു.

**നിങ്ങൾ എപ്പോഴും ഓർമ്മിക്കണം: പ്രണയഭംഗത്തിൽ, നിരാശാവേശത്താൽ പാതി മനസ്സോടെ ഒരുമിച്ചൊരു ആത്മഹത്യക്കൊരുങ്ങുമ്പോൾ ഒരിക്കലും "നീ" ആദ്യം ചാടരുത്, തൂങ്ങരുത്, തിന്നരുത്, കുടിക്കരുത്.'; എന്ന് പ്രണയികളെ ഉപദേശിച്ച ഞാൻ. "ആത്മഹത്യയിൽ നിനക്കൊപ്പമുള്ളയാൾ നിന്റെ മരണം കണ്ടു ഭയന്ന് സ്തംഭിച്ച് നിന്നുപോകും. പിന്നീടവൻ /അവൾ നിന്നെ ചവിട്ടി മറികടന്ന് മുന്നോട്ടുപോകും'എന്ന് പ്രണയപരാജിതർക്ക് മുന്നറിയിപ്പുകൊടുത്ത ഞാൻ. ';ഒളിച്ചോടാനൊരുങ്ങുമ്പോൾ, ഇത്തിരി കൈക്കാശ് കയ്യിൽ കരുതണം. ഇനിയെങ്ങാനും അവൻ/അവൾ വന്നില്ലെങ്കിൽ, തിരികെപ്പോകാൻ അതൊരുറപ്പാ.; എന്നവരെ പ്രായോഗികതയുടെ പാഠങ്ങൾ പഠിപ്പിച്ച ഞാൻ.**

എന്നാൽ, അന്ന് ആ ''കോഫി കപ്പ്'' പിടിച്ചുകൊണ്ടുള്ള അവതാരകന്റെ ഇരിപ്പു കണ്ടതും ഞാനിത്തിരിയൊന്നലിഞ്ഞു.

''നിങ്ങൾ എപ്പോഴും ഓർമ്മിക്കണം: പ്രണയഭംഗത്തിൽ, നിരാശാവേശത്താൽ പാതി മനസ്സോടെ ഒരുമിച്ചൊരു ആത്മഹത്യക്കൊരുങ്ങുമ്പോൾ ഒരിക്കലും ''നീ'' ആദ്യം ചാടരുത്, തൂങ്ങരുത്, തിന്നരുത്, കുടിക്കരുത്.'; എന്ന് പ്രണയികളെ ഉപദേശിച്ച ഞാൻ. ''ആത്മഹത്യയിൽ നിനക്കൊപ്പമുള്ളയാൾ നിന്റെ മരണം കണ്ടു ഭയന്ന് സ്തംഭിച്ച് നിന്നുപോകും. പിന്നീടവൻ /അവൾ നിന്നെ ചവിട്ടി മറികടന്ന് മുന്നോട്ടുപോകും'എന്ന് പ്രണയ പരാജിതർക്ക് മുന്നറിയിപ്പു കൊടുത്ത ഞാൻ. ';ഒളിച്ചോടാനൊരുങ്ങുമ്പോൾ, ഇത്തിരി കൈക്കാശ് കയ്യിൽ കരുതണം. ഇനിയെങ്ങാനും അവൻ/അവൾ വന്നില്ലെങ്കിൽ, തിരികെപ്പോകാൻ അതൊരുറപ്പാ.;




എന്നവരെ പ്രായോഗികതയുടെ പാഠങ്ങൾ പഠിപ്പിച്ച ഞാൻ.

സ്ത്രീ സുഹൃത്തുക്കളൊക്കെ സീരിയൽ കണ്ട്, കരഞ്ഞ്, കരച്ചിലിനു പരിഹാരം പറഞ്ഞ് അടുത്ത സീരിയലിനായ് കാത്തിരുന്നപ്പോൾ ഞാനതിൽനിന്നെല്ലാം അൽപ്പം അകലം പാലിച്ചു. വേദ പുസ്തകം വായിച്ചും, കവിതകൾ വായിച്ചും മനസ്സിനെ ശാന്തമാക്കി ഞാൻ

സന്തോഷിച്ചു.

അപ്പഴും എന്റെ 'ഉന്നതചിന്തകളെയെല്ലാം' റദ്ദു ചെയ്ത്, പരസ്പ്പരബഹുമാനം തെല്ലുമില്ലാതെ, തമ്മിലടിക്കുന്ന ചാനൽ ചർച്ചകൾ ഞാനിഷ്ടപ്പെട്ടു. പ്രത്യേകിച്ചും അവിഹിത, വിവാഹവാഗ്ദാന-പീഡന, ഗർഭ, ഗർഭച്ഛിദ്ര, ഭ്രൂണ-സംരക്ഷണ-പുനരുദ്ധാരണ, കേസുകൾ ഞാൻ വിടാതെ പിന്തുടർന്നു. മൂന്നാൺമക്കളുടെ അമ്മയായതുകൊണ്ടാകാം ആ കേസുകളിലൊക്കെയും ഞാനാ പയ്യന്മാരോട് ചേർന്നുംനിന്നു. ഇക്കാര്യത്തിലവന്മാർ 'നേരല്ല' എന്നത് ഒരു പൊതുസത്യം.'കൂടെച്ചെന്ന പെണ്ണിന്റെ കൂടെയല്ലേ അവൻ കിടന്നത്. ഓടിച്ചിട്ടു

പിടിച്ചൊന്നുമില്ലല്ലോ എന്നും അവന്റെ സൽസ്വഭാവം തിരക്കാൻ ഞാനെന്റെ മകളെ അവന് കെട്ടിച്ചു കൊടുക്കാനൊന്നും പോണില്ലല്ലോ'' എന്നും വളരെ സൗമ്യമായ ഒരെതിർപ്പേ എനിക്കുണ്ടായിരുന്നുള്ളു.

'നിന്റേത് ഇരട്ടത്താപ്പ്'; എന്നെന്നെ സ്നേഹിതകൾ ആക്രമിച്ചപ്പോൾ 'അങ്ങനെ തന്നെ'എന്ന് ഞാനും സമ്മതിച്ച് സ്വയം പ്രതിരോധിച്ചു.

നന്നേ തിരക്കുള്ള ഒരുദിവസം, ഒട്ടും പ്രതീക്ഷിക്കാതെ ഒരു നിമിത്തമെന്നോണമാണ് ഞാനന്നത്തെയാ സദാചാര ചാനൽ ചർച്ച കാണാനിടയായത്. എന്റെ കണ്ണുകളെ അമ്പരപ്പിച്ചുകൊണ്ട് അതിന്റ അവതാരകന്റെ കയ്യിൽ ഒരു കോഫി കപ്പ്! അതിലെ എഴുത്തിൽ എന്റെ കണ്ണുകൾ ചിമ്മാതെ തറച്ചുനിന്നു! 'Love you to the moon and back".

''യ്യോ''! അതുകണ്ടതും എന്റെ മനസ്സൊന്നിളകി!

ചർച്ച കൊടുമ്പിരികൊണ്ടിരിക്കെ, അയാളുടെ കയ്യിൽനിന്നാ കപ്പ് ഊർന്നിറങ്ങി. അത് കിരുകിരെ കരയുന്ന തടി ഗോവണി കയറി പയ്യെപ്പയ്യെ മേലോട്ടുപോയി. സിമന്റു നടകളിലൂടെ ഓടിച്ചാടി താഴോട്ടുവീണുപൊട്ടിച്ചിതറി. ഇടിമുഴക്കത്തിനും മിന്നൽപ്പിണരിനുമിടയിൽ, മേഘവിതാനത്തിൽനിന്നും ഒരശരീരി എന്റെ കാതുകളിൽ മന്ത്രിച്ചു: 'ഏതു കടലിനു നടുവിലാണെങ്കിലും, ഏതു പിശാചിനിടയിലാണെങ്കിലും, പ്രിയപ്പെട്ടവളേ... നീ വിളിച്ചാൽ ഞാൻ വരും.'

''യ്യോ അതുകേട്ടതും ഞാനൊന്നു പതറി! ഇതു തന്നെയാണല്ലോ പണ്ട് ഒളിച്ചോടാനൊരുങ്ങി മുങ്ങും മുമ്പ് അവനും എന്നോടു പറഞ്ഞത്''.

**അന്ന്, ഞാനാ ജനാലക്കൽ വന്ന് നോക്കീന്നത് നേരാ. അന്നേരല്ലേ... അവരെല്ലാംകൂടെ കുകിവിളിച്ച് എന്നെ ഓടിച്ചത്. . ആ രാത്രീല്... ഓടിയതേ ഓർമ്മയുള്ളു. പിന്നെ കിണറ്റീന്നു പൊക്കിയെടുത്ത് രണ്ടുദിവസം കഴിഞ്ഞപ്പൊഴാ സ്ഥലകാല ബോധമുണ്ടായത്". സൂക്ഷിച്ചു വച്ചിരുന്നതെല്ലാം വല്ലാത്തൊരു ധൃതിയിൽ പറഞ്ഞുതീർത്തപോലെ, ശ്വാസത്തിനായ് ഒന്നുനിന്നു.**

എനിക്കു ശ്വാസം മുട്ടി. കണ്ണുകൾക്കൊരു മൂടൽ .

ചിതറിയ ആലോചനകൾക്കൊടുവിൽ, ''ഗ്രാമക്കൂട്ടായ്മയിൽ'' നിന്നും ഞാനാനമ്പർ തപ്പിയെടുത്തു.

വിളിക്കാനൊരറപ്പ്.

പക്ഷേ ആ കപ്പ്! അതിൽ നിലാവ് നിറഞ്ഞൊഴുകുന്നു!

''ഇനിയിപ്പം എന്തായാലെന്താ''? വിളിക്കുക തന്നെ.

ഫോണെടുത്ത് ''ഹാലോ...'ന്നൊരു കുട്ടിയുടെ നീട്ടിവിളി.

''XXXXXX ഉണ്ടോ?''

'യ്യോ! വല്യപ്പച്ചനോ?'േ; കുട്ടി വല്ലാതെ അത്ഭുതപ്പെട്ടു.

''വല്യപ്പച്ചനു ഞാനിപ്പക്കൊടുക്കാം''. ഫോൺ കൈമാറിയപ്പോ മറുതലയ്ക്കൽ ഇടറിയ പരിചിത സ്വരം. 'അതേന്നേ, ഞാൻ വരാം.' അന്ന്, ഞാനാ ജനാലക്കൽ വന്ന് നോക്കീന്നത് നേരാ. അന്നേരല്ലേ...

അവരെല്ലാംകൂടെ കൂകിവിളിച്ച് എന്നെ ഓടിച്ചത്. . ആ രാത്രീല്... ഓടിയതേ ഓർമ്മയുള്ളു. പിന്നെ കിണറ്റീന്നു പൊക്കിയെടുത്ത് രണ്ടുദിവസം കഴിഞ്ഞപ്പൊഴാ സ്ഥലകാല ബോധമുണ്ടായത്''.

സൂക്ഷിച്ചു വച്ചിരുന്നതെല്ലാം വല്ലാത്തൊരു ധൃതിയിൽ പറഞ്ഞു തീർത്തപോലെ, ശ്വാസത്തിനായ് ഒന്നുനിന്നു.

അതിനിടയിൽ അപ്പുറത്തു നിന്നും കുട്ടിയോടുള്ള ദേഷ്യം ഉറക്കെ കേൾക്കാനായി. 'അപ്പച്ചനു ഫോണു കൊടുക്കരുതെന്ന് നിന്നോടെത്രപ്രാവശ്യം പറഞ്ഞിട്ടുണ്ട്. എത്ര പറഞ്ഞാലും കേൾക്കില്ല'

''യ്യോ സോറി കേട്ടോ. കൊറേ നാളായി അപ്പച്ചനിങ്ങനെയാ. ഒന്നും ഓർമ്മയില്ല. ഓരോന്നിങ്ങനെ പിന്നേം പിന്നേം പറഞ്ഞോണ്ടിരിക്കും''.

''ശ്ശോ'', ഞാൻ ചോദിയ്ക്കാൻ മറന്നു. ഇതാരാ വിളിക്കുന്നേ? ആരെയാ വേണ്ടേ? പണ്ട്, നിലാവുള്ള ആരാത്രിയിൽ രാപ്പക്ഷികളിലൊന്ന് കൂട്ടിനോടിങ്ങനെ കുറുകി:

''ആകാശ വിതാനങ്ങൾക്കപ്പുറം
ഭൗമഗോളങ്ങൾക്കപ്പുറം
നിബന്ധനകളില്ലാതെ
മാപിനികളില്ലാതെ
സീമകളില്ലാതെ'' - 'I LOVE YOU TO THE MOON AND BACK" ഫോണിന്റെ മറുതലയ്ക്കലവർ പിന്നെയും ഖേദത്തോടെ തിരക്കി: ശരിക്കും സോറി കേട്ടോ, ആരെയാ വേണ്ടേ?

എന്തായാലെന്താ! ഞാനിങ്ങനെ കുറുകി:''യ്യോ സാരല്ല! ഞാൻ, ആള് തെറ്റി വിളിച്ചതാ!

എനിക്കും ചിലപ്പോഴൊക്കെ നല്ല മറവിയാ!!

# Advertise with us to reach

# 10 MILLION+ VIEWERS!



The Power of Television

News Portals

Social Media

eMail Marketing

(combined)

All in one! Simple Package Low Cost!

Plus

Social Media

Newsletter

eMalayalee | IndiaLife
Pravasi Channel

eMail Blast to 100,000 eMails

emalayalee.com

INDIA LIFE TV HD www.indialife.tv

INDIA LIFE www.indialife.us

pravasi CHANNEL HD


## 2026 Special Ad Rates

Call Media Logistics Inc.

1-917-662-1122 (USA) | 91 999 561 1116 (India)

● പ്രത്യേക അഭിമുഖം

ജെനി ആൻഡ്രൂസ്/
പ്രദീപ് പനങ്ങാട്






# ധ്യാനത്തിന്റെ അനുഭവ തീരങ്ങൾ

**ജെനി ആൻഡ്രൂസിന്റെ എഴുത്തുകൾ ഭാവനയുടെ മഞ്ഞു പാതകളാണ്. അത് അകത്തേക്ക് അകത്തേക്ക് പടരുന്നതാണ്. പ്രകൃതിയും മനുഷ്യനും ജീവിതവും ഋതുഭേദങ്ങളും ഓരോ വാക്കിലും വരിയിലും പതിഞ്ഞിട്ടുണ്ട്. കവിത കാലത്തിന്റെ പ്രകാശരേഖകളിൽ സഞ്ചരിക്കുന്നു. അത് നിശബ്ദവും സാന്ദ്രവുമാണ്. കവി, വിവർത്തക എന്നീ നിലകളിൽ ജെനി സജീവമാണ്. ഏഴാം നാൾ, കോടമഞ്ഞ് ഇറുത്തു താ എന്നീ കവിതാ സമാഹാരങ്ങൾ, തേനിലെത്തുവോളം എന്ന ഉപന്യാസ സമാഹാരം. പതിനഞ്ചോളം വിവർത്തന കൃതികൾ പ്രസിദ്ധീകരിച്ചു. ജെനി ആൻഡ്രൂസ് പ്രദീപ് പനങ്ങാടുമായി സംസാരിക്കുന്നു...**

**? അടിസ്ഥാനപരമായി താങ്കൾ ഒരു കവിയാണ് .ഗദ്യ രചനകൾ പോലും കാവ്യപ്രഭ പതിഞ്ഞതാണ് .കവിതയുടെ രസതന്ത്രം എന്താണ്?**

കവിത വരിക പെട്ടെന്നാണ് .ഒരു ചിന്തയോ അനുഭവമോ വ്യക്തിയോ ഒരു ചെറു പ്രാണിയോ മരമോ ഒരു പൊരി കൊണ്ടുവന്നിടും .അത് പിന്നെ തനിയെ കൊളുത്തപ്പെടുകയാണ് .സങ്കടത്തിലല്ല കവിതയുടെ വരവ്. ഒഴിവിന്റെ നേരത്തിലാണ്.ഒഴിവിലെ നിറവിന്റെ നേരത്തിൽ, സ്വാസ്ഥ്യത്തിന്റെ ഒരനുഭവത്തിൽ. സങ്കടമോ വിരസതയോ സംഘർഷമോ ഉള്ളപ്പോൾ കവിതയില്ല .എന്നെ കുറച്ചു ഞെരുക്കി അവ കടന്നുപോവുക മാത്രം .ഒരുപക്ഷേ ഒരു വിപരീതം തന്നെ എന്ന് തോന്നിയേക്കാം.

കവിതയിലേക്കുള്ള ശ്രദ്ധയൊന്നുമില്ല. ഇമേജറികൾ കുറവാണ് എന്നിൽ. ഒരു ചിന്തയെത്തിയതിന്റെ ചില വിപുലീകരണങ്ങളാവാം വാക്കുകളും വരികളും. ഒന്നും പ്രത്യേകിച്ച് തയ്യാറെടുക്കുന്നതല്ല ശ്രദ്ധിക്കുന്നതുമല്ല .ഒരു 'വരവ്'എന്നല്ലാതെ മറ്റെന്താണു പറയേണ്ടതെന്ന് അറിയില്ല . പേന ഉപയോഗിച്ച് അക്ഷരങ്ങളെ വരയ്ക്കുമ്പോൾ ഒരു ആഹ്ലാദാനുഭവമാണ് കിട്ടുക. പൂവ് വിരിയും പോലെ വാക്കുകൾ വിരിയുന്നതായി തോന്നും. ടാബിലേയ്ക്ക് എഴുത്ത് മാറ്റേണ്ടി വന്നപ്പോൾ ഇപ്പോൾ വിരൽത്തുമ്പാണ് ഉപയോഗിക്കുന്നത് . handwriting എന്ന പഴയകാല ഉപാധി പുതിയ കാലത്തിലേക്ക് പരിഗണമിച്ച വിധം. സ്ക്രീനിൽ ചൂണ്ടുവിരൽത്തുമ്പ് കൊണ്ട് കോറുമ്പോൾ, അക്ഷരങ്ങൾ വിടരുന്നു.പുതിയ ഒരാവിഷ്കാരം.

**? കവിതയ്ക്കുള്ളിൽ എപ്പോഴും ഒരു ധ്യാനസ്ഥലി സൂക്ഷിക്കുന്നുണ്ടല്ലോ. അത് ദാർശനികമായ സമീപനം ആണോ?**

നിശബ്ദതയിലേക്ക് കിനിഞ്ഞിറ

ഞാൻ പ്രിയമാണ് .കുറേ ഒഴിവു നേരങ്ങൾ കിട്ടുന്നു , അഥവാ മറ്റു പലതും വേണ്ടെന്ന് വെച്ചിട്ട് ഒഴിവുനേരങ്ങളെ കൂടെ ചേർക്കുന്നു .അപ്പോഴാണ് സാധിക്കുക, ഈ നൂഴ്ന്നു പോകൽ. അത്തരം വായനകളും കൂടെയുണ്ട് . അവയിൽ നിന്നുള്ള കാഴ്ചയും രാകിമിനുക്കലുകളും ആണ് ഇപ്പോൾ ഏറ്റവും പ്രിയം. ഒരു സ്ഥലം .സ്വന്തം സ്ഥലം. വല്ലപ്പോഴും അവിടെ എന്തോ ചലനം സംഭവിക്കുമ്പോഴാവാം ഒരു പക്ഷേ, ഒരു കുറിയ്ക്കലിലേയ്ക്ക് പ്രേരണ എത്തുന്നത്. കൂടുതലും , അപ്പോൾ മാത്രമാണത്.

**❓ പരമ്പരാഗത കാവ്യരീതികളെ നിരാകരിക്കുന്നു .എന്നാൽ കാല്പനികത നിലനിർത്തുകയും ചെയ്യുന്നു. ഇത് തിരിച്ചറിയുന്നുണ്ടോ?**

' വൃത്ത'ത്തെ എൻറെ വൃത്തത്തിലാക്കാൻ സാധിച്ചിട്ടില്ല .എന്തോ, ചട്ടക്കൂടിന്റെ ഉള്ളിൽ അടങ്ങിയിരിക്കാത്ത ഒരു തെന്നിമാറൽ. നിരാകരിച്ചതോ നിലനിർത്തുന്നതോ അല്ല. അങ്ങനെയാണ് വരുന്നത് എന്നേയുള്ളൂ. ഇത് തിരിച്ചറിയുന്നുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്ന് തന്നെ പറയാം.'വല്ലാതെ ഫിലോസഫിക്കലാകുന്നു 'എന്നൊരു ഓർമ്മപ്പെടുത്തൽ കെ. ബി. പ്രസന്നകുമാറിന്റെ ഭാഗത്തുനിന്ന് വന്നപ്പോഴും , 'കവിതയാവശ്യപ്പെടുന്ന മിനുസങ്ങൾ കുറവാണ് ജെനിയിൽ ' എന്ന് കൽപ്പറ്റ മാഷ് സൂചിപ്പിച്ചപ്പോഴും അതിൽ അല്പം ആലോചന ലഭിച്ചു. ഒരു സമയത്ത് ആ ഒരു സമീപനമായിരുന്നു. ഇപ്പോൾ തെല്ല് അയഞ്ഞിട്ടുണ്ടെന്നു തോന്നുന്നു.

നിശബ്ദതയുടെ സാധ്യതകളും ഗാംഭീര്യവും അറിയിച്ചു തരും വിധമായിരുന്നു കുട്ടിക്കാലം .അയൽപക്കങ്ങൾ അത്രയില്ലാതെ, കൃഷിയിടത്തിന് നടുവിലെ വീട് .കൂട്ടുചേരലുകളോ ഒന്നും ഉണ്ടായിരുന്നില്ല .ആ ഇടം തൃപ്തികരമായിരുന്നു, ഇഷ്ടമായിരുന്നു. മറ്റു സാധ്യതകൾ തേടിയില്ല. അജ്ഞാതമായ എന്തിന്റെയോ ആകർഷണം അറിഞ്ഞും ആസ്വദിച്ചുമായിരുന്നു ആ കാലം.എന്നാൽ അതൊന്നും അത്ര തീക്ഷ്ണം എന്നു പറയാവുന്ന അളവിലൊന്നും ആയിരുന്നില്ല. ചിലപ്പോൾ ആ ചുറ്റുപാടുകൾ നൽകിയ എന്തോ ഒന്ന് ഉള്ളിൽ നിലനിൽക്കുകയാവാം. ഒരു കാല്പനികതയിലേക്ക് എന്നെയത് ഒഴുക്കി വിട്ടിട്ടുണ്ടാവാം. അനുദിന കാര്യങ്ങൾ അവയുടെ ചേരുവയിൽ നടന്നുകൊണ്ടിരിക്കുന്നു .ശരി, അവയങ്ങനെ നടക്കട്ടെ, എന്നാൽ സമാന്തരമായി

> **കവിതയിലേക്കുള്ള ശ്രദ്ധയൊന്നുമില്ല. ഇമേജറികൾ കുറവാണ് എന്നിൽ. ഒരു ചിന്തയെത്തിയതിന്റെ ചില വിപുലീകരണങ്ങളാവാം വാക്കുകളും വരികളും. ഒന്നും പ്രത്യേകിച്ച് തയ്യാറെടുക്കുന്നതല്ല ശ്രദ്ധിക്കുന്നതുമല്ല . ഒരു 'വരവ്' എന്നല്ലാതെ മറ്റെന്താണു പറയേണ്ടതെന്ന് അറിയില്ല . പേന ഉപയോഗിച്ച് അക്ഷരങ്ങളെ വരയ്ക്കുമ്പോൾ ഒരു ആഹ്ലാദാനുഭവമാണ് കിട്ടുക. പൂവ് വിരിയും പോലെ വാക്കുകൾ വിരിയുന്നതായി തോന്നും.**

ഒന്ന് അതിനൊപ്പം ഉണ്ട് .അതല്ലേ 'കാല്പനികത'? അതൊരു ഔഷധമാണ് . ഒഴിഞ്ഞുമാറൽ എന്ന നിർവചനം ചേരില്ല .കാലത്തോടൊപ്പം സഞ്ചരിക്കുമ്പോൾ, വഴിയരികിൽ നിന്ന് ചില ഔഷധയിലകൾ നുള്ളിയെടുത്ത് അതുകൂടി ചവച്ചിറക്കി അങ്ങനെ നടക്കുന്നു. ചിലപ്പോൾ വഴിക്കാഴ്ചയിൽ തെല്ലു തട്ടിനിൽക്കും, ചിലപ്പോൾ മഞ്ഞിലെന്നോണം തെന്നിപ്പായും , ചിലപ്പോൾ കല്ലും മുള്ളും വേദനിപ്പിക്കും .എന്നാലെന്താ, കാലത്തോടൊപ്പമല്ലേ ....രസകരം.അരങ്ങ് അങ്ങനെ കിടക്കുന്നു , ഈ നാമരൂപം അതിന് ആടേണ്ടതായ രംഗങ്ങൾ ആടുന്നു.

**❓ കവിതയിൽ നിന്ന് യാത്രയിലേക്കും യാത്രയിൽ നിന്ന് കവിതയിലേക്കും സഞ്ചരിക്കുന്നു . ഇതിൻറെ ആന്തരിക സംഘർഷം എങ്ങനെ കണ്ടെത്തുന്നു?**

യാത്ര കൂടുതലും ഇരിക്കുന്നിടത്തിരുന്നുള്ള യാത്രയാണ്. എവിടേക്കാണ് ,ആരാണ് അപ്പോൾ വഴികാട്ടി, എന്ന് ചോദിച്ചാൽ പുസ്തകങ്ങളിലൂടെയുള്ള വിചാരങ്ങൾ തന്നെ യാത്രയും വഴികാട്ടിയും. പുറമേയുള്ള യാത്രകളും സാധിക്കാറുണ്ട് .സാധിക്കുമ്പോൾ വളരെ സന്തോഷം. ഇടയ്ക്കിടെ ഒന്നു കുതറാൻ,ചലിക്കാൻ -ലോകം കാണാൻ പുറപ്പെടുക തന്നെ. തിരിച്ചെത്താൻ വീടുണ്ടല്ലോ. യാത്രകൾക്കുള്ളിലെ യാത്രയിലായിരിക്കുമ്പോൾ (inner journey) വീട്ടിലായിരിക്കുകയാണ് .ദൂരമൊന്നും ഇല്ല . അരികെ അരികെ എല്ലാം. താദാത്മ്യം.ഒരു സ്വതന്ത്രതയുടെ തൂവലടുക്ക് ലഭിക്കുന്നു .പണികൾ, തിരക്ക്, സംഘർഷം ,എല്ലാമുണ്ട് . എന്നാലോ അല്ലാതെയുമുണ്ടല്ലോ മുഹൂർത്തങ്ങൾ.കവിത ചിലപ്പോൾ നമ്മെ റാഞ്ചിയെടുത്ത് ഒറ്റ കുതിപ്പാണ് .നാം വെറുതെ 'പേന '. പിന്നെ ആ കുതിക്കൽയാത്ര കഴിയുമ്പോൾ, 'എന്താണിത് ?ഈ വാക്ക് യുക്തമോ? ഇതിൽ ശാസ്ത്രഭദ്രതയുണ്ടോ?' എന്നൊക്കെ ചികഞ്ഞു പോകേണ്ടി വരുന്നു. വീണ്ടും പറയട്ടെ ,ഉപമകൾ രൂപകങ്ങൾ കുത്തിയൊഴുകുന്ന എഴുത്തല്ല എന്റേത്.ഉപമകളുടെ സമൃദ്ധമായ ഒഴുക്കുള്ള കവികളെ വായിക്കുമ്പോൾ ഞാൻ വിസ്മയിക്കാറുണ്ട്. ഒരു ഉറവയിലെത്തി നിന്ന് അവർ എഴുതുകയാണല്ലോ എന്ന് കൃത്യമായി കാണാനാവുന്നു

എഴുത്തിൽ സംഘർഷം തോന്നിയിട്ടുള്ളത് ചിലപ്പോൾ ഒന്നോ രണ്ടോ വാക്കിൽ ആയിരിക്കും! അവയുടെ കിട്ടായ്കയിൽ അങ്ങനെ തടഞ്ഞുനിന്നു പോകും .ചിലപ്പോൾ അങ്ങനെയങ്ങനെ ഇരുന്ന് ,ഒരു തൃപ്തികരമായ വരി/വാക്ക് വന്നേക്കും ! ആഹ്ലാദത്തോടെ ഒരു സുഹൃത്തിനെ

യെന്നപോലെ ഞാൻ സ്വീകരിച്ചാന യിക്കും.

**? സ്വയം രൂപപ്പെടുത്തുന്ന ദർശനങ്ങളുടെയും സമീപനങ്ങളുടെയും അടിസ്ഥാനം എന്താണ്?**

'വാസ്തവം' എന്നതിലേക്ക് ഒരു ചായ്‌വ് ഉണ്ട് .പുറമേയുള്ള ബഹളങ്ങളിൽ നഷ്ടപ്പെടുന്ന ഒന്നിനെക്കുറിച്ച് ബോധ്യവും വിശ്വാസവും ലഭിച്ചപ്പോൾ ആ ആരവങ്ങളിൽ നിന്ന് കുറെയൊക്കെ മാറിനിൽക്കാനാണ് താത്പര്യം .വേണ്ടപ്പോൾ മാത്രം ആയിടങ്ങളിൽ കാൽ വയ്ക്കുകയും ഉൾപ്പെടുകയും ചെയ്യുന്നുമുണ്ട് . എല്ലാത്തിലും അഭിപ്രായം നടത്തിയും എല്ലാ ലോകകാര്യങ്ങളും വീക്ഷിച്ചും വ്യാപരിക്കുവാൻ ഏറെയേറെപ്പേർ .'അല്ലാതെയും ജീവിക്കാമെന്ന് തെളിയിക്കുവാൻ 'എന്നൊക്കെ ഞാൻ കളിയായി പറയുന്നത് കാര്യമായി തന്നെയാണ് .ഈ വാഹനം ഇങ്ങനെ പൊയ്ക്കൊള്ളട്ടെ , തിരക്കുള്ള പാതകളിൽ കുതിക്കാതെ മെല്ലെ ,എന്നാൽ ഇഴയാതെ, ഒരു ഗതി . കൃത്യമായ ബോധ്യമുണ്ട്.

**? വിവർത്തനങ്ങൾക്ക് പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ അടിസ്ഥാനം എന്താണ്?**

ആദ്യം തന്നെ നല്ല പുസ്തകങ്ങൾ ലഭിക്കുകയായിരുന്നു. ഡി.സി.ബുക്സിൽ നിന്ന് ആദ്യം ലഭിച്ചത് റോബിൻ ശർമയുടെ The Monk who Sold His Ferrari ആണ്.അന്ന് അത് വശ്യമായിരുന്നു .പുസ്തകങ്ങൾ ഓരോന്ന് ലഭിച്ചുകൊണ്ടിരുന്നു. സ്വന്തം ഭാഷയിലേക്ക് അവയെ പകർത്തിക്കൊണ്ടിരുന്നു .അതൊരു ശ്രദ്ധയുടെയും സാധനയുടെയും അനുഭവമായി . അങ്ങനെ എനിക്കുകൂടി ഉപകരിക്കുന്നവ എഴുതുവാനായി ആഭിമുഖ്യം . ഒഴിവു നേരങ്ങളെ വിവർത്തനത്താൽ പൂരിപ്പിക്കുമ്പോൾ അല്പം തെളിച്ചവും പ്രതിഫലമായി ലഭിക്കുമ്പോൾ കൂടുതൽ ഔചിത്യം . ചില പുസ്തകങ്ങൾ സ്വയം തിരഞ്ഞെടുത്തവ തന്നെയാണ് .'മിർദാദിന്റെ ഗ്രന്ഥം' അടിവരയ്ക്കുന്ന നിശബ്ദത വളരെ സ്വാധീനശക്തിയുള്ളത്. അതിനെ എന്റെ ഭാഷയിലേക്ക് പകർത്താതെ വയ്യ എന്ന തോന്നൽ. കാഴ്ചപ്പാടുകളെയെല്ലാം ഇളക്കിമറിക്കുന്ന, തിങ്ങിക്കൂടലുകളെയെല്ലാം ചിതറിച്ചൊഴിപ്പിക്കുന്ന, മന്ത്രണങ്ങളാണവ.

സെൻ ഗുരുവിനെ എഴുതുമ്പോൾ ആ ഒരു പശ്ചാത്തല പ്രവേശനവും ഉള്ളാലെ നടത്തുന്നു. ചുറ്റുമിരിക്കുന്ന ശിഷ്യവൃന്ദത്തെയും ആശ്രമത്തെയും തെളിഞ്ഞു കണ്ടുകൊണ്ട് ,ഗുരുവിന്റെ ഗംഭീര സ്വരം കേട്ടുകൊണ്ട്, അങ്ങനെ പകർത്തിക്കൊണ്ടിരിക്കും. 'മഞ്ഞുപുലി'യിൽ ഹിമശൈലങ്ങളുടെയും കാൽനടയാത്രകളുടെയും ആന്തരിക സഞ്ചാരത്തിന്റെയും അനുഭവങ്ങൾ ഏറ്റുവാങ്ങിക്കൊണ്ട് ഞാനങ്ങനെ പീറ്റർ മാത്തീസന് പിന്നാലെ നടന്നു. ശക്തമായ പ്രകൃതി സാന്നിധ്യങ്ങൾ , തിരിച്ചറിവുകൾ .ഞാനും ഹിമക്കാറ്റേറ്റു, തളർച്ച തീർക്കാനുള്ള ഇരിപ്പുകൾ ഏറ്റെടുത്തു, കൂടാരരാത്രികൾ അറിഞ്ഞു. ഈ എഴുത്തുകളെല്ലാം കൂട്ടിക്കൊണ്ടുപോകുന്നത് വാക്കുകളുടെ തലത്തിൽ നിന്ന് അർഥങ്ങളുടെ തലത്തിലേക്കാണ് .

> **'വല്ലാതെ ഫിലോസഫിക്കലാകുന്നു 'എന്നൊരു ഓർമ്മപ്പെടുത്തൽ കെ. ബി. പ്രസന്നകുമാറിന്റെ ഭാഗത്തുനിന്ന് വന്നപ്പോഴും , 'കവിതയാവശ്യപ്പെടുന്ന മിനുസങ്ങൾ കുറവാണ് ജെനിയിൽ ' എന്ന് കൽപ്പറ്റ മാഷ് സൂചിപ്പിച്ചപ്പോഴും അതിൽ അല്പം ആലോചന ലഭിച്ചു. ഒരു സമയത്ത് ആ ഒരു സമീപനമായിരുന്നു. ഇപ്പോൾ തെല്ല് അയഞ്ഞിട്ടുണ്ടെന്നു തോന്നുന്നു.**

വായനയ്ക്കും ചിന്തയ്ക്കുമുള്ള ആ സമയക്കളം വിവർത്തനം എന്ന ക്രിയയാൽ കൂടുതൽ സംഗതമാകുന്നു. 'നീ എന്തെടുക്കുന്നു?' എന്ന ചോദ്യമില്ലാതെ ഒരു വീട്ടമ്മയുടെ ഒഴിവു നേരങ്ങൾ പൂരിപ്പിക്കപ്പെടുന്നു.

**? വിവർത്തനം സ്വന്തം സർഗ്ഗാത്മക രചനകളെ സ്വാധീനിക്കാറുണ്ടോ?**

വിവർത്തനത്തിന്റെ സ്വാധീനം തീർച്ചയായും എഴുത്തിലും ജീവിതത്തിലുമുണ്ട് .ചില മേഖലകളുടെ പരിചയങ്ങളിലേക്ക് അത് എന്നെ കൂട്ടുന്നു .പദസംയോജനം എന്ന ആ കല പരിശീലിക്കുവാൻ വിവർത്തനം സഹായിക്കുന്നു .രണ്ടു പദങ്ങളെ ചേർത്തുതുന്നി പുതിയതൊന്നിനെ സൃഷ്ടിച്ച് സന്തുഷ്ടിയോടെ കണ്ടുനോക്കുക എന്നത് വിവർത്തനത്തിനിടയിലെ ഒരു ആസ്വാദനമായിരുന്നു. 'മഞ്ഞുപുലി'യിലൊക്കെ ആ സാധ്യതകൾ സന്തുഷ്ടമായി ഉപയോഗിക്കാനായി. ഒരു അടയിരിപ്പിന്റെ ക്ഷമയും അനുഭൂതിയും ഏറെ അറിയാൻ സാധിക്കുന്ന പുസ്തകങ്ങളാണ് കൂടുതലും.

ഇപ്പോൾ , സൗമ്യതയ്ക്കൊപ്പം കാർക്കശ്യവുമുള്ള സൂഫിഗുരുവിനെയാണ് പകർത്തുന്നത് .അതിനാൽ കാവ്യാത്മക പരീക്ഷണങ്ങൾ ഒക്കെ നീക്കിവെച്ച് ഞാൻ ഗൗരവമണിഞ്ഞിരിക്കുന്നു .പക്ഷേ ആശയങ്ങളുടെ ആഴമോ ,അത്യപൂർവ്വം ,അതിഗംഭീരം. ഗുരുവിൻറെ കാർക്കശ്യവും സൗമ്യതയും ഒന്നിച്ചറിഞ്ഞുകൊണ്ട് . ആഴത്തെ അടയാളപ്പെടുത്തുമ്പോൾ അല്പം കർശനത ഭാഷയിലുണ്ടാകും. ഭാവനകളുടെയും സങ്കല്പങ്ങളുടെയും കളങ്ങൾക്കപ്പുറമാണ് അവിടം. അതിനാൽ ആ വഴിക്കായി സഞ്ചാരം.

അങ്ങനെ എഴുതിയെഴുതി വരുമ്പോൾ ഏതെങ്കിലുമൊരു ആശയത്തിന്റെ തുഞ്ചിൽ പിടിച്ച് ചിലപ്പോൾ ഒരു കവിതയിലേക്ക് കുതിച്ചിട്ടുണ്ട് . പുസ്തകവുമായി അത്ര ബന്ധമുണ്ടാകാറില്ല അതിന് . എന്നാൽ കുതിക്കാനുള്ള Spring board , അത് (ഈ ആശയത്തിന് ശ്രീ ആഷാമേനോനോട് കടപ്പാട്) അതിൽ നിന്നാണ് കിട്ടിയിരിക്കുന്നത്. അങ്ങനെ ഏതാനും അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട് ,മുമ്പ്.

എന്നാൽ എഴുത്തിനേക്കാൾ ഈ പുസ്തകങ്ങൾ സഹായിച്ചിട്ടുള്ളത് ജീവിതച്ചുവടുകളെത്തന്നെയാണ്. ചൂണ്ടുപലകകളായി ലഭിക്കുന്ന പല വെളിപ്പെടലുകൾ .നടപ്പിന്റെ താളക്രമത്തിലേക്ക് അവയും ഈണങ്ങൾ തരുന്നു.

**❓ ബൈബിളിന്റെ സ്വാധീനം എഴുത്തിലേക്ക് പടരുന്നത് എങ്ങനെയാണ്?**

ബൈബിൾ ഞാൻ ആദ്യം പരിചയിച്ചിട്ടുള്ളത് ശിക്ഷിക്കുന്ന ഒരു ദൈവത്തിൻറെ കൽപ്പനകളുടെ പുസ്തകം എന്ന നിലയിലാണ് .ഓ, കാർക്കശ്യങ്ങളുടെയും മധ്യസ്ഥതകളുടെയും ശിക്ഷയുടെയും ഒരു ലോകം .എനിക്ക് അത്ര ആകർഷണീയത തോന്നിയിരുന്നില്ല, ആ ലോകത്തോട്. ആകെപ്പാടെ ഒരു പാരുഷ്യം. ഒരു നിർബന്ധിത ഏർപ്പാട്. പിന്നെ അതിൽനിന്ന് തേടിയപ്പോൾ കണ്ടെടുത്ത ദർശനപ്രഭകളും ആന്തരിക നിഗൂഢതകളും ഒക്കെയാണ് സ്വാധീനിച്ചത് . യേശുവിനെ സ്നേഹിതൻ എന്നു കൂടിയാക്കി കാണുവാൻ സാധിച്ചപ്പോൾ നല്ലയൊരു സ്വാസ്ഥ്യം ലഭിച്ചു .എല്ലാ രഹസ്യങ്ങളുടെയും താക്കോൽ കയ്യിലുള്ള ഗുരു ,ക്ഷമാശീലൻ.എല്ലാം പറയാൻ ഒരാൾ .പിണക്കം ,ഇണക്കം , പ്രാർത്ഥന, sharing ഒക്കെ നേരെയങ്ങ് പ്രകടമാക്കാം. ബൈബിളിലെ മിന്നലൊളികൾ വളരെ അപൂർവമായി കവിതയിലേക്ക് വന്ന് ഇടം പിടിച്ചിട്ടുണ്ട് .ഒരു വരിക്ക് മിഴിവ് തരാനും ,മറ്റൊരു വരിക്ക് ധൈര്യം പകരാനും ,വേറെ ഒന്നിന് ചങ്ങാത്തം തരാനും ചിലപ്പോൾ ആ സുവിശേഷച്ചീന്തുകൾ തയ്യാറായി.

**❓ കവിതകൾ കാഴ്ചകളുടെ നിരയാണ് .ഇത് ബോധപൂർവ്വമായ തെരഞ്ഞെടുപ്പാണോ?**

കവിതകളൊക്കെ വന്നിട്ടുള്ളത് വെറുതെയൊരു വരവിലൂടെയാണ് . 'ഞാൻ നേരെ ഇങ്ങു പോന്നു ', എന്നൊക്കെ നമ്മൾ പറയാറുള്ളത് പോലെ. അതിൽ പരിഷ്കാരങ്ങൾ വരുത്തുവാൻ ശ്രമിച്ചാൽ അതിൻറെ തനിമയൊക്കെ പോകുമെന്ന് കണ്ടതിനാൽ അത്ര ശ്രമത്തിനൊന്നും മുതിരാറില്ല. എന്നാൽ ചില വാക്കുകളെ പെറുക്കി മാറ്റി അർത്ഥത്തിനോ വ്യക്തതക്കോ മറ്റു വാക്കുകളെ പകരം വയ്ക്കാറുണ്ട് .'ഓ കവിത ഇങ്ങനെ എഴുതണം – ഒരു ആശയത്തെ കേന്ദ്രമാക്കി വച്ച് ,സൂര്യനാക്കിവച്ച് ,അതിൽ നിന്നുള്ള അനേകം രശ്മികളെന്നപോലെ മറ്റ് ആശയങ്ങളെ പല ദിശയിൽ നിന്ന് ചേർത്ത് അടുക്കണം' , എന്നെ

> **പുറമേയുള്ള ബഹളങ്ങളിൽ നഷ്ടപ്പെടുന്ന ഒന്നിനെക്കുറിച്ച് ബോധ്യവും വിശ്വാസവും ലഭിച്ചപ്പോൾ ആ ആരവങ്ങളിൽ നിന്ന് കുറെയൊക്കെ മാറിനിൽക്കാനാണ് താത്പര്യം . വേണ്ടപ്പോൾ മാത്രം ആയിടങ്ങളിൽ കാൽ വയ്ക്കുകയും ഉൾപ്പെടുകയും ചെയ്യുന്നുമുണ്ട് . എല്ലാത്തിലും അഭിപ്രായം നടത്തിയും എല്ലാ ലോകകാര്യങ്ങളും വീക്ഷിച്ചും വ്യാപരിക്കുവാൻ ഏറെയേറെപ്പേർ . 'അല്ലാതെയും ജീവിക്കാമെന്ന് തെളിയിക്കുവാൻ 'എന്നൊക്കെ ഞാൻ കളിയായി പറയുന്നത് കാര്യമായി തന്നെയാണ് .**

ങ്ങാൻ പരിശീലന ക്ലാസ്സ് ലഭിച്ചാൽ ഞാൻ തോറ്റത് തന്നെ .

ഒരു നിരയായി കാഴ്ചകൾ അല്ലെങ്കിൽ ദൃശ്യങ്ങൾ ഓടിക്കയറിയെങ്ങാൻ വന്നാൽ, അങ്ങനെ കുറെ വരികൾ ചേർന്ന് ഒരു കവിതയാകും . അങ്ങനെ വന്നിട്ടുണ്ട് .ഒന്നിനെ കണ്ട് മറ്റ് ഒന്നു രണ്ടിനെക്കൂടി ഓർമ്മിക്കുന്നു .ഒരു ഓർമ്മ അച്ചടക്കത്തോടെ വന്ന് നിന്നുതരുന്നു ,അപ്പോൾ അതിൻറെ ചർച്ചക്കാരെന്നപോലെ ഒന്നു രണ്ടു പേർ കൂടി ഓടി വരുന്നു. അങ്ങനെ ചിലപ്പോൾ .എന്നാൽ അതിലേക്ക് മറ്റൊരു ഗംഭീരനെക്കൂടി ചേർക്കണം എന്നെനിക്ക് തോന്നിയാൽ – സാധിക്കില്ല .എല്ലാം വിറങ്ങലിച്ചു നിൽക്കും .വരുന്നവരേ വരൂ, വരാത്തവരേ നിങ്ങൾ വരണമെന്നില്ല, എന്നേ ഞാൻ പറയൂ.

**❓ എഴുത്തും ജീവിതവും തമ്മിലുള്ള അടുപ്പം/അകൽച്ച എങ്ങനെയാണ്?**

മുമ്പ് ,ഒരു മുഴുകിപ്പോകലിൽ നിന്ന് എഴുന്നേൽക്കുകയെന്നത് അല്പം ഉലച്ചിലാകുമായിരുന്നു. കറങ്ങുന്ന ഒരു ഫാൻ പെട്ടെന്ന് നിർത്തുമ്പോൾ ദലങ്ങൾ കുറച്ചുനേരം കൂടി മെല്ലെ കറങ്ങിത്തീർക്കും പോലെ, ആ അലകൾ അങ്ങനെ മനസ്സിൽ തുടരും. എന്നാൽ അനുദിനപരിസരത്തിലേക്ക് എത്തൽ എന്നതിനെ ഉടനെ തന്നെ ബാലൻസ് ചെയ്ത് എടുക്കും. 'സാസെനിൽ ഇരിക്കുമ്പോൾ സദാ ആ ഇരിപ്പിൽ തുടരുവാൻ ഞാൻ ആഗ്രഹിക്കുന്നു , എന്നാൽ വീണ്ടുമെനിക്ക് എൻറെ കർമ്മത്തെ മാറ്റേണ്ടതുണ്ട് ',എന്ന് സ്വന്തം ഉദാഹരണം തന്നെ വെച്ചുകൊണ്ട് സെൻ ഗുരു പറഞ്ഞത് പകർത്തിയപ്പോൾ, മനസ്സിൽ പതിഞ്ഞപ്പോൾ , ഇക്കാര്യത്തിൽ തീർച്ച കിട്ടി .

ആ വ്യക്തത വഴി ആ വിഷമം ഇല്ലാതായി. ലഭിക്കാതെ പോയ ചില വാക്കുകളെയോ ആശയത്തെയോ ഉള്ളിലിട്ട് ചിന്ത ചെയ്തുകൊണ്ടിരിക്കുക എന്നത് സ്വാഭാവികമായും തുടരുന്നുണ്ട് എന്ന് മാത്രം. ജീവിതവുമായി ഇതൊന്നും കലമ്പുന്നില്ല.പ്രദീപിന്റെ ഈ ചോദ്യം ഒരു അമ്പരപ്പിലേക്കാണ് കൊണ്ടുപോയത് .എഴുത്തും ജീവിതവുമോ? –അവ തമ്മിൽ അടുത്താണല്ലോ, അല്ല അകന്നാണല്ലോ എന്ന് മാറിമാറിക്കളിക്കുന്നു മനസ്സ്.

രണ്ടും എന്റെ രണ്ടു വശത്തുമായി നീങ്ങുന്നു. അപ്പോൾ ഞാനോ? ഇങ്ങനെ നടുവിൽ നിൽക്കുന്നു. ഒരു വശത്ത് ജീവിതവും, ഒരു വശത്ത് എഴുത്തും.

രണ്ടും എന്നിൽ ഒരു കേന്ദ്രം ചമച്ച് അവയുടെ ഗതി തുടരുന്നു .അരികിലായി, അല്ല തെല്ലകലെയായി .ജീവിതമേ, എഴുത്തേ,നിങ്ങൾ നിങ്ങളുടെ നിശ്ചിതവഴിയേ പൊയ്ക്കൊള്ളുക.

# ഡയറിക്കുറിപ്പുകളിലെ അച്യുതമേനോൻ

**ആധുനിക കേരളചരിത്രത്തിലെ വിശേഷപ്പെട്ട ഒരധ്യായമാണ് അച്യുതമേനോന്റെ ജീവിതകഥ എന്നതു നിസ്തർക്കമാണ്. ആ ജീവിതം ചരിത്രത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ടെങ്കിലും ലിഖിതചരിത്രത്തിൽ വളരെക്കുറച്ചുമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.**

***ഫോട്ടോ:*** **പുനലൂർ രാജൻ**
***എഴുത്ത്:*** **മാങ്ങാട് രത്നാകരൻ**




**അച്യുത മേനോൻ പ്രസംഗിക്കുന്നു**

സി. അച്യുതമേനോൻ സമഗ്രമായ ഒരു ആത്മകഥ എഴുതിയിട്ടില്ല. ചില ബാല്യകാലസ്മരണകൾക്കും ഓർമ്മയിലെ ഏടുകൾക്കും അദ്ദേഹം അക്ഷരരൂപം നൽകിയിട്ടുണ്ടെന്നതു ശരി തന്നെ. ആധുനിക കേരളചരിത്രത്തിലെ വിശേഷപ്പെട്ട ഒരധ്യായമാണ് അച്യുതമേനോന്റെ ജീവിതകഥ എന്നതു നിസ്തർക്കമാണ്. ആ ജീവിതം ചരിത്രത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ടെങ്കിലും ലിഖിതചരിത്രത്തിൽ വളരെക്കുറച്ചുമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

**കേരളത്തിലെ സമുന്നതരായ കമ്യൂണിസ്റ്റ് നേതാക്കൾ, എ.കെ. ജിയും ഇ.എം.എസ്.നമ്പൂതിരിപ്പാടും എം.എൻ.ഗോവിന്ദൻനായരും ആത്മകഥ എഴുതിയിട്ടുണ്ട്. 'ആത്മം' പൊതുവേ കുറവായ ആത്മകഥകളാണ് അവ, വിശേഷിച്ചും ഇ.എം.എസിന്റേത്. എന്തുകൊണ്ടിങ്ങനെ? കാരണം, അവരുടെ ജീവിതം ജനജീവിതവുമായി അത്രമാത്രം ഇഴുകിച്ചേർന്നവയാകയാൽ, 'ആത്മം' തന്നെ 'പരജീവിത'മായിരുന്നു.**

അവിസ്മരണീയങ്ങളായ നിരവധി അനുഭവങ്ങളും ആശയപ്രകാശനത്തിന് അനുയോജ്യമായ ഭാഷാശൈലിയുമുള്ള അച്യുതമേനോൻ ആത്മകഥ എഴുതാതിരുന്നത് എന്തുകൊണ്ടാവാം? കേരളത്തിലെ സമുന്നതരായ കമ്യൂണിസ്റ്റ് നേതാക്കൾ, എ.കെ.ജിയും ഇ.എം.എസ്.നമ്പൂതിരിപ്പാടും എം.എൻ. ഗോവിന്ദൻനായരും ആത്മകഥ എഴുതിയിട്ടുണ്ട്. 'ആത്മം' പൊതുവേ കുറവായ ആത്മകഥകളാണ് അവ, വിശേഷിച്ചും ഇ.എം.എസിന്റേത്. എന്തുകൊണ്ടിങ്ങനെ? കാരണം, അവരുടെ ജീവിതം ജനജീവിതവുമായി അത്രമാത്രം ഇഴുകിച്ചേർന്നവയാകയാൽ, 'ആത്മം' തന്നെ 'പരജീവിത'മായിരുന്നു.

അച്യുതമേനോനോട് ആത്മകഥയെഴുതാൻ പലരും സ്നേഹപൂർവ്വമായ നിർബന്ധം ചെലുത്തിയിരുന്നു. വ്യക്തികളും പത്ര-മാസികാസ്ഥാപനങ്ങളും മറ്റും. അദ്ദേഹം



**പുനലൂർ രാജൻ മോസ്കോയിൽ**

**അച്യുതമേനോനോട് ആത്മകഥയെഴുതാൻ പലരും സ്നേഹപൂർവ്വമായ നിർബന്ധം ചെലുത്തിയിരുന്നു. അദ്ദേഹം പക്ഷേ വിനീതനായി ഒഴിഞ്ഞുമാറുകയായിരുന്നു. അതിന് അച്യുതമേനോൻ പറഞ്ഞ കാരണങ്ങൾ മനസ്സിലാക്കാവുന്നതേയുള്ളൂ: "എഴുതിയാൽ സത്യമെഴുതണം. ജീവിച്ചിരിക്കുന്ന പലരേയും വെറുതേ വേദനിപ്പിക്കേണ്ടിവരും. അതിനു ഞാൻ തയ്യാറല്ല."**

പക്ഷേ വിനീതനായി ഒഴിഞ്ഞുമാറുകയായിരുന്നു. അതിന് അച്യുതമേനോൻ പറഞ്ഞ കാരണങ്ങൾ മനസ്സിലാക്കാവുന്നതേയുള്ളൂ: ''എഴുതിയാൽ സത്യമെഴുതണം. ജീവിച്ചിരിക്കുന്ന പലരേയും വെറുതേ വേദനിപ്പിക്കേണ്ടിവരും. അതിനു ഞാൻ തയ്യാറല്ല.''

അച്യുതമേനോന്റെ ഡയറിക്കുറിപ്പുകൾ (കറന്റ് ബുക്സ്, തൃശ്ശൂർ, 2002) എന്ന പുസ്തകം ആത്മകഥയുടെ കുറവ് പരിഹരിക്കുന്നില്ലെങ്കിലും, ആത്മകഥ എഴുതാത്ത വ്യക്തിയുടെ ജീവിതചിത്രങ്ങൾ എന്ന നിലയിൽ വിലപ്പെട്ടതാണ്. അച്യുതമേനോന്റെ കത്തുകളും വിലപ്പെട്ട രേഖയാണ് (കെ.വി.കെ. വാരിയർ ക്കെഴുതിയ കത്തുകളുടെ സമാഹാരത്തെക്കുറിച്ച് ഈ പംക്തിയുടെ മുൻലക്കങ്ങളിലൊന്നിൽ പരാമർശിച്ചിട്ടുണ്ട്.)

1976 മുതൽ 1989 തുടക്കം വരെയുള്ള കാലയളവിലെ ചില ദിവസങ്ങളിലെ വിശേഷങ്ങളാണ് അച്യുതമേനോൻ ഡയറിയിൽ എഴുതുന്നത്. താൻ ബന്ധപ്പെട്ട വ്യക്തികൾ, ഔദ്യോഗികവും വ്യക്തിപരവുമായ വിവരങ്ങൾ, ഗുണദോഷവിചിന്തനങ്ങൾ, എഴുത്തിനെക്കുറിച്ചുള്ള കുറിപ്പുകൾ, സാഹിത്യരചനകളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ തുടങ്ങിയവ. പുസ്തകത്തിന്റെ മുഖവുരയിൽ കെ.വി.സുരേന്ദ്രനാഥ് (ആശാൻ) പറയുന്നതുപോലെ, ''ഇന്ത്യയും രാജ്യാന്തരങ്ങളും അതതു സന്ദർഭങ്ങളിൽ നേരിടേണ്ടിവന്നിട്ടുള്ള പ്രശ്നങ്ങൾ ആരെക്കാളും ഭംഗിയായി പഠിച്ചു മനസ്സിലാക്കുവാനും സ്വന്തം രചനകളിലൂടെ പ്രകാശിപ്പിക്കാനും ആ കാലഘട്ടത്തിലുടനീളം അദ്ദേഹം ജാഗ്രത പുലർത്തിയിരുന്നു. നിഷ്കളങ്കമായ മനുഷ്യസ്നേഹമാണ് എല്ലാ പ്രവർത്തനങ്ങൾക്കും പിന്നിൽ അച്യുതമേനോനെ നയിച്ച ചേതോവികാരം–ആ ഹൃദയവിശുദ്ധിയും ആത്മാർത്ഥയും അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളെ ആകെക്കൂടി സമാകർഷകമാക്കുന്നു.''

ഡയറിക്കുറിപ്പുകൾ അവതരിപ്പിച്ച ടി.എൻ.ജയചന്ദ്രൻ എഴുതിയ കുറിപ്പിലും അച്യുതമേനോന്റെ ജീവിതവുമായി അതിനെ ഇഴ ചേർക്കുന്നു. ''അച്യുതമേനോന്റെ ജീവിതശൈലിയുടെ പ്രധാന ഘടകങ്ങളിലൊന്നായ കൃത്യനിഷ്ഠയുടെ ഭാഗമായിരുന്നു ഡയറികളും കത്തുകളും. ജീവിതായോധനം തുടങ്ങി ഏറെത്താമസിയാതെതന്നെ അദ്ദേഹം ഡയറി എഴുതിത്തുടങ്ങിയതായി അറിയാം. പക്ഷേ അദ്ദേഹം തിരഞ്ഞെടുത്ത രാഷ്ട്രീയമാർഗ്ഗം അപകടം നിറഞ്ഞതായതുകൊണ്ട്, ആദ്യകാലങ്ങളിലെ ഡയറികളിലേറെയും സർക്കാരിന്റെ കിങ്കരന്മാർ പിടിച്ചെടുക്കുകയോ അദ്ദേഹം തന്നെ നശിപ്പിക്കുകയോ ചെയ്തിരുന്നു.''

അച്യുതമേനോന്റെ ലളിതജീവി

തം, 'മഞ്ഞുതുള്ളിയിൽ കാടെന്ന പോലെ,' ഈ ഡയറിക്കുറിപ്പുകളിൽ തെളിഞ്ഞുകാണുന്നു. ചില 'എൻട്രി'കൾ വായിച്ചാൽ ഇന്നാരും വിശ്വസിച്ചെന്നുവരില്ല. ഉദാഹരണങ്ങൾ:

1977 ജൂലൈ 14: ''സബ്ട്രഷറിയിൽ പോയി പെൻഷൻ ഒപ്പിട്ടുവാങ്ങിച്ചു. മാർച്ച് 22 മുതൽ ജൂൺ 30 വരെയുള്ള പെൻഷൻ 1496 ക. കിട്ടി. ഹാവു. വലിയ ആശ്വാസമായി.''

1977 ജൂലൈ 25: ''നല്ലനാട്ടു കുട്ടൻ മേനോൻ റിട്ടയർ ചെയ്യുമ്പോൾ ഒരു പണക്കിഴി നൽകുന്നതിലേക്കായി 25 ക. കൊടുത്തു. 50 രൂപാ കൊടുക്കണമെന്നുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതിക്ക് കൂടുതൽ കൊടുക്കാൻ കഴിവില്ല.''

സാഹിത്യരചനകളെക്കുറിച്ചുള്ള അഭിപ്രായങ്ങളും അച്യുതമേനോൻ തുറന്നെഴുതുന്നു.

1976 മാർച്ച് 6: ''മയ്യഴിപ്പുഴയുടെ തീരങ്ങളിൽ വായിച്ചവസാനിപ്പിച്ചു. അത്ര കേമമൊന്നും ആയിട്ടില്ല.''

1977 സെപ്തംബർ 21: ''മലയാറ്റൂർ രാമകൃഷ്ണന്റെ യന്ത്രം വായിക്കാനെടുത്തു. വളരെ കേമമായി തോന്നിയില്ല. എന്തോ, ഐ.എ.എസ്സുകാരുടെ ജീവിതരീതിയോടുള്ള വെറുപ്പാണോ? എന്തോ.''

1978 ജനുവരി 6: ''കെ.പി.ജി. തർജ്ജമ ചെയ്ത മയകോവ്സ്കിയുടെ ''ലെനിൻ'' വായിച്ചു. ഒരു രസവും ആവേശവും തോന്നിയില്ല. മയകോവ്സ്കിയുടേതാണോ കുറ്റം, കെ.പി.ജിയുടേതാണോ എന്നറിഞ്ഞുകൂടാ. ചില നല്ല വരികൾ ഇടയ്ക്കു കാണാം എന്നതൊഴിച്ചാൽ.''

1978 മെയ് 21: ''കാക്കനാടന്റെ അടിയറവ് വായിച്ചു. നല്ല ശക്തനായ എഴുത്തുകാരൻ. പക്ഷേ എന്തു കാര്യം. വൃത്തികേട് എഴുതുന്നതും സഹിക്കാം. അതു നല്ലതിലേക്കുള്ള വഴി വെട്ടാനാണെങ്കിൽ. ഇത് അങ്ങനെയെന്നു തോന്നുന്നില്ല.''

1985 ഏപ്രിൽ 11: ''വാക്കിന്റെ സൗന്ദര്യശാസ്ത്രം എന്ന ബാലചന്ദ്രൻ വടക്കേടത്തിന്റെ പുസ്തകം വായിച്ചു. ഏൃലമഹ്യേ റശമ്യൈൂീശിശേഴ എന്തൊക്കെയോ പറഞ്ഞിരിക്കുന്നു. അതുതന്നെ അന്തവും കുന്തവുമില്ലാത്ത ഭാഷയിൽ. ഇതൊന്നും ലിരീൗൃമഴല ചെയ്യാൻ പാടില്ല.''


അടിയന്തരാവസ്ഥക്കാലത്ത് മുഖ്യമന്ത്രിയായിരുന്ന സി.അച്യുതമേനോൻ വളരെ ശ്രദ്ധിച്ചും പിശുക്കോടെയുമാണ് അക്കാലം രേഖപ്പെടുത്തിയിരിക്കുന്നത്: ചില ഉൽക്കണ്ഠകൾ ഡയറിയിൽ അദ്ദേഹം പങ്കിടുന്നു.

1976 മാർച്ച് 7: ''രാവിലെ പുറപ്പെടുന്നതിനു മുമ്പ് രാജേശ്വരറാവു വന്ന് ചില കാര്യങ്ങൾ സംസാരിച്ചു. സഞ്ജയന്റെ വികൃതികൾ അസഹ്യമാകുന്നു. പ്രധാനമന്ത്രിക്കുള്ള പിന്തുണയെപ്പോലും ദുർബലപ്പെടുത്തുന്നു...''

1976 മേയ് 15: ''രാത്രി എം.എസ്.നമ്പൂതിരിയും ടി.വി. ഈച്ചരവാരിയരും കൂടി കാണാൻ വന്നു. വാരിയരുടെ മകനെ പോലീസ് പിടിച്ചുകൊണ്ടുപോയതിനെപ്പറ്റി അന്വേഷിക്കാനാണ്.''

1976 മേയ് 16: ''(ജയറാം) പടിക്കലിനെ കണ്ടു സംസാരിച്ചു. പി. രാജൻ ഒളിവിലാണെന്നും പോലീസിനു പിടികിട്ടിയിട്ടില്ലെന്നും തറപ്പിച്ചു പറഞ്ഞു.

**അച്യുതമേനോന്റെ ലളിതജീവിതം, 'മഞ്ഞുതുള്ളിയിൽ കാടെന്ന പോലെ,' ഈ ഡയറിക്കുറിപ്പുകളിൽ തെളിഞ്ഞുകാണുന്നു. ചില 'എൻട്രി' കൾ വായിച്ചാൽ ഇന്നാരും വിശ്വസിച്ചെന്നുവരില്ല. ഒരു ഉദാഹരണം :1977 ജൂലൈ 14:" സബ്ട്രഷറിയിൽ പോയി പെൻഷൻ ഒപ്പിട്ടുവാങ്ങിച്ചു. മാർച്ച് 22 മുതൽ ജൂൺ 30 വരെയുള്ള പെൻഷൻ 1496 ക. കിട്ടി. ഹാവു. വലിയ ആശ്വാസമായി."**



മാങ്ങാട് രത്നാകരൻ

1976 ആഗസ്ത് 17: ''പോലീസിന് എന്തു തോന്ന്യവാസവും കാട്ടാമെന്നായിട്ടുണ്ട്. ഇതെന്തു കാലം!''

1977 ജൂലൈ 8: ''അടിയന്തരാവസ്ഥയെ പിന്താങ്ങിയത് ശരിയോ തെറ്റോ എന്ന പ്രശ്നം വന്നു. ഇന്ദ്രജിത് ഗുപ്ത, ഫറൂഖി, ഞാൻ എന്നിവർ തെറ്റായിപ്പോയി എന്നു പറഞ്ഞു. അതാണു ഇജ്ജഇ യുടെ അഭിപ്രായമെങ്കിൽ സെക്രട്ടറിയേറ്റിൽ നിന്നു താൻ രാജിവയ്ക്കുന്നു എന്നു ഡാങ്കെ പറഞ്ഞു. ഭൂപേശ് ഗുപ്ത നേരെ മറിച്ചും പറഞ്ഞു. അതായത് അടിയന്താരവസ്ഥയെ അനുകൂലിച്ചാൽ അവർ നാഷണൽ കൗൺസിലിൽപോലും ഉണ്ടാകില്ല എന്ന്.''

1977 ജൂലൈ 27: ''വൈകുന്നേരം നടക്കാൻ പോയി. പാർക്കിൽ കുറച്ചുനേരം ഇരുന്നു. തിരിച്ചുവരുമ്പോൾ കുറേ ചെറുപ്പക്കാർ-കോളേജ് വിദ്യാർത്ഥികളാണെന്നു തോന്നുന്നു-''രാജൻ എവിടെ?.'' എന്ന് ഉറക്കെ വിളിച്ചുചോദിച്ചു കളിയാക്കാൻ ശ്രമിച്ചു. കേൾക്കാത്ത ഭാവത്തിൽ ഞാൻ നടന്നുപോരികയും ചെയ്തു.''

ഈ ഡയറിക്കുറിപ്പുകളുടെ പ്രാധാന്യം ഇത്രയും എഴുതിയതിൽ നിന്നുതന്നെ ഏറെക്കുറെ മനസ്സിലാക്കാനാവും. അച്യുതമേനോൻ പറയാതെ വിട്ട കാര്യങ്ങളെക്കുറിച്ചും നമുക്കു ധാരണ കിട്ടും.

# Blue Ocean Wealth Solutions

A member of the MassMutual Financial Group

## PHILIPOSE SAMUEL

30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

- Group Term Life Insurance
- Group Whole Life Insurance
- Short-term and Long-term Disability Insurance
- Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

30 Years of Service

Financial Services Representative Financial Advisor

O: (516) 326-7028 | C: (516) 312-2902

psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.



# പെല്ലിങ് മലയിലെ കാരുണ്യദേവൻ

സുഭാഷ് വലവൂർ

സിക്കിമിലെ മനോഹരമായ ഒരു സ്ഥലമാണ് പെല്ലിങ്. രാത്രി  ഇടുങ്ങിയ നാൽക്കവലയിലൂടെ  ഹോട്ടലിലേക്ക് വന്നു കയറിയപ്പോൾ അത്ര സുഖം തോന്നിയില്ല. എന്നാൽ അതിരാവിലെ നടക്കാനിറങ്ങിയപ്പോൾ കാര്യം മാറി. നേരം വെളുത്തുവന്നപ്പോൾ നടവഴിയുടെ ഇടതുഭാഗത്ത് ദൂരെ ഒരു നീലച്ഛായയിൽ കാഞ്ചൻജംഗ. മൊബൈലിൽ അതിന്റെ സൗന്ദര്യം പൂർണ്ണമായി കിട്ടിയില്ലെങ്കിലും ആ ഫോട്ടോകൾ ഫേസ് ബുക്കിൽ പങ്കുവച്ചപ്പോൾ പെയിന്റിംഗ് പോലെ തോന്നിയെന്ന് പലരും പറഞ്ഞു. ഗാങ്ടോക്കിൽ കണ്ട കാഞ്ചൻ ജംഗയായിരുന്നില്ല പെല്ലിങ്ങിൽ. ആദ്യദിവസം കാണാൻ കഴിഞ്ഞത് നന്നായി. പിറ്റേദിവസം മുതൽ കാഞ്ചൻ ജംഗ വെള്ളപ്പുതപ്പിൽ ആയിരുന്നു.

ഗാങ്ടോക്കിൽ കണ്ട കാഞ്ചൻ ജംഗയായിരുന്നില്ല പെല്ലിങ്ങിൽ. ആദ്യദിവസം കാണാൻ കഴിഞ്ഞത് നന്നായി. പിറ്റേദിവസം മുതൽ കാഞ്ചൻ ജംഗ വെള്ളപ്പുതപ്പിൽ ആയിരുന്നു.

പെല്ലിങ്ങിലെ ഒരു കാഴ്ച്ച കുന്നിൻ മുകളിലെ അവലോകിതേശ്വര പ്രതിമയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ വിനോദസഞ്ചാരം കൂടി കണക്കിലെടുത്തുകൊണ്ടാകാം ഇത്രയും വലിയ പ്രതിമ സ്ഥാപിച്ചിട്ടുള്ളത്. ലോകത്തിലെ ഏറ്റവും ഉയരംകൂടിയ അവലോകിതേശ്വര പ്രതിമയാണിത്. 'ചെൻ റെസിഗ്' എന്നാണ് നാട്ടുകാർ അവലോകിതേശ്വരനെ വിളിക്കുന്നത്. പ്രവേശന കവാടം കഴിഞ്ഞാൽ ഉടൻതന്നെ ഒരു സ്കൈവാക്കും തുടങ്ങുന്നു.

ഞാൻ ചെല്ലുമ്പോൾ അവിടെ എല്ലാവർഷവുമുള്ള ബുദ്ധമത പ്രാർത്ഥനാപരിപാടി നടക്കുകയായിരുന്നു.  സ്കൈവാക് കടന്ന് അവലോകിതേശ്വര പ്രതിമയുടെ സമീപത്തേയ്ക്കുള്ള വലിയ പടിക്കെട്ടു കയറിച്ചെന്നു. പടിക്കെട്ടിന്റെ വശത്തു സ്ഥാപിച്ചിട്ടുള്ള പ്രാർത്ഥ



നാ ചക്രങ്ങൾ കറക്കിക്കൊണ്ടാണ് കയറിയത്. 'ഓം മണി പത്മേ ഹും' എന്ന അവലോകിതേശ്വര മന്ത്രം ജപിക്കാനും മറന്നില്ല. ടിബറ്റൻ ബുദ്ധിസം നടപ്പിലുള്ള ഹിമാലയ പ്രദേശങ്ങളിൽ എവിടെ ചെന്നാലും അവലോകിതേശ്വരനാണ് അവരുടെ രക്ഷാ ദേവത. ഹിന്ദുക്കൾ നാരായണ ജപിക്കുന്നതുപോലെയാണ് അവർ 'ഓം മണി പത്മേ ഹും' ജപിക്കുക. കാരുണ്യത്തിന്റെ ദേവനാണ് അവലോകിതേശ്വരൻ. എനിക്കും ആ കാരുണ്യം അൽപ്പം അനുഭവിക്കാൻ കഴിഞ്ഞു. രാവിലെ ഭക്ഷണം കഴിക്കാതെയാണ് ഇറങ്ങിയിരുന്നത്. പ്രതിമയുടെ ചുറ്റും നടന്നു നീങ്ങുമ്പോൾ ഒരാൾ ഭക്ഷണം കഴിക്കാൻ ക്ഷണിച്ചു. പ്രാർത്ഥനാ പരിപാടിയുടെ ഭാഗമായി നടത്തുന്ന ഭോജനശാലയാണെന്ന് തോന്നുന്നു. ഞാൻ വളരെക്കുറച്ച് എടുത്തപ്പോൾ നല്ലോണം എടുത്തോളൂ യാത്ര ചെയ്യുകയല്ലേ എന്നു പറഞ്ഞു നിർബന്ധിച്ചു. സ്നേഹത്തോടെ ഭക്ഷണം വിളമ്പിത്തന്നു.

സിക്കിമിലെ ഇത്തരം വലിയ പ്രതിമകളുടെ ഉള്ളിൽ പല നിലകളുണ്ട്. നമുക്കവിടെ കയറാം. ഇടയ്ക്കുള്ള ബാൽക്കണിയിൽ നിന്നാൽ ചുറ്റുമുള്ള താഴ്‌വരയും അതിനപ്പുറമുള്ള മലകളും കാണാം. അത് സിക്കിം യാത്രയിലെ മനോഹരമായ അനുഭവമാണ്.

**പെല്ലിങ്ങിലെ ഒരു കാഴ്ച്ച കുന്നിൻ മുകളിലെ അവലോകിതേശ്വര പ്രതിമയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ വിനോദസഞ്ചാരം കൂടി കണക്കിലെടുത്തുകൊണ്ടാകാം ഇത്രയും വലിയ പ്രതിമ സ്ഥാപിച്ചിട്ടുള്ളത്. ലോകത്തിലെ ഏറ്റവും ഉയരംകൂടിയ അവലോകിതേശ്വര പ്രതിമയാണിത്.**

അവലോകിതേശ്വരനെ പലരീതിയിൽ ചിത്രീകരിക്കാറുണ്ട്. ആയിരം കൈകളുള്ള ചെൻറെസിഗ് വിഗ്രഹങ്ങൾ പലയിടത്തുമുണ്ട്. രണ്ടു കൈകളുള്ളവയുമുണ്ട്. എന്നാൽ വലിയ പ്രതിമകൾ ചതുർബാഹുവായിട്ടാണ് കാണുക. പെല്ലിങ്ങിലും ചതുർബാഹുവാണ്. ബോധിസത്വനാണ് അദ്ദേഹം. അതായത് ബുദ്ധപദം പ്രാപിച്ചിട്ടില്ല. പ്രധാനമായും എട്ടു ബോധിസത്വന്മാരാണ് ആരാധിക്കപ്പെടുന്നത്. ചതുർബാഹു പ്രതിമയിൽ രണ്ടു കൈകൾ തൊഴുതു പിടിച്ചിരിക്കുന്ന രീതിയിലാണ്. കാരുണ്യത്തിന്റെ സൂചനയായി നെഞ്ചോട് ചേർത്തുവെച്ചിരിക്കുന്നു. മിക്കപ്പോഴും ആഗ്രഹപൂർത്തിയ്ക്കുള്ള അനുഗ്രഹം ചൊരിയുന്ന ഒരു രത്നം അദ്ദേഹത്തിന്റെ കൈകളിൽ കാണാം. മറ്റു രണ്ടു കൈകളുള്ളതിൽ വലത്തേ കൈയിൽ ജപമാല. ഇടത്തേ കൈയിൽ ഒരു നീലോത്പലം.

ഈ പ്രതിമയുടെ ചുവട്ടിൽ നിന്നും കഷ്ടിച്ച് അഞ്ഞൂറ് മീറ്റർ നീങ്ങി പുരാതനമായൊരു മൊണാസ്റ്ററിയുണ്ട്. സംഗചോലിങ് മൊണാസ്റ്ററി. പതിനേഴാം നൂറ്റാണ്ടിൽ സ്ഥാപിച്ച സന്യാസിമഠമാണിത്. വജ്രയാനത്തിലെ നിങ്മ വിഭാഗത്തിന്റെ അധീനതയിലുള്ള ഈ മൊണാസ്റ്ററി പുരുഷന്മാർക്കുവേണ്ടിയുള്ളതാണ്.







മനോഹരമായ ചുവർ ചിത്രങ്ങൾ ഇവിടെയുണ്ട്. പല തവണ തീപിടുത്തം നടന്ന കെട്ടിടമായതുകൊണ്ട് ഇപ്പോഴുള്ള സംവിധാനങ്ങൾ അത്ര പഴക്കമുള്ളതാകാൻ വഴിയില്ല.

പെല്ലിങ്ങിൽ 'യാങ്താങ് ഫാംസ്' എന്ന പേരിൽ ഒരു സ്വകാര്യ വിനോദസഞ്ചാര കൗതുകമുണ്ട്. നല്ലൊരു പക്ഷികേന്ദ്രവും മ്യൂസിയവും അതിന്റെ ഭാഗമായി നിർമ്മിച്ചിരിക്കുന്നു. വിവിധയിനം മനോഹരങ്ങളായ പക്ഷിവർഗ്ഗങ്ങളെ ഇവിടെ കാണാം. മനോഹരമായിട്ടാണ് അവയ്ക്കുള്ള കൂടുകൾ ഒരുക്കിയിട്ടുള്ളത്. അതുപോലെ മ്യൂസിയവും ഭംഗിയായി ക്രമീകരിച്ചിട്ടുണ്ട്. സിക്കിമിന്റെ സാംസ്കാരിക പൈതൃകം അടയാളപ്പെടുത്തുന്ന നിരവധി പ്രദർശന വസ്തുക്കൾ ഇവിടെയുണ്ട്. സിക്കിമിലെ ജീവിതരീതി താന്ത്രിക ബുദ്ധമതവുമായി ബന്ധപ്പെട്ടതുകൊണ്ടാകാം ഏറെ വസ്തുക്കൾ അനുഷ്ഠാന സാമഗ്രികളാണ്.

പെല്ലിങ്ങിൽ നിന്ന് പത്തുമുപ്പതു കിലോമീറ്റർ മാത്രം അകലെയുള്ള വിശുദ്ധ തടാകം കാണാൻ പോയിരുന്നു. 'ഖേചിയോപൽറി' തടാകം എന്നാണ് അതറിയപ്പെടുന്നത്. ഒരു മൊണാസ്റ്ററിയുടെ സമീപത്തുകൂടി ചെറിയൊരു ട്രെക്കിങ്ങ് ആവശ്യമാണ്. പടിക്കെട്ടുകൾ ഉണ്ട്. ട്രെക്കിങ്ങിനിടയിൽ വഴിയിൽ നിന്നു മുകളിൽ പാറക്കെട്ടും ഗുഹയും കണ്ടപ്പോൾ കയറാനൊരു മോഹം തോന്നി.

**പെല്ലിങ്ങിൽ നിന്ന് പത്തുമുപ്പതു കിലോമീറ്റർ മാത്രം അകലെയുള്ള വിശുദ്ധ തടാകം കാണാൻ പോയിരുന്നു. 'ഖേചിയോപൽറി' തടാകം എന്നാണ് അതറിയപ്പെടുന്നത്. ഒരു മൊണാസ്റ്ററിയുടെ സമീപത്തുകൂടി ചെറിയൊരു ട്രെക്കിങ്ങ് ആവശ്യമാണ്. പടിക്കെട്ടുകൾ ഉണ്ട്. ട്രെക്കിങ്ങിനിടയിൽ വഴിയിൽ നിന്നു മുകളിൽ പാറക്കെട്ടും ഗുഹയും കണ്ടപ്പോൾ കയറാനൊരു മോഹം തോന്നി. അതിനകത്തൊരു വിഗ്രഹവുമുണ്ടെന്ന് എഴുതിവെച്ചിട്ടുണ്ടായിരുന്നു.**

അതിനകത്തൊരു വിഗ്രഹവുമുണ്ടെന്ന് എഴുതിവെച്ചിട്ടുണ്ടായിരുന്നു. അവിടെ നിർമ്മിച്ചിട്ടുള്ള ഒരു ഗോവണി കയറി രണ്ടുപാറകൾക്കിടയിലൂടെ കടക്കണം. എന്നാൽ ഗോവണി കയറിനിന്നപ്പോൾ ഒരാൾ വിലക്കി. ഉദ്ദേശിക്കുന്നതുപോലെ ബാലൻസ് കിട്ടാനിടയില്ലാത്തതുകൊണ്ട് ഒരു വിടവിലൂടെ ഗുഹയിലെ വിഗ്രഹം കണ്ടു താഴെയിറങ്ങാൻ അയാൾ ഉപദേശിച്ചു. ഒറ്റയ്ക്കായതുകൊണ്ട് ആ നിർദ്ദേശം സ്വീകരിച്ചു. തുടർന്ന് മുകളിലെത്തി കാഴ്ചത്തറയിൽ നിന്ന് താഴേയ്ക്കു നോക്കിയപ്പോൾ മനോഹരമായ ചെറിയൊരു തടാകം. ബുദ്ധമതവിശ്വാസികൾ അതിനെ പരിശുദ്ധമായി കണക്കാക്കുന്നു.



# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see
How much you can save with
Allstate's New Car Discount*



**Allstate®**

You're in good hands.

CALL

**718 831 6500**

**Joseph V Thomas**
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years
in Insurance
Business

**We Offer 6 Hours Defensive Driving Course in NY/NJ**

● മതം

**മറിയം ഒരു പുതിയ ദൈവത്തെ അവതരിപ്പിക്കുന്നു . നിന്ദിതരുടെയും പീഡിതരുടെയും പരിത്യക്തരുടെയും ദൈവം. ആ ദൈവമാണ് തന്റെ മകനിലൂടെ കൂടുതൽ വെളിപ്പെടുന്നത്. യഥാർത്ഥത്തിൽ മറിയത്തിൽ നിന്നാണ് ,മറിയത്തിന്റെ മാഗ്നാകാർട്ടയിൽ നിന്നാണ് പുതിയ നിയമം ആരംഭിക്കുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ മറിയത്തിന്റെ പുത്രനായതു കൊണ്ട് യേശു യേശുവായത്.പുതിയ ദൈവവുംപുതിയ നിയമം ഉണ്ടായത്.**



*വര:*
മറിയം ജാസ്മിൻ

# മറിയം ഒരു ബദൽ സംസ്കാരം

◉ **റോസി തമ്പി**

സൃഷ്ടികളെക്കാൾ ഉന്നത
സ്വർഗ്ഗത്തേക്കാൾ സുന്ദരി
സൂര്യനേക്കാൾ തേജസ്വിനി
മാലാഖമാരേക്കൾ ശ്രേഷ്ഠ
ഭൂമിയിലേക്ക് ദൈവത്തെ
ആവാഹിച്ചവൾ, കന്യക
സൂര്യനവൾക്ക് പുടവയായ്
ചന്ദ്ര നവളുടെ പാദപീഢമായ്
നക്ഷത്രങ്ങൾ മുടി പൂക്കളായ്
അവൾ ഗർഭിണിയായിരുന്നു.
പ്രസവവേദനയാൽ പുളഞ്ഞു
ദൈവപുത്രനെ ജനിപ്പിച്ചവൾ
ദൈവത്തെ മൂലയൂട്ടിയവൾ

**പ്രസവവേദനയാൽ പുളഞ്ഞു ദൈവപുത്രനെ ജനിപ്പിച്ചവൾ. ദൈവത്തെ മുലയൂട്ടിയവൾ. ദൈവത്തെ കൈ പിടിച്ചു നടത്തിയവൾ പിന്നെ മരിച്ച ദൈവത്തെ മടിത്തട്ടിലേറ്റു വാങ്ങിയവൾ ദൈവമാതാവ്..ഈ വിശേഷണങ്ങളാണിതെല്ലാം ഭൂമിയിൽ ഒരു സ്ത്രീക്കു മാത്രം അവകാശപ്പെട്ടതാണ്. മറിയത്തിന്റെ**

ദൈവത്തെ കൈ പിടിച്ചു നടത്തിയവൾ
പിന്നെ മരിച്ച ദൈവത്തെ
മടിത്തട്ടിലേറ്റു വാങ്ങിയവൾ
ദൈവമാതാവ്.

ഈ വിശേഷണങ്ങളാണിതെല്ലാം ഭൂമിയിൽ ഒരു സ്ത്രീക്കു മാത്രം അവകാശപ്പെട്ടതാണ്.

മറിയത്തിന്റെ ജനനം ഇപ്രകാരമായിരുന്നു.

ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽ ഏറ്റവും ധനികനായിരുന്നു അവളുടെ പിതാവായ ജോവാ

ക്കീം. . അദ്ദേഹം യഹൂദരിലെ തന്നെ ഏറ്റവും നീതീനിഷ്ഠർ എന്നറിയപ്പെടുന്ന എസ്സീം ഗോത്രക്കാരനായിരുന്നു. നീതീയെ ദൈവമായി കാണുന്ന വിഭാഗമാണത്. നീ തീ ജലം പോലെ ഒഴുകുന്ന ദേശമാണ് അവരുടെ സ്വർഗ്ഗരാജ്യം. ദൈവത്തിനുള്ള കാഴ്ചകൾ ഇരട്ടിയാക്കുന്നതിൽ ജൊവാക്കീം അതീവ തൽപ്പരനായിരുന്നു. തനിക്കു വേണ്ടിയും മറ്റുള്ളവർക്കു വേണ്ടിയും അദ്ദേഹം ദൈവത്തിനു കാഴ്ചബലി സമർപ്പിച്ചു കൊണ്ടിരുന്നു. അയാൾ അത്രയും വിശുദ്ധനായിരുന്നു.എന്നാൽ ഒരിക്കൽ വലിയപെരുനാൾ ദിവസം ജെവാക്കീം ദൈവത്തിനു കാഴ്ച സമർപ്പണവസ്തുക്കളുമായി വന്നപ്പോൾ ക പ്രധാന പുരോഹിതനായ റൂബൻ, മറ്റുള്ളവർ കേൾക്കേ അദ്ദേഹത്തോട് പറഞ്ഞു. ' ഇസ്രായേലിനു വേണ്ടി ഒരു സന്താനത്തെ പോലും ജനിപ്പിക്കാൻ കഴിയാത്ത നീ ആദ്യം കാഴ്ച സമർപ്പിക്കുന്നതിന് യോഗ്യനല്ല'

ഇതു കേട്ട ജോവാക്കീം ദു:ഖിതനായി.

ഇസ്രായേലിൽ സന്തതികളെ ജനിപ്പിക്കാത്തവരായി ആരും തന്നെ ഉണ്ടായിരുന്നില്ലെന്ന കാര്യം അയാളെ കൂടുതൽ ദു:ഖിതനാക്കി .തങ്ങളുടെ പിതാവായ അബ്രാഹാമിന് ദൈവം വർധക്യത്തിൽ ഇസഹാക്കിനെ നല്കിയത് ഓർത്തു.

തന്റെ ഗതിയോർത്ത് അതീവ ദു:ഖിതനായ അദ്ദേഹം തന്റെ വീട്ടീൽ വന്ന് ഭാര്യ അന്നയെ പോലും കാണാതെ ദേവാലയത്തിൽ നിന്ന് മരുഭൂമിയിലേക്ക് ഓടി പോയി .അവിടെ കൂടാരമടിച്ച് 40 രാവും 40 പകലും ഉപവസിച്ച് പ്രാർത്ഥിച്ചു. അയാൾ ദൈവത്തോട് നിലവിളിച്ചു പറഞ്ഞു.. 'എന്റെ ദൈവം എന്റെയരുകിൽ വരുന്നതുവരെ ഞാൻ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്യുകയില്ല.' അയാൾ കഠിനമായ തപസ്സു തുടങ്ങി.

അതേ സമയം തന്റെ ഭർത്താവിനുണ്ടായ അപമാനം അറിഞ്ഞ ഭാര്യ അന്ന തന്റെ ദ്വിവിധ ദു:ഖവും പേറിക്കൊണ്ട് ഇപ്രകാരം നിലവിളിക്കാൻ തുടങ്ങി.

'ഞാൻ എന്റെ വൈധവ്യത്തെയും അനപത്യതയെയും കുറിച്ച് വിലപിക്കും' അവളും അന്നു മുതൽ കഠിനമായ ഉപവാസത്തിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടി .

**ഒമ്പതു മാസം തികഞ്ഞപ്പോൾ അന്ന ഒരു കുഞ്ഞിനു ജന്മം നല്കി. അന്ന വയറ്റാട്ടിയോടു ചോദിച്ചു എന്തു കുഞ്ഞിനാണ് ഞാൻ ജന്മം നല്കിയത്. വയറ്റാട്ടി പറഞ്ഞു. പെൺകുഞ്ഞ്. അതു കേട്ട അന്ന ദൈവത്തെ സ്തുതിച്ചു കൊണ്ട് പാടി എന്റെ ആത്മാവ് ഇന്നു മഹത്വപ്പെട്ടിരിക്കുന്നു. എന്റെ ആനന്ദം ഭൂമിയിൽ മറ്റാരെക്കളും അധികമായിരിക്കുന്നു.**

അവളുടെ കഠിനമായ ദു:ഖം കണ്ട് നിൽക്കാൻ ദാസിയായ യൂദിത്തിനു കഴിയാതായി.അവൾ ഇപ്രകാരം അന്നയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

'പ്രിയപ്പെട്ടവളേ അങ്ങ് എത്ര നാൾ അങ്ങയുടെ ആത്മാവിനെ ഇങ്ങനെ പീഡിപ്പിക്കും.? വലിയ പെരുനാൾ അടുത്തെത്തിയിരിക്കുന്നു.'

അന്ന ദാസിയായ യൂദിത്തിനോട് ഇപ്രകാരം പറഞ്ഞു. 'നീ എന്നിൽ നിന്ന് അകന്നു പോകുക.'

അതു കേട്ട് യൂദിത്ത് വിഷമത്തോടെ പറഞ്ഞു .അങ്ങ് എന്നോട് കോപിക്കുന്നതെന്തിന്? ഇസ്രായേലിൽ മക്കൾക്കു ജന്മം നൽകാതിരിക്കാനായി അങ്ങയുടെ ഗർഭപാത്രം അടച്ചത് കർത്താവായ ദൈവമാണ് അവിടത്തോട് കോപിക്കുക '

ഇതു കേട്ട് അന്ന അതീവ ദു:ഖിതയായെങ്കിലും അവൾ തന്റെ പ്രിയതോഴിയുടെ ദു:ഖം മാറ്റാനായി വിലാപ വസ്ത്രം മാറ്റി, കുളിച്ച് അവളുടെ വിവാഹ വസ്ത്രങ്ങൾ അണിഞ്ഞ് ഉദ്യാനത്തിൽ നടക്കാനിറങ്ങി. ഉദ്യാനത്തിലെ പുങ്കാറ്റും പൂക്കളിൽ തേൻ കുടിച്ച് നടക്കുന്ന വണ്ടുകളും പൂമ്പാറ്റകളും അവളുടെ ദു:ഖം വർദ്ധിപ്പിച്ചു.ഒരു പൂമരക്കൊമ്പിലിരുന്ന് കൊക്കുരുമ്മി കളിക്കുന്ന ഇണക്കിളികളെ കണ്ടപ്പോൾ അവൾക്ക് തന്റെ ഭർത്താവിനെ ഓർത്തും കഴിഞ്ഞു പോയ തങ്ങളുടെ നല്ല കാലത്തെയോർത്തും സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. അവൾ ആ പൂമരത്തിൽ താഴെ ദുഃഖിതയായി ഇരുന്ന് അവൾ ദൈവത്തോട് ഇപ്രകാരം നിലവിളിച്ചു.

'ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ! ഞങ്ങളുടെ അമ്മ സാറായുടെ ഉദരത്തെ അനുഗ്രഹിച്ച് ഇസഹാക്ക് എന്നൊരു പുത്രനെ നല്കിയതുപോലെ എന്റെ പ്രാർത്ഥന കേട്ട് എന്നെ അനുഗ്രഹിക്കണമേ!

അന്ന ആകാശങ്ങളിലേക്കു നോക്കി നെടുവീർപ്പിട്ടു. വീണ്ടും അവൾ മുകളിലേക്കു നോക്കിയപ്പോൾത്ത കിളികളെ കണ്ട. ആ കാഴ്ച അവളുടെ വിലാപത്തെ കൂടുതൽ ഉച്ചത്തിലാക്കി.അവൾ ഉറക്കെ വിലപിക്കാൻ തുടങ്ങി ' എന്റെ തോഴി പോലും എന്നെ പരിഹസിക്കാൻ കഴിയുംവിധം ആയിർ തീർന്നിരിക്കുന്നു.

എനിക്കും എന്നെ ജനിപ്പിച്ചവർക്കും ഹാ കഷ്ടം.

ഏത് ഉദരമാണ് എനിക്ക് ജന്മം നല്കിയത്? മനുഷ്യരുടെ മുന്നിൽ ഞാൻ ശപിക്കപ്പെട്ടവളായിരിക്കുന്നു. ദേവാലയത്തിൽ നിന്നും അവരെന്നെ പുറത്താക്കിയിരിക്കുന്നു. ഹാ! എനിക്കു ദുരിതം.

ഞാൻ എന്നെ ആരോടു സാദൃശ്യപ്പെടുത്തും

ആകാശത്തിലെ പറവകൾകളും വയലിലെ ലില്ലികളും അങ്ങയുടെ മുന്നിൽ സന്താനപുഷ്ടിയുള്ളവരാണ്.

ഭൂമിയിലെ മൃഗങ്ങളോടും ഞാൻ സദൃശയല്ല. എന്തെന്നാൽ അവയും സന്താനപുഷ്ടിയുള്ളവയാണ്.

ഹാ! എനിക്കു ദുരിതം

ജലാശയത്തിലെ മത്സ്യങ്ങൾക്ക് ഞാൻ സദൃശ്യയല്ല. എന്തെന്നാൽ അവകുഞ്ഞുങ്ങളോടൊപ്പം തുള്ളിച്ചാടി ദൈവത്തെ സ്തുതിക്കുന്നു.

ഹാ! എനിക്കു ദുരിതം

ഈ ഭൂമിയോടും ഞാൻ സദൃശ്യയല്ല

എന്തെന്നാൽ ഭൂമി യഥാകാലം ഫലം പുറപ്പെടുവിക്കുകയും അതിലൂടെ ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.

അവളുടെ നിലവിളി ഉച്ചത്തിലായപ്പോൾ ഒരു ദൈവദൂതൻ അവൾക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടു പറഞ്ഞു.

' അന്നാ അന്നാ നീ വിഷമിക്കണ്ട.


ദൈവം നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു.

നീ ഗർഭം ധരിച്ച് ഒരു ശിശുവിന് ജന്മം നൽകും. ആ ശിശു ലോകം മുഴുവൻ അറിയപ്പെടും.

അതു കേട്ട അന്ന സന്തോഷാശ്രുക്കൾ പൊഴിച്ചു കൊണ്ട് ദൈവദൂതനോട് ഇപ്രകാരം പറഞ്ഞു. ദൈവത്തെ സാക്ഷിയാക്കി ഞാനിതശപഥം ചെയ്യുന്നു .ഞാൻ ഗർഭം ധരിച്ച് പ്രസവിക്കുന്ന ശിശു ആണായാലും പെണ്ണായാലും ഞാൻ എന്റെ ദൈവമായ കർത്താവിന് കാഴ്ചയായി സമർപ്പിക്കും. അതിന്റെ ജീവിതകാലം മുഴുവൻ അത് അവിടത്തേക്ക് വേല ചെയ്യും.'

അപ്പോൾ ദൈവദൂതൻ അവളോടു പറഞ്ഞു ' നോക്കുക നിന്റെ ഭർത്താവ് ജൊവാക്കീം ഇതാ അവന്റെ ആട്ടിൻപറ്റത്തോടു കൂടി വരുന്നു. ദൈവമായ കർത്താവ് അവന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു. കർത്താവിന്റെ ദൂതൻ അവനെ അറിയിച്ചിരിക്കുന്നു.' ജൊവാക്കീം, നിന്റെ പ്രാർത്ഥന ദൈവം കേട്ടിരിക്കുന്നു. നീ നിന്റെ ഭവനത്തിലേക്ക് മടങ്ങി പോകുക;നിന്റെ ഭാര്യ അന്ന ഗർഭം ധരിച്ചിരിക്കുന്നു.

ദൈവദൂതന്റെ വാക്കുകൾ കേട്ട ജൊവാക്കീം അതു കേട്ട് സന്തുഷ്ടനായി തന്റെ പരിചാരകര വിളിച്ച് പറഞ്ഞു. ദൈവം എന്നെ അനുഗ്രഹിച്ചിരിക്കുന്നു. സന്തതിയില്ലാത്ത എനിക്ക് സന്തതി ഉണ്ടായിരിക്കുന്നു. നിങ്ങൾ പത്ത് ആട്ടിൻ കുട്ടികളെ കൊണ്ടു വരുവിൻ ഞാൻ എന്റെ ദൈവത്തിന് അവബലിയർപിക്കും. പന്ത്രണ്ട് പശുകുട്ടികളെ കൊണ്ടു വരുവിൻ അവ പുരോഹിതന്മാർക്കും മതപണ്ഡിതർക്കും ഉള്ളതാണ്. നൂറ് കോലാട്ടിൽ കുട്ടികളെ കൊണ്ടു വരുവിൻ അത് ജനം മുഴുവനും വേണ്ടിയുള്ളതാണ്.



ജൊവാക്കീം ആട്ടിൻപറ്റവുമായി വരുന്നത് അന്നാ വാതിൽക്കൽ നിന്നു കണ്ടു. അവൾ ഓടി വന്ന് തന്റെ ഭർത്താവിനെ ചുംബിച്ചു. അവൾ പറഞ്ഞു. 'ദൈവമായ കർത്താവ് എന്നെ സമദ്ധമായി അനുഗ്രഹിച്ചിരിക്കുന്നു. വിധവ ഇനിമേൽ വിധവയല്ല. മച്ചിയായ ഞാനിതാ ഗർഭം ധരിച്ചിരിക്കുന്നു.

ഒമ്പതു മാസം തികഞ്ഞപ്പോൾ അന്ന ഒരു കുഞ്ഞിനു ജന്മം നല്കി. അന്ന വയറ്റാട്ടിയോടു ചോദിച്ചു എന്തു കുഞ്ഞിനാണ് ഞാൻ ജന്മം നല്കിയത്.വയറ്റാട്ടി പറഞ്ഞു. പെൺകുഞ്ഞ്. അതു കേട്ട അന്ന ദൈവത്തെ സ്തുതിച്ചു കൊണ്ട് പാടി എന്റെ ആത്മാവ് ഇന്നു മഹത്വപ്പെട്ടിരിക്കുന്നു.

എന്റെ ആനന്ദം ഭൂമിയിൽ മറ്റാരെക്കളും അധികമായിരിക്കുന്നു.

പെൺകുഞ്ഞു ജനിച്ചാൽ ഇസ്രായേൽ ജനത്തിന് എഴുപത് ദിവസവും ആൺകുഞ്ഞു ജനിച്ചാൽ 40 ദിവസവുമാണ് പുലയാചരിക്കേണ്ടത്. അന്ന 70 ദിവസം പുലയായചരിച്ചു. അതു കഴിഞ്ഞ് അന്ന കുഞ്ഞിനെ ദേവാലയത്തിൽ സമർപ്പിച്ചു. അവൾ കുഞ്ഞിന് മറിയം എന്ന് പേരിട്ടു.

കുഞ്ഞിന് ആറുമാസം പ്രായമായപ്പോൾ കുഞ്ഞ് നിൽക്കാറായോ എന്നറിയാൻ അന്നാ താഴെ വെച്ചു. കുഞ്ഞ് എഴടി നടന്ന് അമ്മയുടെ അരികിലേക്ക് വന്നു .ആ സന്തോഷം കൊണ്ട് കുഞ്ഞിനെ കയ്യിലെടുത്ത് അന്ന പറഞ്ഞു 'ഞാൻ നിന്നെ ദേവാലയത്തിൽ കൊണ്ടുചെന്ന് ആക്കും വരെ നീ ഇനി ഈ മണ്ണിൽ ചവിട്ടുകയില്ല.' പിന്നെ അവൾ കുഞ്ഞിന്റെ കിടക്ക അൾത്താരയാക്കി മാറ്റി. കുഞ്ഞിനു കളിക്കാൻ നിർമ്മലരായ യഹൂദ കന്യകകളെ കൂടെ നിർത്തി.

കുഞ്ഞിന്റെ ഒന്നാം പിറന്നാളിന് ജൊവാക്കീം വലിയൊരു വിരുന്നൊരുക്കി.പ്രധാന പുരോഹിതരും മറ്റു പുരോഹിതരും നിയമജ്ഞരും മുപ്പന്മാരും ഇസ്രായേൽജനം മുഴുവനെയും വിരുന്നിനു ക്ഷണിച്ചു.പ്രധാന പുരോഹിതൻ കുഞ്ഞിനെ കയ്യിലെടുത്ത് ഇപ്രകാരം പ്രാർത്ഥിച്ചു. 'ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമേ! ഈ ശിശുവിനെ അനുഗ്രഹിക്കേണമേ. ജനതകൾക്കിടയിൽ അവളുടെ നാമം മഹത്തരമാക്കണമേ! '

ജനമെല്ലാം ഏകസ്വരത്തിൽ അത് ഏറ്റുപറഞ്ഞു ,ആമേൻ.

അന്നാ ദൈവത്തെ സ്തുതിച്ചുകൊണ്ടിങ്ങനെ പാടി

എന്റെ കർത്താവിനെ ഞാൻ പ്രകീർത്തിക്കും

അവിടന്ന് എന്നെ സന്ദർശിച്ചു

എന്റെ ശത്രുക്കൾക്കു മുന്നിൽ

എനിക്കുണ്ടായിരുന്ന അപമാനത്തെ നീക്കം ചെയ്തു.കർത്താവിന്റെ നീതീ യുടെ ഫലം എനിക്കു ലഭിച്ചു.

അന്ന മുലകുടിപ്പിക്കുന്നുവെന്ന്

ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളും അറിയുക.'

അവൾ വിരുന്നുകാർക്കിടയിൽ കുഞ്ഞുമായി അഭിമാനത്തോടെ നടന്ന് അവരോട് കുശലങ്ങൾ പറഞ്ഞു.

കുഞ്ഞിനു മൂന്നു വയസ്സായപ്പോൾ അന്നായും ജൊവാക്കിയും ദൈവത്തിനു നലകിയ വാക്കുപാലിക്കാനായി വിളക്കുകളെന്തിയ നിർമ്മലരായ യഹൂദ കന്യകമാരാൽ പരിസേവിതയായി മറിയത്തെ കർത്താവിനു സമർപ്പിക്കാനായി ദേവാലയത്തിലേക്കു കൊണ്ടുപോയി. അക്കാലത്ത് ധാരാളം കുട്ടികൾ അങ്ങനെ ദൈവത്തിന് സമർപ്പിക്കപ്പെട്ടിരുന്നു.അന്ന കുഞ്ഞിനെയും കൊണ്ടുചെന്നപ്പോൾ പ്രധാന പുരോഹിതൻ കുഞ്ഞിനെ കൈകളിലെടുത്തു ചുംബിച്ചതിനു ശേഷം ഇങ്ങനെ പറഞ്ഞു. ' എല്ലാ ജനപദങ്ങൾക്കുമിടയിൽ ദൈവം നിന്റെ നാമം മഹത്വപ്പെടുത്തിയിരിക്കുന്നു. നിന്നിലൂടെ ഇസ്രായേലിന്റെ രക്ഷ ദൈവം വെളിപ്പെടുത്തും.'

റോമാക്കാരുടെ അടിമത്വത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽജനം തങ്ങൾക്കായ് ഒരു രക്ഷകനെ കാത്തിരിക്കുന്ന സമയമായിരുന്നു അത്.

പുരോഹിതൻകുത്തിനെ അൾത്താരയുടെ മൂന്നാംപടിയിൽ കിടത്തി. ദൈവത്തിന്റെ കൃപ അവളുടെ മേൽ വർഷിക്കപ്പെട്ടു. ശിശു ആനന്ദനൃത്തം ചെയ്തു.ഇസ്രായേൽജനം മുഴുവൻ അവളെ സ്നേഹിച്ചു

അപ്പനും അമ്മയും കുഞ്ഞിനെ ദേവാലയത്തിൽ എൽപ്പിച്ച് തിരിച്ചുപോരുമ്പോൾ കുഞ്ഞു കരയാതിരുന്നത് അവരെ അത്ഭുതപ്പെടുത്തി.

**കുഞ്ഞിനു മൂന്നു വയസ്സായപ്പോൾ അന്നായും ജൊവാക്കിയും ദൈവത്തിനു നലകിയ വാക്കുപാലിക്കാനായി വിളക്കുകളെന്തിയ നിർമ്മലരായ യഹൂദ കന്യകമാരാൽ പരിസേവിതയായി മറിയത്തെ കർത്താവിനു സമർപ്പിക്കാനായി ദേവാലയത്തിലേക്കു കൊണ്ടുപോയി. അക്കാലത്ത് ധാരാളം കുട്ടികൾ അങ്ങനെ ദൈവത്തിന് സമർപ്പിക്കപ്പെട്ടിരുന്നു**

പിന്നീട് മലാഖയുടെ കയ്യിൽ നിന്ന് ഭക്ഷണം സ്വീകരിച്ച്, പാട്ടു പാടി നൃത്തം ചെയ്ത് ഒരു പ്രാവിനെ പോലെ മറിയം ദേവാലയത്തിൽ വളർന്നു വന്നു.

അവൾക്ക് പ്രായപൂർത്തിയായപ്പോൾ അതായത് പന്ത്രണ്ട് വയസ്സായപ്പോൾ പുരോഹിതന്മാർ ആലോചനസമിതി വിളിച്ചു കൂട്ടി ഇങ്ങനെ പറഞ്ഞു.മറിയത്തിന് പ്രായപൂർത്തിയായിരിക്കുന്നു. അവൾ കർത്താവിന്റെ ആലയം മലിനമാകാതിരിക്കാൻ നമ്മൾ എന്തു ചെയ്യണം. അവർ അപ്പഴത്തെ പ്രധാന പുരോഹിതനായിരുന്ന സഖറിയയോടു പറഞ്ഞു അവൾക്കു വേണ്ടി നീ ദൈവത്തോടു പ്രാർത്ഥിക്കുക. അവിടന്ന് ഉത്തരം നല്കും. സഖറിയ തന്റെ തിരുവസ്ത്രമണിഞ്ഞ് വിശുദ്ധ സ്ഥലത്തു കയറി പ്രാർത്ഥിച്ചു. അപ്പോൾ ദൈവദൂതൻ പ്രത്യക്ഷപ്പെട്ടു പറഞ്ഞു. ' സഖറിയ, നീ പുറത്തു ചെന്ന് ഇസ്രായേൽമക്കൾക്കിടയിലെ വിധുരന്മാരെ വിളിച്ചു കൂട്ടുക. അവർ ഓരോരുത്തരും ഒരു ഉണങ്ങിയ വടി കയ്യിലെടുക്കട്ടെ. ദൈവം ആർക്കാണോ അത്ഭുതകരമായ അടയാളം നൽകുന്നത് അവന്റെ ഭാര്യയായിരിക്കും മറിയം '

പ്രധാന പുരോഹിതന്റെ ആജ്ഞയനുസരിച്ച് ഇസ്രായേൽമക്കളിൽ നിന്ന് വിഭാര്യന്മാരെ മുഴുവൻ ദേവാലയത്തിലേക്ക് വിളിക്കപ്പെട്ടു. ഇസ്രായേലിലെ ഒരു പ്രവിശ്യയായ യൂദായിൽ നിന്ന് വിദുരനായ യൗസേപ്പും തന്റെ പണിയായുധമായ കോടാലി താഴെ വെച്ച് ഉണങ്ങിയ കമ്പുമായി പുരോഹിതന്റെ മുന്നിൽ വന്നു. പുരോഹിതൻ എല്ലാവരുടെയും വടി വാങ്ങി വിശുദ്ധ സ്ഥലത്തു കൊണ്ടുപോയി പ്രാർത്ഥിച്ച് അവരവരുടെ വടികൾ തിരികെകൊടുത്തു. പ്രത്യേകിച്ച് ഒന്നും സംഭവിച്ചില്ല. എറ്റവും അവസാനമാണ് ജോസഫിന്റെ വടി കൊടുത്തത്.അതാ അതിൽ നിന്നൊരു പ്രാവ് പറന്നു വന്ന് ജോസഫിന്റെ തലയിൽ ഇരുന്നു. സഖറിയ ജോസഫിനോടു പറഞ്ഞു. ഇനി മുതൽ മറിയം നിന്റെ ഭാര്യയാണ്.

ജോസഫ് വിനയാന്വിതനായി പുരോഹിതനോട് പറഞ്ഞു.''എനിക്ക് രണ്ടു പുത്രന്മാരുണ്ട്, ഞാനൊരു വയസ്സനാണ്. മറിയമാകട്ടെ ബാലികയും. മനുഷ്യർക്കിടയിൽ ഞാൻ പരിഹാസ്യകഥാപാത്രമായി തീരും'.

സഖറിയ പറഞ്ഞു ജോസഫ് ദൈവത്തെ ധിക്കരിച്ചവർക്കുള്ള ഫലം നിനക്കും അറിവുള്ളതല്ലേ? നിന്റെ കുടുംബത്തിനും അനർത്ഥം സംഭവിക്കാതിരിക്കാൻ നീ ദൈവത്തെ ഭയപ്പെടുക. അവിടത്തെ അനുസരിക്കുക.

ഭയചകിതനായ ജോസഫ് മറി

യത്തെ തന്റെ സംരക്ഷണയിൽ സ്വീകരിച്ചു.

ജോസഫ് മറിയത്തേയും കൂട്ടി വീട്ടീൽ വന്നു.

അവൻ അവളോട് പറഞ്ഞു. ' മറിയം പുരോഹിതന്റെ ആജ്ഞ പ്രകാരം ദൈവലായത്തിൽ നിന്നു ഞാൻ നിന്നെ സ്വീകരിച്ചു. ഇപ്പോൾ നിന്നെ എന്റെ ഭവനത്തിലാക്കിയിട്ടു ഞാൻ ഭവന നിർമ്മാണ തൊഴിലിനായി പോകുന്നു. ഞാൻ തൊഴിലിടത്തേക്കു പോകുമ്പോഴാണ് പുരോഹിതന്റെ ദൂതൻ അറിയിപ്പുമായി വന്നത്. ഞാൻ ആ വീടുപണി പൂർത്തിയാക്കി ആറു മാസം കഴിഞ്ഞേ തിരിച്ചെത്തുകയുള്ളു. അതു വരെ കർത്താവു നിന്നെ സംരക്ഷിച്ചു കൊള്ളും. എന്റെ പുത്രന്മാർ നിനക്കിവിടെ തുണയായിട്ടുണ്ട്.

അക്കാലത്ത് പുരോഹിതർ ദേവലായത്തിൽ ഒരു പുതിയ വിരി നിർമ്മിക്കാൻ തീരുമാനിച്ചു. ഇസ്രായേലിൽ നിന്നു വിശുദ്ധരായ ഏഴു കന്യകമാരെ അതിനായി തെരഞ്ഞെടുത്തു.മറിയവും അവരിൽ ഉൾപ്പെട്ടു. പല നിറങ്ങളിൽ നെയ്യുന്ന ദേവാലയ വിരിയിൽ വെള്ളയും കടുംചുവപ്പും നൂലുകൾ നെയ്യുന്ന ജോലി മറിയത്തിനായിരുന്നു. മറിയം ആ നൂലുകൾ കൊണ്ട് തന്റെ ഭവനത്തിലേക്കു പോയി. ആ നാളുകളിൽ പ്രധാന പുരോഹിതനായ സഖറിയ മൂകനായതിനാൽ സംസാരം തിരിച്ചു കിട്ടും വരെ സാമുവൽ ആ സ്ഥാനം അലങ്കരിച്ചു .സഖറിയ പ്രധാന പുരോഹിതനായിരിക്കെ ഒരു ദിവസം മാലഖ അദ്ദേഹത്തിന്റെ അരികിൽ വന്നു പറഞ്ഞു നിന്റെ വൃദ്ധയായ ഭാര്യ ഏലീശ്വ ഗർഭിണിയായിരിക്കുന്നു. എന്ന്. എന്നാൽ സഖറിയ അതു വിശ്വസിച്ചില്ല.തന്മൂലം കുഞ്ഞ് ജനിക്കും വരെ അയാൾ മൂകനായി തീർന്നു.

പറഞ്ഞ സമയത്തിനു മുമ്പു തന്നെ മറിയം വിരിയുടെ തനിക്ക് എല്പ്പിക്കപ്പെട്ട ഭാഗം നെയ്തു കഴിഞ്ഞു.ദേവാലയത്തിൽ പോയി

അവൾ അത് പുരോഹിതനെ എല്പ്പിച്ചു. മനോഹരമായി നെയ്ത ആ വിരി കണ്ട് പ്രധാന പുരോഹിതൻ അവളെ പ്രശംസിച്ചു.

തിരികെ വീട്ടിൽ വന്ന് വെള്ളം കോരാൻ കുടവുമായി പോയപ്പോൾ കിണറ്റിൽ കരയിൽ ഇങ്ങനെ ഒരു അശരീരീകേട്ടു.

'നന്മ നിറഞ്ഞ മറിയമേ, നിനക്ക് സ്വസ്തി. കർത്താവ് നിന്നോടുകൂടെ. സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവളാകുന്നു '

**ഇസ്രായേലിലെ ഒരു പ്രവിശ്യയായ യൂദായിൽ നിന്ന് വിദുരനായ യൗസേപ്പും തന്റെ പണിയായുധമായ കോടാലി താഴെ വെച്ച് ഉണങ്ങിയ കമ്പുമായി പുരോഹിതന്റെ മുന്നിൽ വന്നു. പുരോഹിതൻ എല്ലാവരുടെയും വടി വാങ്ങി വിശുദ്ധ സ്ഥലത്തു കൊണ്ടുപോയി പ്രാർത്ഥിച്ച് അവരവരുടെ വടികൾ തിരികെകൊടുത്തു. പ്രത്യേകിച്ച് ഒന്നും സംഭവിച്ചില്ല. എറ്റവും അവസാനമാണ് ജോസഫിന്റെ വടി കൊടുത്തത്. അതാ അതിൽ നിന്നൊരു പ്രാവ് പറന്നു വന്ന് ജോസഫിന്റെ തലയിൽ ഇരുന്നു. സഖറിയ ജോസഫിനോടു പറഞ്ഞു. ഇനി മുതൽ മറിയം നിന്റെ ഭാര്യയാണ്.**

അവൾ ഇടത്തോട്ടും വലത്തോട്ടും നോക്കിയെങ്കിലും ആരെയും കണ്ടില്ല. ഭയചകിതയായവൾ വേഗം വീട്ടീ ലേക്കു പോയി. വെള്ള നൂൽ കൊണ്ട് വിരി നെയ്യാൻ തുടങ്ങി.പെട്ടന്ന് ദൈവദൂതൻ അവൾക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടു. അവൾ ആ പുരുഷനെ കണ്ട് ഭയപ്പെട്ടു. അയാൾ പറഞ്ഞു ' മറിയമേ നീ ഭയപ്പെടെണ്ട ; ദൈവതിരുമുന്നിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. അവനിൽ നിന്ന് നീ ഗർഭം ധരിക്കും' ഇതു കേട്ട മറിയം അത്ഭുതത്തോടെയും സംശയത്തോടെയും ചോദിച്ചു ഏതൊരു സ്ത്രീയും പുരുഷനിൽ നിന്ന് ഗർഭം ധരിക്കും പോലെ ദൈവത്തിൽ നിന്ന് ഞാൻ ഗർഭം ധരിക്കുമെന്നോ? ദൂതൻ പറഞ്ഞു.

'അങ്ങനെയല്ല മറിയം ദൈവത്തിന്റെ ശക്തി നിന്റെ മേൽ ആവസിക്കും അതുകൊണ്ട് നിന്നിൽ നിന്ന് ജനിക്കാനിരിക്കുന്നവൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും നീയവന് ഈശോ എന്നു പേരിടണം. അവൻ അവന്റെ ജനത്തെ അവരുടെ അടിമത്വത്തിൽ നിന്നു രക്ഷിക്കും'

അതു കേട്ട മറിയം പറഞ്ഞു.

'ഇതാ കർത്താവിന്റെ മുമ്പിൽ അവന്റെ ദാസി. നിന്റെ വാക്കുപോലെ എന്നിൽ സംഭവിക്കട്ടെ.'

മറിയം വെള്ളവിരി നെയ്തു കഴിഞ്ഞ് പുരോഹിതന്റെ പക്കൽ കൊണ്ടുവന്നു.അതു സ്ഥീകരിച്ച് അവളെ അനുഗ്രഹിച്ചു കൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു.

' മറിയം ദൈവം നിന്റെ നാമം മഹത്വപ്പെടുത്തിയിരിക്കുന്നു. ഭൂമഖത്തെ തലമുറകൾക്കെല്ലാം ഇടയിൽ നീ അനുഗ്രഹീതയായിരിക്കും.

അതിനു ശേഷം മറിയം സന്തോഷവതിയായി ഇളയമ്മ ഏലീശ്വയുടെ അടുത്തു പോയി പ്രധാന പുരോനിതനായിരുന്ന സഖറിയായുടെ ഭാര്യയായ അവർ വിരിയുടെ കടും ചുവപ്പ് ഭാഗം നെയ്തു കൊണ്ടിരിക്കുകയായിരുന്നു.അവർ മറിയത്തെ കണ്ട പാട് ഓടി ചെന്ന് കെട്ടിപ്പിടിച്ചു. എന്റെ കർത്താവിന്റെ അമ്മ എന്റെ അരികിൽ വരാൻ എനിക്ക് ഭാഗ്യം ലഭിച്ചത് എങ്ങനെ എന്ന് അതിശയപ്പെട്ടു. അവളിൽ നിന്ന് ആ ശബ്ദം പുറപ്പെട്ടപ്പോൾ തന്നെ ആറു മാസം പ്രായമുള്ള അവളുടെ ഗർഭസ്ഥ ശിശു ഉദരത്തിൽ തുള്ളിച്ചാടി. മറിയം തന്റെ ഉദര ഫലത്തെയോർത്ത് അഭിമാനം കൊണ്ടു.

ആ രണ്ടു സ്ത്രീകളും തങ്ങളുടെ ഉദര ഫലത്തെക്കുറിച്ച് ആനന്ദിച്ചു. അവർ ഗർഭകാലത്തിന്റെ ഉത്തമ ഗീതം പാടി നൃത്തം ചെയ്തു.സ്ത്രീത്വത്തിന്റെ സൗന്ദര്യം ശക്തി ആന

ദം ഇവയുടെ പൂർണ്ണതയാണ് ആ രണ്ടു ഗർഭണികളുടെ സംഗമം

അവർ പരസ്പരം അഭിനന്ദിച്ചു. ഏലീശ്വ പറഞ്ഞു. മറിയം ,കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ, നീ ഭാഗ്യവതി.' (അതു വിശ്വസിക്കാത്തതിനാൽ ആണ് തന്റെ ഭർത്താവ് ഊമയായി പോയതെന്ന് ഏലീശ്വക്ക് അറിയാമായിരുന്നു)

ഏലീശയുടെ അഭിനന്ദനം കേട്ടപ്പോൾ

മറിയം തന്റെ ദൈവത്തെ സ്തുതിച്ചു കൊണ്ട് ഇങ്ങനെ പാടി.

പുതിയൊരു ദൈവബോധമായിരുന്നു മറിയത്തിന്റെ ഗാനം. അതുവരെ ചരിത്രത്തിൽ ഇല്ലാതിരുന്ന

നിസ്സഹായരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ദൈവമവിടെ ഉയിർത്തെഴുന്നേൽക്കുകയായിരുന്നു. അവളുടെ ദൈവം ചെയ്യുന്ന കാര്യങ്ങൾ അതുവരെ ഉണ്ടായിരുന്ന ദൈവം ചെയ്യുന്ന കാര്യങ്ങളല്ല. അതു വരെ ദൈവം കടാക്ഷിക്കുന്നവർക്കാണ് സമ്പത്തും മക്കളും സ്ഥാനമാനങ്ങളും ആരോഗ്യവും യജസ്സും സന്തോഷവും ഉണ്ടായിരുന്നത്.ആദത്തിന്റെയും ഹവ്വയുടെയും കഥ മുതൽ അങ്ങനെയാണ്. ജോബിന്റെ സങ്കടവും അതാണ്. ദൈവം ഉപേക്ഷിച്ചതുകൊണ്ടാണ് തനിക്ക് ദുരിതങ്ങൾ വന്നു ചേർന്നതെന്നാണ് ജോബ് അതിദയനീയമായ നിലവിളിക്കുന്നത്.

എന്നാൽ മറിയത്തിന്റെ ദൈവം മറ്റൊന്നാണ്.

നോക്കൂ.

'എന്റെ ദൈവം എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.

അവിടന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു.

ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു.ശക്തരെ സിംഹാസനത്തിൽ നിന്നു മറിച്ചിട്ടു.

എളിയവരെ ഉയർത്തി

വിശക്കുന്നവരെ വിശിഷ്ട വിഭവങ്ങൾ കൊണ്ട് തൃപ്തരാക്കി.

സമ്പന്നരെ വെറും കൈയോടെ പറഞ്ഞയച്ചു. '

അതെ മറിയം ഒരു പുതിയ ദൈവത്തെ അവതരിപ്പിക്കുന്നു .നിന്ദിതരുടെയും പീഡിതരുടെയും പരിത്യക്തരുടെയും ദൈവം.

ആ ദൈവമാണ് തന്റെ മകനിലൂടെ കൂടുതൽ വെളിപ്പെടുന്നത്. യഥാർത്ഥത്തിൽ മറിയത്തിൽ നിന്നാണ് ,മറിയത്തിന്റെ മാഗ്നാകാർട്ടയിൽ നിന്നാണ് പുതിയ നിയമം ആരംഭിക്കുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ മറിയത്തിന്റെ പുത്രനായതു കൊണ്ട് യേശു യേശുവായത്. പുതിയ ദൈവവുംപുതിയ നിയമം ഉണ്ടായത്.

**അവൾക്ക് പ്രായപൂർത്തിയായപ്പോൾ അതായത് പന്ത്രണ്ട് വയസ്സായപ്പോൾ പുരോഹിതന്മാർ ആലോചനസമിതി വിളിച്ചു കൂട്ടി ഇങ്ങനെ പറഞ്ഞു. മറിയത്തിന് പ്രായപൂർത്തിയായിരിക്കുന്നു. അവൾ കർത്താവിന്റെ ആലയം മലിനമാകാതിരിക്കാൻ നമ്മൾ എന്തു ചെയ്യണം. അവർ അപ്പഴത്തെ പ്രധാന പുരോഹിതനായിരുന്ന സഖറിയയോടു പറഞ്ഞു അവൾക്കു വേണ്ടി നീ ദൈവത്തോടു പ്രാർത്ഥിക്കുക. അവിടന്ന് ഉത്തരം നല്കും.**

തുടർന്ന് മറിയം മൂന്നു മാസം സന്തോഷവതിയായി താനൊരു വലിയ കാര്യത്തിന് സന്നദ്ധയായിരിക്കുന്നു എന്ന സന്തോഷത്തോടെ ഏലിശ്വയോടൊപ്പം താമസിച്ചു.

ജോസഫ് പണിസ്ഥലത്തു നിന്നും തിരിച്ചു വന്നപ്പോൾ മറിയം ആറു മാസം ഗർഭിണിയായിരുന്നു - വീട്ടീൽ പ്രവേശിച്ച ജോസഫ് അവളിൽ നിന്ന് കാര്യങ്ങൾ അറിഞ്ഞപ്പോൾ സ്വന്തം മുഖത്തടിച്ച് ചാക്ക് വസ്ത്രമുടുത്ത് നിലത്തിരുന്ന് ഇങ്ങനെ നിലവിളിക്കാൻ തുടങ്ങി.'

'എന്റെ ദൈവമായ കർത്താവിനു മുന്നിൽ ഞാനിനി എങ്ങനെ മുഖമുയർത്തും? ഈ കന്യകയ്ക്കു വേണ്ടി ഞാൻ എന്തു പ്രാർത്ഥിക്കും? ദേവാലയത്തിൽ നിന്ന് കന്യകയായിട്ടാണ് ഞാൻ അവളെ സ്ഥീകരിച്ചത്. ആരാണ് എന്റെ ഭവനത്തിൽ കയറി അവളെ മലിനപ്പെടുത്തിയത്? എന്നെ വഞ്ചിച്ചത്? ആദമില്ലാത്ത സമയത്തു പിശാച് ഹവ്വയെ വഞ്ചിച്ചതു പോലെ ഞാനും വഞ്ചിക്കപ്പെട്ടിരിക്കുന്നു ''

ദു:ഖിതനായ ജോസഫ് മറിയത്തോട് ചോദിച്ചു. നീ എന്തുകൊണ്ടാണ് ദൈവത്തെ മറന്ന് ഇങ്ങനെ പ്രവർത്തിച്ചത്? മാലഖയുടെ കയ്യിൽ നിന്ന് ഭക്ഷണം വാങ്ങി കഴിച്ച് ദേവാലയത്തിൽ വിശുദ്ധയായി ജീവിച്ച നീ എന്തുകൊണ്ടാണ് നിന്റെ ആത്മാവിനെ അപമാനിച്ചത്?

അവൾ സംഭവിച്ച കാര്യങ്ങൾ ഭയരഹിതമായി പറഞ്ഞു.ജോസഫ് നീതീ മാനായിരുന്നു. അതിനാൽ ജോസഫിന് അവളെ അവിശ്വസിക്കാനോ സ്ഥീകരിക്കാനോ കഴിയാതെയായി. അയാൾ സ്വയം ഇങ്ങനെ പറഞ്ഞു.

' ഞാൻ ഈ തിന്മ മറച്ചു വെച്ചാൽ ദൈവത്തോടു നുണ പറയുന്നവനാകും.എന്നാൽ ഞാൻ സത്യം പറഞ്ഞാൽ അവളെ യഹൂദ നിയമപ്രകാരം കല്ലെറിഞ്ഞു കൊല്ലും. ഇനി അവൾ പറയും പോലെ മാലഖയിൽ നിന്നാണ് അവൾ ഗർഭം ധരിച്ചതെങ്കിൽ ഒരു നിരപരാധിയെ മരണത്തിന് എല്പ്പിച്ചു കൊടുത്തതിന്റെ ശിക്ഷ എന്റെ മേൽ വീഴും. അതു കൊണ്ട് ഞാൻ അവളെ രഹസ്യമായി ഉപേക്ഷിക്കുക തന്നെ '

ആ രാത്രിയിൽ തന്നെ ജോസഫ് ആരോടും പറയാതെ വീടുവിട്ടു പോയി.എന്നാൽ വഴിയിൽ കർത്താവിന്റെ ദൂതൻ അയാളെ തടഞ്ഞു നിർത്തുകയും കളങ്കരഹിതയായ മറിയത്തെ ഭാര്യയായി സ്ഥീകരിക്കാൻ നിർബ്ബന്ധിക്കുകയും ചെയ്തു.അങ്ങനെ അയാൾ വീട്ടീലക്കു തിരിച്ച് വന്ന് മറിയത്തോടൊപ്പം അവളുടെ രക്ഷകനായി താമസിച്ചു.

എന്നാൽ മറിയം ഗർഭിണിയാണെന്നറിഞ്ഞ പുരോഹിതർ പ്രധാ

ന പുരോഹിതനായ അന്നാസിനെ വിവരം അറിയിച്ചു. അവർ അന്നാസിനെതിരെ തിരിഞ്ഞു അവർ പറഞ്ഞു. ‘ അങ്ങ് ആർക്കു വേണ്ടി സാക്ഷി നിന്നുവോ ആ ജോസഫ്  ദൈവ നിയമം ലംഘിച്ചിരിക്കുന്നു. ദേവാലയത്തിൽ നിന്നും അവനെ ഏല്പിക്കപ്പെട്ട കന്യകയെ അവൻ രഹസ്യത്തിൽ പ്രാപിച്ചിരിക്കുന്നു എന്നാൽ ഇക്കാര്യം അവൻ ജനങ്ങളെ അറിയിച്ചതുമില്ല. പ്രധാന പുരോഹിതൻ അന്നാസ് മറിയത്തോടും ജേസഫിനോടും കാര്യം തിരക്കിയെങ്കിലും അവർ പറഞ്ഞ സത്യം പുരോഹിതർക്കു ബോധ്യമായില്ല. വിവാഹിതനാകും മുമ്പ് നീ ദേവാലയത്തിൽ നിന്നു സ്ഥീകരിച്ച കന്യകയെ കളങ്കപ്പെടുത്തി. അന്നാസ് ജോസഫിനോടു പറഞ്ഞു ‘നീ ദേവാലയത്തിൽ നിന്നു സ്ഥീകരിച്ച കന്യകയെ തിരിച്ചുനൽകുക.‘

ജോസഫ് നിസ്സഹായനായി.

ഒരാൾ പറയുന്നത് നുണയാണോ എന്നു പരീക്ഷിക്കാൻ യഹൂദർക്ക് ഉണ്ടായിരുന്ന രീതി കഠിനമായ വിഷം കുടിക്കാൻ കൊടുത്ത് അയാള മരുഭൂമിയിലേക്ക് പറഞ്ഞയക്കുക എന്നതാണ്.മരിക്കാതെ അയാൾ തിരിച്ചു വന്നാൽ ആൾ നുണ പറഞ്ഞിട്ടില്ല എന്നാണ്. എന്നാൽ ആർക്കും തിരിച്ചു വരാൻ കഴിയാറില്ല.കർത്താവിന്റെ വിധിയുടെ ജലം എന്നാണ് അവരതിനെ പറഞ്ഞിരുന്നത്. അന്നാസ് ആ വിഷജലം ജോസഫിനും മറിയത്തിനും കുടിക്കാൻ നല്കി. അവരെ മരുഭൂമിയിലേക്കു പറഞ്ഞു വിട്ടു. എന്നാൽ അവർ രണ്ടു പേരും പൂർണ്ണ ആരോഗ്യത്തോടെ തിരിച്ചു വന്നു.അതു കണ്ടപ്പോൾ അന്നാസ് പറഞ്ഞു ‘ദൈവം നിങ്ങളുടെ പാപം വെളിപ്പെടുത്താത്തു കൊണ്ട് ഞാനും നിങ്ങളെ വിധിക്കുന്നില്ല.‘ ജോസഫും മറിയവും വീണ്ടും ഒരുമിച്ചു താമസിക്കാൻ തുടങ്ങി.

അങ്ങനെയിരിക്കുമ്പോഴാണ് ജനസംഖ്യ കണക്കെടുപ്പു വന്നത്.ജോസഫ് വീണ്ടും ആകുലനായി. തന്റെ രണ്ട് ആൺമക്കളുടെ പേരു ഞാൻ



ചേർക്കും. ഇവളെ എന്റെ ഭാര്യയായി പേരു ചേർക്കാൻ ഞാൻ ലജ്ജിക്കുന്നു. മകളാണെന്നു പറഞ്ഞാൽ ജനം സമ്മതിക്കില്ല. അയാൾ ആകെ അസ്വസ്ഥനായി.അങ്ങനെ കണക്ക് എഴുതിക്കേണ്ട ദിവസമായി. സ്വന്തം പട്ടണമായ ജെറുസലേമിലേക്ക് അവർ പുറപ്പെട്ടു - മറിയം പൂർണ്ണ ഗർഭിണിയായിരുന്നു.അവളെ ഒരു കഴുത പുറത്തിരുത്തി അവന്റെ മക്കൾ കഴുതയെ തെളിച്ചു. ജോസഫ് പിറകെ നടന്നു. പകുതി ദൂരം കഴിഞ്ഞപ്പോഴെക്കും മറിയം ഏറെ ക്ഷീണിതയായി .അവൾ വേദന കൊണ്ട് കരയുകയും ചിലപ്പോൾ സന്തോഷം കൊണ്ട് ചിരിക്കുകയും ചെയ്യാൻ തുടങ്ങി.ജോസഫ് അവളോട് ചോദിച്ചു. മറിയം നിന്റെ മുഖത്ത് എന്താണിങ്ങനെ ദു:ഖവും സന്തോഷവും മാറി മാറി വരുന്നത്. മറിയം പറഞ്ഞു. ഞാൻ രണ്ടു തരം ജനതകളെ കാണുന്നു. ഒന്നു കരഞ്ഞു വിലപിക്കുന്നവരും മറ്റത് ആഹ്ലാദിച്ച് സന്തോഷിക്കുന്നവരും. കുറച്ചു ദൂരം കൂടെ മുന്നോട്ടു പോയപ്പോൾ മറിയം പറഞ്ഞു എന്നെ താഴെയിറക്കുക. എന്റെ കുഞ്ഞ് പുറത്തു വരാൻ തിടുക്കം കൂട്ടുന്നു.അവർ അവളെ താഴെയിറക്കി.ജോസഫ് ആത്മഗതമെന്നോണം ഉറക്കെ പറഞ്ഞു ‘ഈ വിജന സ്ഥലത്ത് നിന്റെ നാണം മറക്കാനായി നിന്നെ ഞാൻ എവിടെ കൊണ്ടു പോകും. അവിടെ കന്നുകാലികള മുളക്കുന്ന ഒരു ഗുഹ കണ്ടെത്തി.അവളെ അവിടെയാക്കി തന്റെ പുത്രൻമാരെ കാവൽ നിർത്തി ഗ്രാമത്തിൽ നിന്ന് ഒരു യഹൂദ വയറ്റാട്ടിയെ കിട്ടുമോ എന്നു നോക്കാൻ പോയി. വഴി നടക്കവേ പ്രകൃതി നിശ്ചലമായതു പോലെ അയാൾക്കു തോന്നി.മലയിറങ്ങി വന്ന ഒരു സ്ത്രീ ആ അപരിചിതനെ കണ്ടപ്പോൾ ചോദിച്ചു. നിങ്ങൾ ആരേ അന്വേഷിച്ചു പോകുന്നു. ജോസഫ് കാര്യം പറഞ്ഞു. നീ പറഞ്ഞതെല്ലാം സത്യമെങ്കിൽ ഞാൻ നിന്നോടൊപ്പം വരാം.ആ സ്ത്രീയുടെ പേർ സലോമി എന്നായിരുന്നു. അവൾ ഗുഹയിൽ വന്ന് മറിയത്തെ തന്റെ വിരൽ കടത്തി പരിശോധിച്ചു കൊണ്ടിരിക്കെ അവൾ ഇപ്രകാരം പറഞ്ഞു. ഒരുങ്ങിയിരിക്കുക നിന്നെ പറ്റി കുറച്ചൊന്നുമല്ല അപവാദങ്ങൾ പുറത്തു നടക്കുന്നത്. അതു പറഞ്ഞു കഴിഞ്ഞപ്പോഴേക്കും സലോമി ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. ‘ ഹാ! ദൈവത്തെ പരീക്ഷിക്കാൻ തുനിഞ്ഞ എന്റെ വിരലുകൾ ഇതാ തീപൊള്ളലേറ്റു പിടയുന്നു.

അവൾ ഇപ്രകാരം നിലവിളിച്ചു. ‘എന്റെ കർത്താവായ ദൈവമേ! അങ്ങേ നാമത്തിലാണ് ഞാൻ എന്റെ കടമകൾ നിർവ്വഹിക്കുന്നത്. എന്നെ ഒരു പരിഹാസപാത്രമാക്കാതെ അങ്ങേ ദരിദ്രരുടെ ഗണത്തിൽ എന്നെയും ചേർക്കണമേ! പിന്നെ അവൾ കുഞ്ഞിനെ പുറത്തെടുത്ത് ഗുഹയുടെ പുറത്തു വന്നപ്പോൾ കർത്താവിന്റെ ദൂതൻ അവളോട് പറഞ്ഞു.ഈ കുഞ്ഞ് ജറുസലേമിൽ പ്രവേശിക്കുന്നതു വരെ ഈ കാര്യം നീ ആരോടും പറയരുത്.ജോസഫ് കുഞ്ഞിനെയും അതിന്റെ അമ്മയെയും കൂട്ടിയൂദായിലേക്കു പോയി.


START YOUR CHANNEL!
ML TurnKey
24hr LIVE!
MEDIA LOGISTICS
MediaAppUSA
Call for Details
1-917-900-2123
info@medialogistics.us
Media Logistics Inc. introduces 'ML TurnKey System' a total TV channel package easily for managing LIVE 24 Hr Channel, Video Playout, Capture, Scheduling and all operations. Delivering automatic and unattended efficiency 24/7, 'ML TurnKey' is the perfect tool for anyone who wants to have a 24 LIVE Channel including Playout andservers and Video On Demand. Launch on to 'Media App USA' readily available on iOS, Android, All Smart TV's and Streaming Devices around the world.



ഒരു സിനിമാ തിയേറ്ററിനോളം വലിപ്പമുള്ള റെക്കോഡിംഗ് സ്റ്റുഡിയോയിൽ സംഗീത വിഭാഗത്തിൻറെ മൊത്തം നിയന്ത്രണം വഹിക്കുന്ന സംഗീത സഹസംവിധായകരുടെ സേവനം വളരെ പ്രധാനപ്പെട്ടതാണ്.

എൻ്റെ സംഗീത വഴികൾ-14

# ഈണങ്ങളുടെ പരിചാരകന്മാർ


◉ എസ് രാജേന്ദ്ര ബാബു

ഗാനമേളകളിൽ പാടിയും ഹാർമ്മോണിയവും അക്കോഡിയനും വായിച്ചും അമച്വർ നാടകങ്ങൾക്ക് സംഗീതമൊരുക്കിയും കൊല്ലത്തും പരിസരത്തും വിലസിനടന്ന ഞാൻ 1975-ലാണ് ആദ്യമായി ഒരു റെക്കോഡിംഗ് നേരിട്ട് കാണുന്നത്. മദിരാശിയിലെ എവിഎം ആർആർ തിയേറ്ററിലേക്ക് എൻറെ ഗുരുനാഥൻ കണ്ണൂർ രാജനോടൊപ്പം കടന്നു ചെന്നപ്പോൾ വാദ്യകലാകാരൾകുാർക്ക് നിർദ്ദേശങ്ങൾ നൽകകിക്കൊണ്ട് ഓടിനടക്കുന്ന ഒരു കുറിയ മനുഷ്യനെ അത്ഭുതത്തോടെ ഞാൻ നോക്കിനിന്നു.

'അതാണ് ആർകെ ശേഖർ,' കണ്ണൂർ രാജൻ കാതിൽ പറഞ്ഞു. ഐ വി ശശിയുടെ ആദ്യചിത്രമായ ഉത്സവത്തിൻറെ റീറെക്കോഡിംഗ് (പശ്ചാത്തല സംഗീത നി



ആർ കെ ശേഖർ



പുകഴേന്തി



**ഗുണസിംഗ്**



**ജോൺസൻ**

ർവഹണം) നടക്കുകയാണവിടെ. ചിത്രത്തിൻറെ സംഗീത സംവിധായകൻ എടി ഉമ്മറിനെ തിയേറ്ററിൽ കാണാനില്ല. ഒരു സംഗീത സഹസംവിധായകൻറെ വിലയും നിലയും നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞ എൻറെ ആദ്യത്തെ അനുഭവം ആയിരക്കണക്കിനു നിത്യഹരിത ഗാനങ്ങൾ നാം ഓർമ്മച്ചെപ്പുകളിൽ സൂക്ഷിച്ചു വച്ചിരിക്കുന്നത് അവ നമ്മളിൽ ചെലുത്തിയ അപാരസ്വാധീനം കൊണ്ടാണല്ലോ. ആദ്യ ശബ്ദചിത്രമായ ബാലൻ (1938) മുതൽ തന്നെ ചലച്ചിത്ര ഗാനങ്ങളുടെ ചരിത്രവും ആരംഭിക്കുന്നുവെങ്കിലും നീലക്കുയിൽ (1954) മുതലാണ് അവ പരക്കെ ശ്രദ്ധിക്കപ്പെട്ടത്. കെ രാഘവൻ ചിട്ടപ്പെടുത്തിയ 'എല്ലാരും ചൊല്ലണ് എല്ലാരും ചൊല്ലണ്', 'കായലരികത്തു വലയെറിഞ്ഞപ്പോൾ' തുടങ്ങിയ ഗാനങ്ങൾ ഒരിക്കലെങ്കിലും മൂളാത്ത മലയാളി ഉണ്ടാവില്ല .. തുടർന്ന് എംഎസ് ബാബുരാജ്, വി ദക്ഷിണാമൂർത്തി, ജി ദേവരാജൻ, എംഎസ് വിശ്വനാഥൻ, ബിഎ ചിദംബരനാഥ് തുടങ്ങിയ സംഗീത സംവിധായകർ മലയാള സംഗീതത്തിൻറെ പൂക്കാലം തീർക്കുകയായിരുന്നു. എംകെ അർജുനൻ, എംജി രാധാകൃഷ്ണൻ, വിദ്യാധരൻ, രഘുകുമാർ, ജോൺസൺ, രവീന്ദ്രൻ, ഔസേപ്പച്ചൻ, രമേഷ് നാരായൺ, എം ജയചന്ദ്രൻ, മോഹൻ സിത്താര തുടങ്ങിയവർ വിവിധ കാലയളവിലായി ആ വസന്തകാലത്തിൻറെ പരിമളം നിലനിർത്തി. സലിൽ ചൗധരി, നൗഷാദ്, ശ്യാം, രവി ബോംബെ, ഇളയരാജ, എസ്പി വെങ്കടേഷ്, വിദ്യാസാഗർ തുടങ്ങിയ ഇതരഭാഷാ സംഗീതജ്ഞർ മലയാള സംഗീതത്തിന് വ്യത്യസ്തമായ നിറക്കൂട്ടുകൾ പകർന്നു.

**ഓരോ ഗാനവും ആസ്വദിക്കുമ്പോൾ അതു പാടിയ ഗായകൻ അല്ലെങ്കിൽ ഗായിക, രചയിതാവ്, സംഗീത സംവിധായകൻ എന്നിവരെയും നാം ഓർക്കാറുണ്ട്. എന്നാൽ ഓരോ ഗാനത്തിനും പിന്നിൽ പ്രവർത്തിക്കുന്ന സംഗീത സഹസംവിധായകരെ നാം ഓർക്കാറില്ല.**

തമിഴിലും, തെലുങ്കിലും ഒന്നാം നിര സംഗീത സംവിധായകനായിരുന്ന കെവി മഹാദേവൻറെ സഹായിയായി ജീവിതകാലം മുഴുവൻ പ്രവർത്തിച്ച പുകഴേന്തി എന്ന തിരുവനന്തപുരത്തുകാരൻ വേലപ്പൻ നായർ പന്ത്രണ്ടു മലയാള ചിത്രങ്ങൾക്ക് സംഗീതം പകർന്നിട്ടുണ്ട്. അവയിലെ മിക്ക ഗാനങ്ങളും നമ്മുടെ നിത്യഹരിത ഗാനങ്ങളിൽ ഇടം പിടിച്ചവയാണ് (അപാരസുന്ദര നീലാകാശം, ഗോപുരമുകളിൽ വാസന്തചന്ദ്രൻ, സ്വന്തം ഹൃദയത്തിനുള്ളറയിൽ...). സ്കൂൾ വിദ്യാർത്ഥി ആയിരുന്ന കാലം മുതൽ മലയാളത്തിലെ മിക്ക സംഗീതസംവിധായകർക്കും വാദ്യോപകരണങ്ങൾ വായിക്കുകയും പിൽക്കാലത്ത് കണ്ണൂർ രാജൻ, രവീന്ദ്രൻ, ഔസേപ്പച്ചൻ തുടങ്ങിയവരുടെ സഹായിയായി പ്രവർത്തിക്കുകയും ചെയ്ത വിദ്യാസാഗർ സ്വതന്ത്ര സംഗീതസംവിധായകനായി വളർന്ന് മലയാളത്തിനു നൽകിയ സംഭാവനകളും വിലപ്പെട്ടതാണ്.

ഓരോ ഗാനവും ആസ്വദിക്കുമ്പോൾ അതു പാടിയ ഗായകൻ അല്ലെങ്കിൽ ഗായിക, രചയിതാവ്, സംഗീത സംവിധായകൻ എന്നിവരെയും നാം ഓർക്കാറുണ്ട്. എന്നാൽ ഓരോ ഗാനത്തിനും പിന്നിൽ പ്രവർത്തിക്കുന്ന സംഗീത സഹസംവിധായകരെ നാം ഓർക്കാറില്ല. ഒരു സിനിമാ തിയേറ്ററിനോളം വലിപ്പമുള്ള റെക്കോഡിംഗ് സ്റ്റുഡിയോയിൽ സംഗീത വിഭാഗത്തിൻറെ മൊത്തം നിയന്ത്രണം വഹിക്കുന്ന സംഗീത സഹസംവിധായകരുടെ സേവനം വളരെ പ്രധാനപ്പെട്ടതാണ്. സംഗീത സംവിധായകൻ ഹാർമ്മോണിയത്തിലൂടെ വിരലോടിച്ച് ഈണം നൽകുന്ന ഗാനത്തിന് അനുയോജ്യമായ സംഗീതോപകരണങ്ങൾ തെരഞ്ഞെടുത്ത് വാദ്യവിന്യാസം നിർവഹിച്ച് പശ്ചാത്തല സംഗീതം ഒരുക്കുന്നത് ഈ വിഭാഗമാണ്. 'സംഗീത സംവിധായകർക്ക് തങ്ങളുടെ ഗാനങ്ങൾ സ്വന്തം മക്കളെപ്പോലെയാണ്. പക്ഷേ അവരെ നല്ല ഉടുപ്പണിയിച്ച്, പൊട്ടുകുത്തി, പൗഡറിട്ട് ആകർഷണീയമാക്കുന്നത് സംഗീത സഹസംവിധായകരാകും. കുഞ്ഞിൻറെ പോറ്റമ്മയെ

പ്പോലെയാണവർ,'വിമൂകശോക സ്മൃതികളുണർത്തി വീണ്ടും പൗർണമി വന്നു'(മുത്ത്),'കുളിക ഴിഞ്ഞു കോടിമാറ്റിയ ശിശിരകാല ചന്ദ്രികേ'(മുൾക്കിരീടം) എന്നീ ഗാനങ്ങളിലൂടെ മലയാളി എക്കാല വും ഓർക്കുന്ന സംഗീത സംവിധാ യകൻ പ്രതാപ് സിംഗ് അഭിപ്രായ പ്പെടുന്നു. ഈ ഗാനങ്ങളുടെ 'പേ ാറ്റമ്മ' ജോൺസൺ ആയിരുന്നു.

സംഗീത സംവിധായകർക്ക് സംഗീത സഹസംവിധായകരുടെ സഹായം കൂടിയേ തീരൂ. കേരള ത്തിൽ നിന്ന് പുകഴേന്തി തമിഴക ത്ത് കെവി മഹാദേവൻറെ സംഗീത സഹസംവിധായകനായി തിള ങ്ങിയപ്പോൾ തമിഴകത്തു നിന്ന് ആർകെ ശേഖർ മലയാളത്തിൽ നിറഞ്ഞു നിന്നു. കെ രാഘവൻ, എംഎസ് ബാബുരാജ്, വി ദക്ഷി ണാമൂർത്തി, അർജുനൻ മാസ്റ്റർ, എടി ഉമ്മർ തുടങ്ങി നിരവധി സംഗീത സംവിധായകർക്ക് സഹ സംവിധായകനായി പ്രവർത്തിച്ച പ്രതിഭാശാലിയാണ് ആർകെ ശേ ഖർ. ഒരേദിവസം രണ്ടും മൂന്നും തിയേറ്ററുകളിലെ റെക്കോഡിംഗിന് ഓടിനടന്ന് മേൽനോട്ടം വഹിക്കേ ണ്ടി വന്നിട്ടുണ്ട് ഈ കലാകാരന്. ഗാനങ്ങളുടെയും സിനിമയുടെയും പശ്ചാത്തല സംഗീതം ഒരുക്കാൻ അദ്ദേഹം പാലിക്കുന്ന ഔചിത്യം അസൂയാവഹമായിരുന്നു. സംഗീത സംവിധായകൻറെ ശൈലിക്കനു സൃതമായി അദ്ദേഹം പശ്ചാത്തല സംഗീതം നെയ്തെടുത്തു. ദേവ രാജൻ മാസ്റ്റർ ഇതിൽ വിഭിന്നനാ യിരുന്നു.

അദ്ദേഹത്തിൻറെ ഗാനങ്ങളുടെ യും സിനിമയുടെയും പശ്ചാത്തല സംഗീതം ഒരുക്കാൻ ഒരിക്കലും സഹായിയെ ആശ്രയിച്ചിരുന്നില്ല. എൻറെ സംഗീതം പൂർണമായും സ്വയം ചിട്ടപ്പെടുത്തുന്നതാണ് എനിക്കിഷ്ടം. അതിൻറെ ഫലം ഗു ണമായാലും ദോഷമായാലും എൻ റെ പേരിൽ തന്നെ ഇരുന്നോട്ടെ?

**'സംഗീത സംവിധായകർക്ക് തങ്ങ ളുടെ ഗാനങ്ങൾ സ്വന്തം മക്കളെ പ്പോലെയാണ്. പക്ഷേ അവരെ നല്ല ഉടുപ്പണിയിച്ച്, പൊട്ടുകുത്തി, പൗഡറിട്ട് ആകർഷണീയമാക്കു ന്നത് സംഗീത സഹസംവിധായക രാകും. കുഞ്ഞിൻറെ പോറ്റമ്മയെ പ്പോലെയാണവർ,'വിമൂകശോക സ്മൃതികളുണർത്തി വീണ്ടും പൗർണമി വന്നു'(മുത്ത്),'കുളിക ഴിഞ്ഞു കോടിമാറ്റിയ ശിശിരകാല ചന്ദ്രികേ'(മുൾക്കിരീടം) എന്നീ ഗാനങ്ങളിലൂടെ മലയാളി എക്കാ ലവും ഓർക്കുന്ന സംഗീത സംവി ധായകൻ പ്രതാപ് സിംഗ് അഭി പ്രായപ്പെടുന്നു. ഈ ഗാനങ്ങളുടെ 'പോറ്റമ്മ' ജോൺസൺ ആയിരുന്നു.**



കല്യാൺ

ഒരവസരത്തിൽ അദ്ദേഹം ഇതിനെ പ്പറ്റി എന്നോടു പറഞ്ഞു. ആർകെ ശേഖറെ ഒഴിവാക്കേണ്ടി വന്ന സാ ഹചര്യവും അദ്ദേഹം വ്യക്തമാക്കി:

ഞാൻ ചിട്ടപ്പെടുത്തുന്ന പശ്ചാ ത്തല സംഗീതം വാദ്യകലാകാ രന്മാർക്ക് പകർന്നു കൊടുത്ത് അവർക്കു റിഹേഴ്സൽ നൽകി സജ്ജമാക്കുക മാത്രമായിരുന്നു ആർകെ ശേഖറിൻറെ ജോലി. ഞാൻ നൽകിയ നൊട്ടേഷനിൽ ഒരിക്കൽ എൻറെ അനുവാദമി ല്ലാതെ മാറ്റം വരുത്തിയ കാരണ ത്താലാണ് ശേഖറെ ടീമിൽ നിന്ന് നീക്കം ചെയ്തത്. ചില മലയാള ചിത്രങ്ങൾക്ക് ആർകെ ശേഖർ സ്വതന്ത്രമായും സംഗീതം നൽകി. അവയിലെ പല ഗാനങ്ങളും ഇന്നും മലയാളി നെഞ്ചേറ്റുന്നവയാണ്.

(ചൊട്ടമുതൽ ചുടല വരെ, അഞ്ജനക്കുന്നിൽ തിരിപെറു ക്കാൻ പോകും, മനസ്സു മനസ്സിൻ റെ കാതിൽ രഹസ്യങ്ങൾ, സന്ധ്യാ രാഗം മാഞ്ഞുകഴിഞ്ഞു, ഉഷസ്സോ സന്ധ്യയോ സുന്ദരി, താമരപ്പൂ നാണിച്ചു, ആഷാഢമാസം ആത്മാ വിൽ മോഹം) എആർ റഹ്മാൻറെ പിതാവ് എന്ന നിലയിലാണ് പുതു തലമുറ മഹാനായ ആ കലാകാ രനെ ഇന്ന് തിരിച്ചറിയുന്നത്.

പുല്ലാങ്കുഴൽ വിദഗ്ധനായ ഗു ണസിംഗ് പിന്നീട് തെന്നിന്ത്യൻ



രാജാമണി

ഭാഷകളിലെ വിവിധ സംഗീത സം വിധായകരുടെ അസിസ്റ്റൻറായി പ്രവർത്തിച്ചു. മലയാളത്തിൽ എടി ഉമ്മർ, കണ്ണൂർ രാജൻ തുടങ്ങിയവ രുടെ സഹായിയായാണ് അദ്ദേഹം അധികവും സഹകരിച്ചിട്ടുള്ളത്. പരിമിതമായ വാദ്യോപകരണ ങ്ങൾ ഉപയോഗിച്ച് അത്ഭുതകര മായി ഓർക്കസ്ട്രേഷൻ ചെയ്യാ നുള്ള ഗുണസിംഗിൻറെ കഴിവ് പ്രശംസനീയമായിരുന്നു. കണ്ണൂർ

രാജൻറെ നീയൊരു വസന്തം, ഒരു സ്വപ്നത്തിൻ പവിഴദ്വീപിൽ, എന്തിനെന്നെ വിളിച്ചു നീ വീണ്ടും തുടങ്ങിയ ഗാനങ്ങൾക്ക് മൂന്നോ നാലോ വാദ്യോപകരണങ്ങൾ മാത്രം ഉപയോഗിച്ച് ഗുണസിംഗ് സംഗീതത്തിൻറെ ഇന്ദ്രജാലം സൃഷ്ടിച്ചത് നേരിട്ടനുഭവിക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. സ്വാമി എന്ന ഹിന്ദി ചിത്രത്തിലെ ഈണവും പശ്ചാത്തലസംഗീതവും അവളുടെ രാവുകൾക്കായി റെക്കോഡ് പ്ലെയറിൻറെ സഹായത്തോടെ സമർത്ഥമായി വിളക്കിച്ചേർത്ത് രാഗേന്ദു കിരണങ്ങൾ, ഉണ്ണി ആരാരിരോ എന്നീ ഗാനങ്ങൾ എടി ഉമ്മറിനു വേണ്ടി ഒരുക്കിയത് ഗുണസിംഗാണ്. ഉമ്മറിൻറെ പേരിൽ പുറത്തു വന്നിട്ടുള്ള പല ഗാനങ്ങൾക്കും ഈണം നൽകിയതു തന്നെ ഗുണസിംഗ് ആണെന്നത് അക്കാലത്ത് കോടമ്പാക്കത്തെ അരമന രഹസ്യം ഗുണസിംഗിനെ ലഭിച്ചില്ലെങ്കിൽ മാത്രമേ സംഗീത സംവിധായകർ മറ്റൊരു പുല്ലാങ്കുഴൽ വാദകനെ അന്വേഷിച്ചിരുന്നുള്ളു. അത്ര മനോഹരമാണ് അദ്ദേഹത്തിൻറെ പുല്ലാങ്കുഴൽ വാദനം. നിരവധി ചിത്രങ്ങൾക്ക് ഗുണസിംഗ് സ്വതന്ത്രമായി സംഗീത സംവിധാനം നിർവഹിച്ചിട്ടുണ്ട്. 1982-ൽ പുറത്തിറങ്ങിയ പടയോട്ടം മലയാളത്തിൽ ഏറ്റവുമധികം വാദ്യോപകരണങ്ങൾ ഉപയോഗിച്ച ചിത്രമാണ്. ഗുണസിംഗായിരുന്നു പടയോട്ടത്തിൻറെ സംഗീത സംവിധായകൻ. അതിൻറെ റെക്കോഡിംഗിന് നൂറിലധികം വാദ്യകലാകാരന്മാർ എവിഎം സി തിയേറ്ററിൽ തിങ്ങിനിറഞ്ഞിരിക്കുന്നതു കണ്ട് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്!

പശ്ചാത്തല സംഗീതത്തിന് ആദ്യമായി സംസ്ഥാന അവാർഡ് നേടിയ ചിത്രം കൂടിയായി പടയോട്ടം. കണ്ണൂർ രാജൻറെ മിസ്റ്റർ സുന്ദരി എന്ന ചിത്രത്തിൽ ഏറ്റവും കുറച്ച് ഉപകരണങ്ങൾ ഉപയോഗിച്ചും (തബലയും ഗിറ്റാറും മാത്രം) പടയോട്ടത്തിൽ ഏറ്റവുമധികം ഉപകരണങ്ങൾ ഉപയോഗിച്ചും (നൂറ്റിമുപ്പതോളം) ഗുണസിംഗ് എന്ന സംഗീതകാരൻ അപൂർവ വ്യക്തിത്വത്തിന് ഉടമയായത് അധികമാരും അറിയാത്ത മലയാള സംഗീത ചരിത്രം.



നടേഷ് ശങ്കർ



ശ്യാം

**സംഗീത സംവിധായകർക്ക് സംഗീത സഹസംവിധായകരുടെ സഹായം കൂടിയേ തീരു. കേരളത്തിൽ നിന്ന് പുകഴേന്തി തമിഴകത്ത് കെവി മഹാദേവൻറെ സംഗീത സഹസംവിധായകനായി തിളങ്ങിയപ്പോൾ തമിഴകത്തു നിന്ന് ആർകെ ശേഖർ മലയാളത്തിൽ നിറഞ്ഞു നിന്നു.**

സംഗീത സഹസംവിധായകരായി രംഗപ്രവേശം ചെയ്ത ശേഷം പിൽക്കാലത്ത് സംഗീത സംവിധായകരായി തിളങ്ങിയവർ മലയാളത്തിൽ പലരുമുണ്ട്. എംഎസ് വിശ്വനാഥൻറെ പ്രമുഖ വയലിനിസ്റ്റായിരുന്ന സാമുവേൽ ജോസഫ് പിന്നീട് സലിൽ ചൗധരിയുടെ ഓർക്കസ്ട്ര കണ്ടക്ടറായി നിരവധി ചിത്രങ്ങളിൽ പ്രവർത്തിച്ചു. യേശുദാസ് സംഗീത സംവിധാനം നിർവഹിച്ച അഴകുള്ള സെലീന എന്ന ചിത്രത്തിൻറെ സംഗീത സഹസംവിധായകനും അദ്ദേഹമായിരുന്നു. പിന്നീട് മാന്യശ്രീ വിശ്വാമിത്രൻ എന്ന ചിത്രത്തിലൂടെ ശ്യാം എന്ന പേരിൽ വർഷങ്ങളോളം മലയാള സംഗീത സംവിധാന രംഗത്ത് തിളങ്ങി. (സാമുവേൽ ജോസഫിനെ എംഎസ് വിശ്വനാഥൻ സാം എന്നു ചുരുക്കി വിളിച്ചതാണ് പിന്നീട് ശ്യാം ആയത്. തൻറെ നാവിലൊതുങ്ങാത്ത പേരുകളൊക്കെ സൗകര്യപൂർവം അദ്ദേഹം മാറ്റാറുണ്ടായിരുന്നു. ജോസഫ് ക്രിസ്റ്റഫർ എന്ന വയലിനിസ്റ്റിനെ അദ്ദേഹം ജോസഫ് കൃഷ്ണയാക്കി. ജോസഫ് കൃഷ്ണ പിൽക്കാലത്ത് സംഗീത സംവിധായകനായി. യേശുദാസിനൊപ്പം പുല്ലാങ്കുഴൽ വായിച്ചിരുന്ന വിസി ജോർജ് കുറച്ചുകാലം എംഎസ് വി യുടെ ടീമിൽ പ്രവർത്തിച്ചിരുന്നു.

അവിടത്തെ പ്രധാന പുല്ലാങ്കുഴൽ വാദകൻറെ പേര് നഞ്ചപ്പ. വിസി ജോർജിൻറെ പേര് ഓർത്തുവയ്ക്കാനൊന്നും എം എസ് വി മെനക്കെട്ടില്ല. പകരം മറ്റൊരു പേരിട്ടു - കുഞ്ചപ്പ!)

1983ൽ ആരൂഢം, 1984-ൽ കാണാമറയത്ത് എന്നീ ചിത്രങ്ങൾക്ക് ശ്യാമിന് മികച്ച സംഗീത സംവിധാ

യകൻറെ സംസ്ഥാന അവാർഡ് ലഭിച്ചു. ഗാനസംവിധാനത്തിലും പശ്ചാത്തല സംഗീത സംവിധാനത്തിലും ശ്രദ്ധിക്കപ്പെട്ട ചിത്രമായിരുന്നു കാണാമറയത്ത്. എന്നാൽ ചിത്രത്തിൻറെ പശ്ചാത്തല സംഗീതം ഒരുക്കിയത് ഗുണസിംഗ് ആയിരുന്നെന്നത് അധികമാരും ശ്രദ്ധിക്കാതെ പോയ ഒരു യാഥാർത്ഥ്യം.

നിരവധി ചിത്രങ്ങൾക്ക് ശ്യാമിൻറെ സഹായിയായി പ്രവർത്തിച്ച കലാകാരനാണ് എസ്പി വെങ്കടേഷ്. മാൻഡലിൻ വായിച്ചിരുന്ന വെങ്കടേഷ് ശ്യാമിൻറെ സഹായിയായി പരിഗണിക്കപ്പെട്ടത് വഴിത്തിരിവായി. ഗാനങ്ങളും പശ്ചാത്തലസംഗീതവും ഒരുപോലെ വിദഗ്ധമായി കൈകാര്യം ചെയ്തിരുന്ന ശ്യാമിന് വെങ്കടേഷ് മ്യൂസിക് കണ്ടക്ടർ മാത്രമായിരുന്നു. പക്ഷേ ആ പരിശീലനം പിൽക്കാലത്ത് എടി ഉമ്മർ, രവീന്ദ്രൻ എന്നിവരുടെ സഹായിയായി പ്രവർത്തിക്കാൻ വെങ്കടേഷിനു തുണയായി. ഒരു സ്വതന്ത്ര സംഗീത സംവിധായകനായി വളരാൻ പിന്നീട് അധികമൊന്നും കാത്തിരിക്കേണ്ടി വന്നില്ല വെങ്കടേഷിന്. തമ്പി കണ്ണന്താനം സംവിധാനം ചെയ്ത രാജാവിൻറെ മകൻ ആണ് അദ്ദേഹം സംഗീതം നൽകിയ ആദ്യചിത്രം. മോഹൻലാലിന് സൂപ്പർതാര പദവി നേടിക്കൊടുത്ത ചിത്രം കൂടിയാണ് രാജാവിൻറെ മകൻ. തുടർന്ന് നിരവധി ചിത്രങ്ങൾക്ക് വെങ്കടേഷ് സംഗീതമൊരുക്കി. ഒരു ട്രെയിൻ അപകടത്തിൽ പരുക്കേറ്റ് ജോൺസൺ കുറച്ചുകാലം രംഗത്തു നിന്നു വിട്ടുനിൽക്കേണ്ടി വന്ന സാഹചര്യമാണ് വെങ്കടേഷിന് അനുകൂലമായത്.

ആർകെ ശേഖറിൻറെ അഭാവത്തിൽ ദേവരാജൻ മാസ്റ്റർ കണ്ടെത്തിയ സംഗീതപ്രതിഭയാണ് ജോൺസൺ. വോയിസ് ഓഫ് ട്രിച്ചൂർ എന്ന സംഗീതസംഘത്തിൻറെ നേതൃത്വം വഹിച്ചിരുന്ന ജോൺസനെ ഗായകൻ ജയചന്ദ്രനാണ് മാസ്റ്റർക്കു പരിചയപ്പെടുത്തിയത്. റെക്കോഡിംഗ് സ്റ്റുഡിയോയിൽ കൃത്യതയോടെയും അച്ചടക്കത്തോടെയും സംഗീതത്തിൻറെ സൂക്ഷ്മാംശങ്ങൾ വിശദമായി പരിശോധിച്ച് വാദ്യോപകരണങ്ങൾ ഉന്നതനിലവാരത്തിൽ വിന്യസിപ്പിക്കാനും റെക്കോഡ് ചെയ്യാനുമുള്ള പരിശീലനം മാസ്റ്ററിൽ നിന്ന് ജോൺസൺ അതിവേഗം സ്വായത്തമാക്കി.

**പുല്ലാങ്കുഴൽ വിദഗ്ധനായ ഗുണസിംഗ് പിന്നീട് തെന്നിന്ത്യൻ ഭാഷകളിലെ വിവിധ സംഗീത സംവിധായകരുടെ അസിസ്റ്റൻറായി പ്രവർത്തിച്ചു. മലയാളത്തിൽ എടി ഉമ്മർ, കണ്ണൂർ രാജൻ തുടങ്ങിയവരുടെ സഹായിയായാണ് അദ്ദേഹം അധികവും സഹകരിച്ചിട്ടുള്ളത്. പരിമിതമായ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് അത്ഭുതകരമായി ഓർക്കസ്ട്രേഷൻ ചെയ്യാനുള്ള ഗുണസിംഗിൻറെ കഴിവ് പ്രശംസനീയമായിരുന്നു.**

വാദ്യോപകരണങ്ങളുടെ അമിതോപയോഗം നിയന്ത്രിച്ച് പാശ്ചാത്യസംഗീതത്തിൻറെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി മലയാളത്തിൻറെ അഭിരുചിക്കിണങ്ങുംവിധം ഒരു നൂതനശൈലി വാർത്തെടുത്തതാണ് മലയാള സംഗീതത്തിന് ജോൺസൺ നൽകിയ മഹത്തായ സംഭാവന. എംകെ അർജുനൻ,

എംജി രാധാകൃഷ്ണൻ, എടി ഉമ്മർ, വിദ്യാധരൻ തുടങ്ങിയ സംഗീത സംവിധായകരുടെ സഹായിയായി പ്രവർത്തിച്ച് ജോൺസൺ തൻറെ നൂതനശൈലി പരിപോഷിപ്പിച്ചെടുത്തു. ഒരു സ്വതന്ത്ര സംഗീത സംവിധായകനായി വളരാൻ ഈ അനുഭവങ്ങൾ ജോൺസന് ധാരാളമായിരുന്നു. മുന്നൂറിലധികം ചിത്രങ്ങൾക്ക് സംഗീത സംവിധാനം നിർവഹിച്ച് തൻറെ മുഖമുദ്രയുള്ള നൂറുകണക്കിനു ഗാനങ്ങൾ എക്കാലവും ഓർക്കാൻ മലയാളിക്കു സമ്മാനിച്ചു കൊണ്ടാണ് ജോൺസൺ നമ്മെ വിട്ടുപിരിഞ്ഞത്.

കൂടെവിടെ എന്ന ചിത്രത്തിൻറെ സംഗീതം ശ്രദ്ധിച്ച സംവിധായകൻ ഭാരതിരാജ 'മലയാളത്തിൻറെ ഇളയരാജയാണ് ജോൺസൺ? എന്ന് വിശേഷിപ്പിച്ചത് ജോൺസൺ കാട്ടിയ മികവിൻറെ അംഗീകാരമായി.

ആദ്യകാല സംഗീത സംവിധായകനായ ബിഎ ചിദംബരനാഥിൻറെ മകൻ രാജാമണിയെ സംഗീതരംഗത്തക്കു കൈപിടിച്ചുയർത്തിയത് ജോൺസൺ ആണ്. ഗുരുവായൂരിൽ ജോൺസൺ അവതരിപ്പിച്ച ഒരു ഗാനമേളയിൽ തബല ബാലനോടൊപ്പം ഡോലക്ക് വായിച്ചുകൊണ്ടാണ് രാജാമണി ജോൺസൻറെ ടീമിൽ എത്തുന്നത്. മദിരാശിയിൽ തിരിച്ചെത്തിയ ജോൺസൺ തൻറെ എല്ലാ കമ്പോസിംഗിനും റെക്കോഡിംഗിനും രാജാമണിയെ കൂടെനിർത്തി സംഗീതം സ്വരപ്പെടുത്താനും ഓർക്കസ്ട്ര കണ്ടക്ട് ചെയ്യാനും പരിശീലിപ്പിച്ചു.

വിശ്രമിക്കാൻ സമയമില്ലാതെ രാജാമണി ജോൺസനോടൊപ്പം വളർന്നു. പിൽക്കാലത്ത് ചുരുക്കം ചില ചിത്രങ്ങൾക്ക് ഗാനങ്ങൾ ഒരുക്കിയെങ്കിലും പശ്ചാത്തല സംഗീത വിദഗ്ധൻ എന്ന പേരിലാണ് രാജാമണി ഏറ്റവും പ്രശസ്തനായത്.

മോഹൻരൂപ് 1985-ൽ സംവിധാനം ചെയ്ത നുള്ളിനോവിക്കാതെയാണ് രാജാമണിയുടെ ആദ്യചിത്രമായി പറയപ്പെടുന്നതെങ്കിലും 1983-ൽ പുറത്തുവന്ന ഗ്രാമത്തുക്കിളികൾ എന്ന തമിഴ് ചിത്രത്തിലൂടെയാണ് മണിരാജ എന്ന പേരിൽ അദ്ദേഹം സ്വതന്ത്ര സംഗീതസംവിധായകനായത്. ഗാനങ്ങൾ ചിട്ടപ്പെടുത്തുന്നതിൽ പൊതുവേ



**വിദ്യാസാഗർ**



**വെങ്കിടെശ്**

വിമുഖനായിരുന്ന രാജാമണിയെ ഈണങ്ങൾ ചിട്ടപ്പെടുത്താൻ സഹായിച്ച നടേഷ് ശങ്കർ പിൽക്കാലത്ത് ആന്ദോളനം, അഥീന ഭക്തജനങ്ങളുടെ ശ്രദ്ധക്ക് തുടങ്ങി നിരവധി ചിത്രങ്ങൾക്കു വേണ്ടി മനോഹരങ്ങളായ ഗാനങ്ങൾ ഒരുക്കി സംഗീത സംവിധായകനായി.

ദേവരാജൻ മാസ്റ്റർ, അർജുനൻ മാസ്റ്റർ, ശ്യാം, കണ്ണൂർ രാജൻ, എടി ഉമ്മർ തുടങ്ങിയ സംഗീത സംവിധായകർക്ക് കാനൂൺ, വൈബ്രോഫോൺ തുടങ്ങിയ വാദ്യോപകരണങ്ങൾ വായിച്ചിരുന്ന രാമചന്ദ്ര റാവുവിൻറെ മകൻ ബോബി കുട്ടിക്കാലം മുതൽ അച്ഛനോടൊപ്പം സ്റ്റുഡിയോ സന്ദർശിക്കുക പതിവായിരുന്നു. രാമചന്ദ്ര റാവുവിനു പങ്കെടുക്കാൻ കഴിയാതെ വന്ന റെക്കോഡിംഗിന് മകൻ ബോബി പകരക്കാരനായി വായിച്ച് വാദ്യോപകരണ രംഗത്ത് സജീവമായി. തുടർന്ന് കണ്ണൂർ രാജൻ, രവീന്ദ്രൻ, ഔസേപ്പച്ചൻ തുടങ്ങിയവരുടെ സഹായിയായും പ്രവർത്തിച്ചു തുടങ്ങി. സ്റ്റുഡിയോയിൽ ചുറുചുറുക്കോടെ ഓടിനടന്നു പണിയെടുക്കുന്ന ബോബിയെ എല്ലാവരും ഇഷ്ടപ്പെട്ടു.

മമ്മൂട്ടിയുടെ ശ്രദ്ധയിൽ പെട്ടതോടെ ബോബിയുടെ നല്ലകാലം തെളിഞ്ഞു. സംവിധായകൻ കമലിൻറെ അഴകിയ രാവണൻ എന്ന ചിത്രത്തിൽ മമ്മൂട്ടിയുടെ ശുപാർശ പ്രകാരം ബോബി സംഗീത സംവിധായകനായി. പിന്നീട് തിരിഞ്ഞു

**സംഗീത സഹസംവിധായകരായി രംഗപ്രവേശം ചെയ്ത ശേഷം പിൽക്കാലത്ത് സംഗീത സംവിധായകരായി തിളങ്ങിയവർ മലയാളത്തിൽ പലരുമുണ്ട്. എംഎസ് വിശ്വനാഥൻറെ പ്രമുഖ വയലിനിസ്റ്റായിരുന്ന സാമുവേൽ ജോസഫ് പിന്നീട് സലിൽ ചൗധരിയുടെ ഓർക്കസ്ട്ര കണ്ടക്ടറായി നിരവധി ചിത്രങ്ങളിൽ പ്രവർത്തിച്ചു. യേശുദാസ് സംഗീത സംവിധാനം നിർവഹിച്ച അഴകുള്ള സെലീന എന്ന ചിത്രത്തിൻറെ സംഗീത സഹസംവിധായകനും അദ്ദേഹമായിരുന്നു. പിന്നീട് മാന്യശ്രീ വിശ്വാമിത്രൻ എന്ന ചിത്രത്തിലൂടെ ശ്യാം എന്ന പേരിൽ വർഷങ്ങളോളം മലയാള സംഗീത സംവിധാന രംഗത്ത് തിളങ്ങി.**

നോക്കാൻ സമയമില്ലാതെ മലയാളത്തിലും തമിഴിലും തെലുങ്കിലും അങ്ങനെ ബോബി വിദ്യാസാഗർ എന്ന പേരിൽ തിരക്കുള്ള സംഗീത സംവിധായകനായി.

എംജി രാധാകൃഷ്ണൻ, രവീന്ദ്രൻ, പെരുമ്പാവൂർ ജി രവീന്ദ്രനാഥ് തുടങ്ങിയ നിരവധി സംഗീത സംവിധായകരുടെ സഹായിയായി പ്രവർത്തിക്കുമ്പോഴും സംഗീത സംവിധാനത്തിൽ സ്വന്തം പാത കണ്ടെത്തിയ കലാകാരനാണ് മോഹൻ സിത്താര.

എഴുപതുകളുടെ തുടക്കത്തിൽ യേശുദാസ് തിരുവനന്തപുരത്ത് നടത്തിയിരുന്ന തരംഗനിസരി എന്ന സംഗീത വിദ്യാലയത്തിൽ അധ്യാപകനായി ചേർന്ന മോഹൻ കൊല്ലത്ത് ഞാൻ നേതൃത്വം നൽകിയിരുന്ന പ്രവീണ മ്യൂസിക് ക്ലബ് എന്ന ഗാനമേള സംഘത്തിൽ വയലിനിസ്റ്റ് ആയിരുന്നു. എംജി രാധാകൃഷ്ണൻറെ സഹായികളായിരുന്ന ബേണി-ഇഗ്നേഷ്യസും പിൽക്കാലത്ത് സംഗീതസംവിധായകരായി. പ്രിയദർശൻറെ തേന്മാവിൻ കൊമ്പത്ത് എന്ന ചിത്രത്തിലെ സംഗീതത്തിന് ബേണി-ഇഗ്നേഷ്യസ് മികച്ച സംഗീതസംവിധായകരുടെ സംസ്ഥാന അവാർഡ് നേടി. എന്നാൽ അവയിലെ ഗാനങ്ങൾ ഹിന്ദിയിൽ നിന്ന് കടംകൊണ്ടതാണെന്നും മൗലികത ഇല്ലാത്തതിനാൽ അവാർഡിന് അർഹമല്ലെന്നും ചൂണ്ടിക്കാട്ടി പ്രതിഷേധസൂചകമായി തനിക്കു ലഭിച്ച എല്ലാ സംസ്ഥാന അവാർഡുകളും ദേവരാജൻ മാസ്റ്റർ സാംസ്കാരിക വകുപ്പിനെ തിരികെ ഏൽപിച്ചത് വാർത്തയായിരുന്നു. സംഗീത സഹസംവിധായക വേഷം ഉപേക്ഷിച്ച് സ്വതന്ത്രസംഗീത സംവിധായകരാകാതെ ദശാബ്ദങ്ങളായി അതേ രംഗത്ത് തുടർന്ന പ്രഭാകർ (ദേവരാജൻ മാഷ്. ഇളയരാജ), പുരുഷോത്തം (ഇളയരാജ), സമ്പത്ത് സെൽവ (കണ്ണൂർ രാജൻ, രവീന്ദ്രൻ), കല്യാൺ (സലിൽ ചൗധരി, രവി ബോംബെ), ജയശേഖർ (കണ്ണൂർ രാജൻ, എടി ഉമ്മർ, ഇളയരാജ), ചിട്ടിപ്രകാശ് (ജോൺസൺ, രാജാമണി, ജെറി അമൽദേവ്) തുടങ്ങിയ സംഗീത സഹസംവിധായകരെ നമുക്ക് ഇവിടെ നന്ദിപൂർവം ഓർക്കേണ്ടതുണ്ട്.



● ശ്രീമദ് ഭഗവത് ഗീത
അദ്ധ്യായം 5

# ധ്യാനയോഗം

◉ **സുധീർ പണിക്കവീട്ടിൽ**

ഫലേച്ഛ കൂടാതെ ഒരാൾ തന്റെ പ്രവർത്തികൾ ചെയ്യുമ്പോൾ അയാൾ സന്യാസിയും യോഗിയുമാണ്. അഗ്നിഹോത്രാദികർമ്മങ്ങളും മറ്റ് പ്രവർത്തികളും ത്യജിച്ചതുകൊണ്ട് ഒരാൾ സന്യാസിയോ യോഗിയോ ആകുന്നില്ല. ആത്മീയോന്നതി ഉണ്ടാകാൻ ഒരാൾ തന്നത്താൻ ശ്രമിക്കണം. കാരണം നമ്മൾ തന്നെ നമ്മുടേ ബന്ധുവും ശത്രുവുമാകുന്നു.

ബ്രഹ്മചര്യത്തോടെ ഭഗവാനെ ധ്യാനിക്കുന്നതിനെ പറ്റി ഈ അധ്യായത്തിൽ വിവരിക്കുന്നു. കൂടുതൽ തിന്നുന്നവനും, തീരെ തിന്നാത്തവനും അമിത നിദ്രയുള്ളവനും എപ്പോഴും ഉണർന്നിരിക്കുന്നവനും യോഗം എളുപ്പമല്ല. ആഹാരത്തിലും ഉറക്കത്തിലും ഉണർന്നിരിപ്പിലും വിനോദങ്ങളിലും മിതത്വം പാലിക്കുന്നവന് യോഗം കൊണ്ട് ദുഃഖത്തെ കീഴടക്കാൻ കഴിയുന്നു യോഗം കൊണ്ട് മനസ്സിനെ നിയന്ത്രണാധീനമാക്കുമ്പോൾ സർവ ജീവജാലങ്ങളിലും

> **ധ്യാനവും അതിന്റെ പരിശീലനവുമാണ്. നിഷ്കാമ കർമ്മം ചെയ്യുമ്പോൾ ധ്യാനാത്മകമായ ഒരു അവസ്ഥ മനസ്സിന് ലഭിക്കുന്നു അതിലൂടെ ഇന്ദ്രിയ നിയന്ത്രണം നടത്തി ജീവിതത്തെ ക്രമീകരിക്കാനും ഏകാന്തമായി ധ്യാനിക്കാനും ഒരാൾക്ക് കഴിയുന്നു. ഒരാളുടെ മനസ്സ് ചഞ്ചൽപ്പെട്ടു ധ്യാനം മുടങ്ങിയാലും അടുത്ത ജന്മങ്ങളിൽ അതിന്റെ ഫലം കിട്ടുകയും അത് തുടരാൻ കഴിയുകയും ചെയ്യുന്നു.**

തന്നെയും, തന്നെ സർവ്വതിലും എല്ലായിടത്തും കാണാൻ സാധിക്കുന്നു. ആർ എന്നെ സർവവ്യാപിയായി കാണുന്നുവോ എല്ലാം എന്നിൽ കാണുന്നുവോ അയാൾ എന്നിൽ നിന്നോ ഞാൻ അയാളിൽ നിന്നോ വേറെയാകുന്നില്ല അർജുനൻ പറഞ്ഞു ഓ കൃഷ്ണാ മനസ്സ് കാറ്റിനെപോലെ അസ്വസ്ഥവും പ്രക്ഷുബ്ബവും വഴങ്ങാത്തതും, ശക്തിയുമുള്ളതുമായതിനാൽ അതിനെ നിയന്ത്രിക്കുക അസാധ്യമാകുന്നു.

അതിനു മറുപടിയായി ഭഗവൻ 'നീ പറഞ്ഞത് നിസ്സംശയം ശരി തന്നെ. എങ്കിലും അഭ്യാസം കൊണ്ട്, ഓ കൗന്തേയ വൈരാഗ്യവും നിഷ്പ്പക്ഷതയും കൊണ്ട് ഇത് നേടാവുന്നതാണ്. അർജുനൻ വീണ്ടും ചോദിച്ചു വിശ്വാസമുണ്ടെങ്കിലും ഒരാൾ മനസ്സിനെ നിയന്ത്രിക്കാൻ

അശക്തനാണെങ്കിൽ മനസ്സ് യോഗത്തിൽ നിന്ന് അകന്നു അലഞ്ഞു നടന്നാൽ യോഗത്തിൽ പൂർണ്ണത പ്രാപിക്കാൻ കഴിയാതെ വരുമല്ലോ? അവർക്ക് എന്താണ് ഒടുവിൽ സംഭവിക്കുക. ഭഗവൻ പറഞ്ഞു ധർമ്മബോധമുള്ള ഒരു ലോകം പ്രാപിക്കുകയും അവിടെ വസിക്കയും ചെയ്ത ഒരാൾ യോഗത്തിൽ നിന്ന് വ്യതിചലിച്ചാലും അയാൾ പുണ്യവും ഐശ്വര്യവുമുള്ള കുടുംബത്തിൽ ജനിക്കുന്നു.

അല്ലെങ്കിൽ അയാൾ ജ്ഞാനികളായ യോഗിയുടെ കുടുംബത്തിൽ ജനിക്കുന്നു. ഇതേപോലെ ഒരു ജന്മം കിട്ടുക അപൂർവമാണ്. അങ്ങനെ ജനിക്കുന്നയാൾ പൂർവ്വജന്മാർജ്ജിതമായ അറിവ് വിപുലീകരിച്ചു പൂർണ്ണത നേടാൻ യത്നിക്കുന്നു. ഒരു തപസ്വിയെക്കാൾ ധ്യാനയോഗി ഉയർന്നവനാണ്. ജ്ഞാനികളെക്കാൾ ഉയർന്നവനാണ്.

കർമ്മികളെക്കാൾ ഉയർന്നവനാണ്. അതിനാൽ അർജുന ഒരു യോഗിയാകുക. യോഗികകളിൽ ആർ എന്നിൽ മനസ്സുറപ്പിച്ച് എന്നെ ആരാധിക്കുന്നുവോ അയാളെ ഏറ്റവും പരാമഭക്തനായി ഞാൻ കരുതുന്നു.

ചുരുക്കത്തിൽ ഈ അധ്യായം പറയുന്നത് ധ്യാനവും അതിന്റെ പരിശീലനവുമാണ്. നിഷ്കാമ കർമ്മം ചെയ്യുമ്പോൾ ധ്യാനാത്മകമായ ഒരു അവസ്ഥ മനസ്സിന് ലഭിക്കുന്നു അതിലൂടെ ഇന്ദ്രിയ നിയന്ത്രണം നടത്തി ജീവിതത്തെ ക്രമീകരിക്കാനും ഏകാന്തമായി ധ്യാനിക്കാനും ഒരാൾക്ക് കഴിയുന്നു. ഒരാളുടെ മനസ്സ് ചഞ്ചൽപ്പെട്ടു ധ്യാനം മുടങ്ങിയാലും അടുത്ത ജന്മങ്ങളിൽ അതിന്റെ ഫലം കിട്ടുകയും അത് തുടരാൻ കഴിയുകയും ചെയ്യുന്നു. ഇനി വിശദമായി...

ഫലേച്ഛ കൂടാതെ കർത്തവ്യങ്ങൾ നിറവേറ്റുന്നവൻ സന്യാസിയോ യോഗിയോ ആണ്. അഗ്നിഹോത്രാദികളെ ഉപേക്ഷിക്കുന്നവനോ, പ്രവർത്തിയെ ഉപേക്ഷിക്കുന്നവനോ അല്ല.

അനാശ്രിത: കർമ്മഫലം
കാര്യം കർമ്മ കരോതി യ:
സ സംന്യാസീ ച യോഗീ ച
ന നിരഗ്നിർ ന ചാക്രിയ



**ആത്മാവിന്റെ ഉദ്ധാരണം ആത്മാവിനാൽ തന്നെ വേണം. ആത്മാവിനെ താഴാൻ അനുവദിക്കരുത്. നമ്മുടെ ബന്ധുവും മിത്രവും നാം തന്നെയാണ് തന്നെ തന്നെ കീഴടക്കിയവന് താൻ തന്നെ സുഹൃത്ത്. അങ്ങനെയല്ലാത്തവന്റെ ശത്രുവും അവർ തന്നെ മനസ്സിനെ ജയിച്ചവൻ പരിപൂർണ്ണശാന്തിയിൽ മനഃശ്ശാന്തിയിൽ കഴിയുന്നു. ചൂടിലും തണുപ്പിലും സുഖത്തിലും ദുഖത്തിലും മാനാപമാനങ്ങളിലും സമഭാവം ദർശിക്കുന്നു. അചഞ്ചലനും ജിതേന്ദ്രിയനും ജ്ഞാന വിജ്ഞാനങ്ങളിൽ തൃപ്തനുമായ ഒരാൾക്ക് ഒരു കഷ്ണം മണ്ണോ, സ്വർണ്ണമോ രണ്ടും തുല്യമാകുന്നു. അങ്ങനെയുള്ളവർ യോഗാരൂഢർ എന്ന് പറയപ്പെടുന്നു.**

സംന്യാസം എന്ന് പറയുന്നത് യോഗം തന്നെയാണ്. ഓ പാണ്ഡവാ സങ്കൽപ്പങ്ങളെ ഉപേക്ഷിക്കാത്തവന് യോഗിയാകാൻ സാധ്യമല്ല

യോഗത്തിൽ കയറാനാഗ്രഹിക്കുന്ന മുനിക്ക് നിഷ്കാമ കർമ്മവും യോഗത്തിൽ ഇരുന്ന മുനിക്ക് ശാന്തിയും ഉപായമാകുന്നു.

(വിവരണം: യോഗത്തിൽ കയറുക എന്ന പ്രയോഗം മനസ്സിലാക്കാൻ പ്രയാസം തോന്നാം) .

ആരുരുക്ഷോർമുനേർയോഗം
കർമ്മകാരണമുച്യതേ
യോഗാരൂഢസ്യ തസ്യൈവ
ശമ: കാരണമുച്യതേ

ആരുരുക്ഷോ എന്നാൽ, ആരോഹണമെന്നർത്ഥം, ഇവിടെ ധ്വനിപ്പിക്കുന്ന അർത്ഥം കുതിരസവാരിയാണ്. കുതിരയുടെ പുറത്ത് കയറുന്ന ഒരാൾക്ക് പരിശീലനം ആവശ്യമാണ്. കുതിരയുടെ പുറത്ത് ഇരുന്നു കഴിഞ്ഞാലേ അതിനെ നിയന്ത്രിക്കാൻ സാധിക്കൂ. ഇരുന്നു കഴിഞ്ഞാൽ പിന്നെ സവാരി സുഗമമാകുന്നു. അതേപോലെ മനസ്സിനെ ഒരാൾ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്ന് ഉദ്ദേശിക്കുന്നു.

നിയന്ത്രണത്തിലായി കഴിഞ്ഞാൽ പിന്നെ ശാന്തി അനുഭവപ്പെടുന്നു. ഇന്ദ്രിയാനുഭൂതിയിൽ നിന്ന് വിട്ടു നിൽക്കുകയും അവ സാക്ഷാത്കരിക്കപ്പെടാനുള്ള കർമ്മങ്ങൾ വേണ്ടെന്നുവയ്ക്കുകയും സർവ സങ്കൽപ്പങ്ങളും ഉപേക്ഷിക്കുകയും ചെയ്തവനെ രൂഢനെന്നു പറയുന്നു. ആത്മാവിന്റെ ഉദ്ധാരണം ആത്മാവിനാൽ തന്നെ വേണം. ആത്മാവിനെ താഴാൻ അനുവദിക്കരുത്. നമ്മുടെ ബന്ധുവും മിത്രവും നാം തന്നെയാണ് തന്നെ തന്നെ കീഴടക്കിയവന് താൻ തന്നെ സുഹൃത്ത്.

അങ്ങനെയല്ലാത്തവന്റെ ശത്രുവും അവർ തന്നെ മനസ്സിനെ ജയിച്ചവൻ പരിപൂർണ്ണശാന്തിയിൽ മനഃശ്ശാന്തിയിൽ കഴിയുന്നു. ചൂടിലും തണുപ്പിലും സുഖത്തിലും ദുഖത്തിലും മാനാപമാനങ്ങളിലും സമഭാവം ദർശിക്കുന്നു. അചഞ്ചലനും ജിതേന്ദ്രിയനും ജ്ഞാന

വിജ്ഞാനങ്ങളിൽ തൃപ്തനുമായ ഒരാൾക്ക് ഒരു കഷ്ണം മണ്ണോ, സ്വർണ്ണമോ രണ്ടും തുല്യമാകുന്നു. അങ്ങനെയുള്ളവർ യോഗാരൂഢർ എന്ന് പറയപ്പെടുന്നു.

നല്ലവരെയും സുഹൃത്തുക്കളെയും ശത്രുക്കളെയും ഉദാസീനരെയും മധ്യസ്ഥരെയും ബന്ധുക്കളെയും ധർമ്മികളെയും അധർമ്മികളെയും വിരോധമുള്ളവരെയും ഒരേപോലെ കാണുന്നവൻ വിശിഷ്ടനാകുന്നു. ആഗ്രഹങ്ങളെ ഉപേക്ഷിച്ച് ഒന്നിനെയും ആസക്തിയില്ലാതെ മനസ്സിനെ നിയന്ത്രിച്ച് ഏകാന്തമായ ഒരിടത്ത് ഇരുന്നു യോഗി തന്റെ മനസ്സിനെ ആത്മാവിൽ യോജിപ്പിക്കണം.

പരിശുദ്ധമായ ഒരു സ്ഥലത്ത് അധികം ഉയരമോ താഴ്ച്ചയോ ഇല്ലാത്തവിധം ഉറച്ച ഒരു പീഠത്തിൽ കുശപ്പുല്ലുകൾ, മാൻ തോൽ, ഒരു കഷ്ണം തുണി എന്നിവ വിരിച്ച് ചിന്തകളെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിച്ച് മനസ്സ് ഏകാഗ്രമാക്കി ഇരുന്നു ആത്മശുദ്ധീകരണത്തിനായി യോഗി ധ്യാനം അഭ്യസിക്കണം.

ശരീരം വളയാതെ, തലയും കഴുത്തും നേരെയും, ചലിക്കാതെയും പിടിച്ച് ദൃഷ്ടികൾ മൂക്കിന്റെ തുമ്പിൽ കേന്ദ്രീകരിച്ച് ചുറ്റും നോക്കാതെ ആത്മശാന്തിയോടെ നിർഭയമായി ബ്രഹ്മചര്യത്തിൽ നിഷ്ഠനായി മനസ്സിനെ നിയന്ത്രിച്ച് എന്നിൽ ലയിച്ച് എല്ലാ ചിന്തകളും എന്നിലേക്ക് കേന്ദ്രീകരിച്ച് യോഗധ്യാനം അഭ്യസിക്കുന്നു.അങ്ങനെ മനസ്സിനെ സമതുലിതാവസ്ഥയിലും നിയന്ത്രണത്തിലും വച്ചിട്ടുള്ള യോഗി എന്നിൽ സ്ഥിതി ചെയ്യുന്ന സമാധാനം പ്രാപിക്കുന്നു, അത് പിന്നീട് മോക്ഷപ്രാപ്തിയിൽ പര്യവസാനിക്കുന്നു . അമിതമായി ഭക്ഷണം കഴിക്കുന്നവനും ഉപവാസം അനുഷ്ഠിക്കുന്നവനും എപ്പോഴും ഉറങ്ങുന്നവനും എപ്പോഴും,ഉറക്കമൊഴിച്ചിരിക്കുന്നവനുമുള്ളതല്ല യോഗം. ഭക്ഷണത്തിൽ, വിനോദത്തിൽ മിതത്വം പാലിക്കുകയും കർത്തവ്യ കർമ്മങ്ങളിൽ അമിതാദ്ധ്വാനം ചെയ്യാതിരിക്കുകയും ഉറക്കത്തിലും ഉണർന്നിരിപ്പിലും നിഷ്ഠയുള്ളവനും യോഗം ദു:ഖാനാശകമായി വരുന്നു. (അതായത് അദ്ദേഹത്തിന് ദുഃഖങ്ങൾ ഉണ്ടാകുന്നില്ലെന്ന് സാരം) ഒരാളുടെ ചിന്ത പൂർണ്ണമായി നിയന്ത്രിച്ചതും ആത്മാവിൽ വിശ്രമിക്കുന്നതും വസ്തുക്കളോടുള്ള ആഗ്രഹങ്ങളിൽ നിന്ന് വിമുക്തി നേടിയതുമാകുമ്പോൾ അയാളെ യോഗയുക്തൻ എന്ന വിളിക്കപ്പെടുന്നു



**ഒരാളുടെ ചിന്ത പൂർണ്ണമായി നിയന്ത്രിച്ചതും ആത്മാവിൽ വിശ്രമിക്കുന്നതും വസ്തുക്കളോടുള്ള ആഗ്രഹങ്ങളിൽ നിന്ന് വിമുക്തി നേടിയതുമാകുമ്പോൾ അയാളെ യോഗയുക്തൻ എന്ന വിളിക്കപ്പെടുന്നു മനസ്സിനെ നിയന്ത്രിച്ച് ആത്മധ്യാനത്തിൽ ലീനനായ യോഗി കാറ്റില്ലാത്തിടത്ത് വച്ച വിളക്കിന്റെ തിരിനാളം പോലെ ചലനരഹിതമായിരിക്കുന്നു. യോഗസാധനകൊണ്ട് വിഷയങ്ങളിൽ നിന്ന് മുക്തയായ മന:ശാന്തിയനുഭവിക്കുന്നു.**

മനസ്സിനെ നിയന്ത്രിച്ച് ആത്മധ്യാനത്തിൽ ലീനനായ യോഗി കാറ്റില്ലാത്തിടത്ത് വച്ച വിളക്കിന്റെ തിരിനാളം പോലെ ചലനരഹിതമായിരിക്കുന്നു. യോഗസാധനകൊണ്ട് വിഷയങ്ങളിൽ നിന്ന് മുക്തയായ മന:ശാന്തിയനുഭവിക്കുന്നു. ആത്മാവ് ആത്മാവിനെ കണ്ടെത്തുമ്പോൾ ഒരാൾ അവനിൽ സംതൃപ്തയായിരിക്കുന്നു, ബുദ്ധികൊണ്ട് ഗ്രഹിക്കാവുന്നതും ഇന്ദ്രിയങ്ങൾക്കതീതവുമായ പരമാനന്ദത്തെ അറിയുന്നു. ആ സത്യത്തിൽ നിന്ന് അവർ വ്യതിചലിക്കുന്നില്ല.. ഒരാൾ നേടിയ നേട്ടത്തേക്കാൾ ഒരു നേട്ടവും വലുതല്ലെന്ന് കരുതുമ്പോൾ കഠിനമായ ദു:ഖമുണ്ടായാൽപോലും എവിടെയാണോ ഇരിക്കുന്നത് അവിടെ ഉറച്ചിരിക്കുമ്പോൾ ആപത്തുകൾ എത്ര വലുതായാലും അതിൽ നിന്നും വ്യതിചലിക്കാതിരിക്കുമ്പോൾ അതിനെ യോഗമെന്നറിയേണ്ടതാകുന്നു.

ഈ യോഗം സ്ഥിരോത്സാഹത്തോടും ദൃഢനിശ്ചയത്തോടും കൂടി അഭ്യസിക്കേണ്ടതാകുന്നു. സങ്കൽപ്പങ്ങളിൽ നിന്നുണ്ടാകുന്ന എല്ലാം കാമങ്ങളെയും മുഴുവനായി ഉപേക്ഷിച്ച് ജ്ഞാനേന്ദ്രിയങ്ങളെയും കർമ്മേന്ദ്രിയങ്ങളെയും മനസ്സുകൊണ്ട് കടിഞ്ഞാണിട്ട് ബുദ്ധികൊണ്ട് മനസ്സിനെ ആത്മസ്വരൂപത്തിൽ ലയിപ്പിച്ച് മറ്റൊന്നിനെപ്പറ്റിയും ചിന്തിക്കാതിരിക്കുക. ദുർബലവും ഇളക്കമുള്ളതുമായ മനസ്സ് ഏതേത് വിഷയത്തിലേക്ക് അലയാൻ തുടങ്ങുന്നുവോ അതിൽ നിന്ന് പിന്തിരിപ്പിച്ചിട്ട് അതിനെ ആത്മാവിൽ ഉറപ്പിച്ച് നിറുത്തണം.

പ്രശാന്തമായ മനസ്സോടെ രജോഗുണം നീക്കി, കാമനകൾ കൊണ്ടുണ്ടാകുന്ന മാലിന്യങ്ങളിൽ നിന്ന് മുക്തനായി പാപരഹിതനായി ബ്രഹ്മത്വം പൂകിയ യോഗിയ്ക്ക് ഉത്തമമായ ആനന്ദം കൈവരുന്നു.

ഇപ്രകാരം യോഗാഭ്യാസം ചെ

യ്യുന്ന യോഗി, പാപരഹിതനായി ബ്രഹ്മാനുഭൂതിയിലുള്ള പരമാനന്ദത്തിൽ പ്രവേശിക്കുന്നു.

യോഗാഭ്യാസം സിദ്ധിച്ച ആൾ എല്ലാവരെയും നിഷ്പ്പക്ഷമായ കണ്ണുകളോടെ കാണുന്നു. സർവ്വ ചരാചരങ്ങളിലും തന്റെ ആത്മാവിനെ കാണുന്നു. ആത്മാവിൽ സർവ്വചരാചരങ്ങളെയും കാണുന്നു.

ഏകഭാവത്തെ ആശ്രയിച്ചവനായി സർവാചരാചരങ്ങളിലും നിറഞ്ഞിരിക്കുന്ന എന്നെ ഭജിക്കുന്നവൻ അവന്റെ ജീവിതരീതി എങ്ങനെയുള്ളതായാലും അവൻ എന്നിൽ വസിക്കുന്നു. മറ്റുള്ളവരെ തന്നെപോലെ കാണുകയും അവരുടെ സന്തോഷങ്ങളും തന്റേതു പോലെ കരുതുകയും ചെയ്യുന്നവനാണ് മഹാനായ യോഗി. അർജുനൻ പറഞ്ഞു സമത്വബുദ്ധിയോടെ അതായത് സമനിലയോടെ മനസ്സിനെ ആശ്രയിക്കേണ്ട യോഗമാണല്ലോ ഉപദേശിച്ചത്. മനസ്സിന്റെ ചാപല്യം മൂലം ഇതു തുടരാൻ അല്ലെങ്കിൽ ഇത് നിലനിർത്താൻ എങ്ങനെ സാധിക്കും. മനസ്സ് ദുർബലമാണ്. വഴങ്ങാത്തതാണ്.ശക്തിയുള്ളതാണ്.

അട ങ്ങിനിൽക്കാത്ത അതിനെ നിയന്ത്രിക്കുക എന്നത് കാറ്റിനെ നിയന്ത്രിക്കുന്നത് പോലെയാണ് പ്രഭു പറഞ്ഞു. സംശയമില്ല ഓ മഹാബാഹു മനസ്സ് ദുർബലമാണ്. നിയന്ത്രിക്കാൻ പ്രയാസമാണ്.

അസംശയം മഹാബാഹോ
മനോ ദുർനിഗ്രഹം ചലം
അഭ്യാസേന തു കൗന്തേയ
വൈരാ ഗേണ ചാ ഗൃഹ്യതേ

എന്നാൽ നിരന്തരമായ അഭ്യാസം കൊണ്ടും വൈരാഗ്യം കൊണ്ടും അത് സാധിക്കാം. ആത്മനിയ പ്രയാസമാണ്. എന്നാൽ മുമ്പ് പറഞ്ഞ ഉപായങ്ങളാൽ പരിശ്രമിച്ച് മനസ്സിനെ നിയന്ത്രിക്കാൻ കഴിയുന്നവന് യോഗസിദ്ധി നേടാൻ സാധിക്കും അർജുനൻ പറഞ്ഞു.

ഒരാൾ ശ്രദ്ധയോടുകൂടിയവനായാലും മനസ്സിന്റെ അലച്ചിൽ മൂലം യോഗത്തിൽ പൂർണ്ണത വരിക്കാൻ സാധിച്ചില്ലെങ്കിൽ അയാളുടെ അന്ത്രണമില്ലാതെ യോഗം നേടുന്ന ത്വസാനമെന്താകും..

**കർമ്മോദ്യക്തനായി പരിശ്രമിക്കുന്ന യോഗി പാപങ്ങളിൽ നിന്നകന്നു പരിശുദ്ധനായി അനേകജന്മങ്ങളിലൂടെ കൈവരിച്ച സാക്ഷാത്കാരത്താൽ ആത്മീയ പൂർണ്ണത നേടുന്നു. അവസാനം അയാൾ പരമമായ മോക്ഷത്തെ പ്രാപിക്കുന്നു. ധ്യാനയോഗി തപസ്സ് ചെയ്യുന്നവരേക്കാൾ പണ്ഡിതന്മാരെക്കാൾ, കർമ്മികളെക്കാൾ മീതെയാണ്. അതുകൊണ്ട് ഓ അർജുന നീ ഒരു യോഗിയാകുക**

യോഗാനുഷ്ഠാനത്തിലൂടെ പരമപദം പ്രാപിക്കാൻ കഴിയാതെ വരികയും ബ്രഹ്മപ്രാപ്തിയുള്ള മാർഗ്ഗത്തിൽ വഴുതിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരാൾ ചിതറിപ്പോയ മേഘം പോലെ തീർച്ചയായും നഷപ്പെട്ടവനെല്ലേ? ഓ കൃഷ്ണ ഇതെന്റെ സംശയമാണ്. ഇത് തീർക്കാൻ നിന്നെയല്ലാതെ വേറെയാരെയും കാണുന്നില്ല പ്രഭു പറഞ്ഞു ഈ ലോകത്തിലോ അടുത്ത ലോകത്തിലോ അവനു നാശമുണ്ടാകുന്നില്ല.

നല്ല കർമ്മങ്ങൾ ചെയ്യാൻ യത്നിക്കുന്നവക്ക് ദു:ഖമുണ്ടാകുന്നില്ല.

യോഗസിദ്ധിക്ക് ശ്രമിച്ചിട്ട് പരാജിതനായ യോഗി പുണ്യലോകങ്ങളെ പ്രാപിച്ച് അവിടെ വസിച്ചതിനുശേഷം നല്ലവരുടെയും ശ്രേയസുള്ളവരുടെയും വീട്ടിൽ ജനിക്കുന്നു. അല്ലെങ്കിൽ ജ്ഞാനികളായ യോഗിയുടെ കുലത്തിൽ ജനിക്കുന്നു. ഇപ്രകാരമുള്ള ജന്മം വളരെ അപൂർവമാണ്.ഓ കുരുനന്ദന അങ്ങനെ ലഭിക്കുന്ന പുതിയ ജന്മത്തിൽ പൂർവജന്മത്തിലെ ബ്രഹ്മജ്ഞാനവിഷയുവമായി ചേർന്ന് ആ പരിപൂർണ്ണത കൈവരിക്കാൻ വേണ്ടി പരിശ്രമങ്ങൾ തുടരും.

പൂർവാഭ്യാസേന തേനൈവ
ഹ്രിയതേ ഹ്രവശോപി സ:
ജിജ്ഞാസുരപി യോഗസ്യ
ശബ്ദബ്രഹ്മാതിവർത്തതേ

മുജ്ജന്മത്തിലെ യോഗാഭ്യാസത്തിന്റെ ബലത്താൽ, അയാൾ അവശനാണെങ്കിൽ കൂടി അയാൾ യോഗമാർഗ്ഗത്തിലേക്ക് തിരിയും.

യോഗവൃത്തിയെ കുറിച്ചറിയാൻ ആഗ്രഹിക്കുന്നവർ പോലും വേദങ്ങളിൽ പറയുന്ന സ്വർഗീയ സുഖവിഷയങ്ങളെ അതിക്രമിക്കുന്നു.


'ശബ്ദ ബ്രഹ്മ അതിവർത്ത തേ'എന്നതിന് വേദവചനങ്ങൾ എന്നർത്ഥത്തിൽ പറയുമ്പോൾ വേദങ്ങളിലേ കർമ്മാനുഷ്ഠാനങ്ങളാണെന്നിരിക്കെ അത് പാലിക്കുന്നവർക്ക് ലഭിക്കുന്നതിനുമപ്പുറം ഒരു യോഗിയ്ക്ക് ലഭിക്കുമെന്ന് ശ്രീ ശങ്കരാചാര്യരുടെ വ്യാഖ്യാനത്തിൽ കാണുന്നു.

കർമ്മോദ്യക്തനായി പരിശ്രമിക്കുന്ന യോഗി പാപങ്ങളിൽ നിന്നകന്നു പരിശുദ്ധനായി അനേകജന്മങ്ങളിലൂടെ കൈവരിച്ച സാക്ഷാത്കാരത്താൽ ആത്മീയ പൂർണ്ണത നേടുന്നു. അവസാനം അയാൾ പരമമായ മോക്ഷത്തെ പ്രാപിക്കുന്നു.ധ്യാനയോഗി തപസ്സ് ചെയ്യുന്നവരേക്കാൾ പണ്ഡിതന്മാരെക്കാൾ, കർമ്മികളെക്കാൾ മീതെയാണ്. അതുകൊണ്ട് ഓ അർജുന നീ ഒരു യോഗിയാകുക എന്നിൽ വിശ്വാസമർപ്പിച്ച് എന്നിൽ മനസ്സുറപ്പിച്ച് ആര് എന്നെ ഉപാസിക്കുന്നവോ അയാൾ എല്ലാ യോഗികളിലും വച്ച് ഉത്തമനാണെന്നാണെന്റെ അഭിപ്രായം.

***അധ്യായം ആറ് സമാപ്തം. അടുത്തത് ജ്ഞാനവിജ്ഞാന യോഗം. ശുഭം..***

● കാവ്യധാര





വി ആർ സന്തോഷ്

# രണ്ടു കവിതകൾ

## ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ രണ്ടു കവിതകൾ വായിക്കുമ്പോൾ

**1. അപരാധിക:ഭ്രാന്തിന്റെയും മരണത്തിന്റെയും രാഷ്ട്രീയ പാഠം**

മലയാളകവിതയിലെ ഏറ്റവുംഭീതിദവുംഎന്നാൽ ദാർശനികവുമായ ഒരു മുഹൂർത്തത്തെ ആണ് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'അപരാധിക' എന്ന കവിത അടയാളപ്പെടുത്തുന്നത്. ഭർത്താവിനോടുള്ള അടങ്ങാത്ത പക തീർക്കാൻ സ്വന്തം മക്കളെ കൊലപ്പെടുത്തി, ഒടുവിൽ ഭ്രാന്തിന്റെ ഇരുട്ടറയിൽ മരണത്തെ കാത്തിരിക്കുന്ന ഒരു സ്ത്രീയുടെ ചിത്രം കേവലം ഒരു ക്രൈം സ്റ്റോറിയല്ല; മറിച്ച് മാറിയ സാമൂഹിക ഘടനയിൽ വായിക്കാവുന്ന ഒരു രാഷ്ട്രീയ പാഠമാണ്.

സമൂഹം എന്തിനെയാണോ അറപ്പോടെയും ഭയത്തോടെയും മാറ്റിനിർത്തുന്നത് അത് നിന്ദ്യമായ കാര്യമായിരിക്കും. വിശുദ്ധിയുടെ പര്യായമായ മാതൃത്വം ഈ കവിതയിൽ ഒരു നിന്ദ്യമായകാര്യമായി മാറുന്നു. സ്വന്തം മക്കളെ കൊലപ്പെടുത്തുന്നതിലൂടെ ആ സ്ത്രീ ഒരു 'അമ്മ' എന്ന നിലയിൽ നിന്ന് ഭീകരമായ ഒന്നായി രൂപാന്തരപ്പെടുന്നു. കവിതയിലെ 'മലിനമാകു ഇരുട്ടറ' എന്നത് വ്യവസ്ഥിതി പുറന്തള്ളിയ മാലിന്യങ്ങൾ ചെന്നടിയുന്ന ഒരിടമാണ്. അവിടെ അവൾ പാടുന്നത് മധുരഗാനമല്ല, മറിച്ച് ചിത്തഭ്രമത്തിന്റെ മലിനമായ ആത്മഗതങ്ങളാണ്.ചിന്തകളിൽ ഭ്രാന്ത് എന്നത് വ്യവസ്ഥിതിയിൽ നിന്നുള്ള ഒരു തരം വിട്ടുപോകലാണ്. 'അപരാധിക'യിലെ നായിക ഭർത്താവിനോടുള്ള അനിഷ്ടം മക്കളിൽ തീർക്കുമ്പോൾ, അവൾ പിതൃാധിപത്യം കൽപ്പിച്ചു

> **സ്നേഹം പകയായും, മാതൃത്വം കൊലയായും, ജീവിതം ഭ്രാന്തായും മാറുന്ന ഈ ഭയാനകമായ പരിവർത്തനം മലയാള സാഹിത്യത്തിലെ ഏറ്റവും തീക്ഷ്ണമായ ദർശനങ്ങളിലൊന്നായി നിലകൊള്ളുന്നു.**

നൽകിയ 'സഹിഷ്ണുതയുള്ള ഭാര്യ' എന്ന ചട്ടക്കൂടിനെ തകർക്കുകയാണ് ചെയ്യുന്നത്. ഇതൊരു ചിതറിപ്പോയ സ്വത്വത്തിന്റെ (Fragmented Subject) കലഹമാണ്. അവളുടെ ഭ്രാന്ത് ഒരു രോഗമല്ല, മറിച്ച് തന്നെ അടിച്ചമർത്തിയ ലോകത്തോടുള്ള അവളുടെ ഏക പ്രതിരോധമാണ്. ആ ഭ്രാന്താലയത്തിലെ ഇരുട്ടറയെ അവൾ ഒരു 'പ്രേമസങ്കേതമായി' കാണുന്നത് ഈ വിപരീത യുക്തിയുടെ ഭാഗമാണ്.അഥവാ മരണത്തിന്റെ രാഷ്ട്രീയം ഈ കവിതയ്ക്ക് ആഴത്തിലുള്ള ഒരു മാനം നൽകുന്നു. ഭരണ കൂടമോ ദൈവമോ നിശ്ചയിക്കേണ്ട മരണംഇവിടെ നിശ്ചയിക്കുന്നത് അപരാധികയാണ്. തന്റെ മക്കളുടെ ജീവനെടുത്തുകൊണ്ട് അവർ ആ വിശിഷ്ട അധികാരത്തെ വെല്ലുവിളിക്കുന്നു. ജീവിതം തന്നെ ഒരു തടവറയായി മാറുമ്പോൾ, മരണം എന്നത് ഒരു വിമോചനമായി അവൾ തിരിച്ചറിയുന്നു. കവിതയുടെ അവസാനം, മുരളിയും മയിൽപ്പീ

ലിയുമായി കൃഷ്ണനെ കാത്തിരിക്കുന്ന പ്രണയിനിയെപ്പോലെ അവൾ മരണത്തെ കാത്തിരിക്കുന്നത് വെറുമൊരു ആത്മഹത്യയല്ല, മറിച്ച് തന്റെ ജീവിതത്തിന്മേലുള്ള അവസാനത്തെ അധികാര പ്രയോഗമാണ്.ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ഈ കവിത മനുഷ്യ മനസ്സിന്റെ ഇരുണ്ട ആഴങ്ങളെയും, അധികാര വ്യവസ്ഥയോടുള്ള ഹിംസാത്മകമായ കീഴടങ്ങലിനെയും ഒരേസമയം വെളിപ്പെടുത്തുന്നു. സ്നേഹം പകയായും, മാതൃത്വം കൊലയായും, ജീവിതം ഭ്രാന്തായും മാറുന്ന ഈ ഭയാനകമായ പരിവർത്തനം മലയാള സാഹിത്യത്തിലെ ഏറ്റവും തീക്ഷ്ണമായ ദർശനങ്ങളിലൊന്നായി നിലകൊള്ളുന്നു.

**2. പ്രളയഹാസം: ഉടച്ചുവാർക്കുന്ന ലോകവും കുഞ്ചന്റെചിരിയും**

നിലവിലുള്ള വിജ്ഞാനവ്യവസ്ഥകളുടെ തകർച്ചയെയും അതിജീവനത്തിന്റെ സൂക്ഷ്മരൂപങ്ങളെയും കുറിച്ചുള്ള ഒരു രാഷ്ട്രീയ പ്രഖ്യാപനമാണ് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ'പ്രളയഹാസം'. പ്രളയം, വിനാശത്തിന്റെ മാത്രമല്ല, പുനർനിർമ്മാണത്തിന്റെയും പ്രതീകമാണ് എന്ന സാർവലൗകിക സത്യത്തെ മലയാളത്തിന്റെ ഹാസ്യ സാമ്രാട്ടായ കുഞ്ചൻ നമ്പ്യാരുടെ ദർശനത്തിലൂടെ കവി ഇവിടെ പുനഃപ്രതിഷ്ഠിക്കുന്നു. കുട്ടനാട്ടിലെ ഒരുചെറിയ ക്ഷേത്രത്തിന്റെ പടിയിലിരുന്ന് നമ്പ്യാർ ദർശിക്കുന്ന ആ മഹാപ്രളയം, വിശ്വസാഹിത്യത്തിലെ വിനാശകരമായ പ്രളയ വിവരണങ്ങളിൽ നിന്ന് വ്യത്യസ്തമായി, സിദ്ധാന്തങ്ങളുടെ അന്ത്യമായും ഒരു കരിയിലയിലെ തവളയിലൂടെയുള്ള പുതിയൊരു അതിജീവനത്തിന്റെ തുടക്കമായും മാറുകയാണ് ഇവിടെ.

മനുഷ്യസംസ്കാരത്തിന്റെ പാഠപുസ്തകങ്ങളിലെല്ലാം പ്രളയമുണ്ട്. ഗിൽഗാമേഷ് ഇതിഹാസത്തിലെ പ്രളയം ദേവകോപത്തിന്റെ അടയാളമാകുമ്പോൾ, ബൈബിളിലെ നോഹയുടെ പെട്ടകം നീതിമാന്മാരുടെ അതിജീവനത്തെ കുറിക്കുന്നു. ടി.എസ്. എലിയറ്റിന്റെ 'വേസ്റ്റ് ലാൻഡ്' പോലുള്ള കൃതികളിൽ ജലം മരണമായും ദാഹമായും പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ ചുള്ളിക്കാടിന്റെ കവിതയിൽ, പ്രളയം എന്നത് വിജ്ഞാനത്തിന്റെയും അധികാരത്തിന്റെയും 'നിശ്ചല' ഘടനകളെ തകർക്കുന്ന ഒന്നാണ്. ഇതിനെ അതിർത്തി ലംഘന പ്രക്രിയയുമായി ചേർത്തു വായിക്കാം. 'ഭാഷ മുങ്ങിപ്പോയി, താളം മാത്രം' എന്ന് കവി എഴുതുമ്പോൾ, നിലവിലുള്ള അർത്ഥവ്യവസ്ഥകൾ പൂർണ്ണമായും തകരുകയാണ്. വാക്കുകൾ, സിദ്ധാന്തങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ എന്നിവ ചത്തൊഴുകുമ്പോൾ, പ്രപഞ്ചം നിർവ്വചനങ്ങൾക്ക് വഴങ്ങാത്ത ഒരു ശുദ്ധമായ ഒഴുക്കായി മാറുന്നു. ഇതൊരുതരം അവയവരഹിതമായ അവസ്ഥയാണ്; അവിടെ വ്യവസ്ഥാപിത അവയവങ്ങൾ ഇല്ലാതാകുകയും ഒഴുക്കിന്റെ താളം മാത്രം അവശേഷിക്കുകയും ചെയ്യുന്നു.അങ്ങനെ സാധാരണ ലോകത്തെ നിയമങ്ങൾ ബാധകമല്ലാത്ത, അധികാരിയോ പ്രജയോ പണ്ഡിതനോ ഇല്ലാത്ത ഒരു അപര ഇടമായി കുട്ടനാട് മാറുന്നു. ഈ പ്രളയജലപ്പരപ്പിലൂടെ ഒഴുകി വരുന്ന കരിയിലയും അതിലിരിക്കുന്ന കുഞ്ഞുതവളയും ചേർന്ന് സൃഷ്ടിക്കുന്ന ബന്ധം , പ്രകൃതിയുടെ അതിസൂക്ഷ്മമായ അതിജീവന തന്ത്രമാണ്. ഇത് നമ്മെ മാർക്കണ്ഡേയ പുരാണത്തിലെ സുപ്രധാനമായ ഒരു ദൃശ്യത്തിലേക്ക് കൊണ്ടുപോകുന്നു. പ്രളയജലത്തിൽ എല്ലാം ഒടുങ്ങുമ്പോൾ ഒരു ആലിലയിൽ കിടക്കുന്ന ശിശുവായ കൃഷ്ണനെ കണ്ട് മാർക്കണ്ഡേയ മുനി അതിശയിക്കുന്നതുപോലെ, നമ്പ്യാർ ഇവിടെ ഒരു കരിയിലയിലെ തവളയെ കാണുന്നു. വലിയ രക്ഷകരോ സിദ്ധാന്തങ്ങളോ അല്ല, മറിച്ച് നിസ്സാരമെന്ന് ലോകം കരുതുന്നവയാണ് പ്രളയത്തെ മറികടക്കുന്നത് എന്ന 'റൈസോമാറ്റിക്' ദർശനം ഇവിടെ പൂർണ്ണമാകുന്നു.

> **വാക്കുകൾ ഒടുങ്ങുന്നിടത്ത് ജീവിതം അതിന്റെ ഏറ്റവും ലളിതമായ രൂപത്തിൽ പുഞ്ചിരിക്കുമെന്ന വലിയ സത്യമാണ് ചുള്ളിക്കാടിന്റെ 'പ്രളയഹാസം നൽകുന്നത്.'**

ഈ കവിതയെ പാരിസ്ഥിതികമായി നോക്കുമ്പോൾ, മനുഷ്യൻ പ്രകൃതിക്കു മേൽ സ്ഥാപിച്ച ആധിപത്യത്തിന്റെ തകർച്ചയും നമുക്ക് കാണാം. മനുഷ്യകേന്ദ്രീകൃതവാദത്തിന്റെ അന്ത്യമാണിവിടെ സംഭവിക്കുന്നത്. വീട്ടുസാമാനങ്ങളും വളർത്തുമൃഗങ്ങളും മാത്രമല്ല, മനുഷ്യൻ പടുത്തുയർത്തിയ ചരിത്രവും പുരാവൃത്തങ്ങളും ഒരേപോലെ പ്രളയത്തിൽ സമീകരിക്കപ്പെടുന്നു. അർത്ഥശൂന്യമായ ലോകത്ത് അർത്ഥം കണ്ടെത്താനല്ല, മറിച്ച് ആ അർത്ഥശൂന്യതയെയും നൈമിഷികതയെയും ചിരിച്ചുകൊണ്ട് നേരിടുകയാണ് വേണ്ടതെന്ന് കുഞ്ചൻ നമ്പ്യാർവെളിപ്പെടുത്തുന്നു. വെള്ളത്തെപ്പോലെ വഴക്കമുള്ളതാകുക എന്ന താവോയിസ്റ്റ് ചിന്തയെ ഓർമ്മിപ്പിക്കും വിധം, കടുപ്പമുള്ള സിദ്ധാന്തങ്ങൾ തകരുമ്പോൾ വഴക്കമുള്ള കരിയിലയും തവളയും പ്രളയത്തെ അതിജീവിക്കുന്നു.

കുഞ്ചൻ നമ്പ്യാർ എന്ന വിപ്ലവകാരിയായ കവിയെ ഈ പ്രളയസാക്ഷിയായി ചുള്ളിക്കാട് പ്രതിഷ്ഠിച്ചത് അന്വർത്ഥമാണ്. നമ്പ്യാരുടെ 'തുള്ളൽ' കല തന്നെ ഭാഷയെയും സാമൂഹിക രൂപങ്ങളെയും ഉടച്ചുവാർക്കുന്ന ഒന്നാണല്ലോ. പ്രകൃതിയുടെ ഈ മഹാതുലനം തിരിച്ചറിയുന്ന നമ്പ്യാർക്ക്, പ്രളയത്തിന്റെ സംഹാരതാണ്ഡവത്തിനിടയിലും ജീവന്റെ തുടിപ്പായ ആ കുഞ്ഞുതവളയുടെ ചലനം ഒരു മഹാതുള്ളലായി അനുഭവപ്പെടുന്നു. സിദ്ധാന്തങ്ങളുടെ ഭാരമില്ലാത്ത, ഭാവനയുടെ പുതിയൊരു താളം അവിടെ ജനിക്കുന്നു. വാക്കുകൾ ഒടുങ്ങുന്നിടത്ത് ജീവിതം അതിന്റെ ഏറ്റവും ലളിതമായ രൂപത്തിൽ പുഞ്ചിരിക്കുമെന്ന വലിയ സത്യമാണ് ചുള്ളിക്കാടിന്റെ 'പ്രളയഹാസം നൽകുന്നത്.'



നോവൽ

# നിഗൂഢതകളുടെ തടവറ

പി എസ് ജോസഫ്

## അദ്ധ്യായം ഒന്ന്
## ശാന്തിഭവൻ

തടവറയിൽ നിന്ന് മോചിതനായപ്പോൾ അയാൾ അറിയാതെ കണ്ണാടിയിലേക്ക് നോക്കി .നീണ്ട നാളത്തെ പീഡനത്തിന്റെ എല്ലാ അവശേഷിപ്പുകളും പേറുന്ന അയാളുടെ വൃദ്ധ ശരീരം കണ്ണാടിയിൽ തെളിഞ്ഞില്ല.പകരം പാറിപ്പറക്കുന്ന മുടിയിഴകൾ മാത്രം . മരണം കാക്കുന്ന ആ ശുഷ്ക്കിച്ച ശരീരം അകലെ ഒരു ചെറിയ ബിംബം പോലെ അയാൾക്ക് അനുഭവപ്പെട്ടു ‘‘എത്രയോ തവണ ഞാൻ മരിച്ചിരിക്കുന്നു . ഇതെൻറെ പ്രേതമാണ് ’,അയാൾ പിറുപിറുത്തു .സ്വയം ആശ്വസിപ്പിക്കാൻ ശ്രമിച്ചു കൊണ്ടു,തൻറെ രക്തത്തിൽ പേര് എഴുതിയ ആ തടവറയിൽ നിന്ന് എന്നന്നെയ്ക്കുമായി അയാൾ പടവുകൾ ഇറങ്ങാൻ തുടങ്ങി.വേച്ചു വേച്ചു ചുവടുകൾ വെച്ച അയാൾ പൊടുന്നനെ കുഴഞ്ഞു വീണു.ജയിലിലെ അന്തേവാസികൾ ആരും അത് കണ്ടു കരയുകയോ നിലവിളിക്കുകയോ ചെയ്തില്ല . വരാന്തയിൽ വീണു കിടന്ന ആ ജഡം അവർ സൂക്ഷ്മമായി നോക്കി .’’മരിച്ചവർ ഭാഗ്യവാന്മാർ,ഇവിടെ ജീവിക്കുന്നവരാണ് ശപിക്കപ്പെട്ടവർ’’,അവർ മുറുമുറുത്തു. അർദ്ധരാത്രി , ഭൂമിയിലും സ്വർഗ്ഗത്തിലും ഉടയോന്മാർ ഇല്ലാത്ത ശപിക്കപ്പെട്ട നേരത്ത് 0192119 എന്ന നമ്പറിൽ മാത്രം അറിയപ്പെട്ടിരുന്ന ആ ജയിൽപ്പുള്ളിയുടെ ജഡം ദഹിപ്പിച്ചു .വില പിടിച്ച ഒന്നും ആ ജഡത്തിൽ ഉണ്ടായിരുന്നില്ല .ആ സംഖ്യ സ്വർഗ്ഗത്തിലെയും നരകത്തിലെയും എന്ന പോലെ ഭൂമിയിലെ എല്ലാ രേഖകളിൽ നിന്നും എന്നന്നേക്കുമായി മായിച്ചു കളയപ്പെട്ടു .



തടങ്കൽപ്പാളയത്തിലെ ഓഫീസർ ആശ്വാസത്തോടെ നിശ്വസിച്ചു:''അങ്ങനെ തടവറകൾ ശൂന്യമാകുകയാണ്.

'.പുലർച്ചെ അവിടെ കൊടുംകാറ്റും പേമാരിയും ഉണ്ടായി. ആ മഹാപ്രളയത്തിൽ നിത്യശാന്തിയുടെ നദി കരകവിഞ്ഞൊഴുകി ചുറ്റുവട്ടത്തുള്ള  എല്ലാ കൃഷിയും നശിപ്പിച്ചു. രാഷ്ട്രം പുറത്താക്കിയവരെ മാത്രം പാർപ്പിച്ചിരുന്ന ,മറ്റാർക്കും പ്രവേശനം ഇല്ലാതിരുന്ന  ശാന്തിഭവനിൽ പേര് അറിയാത്ത ,നാടില്ലാത്ത , അറിയപ്പെടാതെ , എല്ലാറ്റിൽ നിന്നും ഒറ്റപ്പെട്ടു കഴിഞ്ഞിരുന്ന ആ മനുഷ്യന് വേണ്ടി കരയാൻ പ്രകൃതി മാത്രമേ ഉണ്ടായിരുന്നുള്ളൂ .

ഉള്ളിൽ ,നിരവധി കർട്ടനുകളിട്ട വാതായനങ്ങൾക്കുള്ളിൽ ,ഉരുക്ക് കൊണ്ടു നിർമ്മിക്കപ്പെട്ട ഒരു മുറിയിൽ ഇരുന്നു അതുല്യ  അത് നിസംഗമായി കാണുന്നുണ്ടായിരുന്നു .ക്ലോസ്ഡ് സർക്യൂട്ട് ക്യാമറ തടവുപുള്ളിയുടെ അന്ത്യനിമിഷങ്ങൾ തികഞ്ഞ കൃത്യതയോടെ ഒപ്പിയെടുത്തു .അകലെ ഡി നഗര

**തടവറയിൽ നിന്ന് മോചിതനായപ്പോൾ അയാൾ അറിയാതെ കണ്ണാടിയിലേക്ക് നോക്കി . നീണ്ട നാളത്തെ പീഡനത്തിന്റെ എല്ലാ അവശേഷിപ്പുകളും  പേറുന്ന അയാളുടെ വൃദ്ധ ശരീരം കണ്ണാടിയിൽ തെളിഞ്ഞില്ല. പകരം പാറിപ്പറക്കുന്ന  മുടിയിഴകൾ മാത്രം . മരണം കാക്കുന്ന ആ ശുഷ്ക്കിച്ച ശരീരം അകലെ ഒരു ചെറിയ ബിംബം പോലെ അയാൾക്ക് അനുഭവപ്പെട്ടു ''എത്രയോ തവണ ഞാൻ മരിച്ചിരിക്കുന്നു . ഇതെൻറെ പ്രേതമാണ്'' ,അയാൾ പിറുപിറുത്തു . സ്വയം ആശ്വസിപ്പിക്കാൻ ശ്രമിച്ചുകൊണ്ടു,തൻറെ രക്തത്തിൽ പേര് എഴുതിയ  ആ തടവറയിൽ നിന്ന് എന്നന്നെയ്ക്കുമായി അയാൾ പടവുകൾ ഇറങ്ങാൻ തുടങ്ങി.**

ത്തിൽ ബോസും അതേ കാഴ്ച കാണുന്നുണ്ടായിരുന്നു .കുറ്റമില്ലാതെ പ്രവർത്തിക്കുന്ന ആ യന്ത്രത്തിൽ ബോസിന് വലിയ അഭിമാനം തോന്നി .ജർമൻ ടെക്നോളജി അങ്ങനെ പിഴക്കില്ല ,അയാൾ മനസ്സിൽ പറഞ്ഞു .മനസ്സ് നിറയെ വീണ്ടും വീണ്ടും കാണാനായി അയാൾ ആ ദൃശ്യങ്ങൾ സൈബർ ഗുഹയിൽ സ്റ്റോർ ചെയ്തു .ഒരു സൈബർ ശ്മശാനമായിരുന്നു  ഗുഹ..ഇത്തരം കാഴ്ചകളോടുള്ള ഭ്രമം ഒരു ഭ്രാന്തു പോലെയായിരിക്കുന്നു എന്ന് ഉള്ളു പറഞ്ഞുവെങ്കിലും ആ സ്വകാര്യ സന്തോഷം ഒരിക്കൽ പോലും വേണ്ടെന്നു വെയ്ക്കാൻ ബോസ് തയ്യാറായിരുന്നില്ല .വീണ്ടും വീണ്ടും ആ കറുത്ത പെട്ടിയിൽ കയ്യിടുമ്പോൾ ഉള്ള സന്തോഷം അവാച്യമായിരുന്നു .അരുത് എന്ന് തോന്നുന്ന കടമ്പ മറികടക്കുമ്പോൾ ഉണ്ടാകുന്ന ആ വലിയ അനുഭൂതിയിൽ അയാൾ അഭിരമിച്ചു .വെളുത്തു നരച്ച താടിയും പുരോഹിതന്റെ  നീണ്ട കുപ്പായവും അയാൾക്ക് ഭീതി കലർന്ന ഒരു ഭ്രാന്ത പരിവേഷം നൽകി .പാപികളുടെ നഗരത്തിലെ ആത്മീയ കാവൽക്കാരനാണ് അയാൾ ഇപ്പോൾ .നഗരത്തെ നിയന്ത്രിക്കുന്ന ബുദ്ധികേന്ദ്രം .ഒരു ഇരട്ട വ്യക്തിത്വം അയാളിൽ നിറഞ്ഞു നില്കുന്നു എന്ന് ആർക്കും അറിയില്ല,ഒരു പക്ഷെ അതുലിനു അല്ലാതെ .

ഇരുപതു വർഷമായിരിക്കുന്നു അതുൽ ശാന്തിഭവനിൽ എത്തിയിട്ട് .ഈ നീണ്ട ഇരുപതു വർഷവും അയാളുടെ ജീവിതം ആ തടങ്കൽ പാളയത്തിൽ ആയിരുന്നു .അത് കൊണ്ടു തന്നെ ആ വലിയ കരുതൽ പാളയത്തിലെ കല്ലും മുള്ളും വരെ അയാൾക്കറിയാം .അടഞ്ഞ മുറികളും അതിനുള്ളിലെ അന്തേവാസികളും അയാളുടെ കണ്ണിൽ എപ്പോഴുമുണ്ട്.

യാതൊരു വികാരവുമില്ലാതെ അതുല്യ ആ കാഴ്ച നോക്കി നിന്നു.എത്രയോ വട്ടം അയാൾ ഈ കാഴ്ചകൾ കണ്ടിട്ടുള്ളതാണ് .

ഇത് ഇവിടം കൊണ്ടു അവസാനിക്കില്ല .നിരന്തരമായ പീഡനങ്ങളുടെ പരമ്പരയാണ് തനിക്കു മുൻപിൽ ഉള്ളത് എന്നയാൾ ഓർത്തു . ഉള്ളിൽ ഒരു ചിപ്പിൽ എന്ന പോലെ ആയിരക്കണക്കിന് ജാതകങ്ങൾ ഉയിർകൊണ്ടു .അവരുടെ ജനനവും ജീവിതവും മരണവും അയാളുടെ കണ്മുമ്പിലൂടെ ഒരു ഘോഷയാത്ര എന്നോണം നീങ്ങി.

## ശാന്തിഭവൻ എന്ന പീഡനമുറിയുടെ ജനനം

നാകവും നരകവും ചേരുന്ന ലോകത്തിലെ ഏതോ ഒരു കോണിലെ ദ്വീപിലാണ് അയാൾ .ദ്വീപ് എന്ന് പറഞ്ഞു കൂടാ അതിനെ . അതൊരു ആരുടെയുമല്ലാത്ത രാജ്യമാണ് .ഒരു വശത്തു നദിയും മറുവശത്ത് കടലും ഇരു വശങ്ങളിലും പർവതങ്ങളുമുള്ള ഒരു ഒറ്റപ്പെട്ട ഭൂവിഭാഗമാണ് അത് .അതിലെ വിടവുകൾ അതിസങ്കീർണമായ ചിപ്പുകൾ കൊണ്ടു അടച്ചിരിക്കുകയാണ് .ഗ്ലാസ് ഫലകങ്ങളിൽ സങ്കീർണ്ണമായ ക്യൂബുകൾ മറച്ചു നിർമ്മിക്കപ്പെട്ട ഈ അതിന്ദ്രീയ അഡോബുകൾക്ക് പഴയകാല സംസ്കാരങ്ങളാണ് മാതൃക .ശത്രുക്കളെ രഹസ്യമായി കണ്ടെത്തി ഗൂഡമായ അറയിൽ പാർപ്പിക്കാനും അവർക്ക് രക്ഷാഭിത്തി ഒരുക്കാനും ശേഷിയുള്ള ഈ അഡോബുകൾ പുതിയകാല ഗുഹയുടെ ഇഷ്ടികപലകകളാണ്. നിങ്ങളുടെ മനസ്സിനെ വായിക്കുകയും ഗൂഡമായ ആഗ്രഹങ്ങൾ നൊടിയിടെയിൽ വായിച്ചറിയുകയും ചെയ്യുന്ന അഡോബുകൾ അതുല്യയുടെ സ്വന്തം സൃഷ്ടിയാണ് .

'മധ്യകാലഘട്ടത്തിലെ രഹസ്യ ജീവിതത്തിൽ' പ്രതിപാദിക്കപ്പെട്ട ഒരു ആശയമായിരുന്നു പീഡനമുറി. അധികാരം കൊതിക്കുന്ന ആളുകൾ ബന്ധങ്ങളിൽ നിന്നും എതിരാളികളിൽ നിന്നും മാറി നിൽക്കണം, അയാളുടെ ഉയർച്ച തടയുന്നവരെ പൂ പോലെ ഒതുക്കണം. .പീഡനമുറിയാണ് അതിനുള്ള ഉത്തരം. അങ്ങനെ ലക്ഷ്യമിട്ട ആളുകൾ

**ക്യു എന്നറിയപ്പെടുന്ന,ശാന്തി ഭവൻ എന്ന് ഉടമ പേരിട്ടിട്ടുള്ള സ്വതന്ത്ര രാജ്യത്തിന്റെ കോട്ടയുടെ കാവൽക്കാരനും ഭരണാധികാരിയുമാണ് അതുല്യ . അതിന്റെ നിർമ്മാണം മുതൽ ഒരു പക്ഷെ അതിന്റെ അവസാനം വരെ അന്തേവാസിയാകാൻ വിധിക്കപ്പെട്ട ഒരു "മഹനീയ" തടവുകാരൻ ആണയാൾ. എല്ലാം അയാളിൽ കൂടിയാണ് നടക്കുന്നത് എല്ലാ നിയന്ത്രണവും അയാൾക്ക് തന്നെ . പക്ഷെ അയാൾ അദൃശ്യമായ ഒരു ചരടിനാൽ ഏതോ ഒരു ലോകവുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു . അത് തുഞ്ഞെറിയാൻ കഴിയുമോ എന്നയാൾക്കറിയില്ല . കാരണം അതിനു ശ്രമിച്ചാൽ തൻറെ ഗതിയെന്താകുമെന്നു അയാൾക്കറിയില്ല .**

എവിടെ നിന്നാണ് വന്നതെന്നും പോയതെന്നും ആർക്കും അറിയില്ല. അവരെക്കുറിച്ച് ഒരു തുമ്പും ഇല്ലാത്തതിനാൽ, എല്ലാ രേഖകളിൽ നിന്നും അവരുടെ പേര് മായ്ക്കപ്പെടും .

ശാന്തിഭവൻ എന്നറിയപ്പെടുന്ന ക്യൂവിലെ പീഡനമുറിയിൽ എത്തിയവർ, അതുല്യയുൾപ്പെടെ, ഒരിക്കലും മടങ്ങിവരില്ല, കാരണം എല്ലാം മുൻകൂട്ടി നിശ്ചയിച്ചിരുന്നു.അദൃശ്യമായ യന്ത്രങ്ങൾ നിയന്ത്രിക്കുന്ന ആ തടങ്കൽ പാളയത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ഒരു ശ്രമവും വിജയിക്കില്ല .അത്തരം ശ്രമം തടങ്കൽ പാളയത്തിന്റെ ഉടമകൾക്ക് കുടുതൽ ക്രൂരമായ ശിക്ഷ നടപ്പാക്കാനുള്ള അവസരം നൽകും .പീഡനത്തിന്റെ പുതിയ രീതികൾ അവർ പരീക്ഷിക്കും ., ഇത് ബോസ് തത്സമയം കാണുകയും ഭാവിയിലെ ഉപയോഗത്തിനായി റെക്കോർഡ് ചെയ്യുകയും ചെയ്യും .പിശകുകളും അതിനിടയിൽ ഉണ്ടായ കാലതാമസങ്ങളും ആഴത്തിൽ വിശകലനം ചെയ്യും .

ടോർച്ചർ ചേമ്പർ എന്നത് സമർ



ത്ഥരായഏ ഐ വിദഗ്ദർ എഴുതിയ ഒരു കോഡാണ്. എ മുതൽ ഇസഡ് വരെ, ജനങ്ങളുടെ പ്രക്ഷോഭങ്ങളെ അടിച്ചമർത്തുന്നതിനും ഏകാധിപത്യ ഭരണകൂടങ്ങൾക്കോ മതപരമായ ആരാധനകൾക്കോ എതിരെ ഉയരുന്ന ജനക്കൂട്ടത്തെ ശിക്ഷിക്കുന്നതിനുമുള്ള നിരവധി സൂത്രവാക്യങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു.

**ശാന്തിഭവൻ എന്ന് വിളിക്കപ്പെടുന്ന പീഡനമുറിക്ക് ഉള്ളിൽ**

ശാന്തിഭവനിലേക്ക് പോകാനുള്ള ബോസിൻറെ ഉത്തരവ് ലഭിച്ച ഉടനെ , അതുല്യ അവിടെ എത്തി . ശാന്തിഭവൻ സ്ഥിതി ചെയ്യുന്നത് ഒരു മലനിരയിലാണ് .ഇടയിൽ വലിയ വിടവുകളില്ലാതെ കുന്നുകളാൽ മൂടപ്പെട്ട ഒരു ഭൂപ്രദേശം .അത് കൂറ്റൻ കല്ലുകൾ കൊണ്ട് മൂടിയിരുന്നു . ചരിത്രാതീത കാലഘട്ടത്തിൻറെ അനുഭൂതി നൽകാനായി . റോമൻ മൊസൈക്ക് അതിൽ ഉപയോഗിച്ചിരുന്നു .ഈജിപ്ഷ്യൻ കല്ലുകൾ , ഇറ്റാലിയൻ മാർബിൾ തുടങ്ങിയവയുടെ ഒരു ശേഖരം അതിന് ഒരു ക്ലാസിക് ടച്ച് നൽകുന്നു .അകത്തെ വീടുകൾ എല്ലാ സൗകര്യങ്ങളോടും കൂടി ഇഷ്ടാനുസൃതമായി നിർമ്മിച്ചതാണ് .

ഒരേ സമയം ആയിരം പേർക്ക് അവിടെ താമസിക്കാൻ കഴിയും. അത്യാഹിതാവസരങ്ങളിൽ കൂടുതൽ പേർക്ക് അവിടെ കഴിയാം. എല്ലാം ക്ലോസ് സർക്യൂട്ട് ടിവി നിയന്ത്രണത്തിൽ ആണ്, വ്യത്യസ്ത വീക്ഷണങ്ങളിൽ ക്യാമറകൾ അവിടുത്തെ ഓരോ സംഭവവും പകർത്തി . റേഡിയോ സിഗ്നലുകളിലൂടെ സജീവമായ കമാൻഡുകൾ നൽകാൻ കഴിയും, അങ്ങനെ എല്ലാം കേന്ദ്രീകൃത നിയന്ത്രണത്തിലായിരിക്കും . ആരും ശാന്തിഭവന്റെ കാര്യങ്ങൾ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നില്ലെങ്കിൽ, ഒരു ആൾരൂപം പോലെയുള്ള ഒരു ഓട്ടോമേറ്റഡ് മെഷീൻ ക്യാമ്പ് നിയന്ത്രിക്കുന്നതിനുള്ള ചുമതല ഏറ്റെടുക്കും.



### അദ്ധ്യായം രണ്ട്

# അതുല്യ എന്ന എ

അതുല്യ വളരെക്കാലം ആ ജയിലിൽ ജോലി ചെയ്തു. എപ്പോഴാണ് അവിടെ വന്നതെന്നോ തന്റെ സേവനങ്ങൾ എപ്പോൾ അവസാനിക്കുമെന്നോ അയാൾക്ക് അറിയില്ല . x എന്ന പേരിൽ ജയിലിൽ ഒരു പ്രത്യേക ദൗത്യത്തിലായിരുന്നു അയാൾ . അതിന്റെ അസ്തിത്വം പദ്ധതിയുടെ നിയുക്ത യജമാനന്മാർക്കല്ലാതെ പുറംലോകത്ത് ആർക്കും അറിയില്ലായിരുന്നു.

അവർ ആരാണെന്ന് അയാൾക്ക് കൃത്യമായി അറിയില്ലായിരുന്നു, മറ്റുള്ളവർ അവനെ ബോസായി കണക്കാക്കിയതിനാൽ, അവന്റെ കീഴുദ്യോഗസ്ഥരിൽ

**ഉള്ളിൽ ,നിരവധി കർട്ടനുകളിട്ട വാതായനങ്ങൾക്കുള്ളിൽ ,ഉരുക്ക് കൊണ്ടു നിർമ്മിക്കപ്പെട്ട ഒരു മുറിയിൽ ഇരുന്നു അതുല്യ അത് നിസംഗമായി കാണുന്നുണ്ടായിരുന്നു . ക്ലോസ്ഡ് സർക്യൂട്ട് ക്യാമറ തടവുപുള്ളിയുടെ അന്ത്യനിമിഷങ്ങൾ തികഞ്ഞ കൃത്യതയോടെ ഒപ്പിയെടുത്തു . അകലെ ഡി നഗരത്തിൽ ബോസും അതേ കാഴ്ച കാണുന്നുണ്ടായിരുന്നു . കുറ്റമില്ലാതെ പ്രവർത്തിക്കുന്ന ആ യന്ത്രത്തിൽ ബോസിന് വലിയ അഭിമാനം തോന്നി .**

നിന്ന് ഒരു വിവരവും അയാൾക്ക് ലഭിക്കില്ല, പല തടവുകാരും അയാളുടെ അറിവില്ലാതെ സ്ഥാപനം നടത്തുന്നതിന് പിന്തുണ നൽകി.

ചില സമയങ്ങളിൽ ഫോണിൽ കോളുകൾ വരും, അത് കമ്പ്യൂട്ടറൈസ്ഡ് രജിസ്ട്രിയിൽ നിന്ന് ചില നമ്പറുകൾ മായ്ക്കാനായിരിക്കും. ഡിജിറ്റലായി തീജ്വാലകൾ നിർമ്മിച്ച് നിയന്ത്രിക്കുന്ന ഒരു നിയുക്ത ചൂളയിൽ അത് സ്വയം അപ്രത്യക്ഷമാകും. നിങ്ങളുടെ ഓർമ്മയിൽ നിന്ന് അത് എന്നെന്നേക്കുമായി തുടച്ചു നീക്കും . അങ്ങനെ അത് അപ്രത്യക്ഷമാകും. നിങ്ങൾ ഇവിടെ കേൾക്കുന്നതൊന്നും അധികാരികളിൽ നിന്ന് മറച്ചുവെക്കാനാവില്ല .
ഇന്ന് അങ്ങനെ ഒരു ദിവസമായിരുന്നു. പീഡനമുറിയുടെ മാനേജർ എന്ന നിലയിൽ, നടപടിക്രമങ്ങൾ കുറയ്ക്കാനും നടപടിക്രമങ്ങൾ എളുപ്പത്തിൽ പൂർത്തിയാക്കാനും അയാൾ ശ്രമിച്ചു, അതിനാൽ തടവുകാരന് അവശേഷിക്കുന്ന ഏതാനും മണിക്കൂറുകളെങ്കിലും കഷ്ടപ്പെടേണ്ടി വരില്ല ..

തടവുകാരൻ തനിക്ക് ഒട്ടും ചേരാത്ത എത്രയോ പഴകിയ വസ്ത്രം ധരിക്കുന്നത് അയാൾ നോക്കി നിന്നു. അയാൾ അവിടെ വരുമ്പോൾ എത്രയോ ചെറുപ്പമായിരിക്കണം. പക്ഷേ, പാടത്തെ ഒരു നോക്കുകുത്തിയെപ്പോലെ തുണി ഇപ്പോൾ അയാളുടെ ദേഹത്ത് തൂങ്ങിക്കിടക്കുന്നു. അയാളുടെ കണ്ണുകൾ അടഞ്ഞിരിക്കുന്നു ., അയാളിൽ നിന്ന് നിന്ന് യാതൊരു ശബ്ദവും കേൾക്കാനില്ല. അയാൾ ഒരു റോബോട്ടിനെപ്പോലെ മറ്റുള്ളവരുടെ നിർദ്ദേശങ്ങൾ അനുസരിച്ചു.

എങ്കിലും അയാൾ സ്വന്തം വിജ

> **യാതൊരു വികാരവുമില്ലാതെ അതുല്യ ആ കാഴ്ച നോക്കി നിന്നു. എത്രയോ വട്ടം അയാൾ ഈ കാഴ്ചകൾ കണ്ടിട്ടുള്ളതാണ് . ഇത് ഇവിടം കൊണ്ടു അവസാനിക്കില്ല . നിരന്തരമായ പീഡനങ്ങളുടെ പരമ്പരയാണ് തനിക്കു മുൻപിൽ ഉള്ളത് എന്നയാൾ ഓർത്തു . ഉള്ളിൽ ഒരു ചിപ്പിൽ എന്ന പോലെ ആയിരക്കണക്കിന് ജാതകങ്ങൾ ഉയിർകൊണ്ടു . അവരുടെ ജനനവും ജീവിതവും മരണവും അയാളുടെ കൺമുമ്പിലൂടെ ഒരു ഘോഷയാത്ര എന്നോണം നീങ്ങി.**



യത്തിൽ ചിരിച്ചു .അവസാനനിമിഷങ്ങളിൽ അയാൾ വളരെ സന്തുഷ്ടവാനാണ് ഝ –ക്യൂവും ഈ നിമിഷം സന്തോഷവാനായിരിക്കണം .അതുല്യ അങ്ങനെ ചിന്തിച്ചു

ക്യൂ എന്നറിയപ്പെടുന്ന,ശാന്തിഭവൻ എന്ന് ഉടമ പേരിട്ടിട്ടുള്ള സ്വതന്ത്ര രാജ്യത്തിന്റെ കോട്ടയുടെ കാവൽക്കാരനും ഭരണാധികാരിയുമാണ് അതുല്യ .അതിന്റെ നിർമ്മാണം മുതൽ ഒരു പക്ഷെ അതിന്റെ അവസാനം വരെ അന്തേവാസിയാകാൻ വിധിക്കപ്പെട്ട ഒരു ''മഹനീയ'' തടവുകാരൻ ആണയാൾ.എല്ലാം അയാളിൽ കൂടിയാണ് നടക്കുന്നത് എല്ലാ നിയന്ത്രണവും അയാൾക്ക് തന്നെ .പക്ഷെ അയാൾ അദൃശ്യമായ ഒരു ചരടിനാൽ ഏതോ ഒരു ലോകവുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു .അത് തുത്തെറിയാൻ കഴിയുമോ എന്നയാൾക്കറിയില്ല .കാരണം അതിനു ശ്രമിച്ചാൽ തൻറെ ഗതിയെന്താകുമെന്നു അയാൾക്കറിയില്ല .

സാധാരണ വ്യക്തിയല്ല അതുല്യ .അപൂർവമായ കഴിവുകൾ ഉള്ളിൽ ഒളിപ്പിക്കുന്ന ഒരു യുഗത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന ഒന്നാണ് താൻ എന്ന് അതുല്യക്കു നന്നായി അറിയാം .അത് കൊണ്ടു ത്രികാലജ്ഞാനം അവകാശപ്പെടാം .എന്നാൽ ദൈവതുല്യനല്ല താനും .തൻറെ കഴിവുകൾ പുറമേ പ്രദർശിപ്പിക്കാൻ അയാൾക്ക് ഇഷ്ടമല്ല .തികച്ചും അന്തർമുഖൻ.സന്യാസി എന്ന് അയാളെ വിളിക്കാമോ ? യാതൊരു വിധ അനുഷ്ഠാനങ്ങളിലും വിശ്വസിക്കാത്ത തന്നെ അങ്ങനെ വിളിക്കുന്നതിന്റെ അയുക്തി അയാൾ മറ്റുള്ളവരെ ബോധ്യപ്പെടുത്തും .പൊതുവേ അയാളും മറ്റുള്ളവരും തമ്മിലുള്ള ബന്ധം കുറവായതിനാൽ അതൊന്നും ആദ്യകാലത്ത് പ്രസക്തമായിരുന്നില്ല

ഒരു പക്ഷെ ആദ്യ ഗുരുവും അച്ഛനുമായ ഹിരണ്യന്റെ സാമീപ്യമാകാം ഈ ഭാവത്തിനു പിന്നിൽ എന്ന് അയാൾ ആലോചിച്ചു.അയാൾ എല്ലാ അർത്ഥത്തിലും അച്ഛന്റെ തനിപ്പകർപ്പായിരുന്നു . നീണ്ട മുടിയും വളർന്ന താടിയും ദീപ്തമായ കണ്ണുകളും അതെ പോലെ തന്നെ യുവത്വത്തിന്റെ



വശ്യതയും അറിവ് നൽകുന്ന ഗാംഭീര്യവും അയാളെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കി . .ഏതു വലിയ ആൾക്കൂട്ടത്തിലും അയാൾ തലപ്പൊക്കത്തോടെ ഉയർന്നു നിന്നു.

മിലാൻ സർവകലാശാലയിൽ; പഠിക്കുകയും മധ്യകാലത്തെ പീഡന മുറകളെ പറ്റി ഗവേഷണം നടത്തുകയും ചെയ്ത ഒരാൾ ഇത്ര കാലം ചെലവഴിക്കാൻ പറ്റിയ ഇടമല്ല ശാന്തി ഭവൻ.എത്തിനു ആദ്യദിവസം തന്നെ താൻ എന്നന്നേയ്ക്കുമായി കെണിയിൽ പെട്ടുവെന്നു അതുലിനു തോന്നി .അത് ഓരോ ദിവസം കഴിയുമ്പോഴും വർദ്ധിച്ചു വന്നു .അനുഭവങ്ങളുടെ ആധിക്യത്തിൽ ചെറിയ പ്രായത്തിൽ അയാൾ വൃദ്ധനായി മാറി .വൃദ്ധനെ പോലെ അയാൾ വേഷം ധരിച്ചു .പക്ഷെ മനസ്സിൽ യുവത്വം ബാക്കി നിന്നു. വേദനയുടെ കാഠിന്യം അത് വർധിപ്പിച്ചു .ഇന്ന്, നൂറാമത്തെ വയസ്സിൽ സോഫ്റ്റ് വെയറിൽ പേരു ചേർക്കാൻ പറ്റില്ലെന്ന,അത്തരമൊരു സാധ്യത വിഭാവനം ചെയ്യപ്പെട്ടിരുന്നില്ല , കാരണത്താൽ ഒരാളെ ആദ്യമായി പറഞ്ഞു വിടുകയായിരുന്നു അയാളാണ് കുഴഞ്ഞു വീണു മരിച്ചത്. അയാളുടെ ഓരോ ചുവടുവെയ്പ്പും അതുലിന്റെ ഹൃദയത്തിൽ വലിയ ചലനമുണ്ടാക്കി .ഓരോ ദിവസവും ഹൃദയം വേദനകൊണ്ട് നുറുങ്ങുകയാണെന്ന് അയാൾക്ക് തോന്നി .തന്നോടു തന്നെ അയാൾക്ക് പുച്ഛം തോന്നി .എന്തിനായിരുന്നു ഈ നിയോഗം ഏറ്റെടുത്തത് ?

വിധിയുടെ കറുത്ത പുസ്തകത്തിൽ എന്നോ എഴുതപ്പെട്ട ദൌത്യത്തിൽ താൻ ഭാഗഭാക്കായി എന്ന് ആശ്വസിക്കാൻ അതുൽ



**നാകവും നരകവും ചേരുന്ന ലോകത്തിലെ ഏതോ ഒരു കോണിലെ ദ്വീപിലാണ് അയാൾ . ദ്വീപ് എന്ന് പറഞ്ഞു കൂടാ അതിനെ . അതൊരു ആരുടെയുമല്ലാത്ത രാജ്യമാണ് . ഒരു വശത്തു നദിയും മറുവശത്ത് കടലും ഇരു വശങ്ങളിലും പർവതങ്ങളുമുള്ള ഒരു ഒറ്റപ്പെട്ട ഭൂവിഭാഗമാണ് അത് . അതിലെ വിടവുകൾ അതിസങ്കീർണമായ ചിപ്പുകൾ കൊണ്ടു അടച്ചിരിക്കുകയാണ് . ഗ്ലാസ് ഫലകങ്ങളിൽ സങ്കീർണ്ണമായ ക്യൂബുകൾ മറച്ചു നിർമ്മിക്കപ്പെട്ട ഈ അതീന്ദ്രിയ അഡോബുകൾക്ക് പഴയകാല സംസ്കാരങ്ങളാണ് മാതൃക .**

ശ്രമിച്ചു .പക്ഷെ ,തൻറെ പേര് പോലും തന്നെ പരിഹസിക്കുന്നതായി അയാൾക്ക് തോന്നി .

ഒരു യന്ത്രം പോലെ ഒരു വികാരവുമില്ലാതെ ഈ ലോകത്തെ നോക്കി കാണുന്നവരാണ് ഭൂരിഭാഗം പേരും എന്ന് അതുലിനു നന്നായി അറിയാം .സമീപഭാവിയിൽ ലോകത്തെ ഒരു പ്രമുഖ കോർപ്പറേറ്റ് സ്ഥാപനമായി ലിസ്റ്റ് ചെയ്യപെടാൻ പോകുന്ന ഒരു സ്ഥാപനത്തിന്റെ ഓപ്പറേറ്റിംഗ് മേധാവിയാണ് താൻ എന്ന നിലക്ക് കണ്ടത് കണ്ടില്ലെന്നു നടിക്കണം എന്ന് അതുലിനു അറിയാത്തതല്ല .പക്ഷെ എവിടെയോ വലിയ തകരാറിൽ ആണ് താൻ എന്ന് മാത്രം അയാൾക്കറിയാം .പിഴച്ചു പോയ ഈ ജന്മത്തിൽ നിന്ന് മരണത്തിനു മാത്രമേ തന്നെ മോചിപ്പിക്കാനാവൂ എന്ന് അയാൾ ഭയന്നു .

ശാന്തിഭവനിൽ എത്തിപെട്ടാൽ ആരും പുറത്തു പോകാറില്ല എന്ന കണ്ടെത്തലാണ് അതുലിനെ കുടുതൽ വിഷമിപ്പിച്ചത് .

ശാന്തിഭവന്റെ സ്ഥാപകനായ ബോസിനെ വളരെ യാദൃശ്ചികമായാണ് അതുൽ കാണുന്നത്. മധ്യകാലത്തെ പീഡനമുറകളെ പറ്റിയുള്ള അതുലിന്റെ പ്രബന്ധം ആണ് അതിനു വഴിയൊരുക്കിയത്. ആ പുസ്തകം അച്ഛൻറെ ജീവിതാഭിലാഷം ആയിരുന്നു .പാതി വഴിക്ക് പൂർത്തിയാകാതെ പോയ ഒരു ഗവേഷണം ഹിരണ്യൻ മകനെ ഏൽപ്പിക്കുകയായിരുന്നു. അതിനു വേണ്ടി എല്ലാ സന്നാഹങ്ങളും ഒരുക്കിയതും ഹിരണ്യൻ തന്നെ .ബോസുമായുള്ള അതുലിന്റെ ആദ്യ കൂടിക്കാഴ്ചക്കും കാരണമായതും ഹിരണ്യൻ തന്നെ

(തുടരും...)




# തസ്രാക്ക്

## ഇതിഹാസവും ജീവിതവും കൂട്ടിമുട്ടുമ്പോൾ

**കേരളത്തിലെ ഏറ്റവും പ്രിയമേറിയ ലിറ്റററി ട്രാവൽ ഡെസ്റ്റിനേഷനാണ് ഇന്ന് തസ്രാക്ക്. പക്ഷേ ഞാറ്റ്പുരയുടെ ഹൈ ടെക് സ്വഭാവം നോവലുമായി ചേർന്ന് പോകുന്നില്ല. നവീകരണമാകാം, പക്ഷെയത് പൂർവ്വകാലത്തെ ചുരണ്ടിക്കളഞ്ഞിട്ടാവരുത്!**

◉ വിജയ് സി.എച്ച്

കേരളത്തിലെ ഏറ്റവും പ്രിയമേറിയ ലിറ്റററി ട്രാവൽ ഡെസ്റ്റിനേഷനെന്ന് അറിയപ്പെടുന്ന ഖസാക്ക് ഭൂമിക പല തവണ സന്ദർശിച്ചിട്ടുണ്ടെങ്കിലും, ഇനിയും മതിയായില്ലെന്നു തോന്നുന്നൊരു ആകർഷണീയത ആ മണ്ണിനുണ്ട്. ഓരോ സന്ദർശനവും ഇനിയും അവിടെ പോകണമെന്ന ത്വര വർദ്ധിപ്പിക്കുന്നു!

മാർച്ച്, 30-ന് ഒ.വി.വിജയന്റെ ഓർമദിനം വന്നെത്തുമ്പോൾ ഈ ലേഖകന്റെ ഉള്ളു നിറയെ മലയാള സാഹിത്യ ചരിത്രത്തിലെ പ്രഥമ മാജിക്കൽ റിയലിസം പിറവികൊണ്ട ഭൂമികയുടെ സുഖസ്മരണകളാണ്. 1969- ലാണ് സാഹിത്യപ്രവർത്തക സഹകരണ സംഘം ഒ. വി വിജയന്റെ ആദ്യ പുസ്തകമായ 'ഖസാക്കിന്റെ ഇതിഹാസം' പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചത്.

സഹോദരി ശാന്തക്ക് തസ്രാക്കിലെ ഏകാധ്യാപക വിദ്യാലയത്തിൽ ജോലി കിട്ടിയപ്പോൾ, വാടകക്കെടുത്ത ഞാറ്റുപുരയിൽ അവരുടെ കുടുംബത്തോടൊപ്പം താമസിക്കാൻ, തൊഴിൽ നഷ്ടപ്പെട്ടു വെറുതെ വീട്ടിലിരുന്നിരുന്ന വിജയനും എത്തിയിരുന്നു. ശാന്തയുടെ ശിക്ഷകജോലി തന്നെയാണ് ഖസാക്കിലെത്തി രവിയും ഏറ്റെടുത്തു ചെയ്തത്. തസ്രാക്കിലെ വിജയൻറെ അനുഭവമാണ് ഖസാക്കിലെ രവിയുടേത്.

എന്നാൽ നിഗൂഢ സ്വഭാവമാണ് ഖസാക്കിന്. യഥാർത്ഥത്തിൽ, സ്വത്വം തേടിയാണ് രവി ഇവിടെ എത്തിയത്.



രവി തീർത്ത 'Shangri-La' യിൽ വിജയൻറെ നവീകരണം നടക്കുന്നു. അതുവരെ ഉള്ളിലേറ്റിയ ആശയത്തോട് വേദനയോടെ വിട പറയുകയായിരുന്നു. പന്ത്രണ്ടു വർഷത്തെ തീവ്രമായ ചിന്തനങ്ങൾക്കൊടുവിൽ പരിവർത്തനം പൂർത്തിയായി. മലയാള സാഹിത്യ ചരിത്രത്തിലെ പ്രഥമ മാജിക്കൽ റിയലിസം പെറ്റുവീണു -- ഖസാക്കിന്റെ ഇതിഹാസം!

ഇത് അതുവരെയുണ്ടായിരുന്ന സകല മലയാള സാഹിത്യസങ്കൽപ്പങ്ങളെയും മാറ്റിമറിച്ചു! പ്രമേയവും അതുപറഞ്ഞ രീതിയുമാണ് ഒരു സാഹിത്യ സൃഷ്ടിയുടെ ഉൽകൃഷ്ടങ്ങളെങ്കിൽ, ഇതിഹാസത്തിന് മലയാള ഭാഷയിൽ സമാനതകളില്ല. മുന്നെ കേട്ടിട്ടില്ലാത്തതൊന്ന്, മുന്നെ കേട്ടിട്ടില്ലാത്തൊരു ഭാഷയിൽ! ഏറ്റവും ലളിതമായ രീതിയിൽ ഇതിഹാസത്തെ ഇങ്ങിനെ നിർവചിക്കാം. ഒരൊറ്റ ഇതിവൃത്തമല്ല, നൂറുകണക്കിനു കഥാപാത്രങ്ങളുടെ ജീവിതവുമായുള്ള ഏറ്റുമുട്ടലുകളുടെ ഒരു പരമ്പരയാണ് ഈ ഇതിഹാസം. ഐക്യരൂപമില്ലാത്ത ശ്ലഥചിത്രങ്ങൾ!

> **പ്രമേയവും അതുപറഞ്ഞ രീതിയുമാണ് ഒരു സാഹിത്യ സൃഷ്ടിയുടെ ഉൽകൃഷ്ടങ്ങളെങ്കിൽ,ഖസാക്കിന്റെ ഇതിഹാസത്തിന് മലയാള ഭാഷയിൽ സമാനതകളില്ല. മുന്നെ കേട്ടിട്ടില്ലാത്തതൊന്ന്, മുന്നെ കേട്ടിട്ടില്ലാത്തൊരു ഭാഷയിൽ! ഏറ്റവും ലളിതമായ രീതിയിൽ ഇതിഹാസത്തെ ഇങ്ങിനെ നിർവചിക്കാം. ഒരൊറ്റ ഇതിവൃത്തമല്ല, നൂറുകണക്കിനു കഥാപാത്രങ്ങളുടെ ജീവിതവുമായുള്ള ഏറ്റുമുട്ടലുകളുടെ ഒരു പരമ്പരയാണ് ഈ ഇതിഹാസം. ഐക്യരൂപമില്ലാത്ത ശ്ലഥചിത്രങ്ങൾ!**

ഞാറ്റുപുരയിലും, തസ്രാക്കിലെ നാട്ടുമ്പറമ്പിലും, മൈലാഞ്ചി ചെടികൾ വളരുന്ന പാടവരമ്പത്തും, കാളവണ്ടികൾ അരിച്ചു നീങ്ങുന്ന ഇടവഴികളിലും വിജയൻ കണ്ടതും കാണാതെ അറിഞ്ഞതുമാണ് ആധാരഭൂതമായ ദ്രവ്യമെങ്കിലും, മിത്തും, ഫോക്കും, സങ്കൽപ്പവും, വൈരുദ്ധ്യവും, വിചിത്രഭാവനയും, ഗൂഢാർത്ഥങ്ങളുമെല്ലാം വേണ്ടുവോളമുണ്ട് ഇതിഹാസത്തിൽ. എന്നാൽ,കാൽപനികതയുടേയും യാഥാർത്ഥ്യത്തിൻറേയും ഇടക്ക് വിജയൻറെ അതിസൂക്ഷ്മമായ പോക്കുവരവ് അറിയണമെങ്കിൽ വായനക്കാരനും ഇതിഹാസ സൃഷ്ടാവിൻറെയത്ര ക്രാഫ്റ്റ്മാൻഷിപ്പ് കാലിബർ ഉണ്ടായിരിക്കണം. വിജയൻറെ പ്ലോട്ടുകളിൽ സഹജമായി കാണുന്ന ാൃശേരമഹരവമൃാ എന്ന മനം കവരുന്ന സവിശേഷത, അദ്ദേഹത്തിൻറെ ഈ വൈദഗ്ദ്ധ്യത്തിൽനിന്ന് ജന്മം കൊണ്ടതാണ്!

കേരളത്തിലെ ഏറ്റവും പ്രിയമേറിയ ലിറ്ററി ട്രാവൽ ഡെസ്റ്റിനേഷനാണ് ഇന്ന് തസ്രാക്ക് എന്നറിഞ്ഞപ്പോഴാണ് സന്ദർശിക്കാൻ തീരുമാനിച്ചതെങ്കിലും, അവിടെ ഒരു 'high-tech' ഞാറ്റുപുരയല്ല പ്രതീക്ഷിച്ചിരുന്നത്! ഞാറ്റിൻ കെട്ടുകളും, വയ്ക്കോൽ കൂനകളും, നെൽചാക്കുകളും, അരിവാളും, കൈക്കോട്ടും, നിലം തല്ലിയും മറ്റുമൊക്കെയുള്ള ഒരു കളപ്പുര ആയിരുന്നു മനസ്സിൽ. ഏറെ തിരഞ്ഞതിന് ശേഷമാണ് കുറച്ച് മുറങ്ങൾ മാത്രം ഞാറ്റുപുരയുടെ പിൻഭാഗത്ത്, വെളിയിൽ തൂക്കിയിട്ടിരിക്കുന്നത് കണ്ടത്. ഞാറ്റുപുരയുടെ ആകെയുള്ള തിരുശേഷിപ്പുകൾ!

കെട്ടിടത്തിൻറെ കോലായയും, തിണ്ണയും, ചായിപ്പുമൊക്കെ പഴയതുപോലെത്തന്നെ നിലനിർത്തിയിട്ടുണ്ടെങ്കിലും, ഞാറ്റുപുരക്കകത്ത് ഞങ്ങൾ കണ്ടത്, ലാപ്ടോപ്പും, പ്രോജക്റ്ററും, ഹോം തിയേറ്റർ സ്ക്രീനും, സർവൈലൻസ് കേമറകളും, CCTV യും, എയർകണ്ടീഷനറുമൊക്കെയാണ്! പ്രതീകാത്മകമായെങ്കിലും കാർഷികോപകരണങ്ങൾ ഞാറ്റുപുരയിലും പരിസരത്തും ഇല്ലാതെ പോയതിലെന്തോ അനൗചിത്യം തോന്നി.

തേവാരത്തു ശിവരാമൻ നായരിൽനിന്നും വിജയൻറെ സഹോദരി വാടകക്കെടുത്ത ഞാറ്റുപുര ഇങ്ങിനെയായിരുന്നില്ലല്ലോ! നവീകരണമാകാം, പക്ഷെയത് പൂർവ്വകാലത്തെ

**കാൽപനികതയുടേയും യാഥാർ ത്ഥ്യത്തിൻറേയും ഇടക്ക് വിജയൻ റെ അതിസൂക്ഷ്മമായ പോക്കുവരവ് അറിയണമെങ്കിൽ വായനക്കാരനും ഇതിഹാസ സ്യഷ്ടാവിൻറെയത്ര ക്രാഫ്റ്റ്മാൻ ഷിപ്പ് കാലിബർ ഉണ്ടായിരിക്ക ണം. വിജയൻറെ പ്ലോട്ടുകളിൽ സഹജമായി കാണുന്ന ദ്വശേ രമഹ രവമ്യാ എന്ന മനം കവരുന്ന സവിശേഷത, അദ്ദേഹത്തിൻറെ ഈ വൈദഗ്ദ്ധ്യത്തിൽനിന്ന് ജന്മം കൊണ്ടതാണ്!**




ചുരണ്ടിക്കളഞ്ഞിട്ടാവരുത്!

അറബിക്കുളത്തിലേക്കുള്ള ടൈൽ വിരിച്ച നടപ്പാതയിപ്പോൾ കഥാപാത്രങ്ങളുടേയും കഥാസന്ദർ ഭങ്ങളുടേയും ഒരു കലാശാലയാണ്. ശിൽപവനവും, ഫോട്ടോ ഗാലറി യും, കാർട്ടൂൺ ഗാലറിയും, ലൈവ് തിയേറ്ററും ചേലൊത്ത് പണിതതിൻ റെ കൂട്ടത്തിൽ, ഞാറ്റുപുരയുടെ മൗ ലികതയും കുറച്ചൊക്കെ പരിഗണി ക്കാമായിരുന്നു.

''രവിയുടെ പണിക്കാരി ആബിദ വന്ന് തുണി മുക്കി തുടക്കാൻ തുട ങ്ങിയതിനുശേഷമാണ് ഇവിടെനിന്ന് ഞാറ്റിൻറേയും ചളിയുടേയും മണം ആദ്യമായകന്നത്,'' വിജയൻറെ നോ വലിൽ ഞാറ്റുപുരയെ വിശേഷിപ്പിച്ച ത് ഇങ്ങിനെയാണ്! ആരും മറന്നുകാ ണില്ല.

തുമ്പിയും, പാമ്പും, മയിലും, ഓന്തും, ചിലന്തിയും, മാധവൻനായ രും മുതൽ അള്ളാപ്പിച്ച വരെയുള്ള കഥാപാത്രങ്ങൾ, താന്താങ്ങളുടെ കല്ലിൽ കൊത്തിവെച്ച രൂപത്തിൽ നിന്ന്, ഖസാക്കിൽ ഏറ്റവും ഒടുവി ലെത്തിയ അതിഥികളെ കിഴക്കെ അതിർത്തിയിൽനിന്ന് ഊഷ്മളമാ യി ഉറ്റുനോക്കിയപ്പോൾ, ഞങ്ങളും അൽപ്പ സമയം അവരുടെ സാമ്രാ ജ്യത്തിലെ ആരൊക്കെയൊ ആയി ത്തീർന്നു.

'ബാല്യമോ യൗവനമോ വാർ ദ്ധക്യമോ മുഖത്തു തെളിയാത്ത'





അപ്പുക്കിളിയുടേയും, ദീനം വന്ന്, ആദ്യം മകൻ കുഞ്ഞുനൂറിനേയും, പിന്നീട് മകൾ ചാന്തുമുത്തുവിനേയും നഷ്ടമായ ചാന്തുമ്മയുടേയും ശോകങ്ങൾ മനസ്സിലെവിടെയൊ തളംകെട്ടിനിന്നു. അവരോട് എന്തെങ്കിലും സാന്ത്വന വാക്കുകൾ പറയാൻ കഴിഞ്ഞിരുന്നെങ്കിൽ!

മൈമൂന 'അങ്ങിനെയൊക്കെ' ആയിരുന്നുവെങ്കിലും, അവളുടെ ശിൽപം തേടി കണ്ണുകൾ അവിടെയെല്ലാം അലയാതിരുന്നില്ല. അവൾ, 'ആ ഉടലിൻറെ ധാരാളിത്തത്തിന് പൊന്ന് വേണ്ടെന്ന് കണ്ടവരെല്ലാ വരും പറഞ്ഞ ഖസാക്കിലെ യാഗാശ്വം'!

ഇന്നത്തെപോലെ സ്ത്രീപക്ഷവാദം എന്ന പദം നാഴികക്കു നാൽപ്പതുവട്ടം പുരുഷന്മാൻ ഉരുവിടാൻ തുടങ്ങാത്ത ഒരുകാലത്ത്, ജീവിതം തനിക്കു നൽകിയ വിണ്ടുകീറിയ യാഥാർത്ഥ്യങ്ങൾക്കു മുന്നിൽ പതറാതെ നിന്ന മൈമൂനയക്കുറിച്ച് മിണ്ടാതിരിക്കുന്നതാണ് ഉത്തമം ഏന്നാണെങ്കിൽ പറയട്ടെ, രവി എന്ന പേര് ഉരുവിടുന്നത് ആദ്യമേ നിർത്തണമായിരുന്നു! കൃശഗാത്രനെങ്കിലും കരുത്തുള്ള ആ ധിക്കാരിക്കു നാം കൊടുക്കുന്ന ആനുകൂല്യത്തിൻറെ ചെറിയ ഒരംശമെങ്കിലും, വശംവദയാകേണ്ടിവന്ന മൈമൂനക്ക് അനുവദിച്ചുകൂടേ?

കൂമൻകാവിലെ രാഗരൂപിണി, കോയമ്പത്തൂരിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്നത്, അന്വേഷണം ബാക്കിനിൽക്കേ, എൻറെ ഒരു കേട്ടറിവാണ്. ഞങ്ങൾ അന്വേഷിക്കും, ഞങ്ങൾ അവിടേയും ചെല്ലും! അവർക്കിപ്പോൾ മരിച്ചുപോയ എൻറെ മാതാവിൻറെയത്ര പ്രായം കാണുമല്ലൊ.

എന്തൊക്കെ ആയാലും, കഥാപാത്രങ്ങളുടെ സാർവ്വലൗകികത എന്നതൊന്നല്ലേ വിജയൻറെ പുസ്തകത്തെ ഒരു best-selling ഇതിഹാസമാക്കിയത്, അമ്പതു വർഷത്തിനകം പത്തറപതു തവണ അച്ചടിക്കാൻ അവസരമുണ്ടാക്കിയത്! ഗഹനമായതെല്ലാം നിസ്സാരമായി ചെയ്യുന്ന നൈസാമലിയെപ്പോലെ പാതിരാക്ക് വേണ്ട, പാനീസ് വിളക്കും വേണ്ട, പകൽ വെളിച്ചത്തിൽ തന്നെ, എല്ലാം നനച്ചു അറബിക്കുളത്തിൽ ഒന്നു മുങ്ങിക്കുളിച്ചാലോ, മനസ്സു മന്ത്രിച്ചു!

ഇപ്പോൾ തയ്യാറെടുപ്പില്ല, അടുത്ത വരവിലാവാം...



**ഒരു പുസ്തകത്തിൻറെ പേരിൽ ലോകം മുഴുവൻ അറിയപ്പെടുന്ന ഈ ഊരിൽ ഓരോ വരവിലുമുണ്ടാകും ഒരോന്നറിയാൻ! നിമഗ്നമായി നിരവധി തവണ വായിച്ചാലും ഗ്രഹിക്കാനാവത്തവയാണ് രവിയുടെ ബിംബങ്ങൾ!**



ഞങ്ങൾ ഇവിടെ ഇനിയും വരും...

വരണം!

ഒരു പുസ്തകത്തിൻറെ പേരിൽ ലോകം മുഴുവൻ അറിയപ്പെടുന്ന ഈ ഊരിൽ ഓരോ വരവിലുമുണ്ടാകും ഒരോന്നറിയാൻ! നിമഗ്നമായി നിരവധി തവണ വായിച്ചാലും ഗ്രഹിക്കാനാവത്തവയാണ് രവിയുടെ ബിംബങ്ങൾ!

ഒരു ജീവിതം ജീവിച്ച്, സന്ദിഗ്ദ്ധമായതിനെല്ലാം സമാധാനം ലഭിച്ച്, ഇവിടെ നിന്നുള്ളതിൽനിന്നെല്ലാം മുക്തിയും നേടി, എന്നന്നേക്കുമായി മറ്റൊരു ലോകത്തേക്ക് പോകാൻ ഒരു വിഷസർപ്പത്തിൻറെ സഹായം കാംക്ഷിക്കുന്ന രവിയുടെ പരമാനന്ദാവസ്ഥയിൽ നമുക്കിതുവരേയും എത്താനായില്ലല്ലൊ!

മഴ പെയ്യുന്നു.

മഴ മാത്രമേയുള്ളൂ.


കാലവർഷത്തിൻറെ വെളുത്ത മഴ.

മഴ ഉറങ്ങി.

മഴ ചെറുതായി.

രവി ചാഞ്ഞുകിടന്നു.

കൂമൻകാവിലെ മൺകട്ടകൾ കാലുകൊണ്ട് നമുക്കുമൊന്നു ഇളക്കി നോക്കേണ്ടേ?



പി എൻ നാസർ

**അകാലത്തിൽ മാഞ്ഞ് പോയ ഒരു കിനാവ്. പക്ഷേ വാക്കുകൾക്കതീതമായ അവരുടെ നോട്ടങ്ങളും, വാചാലമായ മൗനങ്ങളും, മുഖഭാവങ്ങളും കൊണ്ട് തനിക്ക് കിട്ടിയ കഥാപാത്രങ്ങളെ അവർ അനശ്വരമാക്കി. ഇതുപോലൊരു നടി അതിനു മുൻപോ അതിന് ശേഷമോ തിരശ്ശീലയിൽ ജനിച്ചിട്ടില്ലെന്ന് ഇന്നും അവരുടെ ആരാധകർ പറയുന്നത് അതുകൊണ്ടായിരിക്കാം.**




# പൂർത്തിയാകാത്ത ഒരു കവിത പോലെ

ബോളിവുഡിലെ കൃതിമ നടനങ്ങൾക്കും , അതിഭാവുകത്വത്തിനും അടിമപ്പെടാത്ത കുറെ നായികമാർ 1980–ൽ ഹിന്ദി സിനിമയിലേക്ക് കടന്നു വന്നിട്ടുണ്ട്. അതുവരെ പ്രേക്ഷകർ കണ്ട സൗന്ദര്യ റാണിമാരിൽ നിന്നും തീർത്തും വ്യത്യസ്തരായ ഷബാന ആസ്മി, സ്മിതാ പാട്ടീൽ, ദീപ്തി നവൽ തുടങ്ങിയവർ അരങ്ങേറിയത് ന്യൂവേവ് ചിത്രങ്ങളിലൂടെയായിരുന്നു.

ശ്യാം ബെനഗലിന്റെ സിനിമകളിലൂടെയാണ് സ്മിതാ പാട്ടീൽ തുടക്കം കുറിച്ചത്. ഭൂമിക, മന്ഥൻ, അർത്ഥ്, അർദ്ധസത്യ തുടങ്ങിയ ചിത്രങ്ങളെല്ലാം ദേശീയവും അന്തർദേശീയവുമായ നിരവധി അവാർഡുകൾ വാരിക്കൂട്ടി. ക്രമേണ അവർ കൊമേഴ്സ്യൽ സിനിമകളിലേക്ക് ചുവടു മാറ്റുകയും സൂപ്പർ താരങ്ങളായ അമിതാബ് ബച്ചൻ തുടങ്ങിയവരുടെ നായികയായി മാറുകയും ചെയ്തു.

അരവിന്ദൻ സംവിധാനം ചെയ്ത 'ചിദംബരം' സിനിമയിൽ ശിവകാമി എന്ന കഥാപാത്രത്തെ അവതരിപ്പിച്ചത് സ്മിത പട്ടീൽ ആയിരുന്നു. ഭരത് ഗോപിയും, ശ്രീനിവാസനുമായിരുന്നു നായക

**ശ്യാം ബെനഗലിന്റെ സിനിമകളിലൂടെയാണ് സ്മിതാ പാട്ടീൽ തുടക്കം കുറിച്ചത്. ഭൂമിക, മന്ഥൻ, അർത്ഥ്, അർദ്ധസത്യ തുടങ്ങിയ ചിത്രങ്ങളെല്ലാം ദേശീയവും അന്തർദേശീയവുമായ നിരവധി അവാർഡുകൾ വാരിക്കൂട്ടി. ക്രമേണ അവർ കൊമേഴ്സ്യൽ സിനിമകളിലേക്ക് ചുവടു മാറ്റുകയും സൂപ്പർ താരങ്ങളായ അമിതാബ് ബച്ചൻ തുടങ്ങിയവരുടെ നായികയായി മാറുകയും ചെയ്തു.**




ന്മാർ. ആ വർഷത്തെ ഏറ്റവും മികച്ച സിനിമക്കും , സംവിധാനത്തിനും മറ്റുമായി അഞ്ചോളം ദേശീയ അവാർഡുകൾ ചിദംബരം നേടിയെടുത്തു. പിന്നീടവർ മലയാളത്തിൽ അഭിനയിച്ചിട്ടില്ല.


ഇതിനിടയിലാണ് നായകനായി ഒന്നിച്ച് അഭിനയിച്ച രാജ്ബബ്ബറുമായി സ്മിത പ്രണയത്തിലാവുന്നത്. ആ സമയത്ത് രാജ് ബബ്ബർ വിവാഹിതനായിരുന്നു. സ്മിതയാകട്ടെ മികച്ച നടിക്കുള്ള നിരവധി പുരസ്കാരങ്ങളും , പത്മശ്രീയും ലഭിച്ച് കരിയറിന്റെ ഉന്നതിയിൽ നില്ക്കുന്ന സമയവും. എന്തായാലും അധികം വൈകാതെ ഇരുവരും തമ്മിലുള്ള വിവാഹവും നടന്നു. ഈ കാലത്ത് സ്മിതയുടെ ജീവിതം ഏറെ സംഘർഷങ്ങളിലൂടെയാണ് കടന്ന് പൊയ്കൊണ്ടിരുന്നത്. വൈകാതെ ഗർഭിണിയായ അവരുടെ ആരോഗ്യസ്ഥിതി വളരെ മോശമായിരുന്നു.. ഒടുവിൽ ഒരാൺകുഞ്ഞിന് ജന്മം നല്കി രണ്ടാഴ്ച്ചക്കുള്ളിൽ കേവലം മുപ്പത്തിയൊന്നാമത്തെ വയസ്സിൽ സ്മിതയുടെ അന്ത്യം സംഭവിച്ചു.

**അരവിന്ദൻ സംവിധാനം ചെയ്ത 'ചിദംബരം' സിനിമയിൽ ശിവകാമി എന്ന കഥാപാത്രത്തെ അവതരിപ്പിച്ചത് സ്മിത പട്ടീൽ ആയിരുന്നു. ഭരത് ഗോപിയും, ശ്രീനിവാസനുമായിരുന്നു നായകന്മാർ. ആ വർഷത്തെ ഏറ്റവും മികച്ച സിനിമക്കും , സംവിധാനത്തിനും മറ്റുമായി അഞ്ചോളം ദേശീയ അവാർഡുകൾ ചിദംബരം നേടിയെടുത്തു. പിന്നീടവർ മലയാളത്തിൽ അഭിനയിച്ചിട്ടില്ല.**




പൂർത്തിയാകാത്ത ഒരു കവിത പോലെയായിരുന്നു ആ ജീവിതം. അകാലത്തിൽ മാഞ്ഞ് പോയ ഒരു കിനാവ്. പക്ഷേ വാക്കുകൾക്കതീതമായ അവരുടെ നോട്ടങ്ങളും, വാചാലമായ മൗനങ്ങളും, മുഖഭാവങ്ങളും കൊണ്ട് തനിക്ക് കിട്ടിയ കഥാപാത്രങ്ങളെ അവർ അനശ്വരമാക്കി. ഇതുപോലൊരു നടി അതിനു മുൻപോ അതിന് ശേഷമോ തിരശ്ശീലയിൽ ജനിച്ചിട്ടില്ലെന്ന് ഇന്നും അവരുടെ ആരാധകർ പറയുന്നത് അതുകൊണ്ടായിരിക്കാം.

അമ്മയുടെ തനി ഛായയുള്ള സ്മിതയുടെ പുത്രൻ പ്രതീക് ബബ്ബർ കുറച്ച് കാലം മുൻപ് വിവാഹിതനായി.. എന്തു കൊണ്ടാണെന്നറിയില്ല വിവാഹത്തിന് പിതാവായ രാജ്ബബ്ബറിന് മാത്രം ക്ഷണം ഉണ്ടായിരുന്നില്ല. ഒരു പക്ഷേ അവൻ അമ്മയുടെ മാത്രം മകനായിരുന്നിരിക്കാം..


'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra
inspires people to recognize
the existence of a 'Divine Power'
The Mishra Family welcomes visitors to learn about and experience the spiritual miracle. Contact 1-732-690-0404

# ചിത്രലോകം

കെ കെ സുധാകരൻ



ഓളങ്ങളിൽ ചാഞ്ചാടുന്ന താമര


Shirley A.
Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us | www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
Specializing in investment sales and
advisory services in Long Island, New York City,
and the entire State of New York.


MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
LOS ANGELES
NAPERVILLE
CHICAGO
NEW JERSEY
DALLAS
ATLANTA
CANADA
MISSISSAUGA
OPENING SOON IN SURREY